

ജനകീയാസൂത്രണ പ്രസ്ഥാനം

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

വികസന രേഖ





വികസന സെമിനാർ

'96 ഡിസംബർ 1

ജി.വി.എച്ച്.എസ്സ്.എസ്സ്

കല്ല്യാശ്ശേരി

റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

ടി. ഗംഗാധരൻ
പി. വി. പുരുഷോത്തമൻ
കെ. ബാലകൃഷ്ണൻ
പി. പി. രവീന്ദ്രൻ
പി. പി. ഗണേശൻ
കെ. സുരേഷ്കുമാർ
വി. വി. ഗോവിന്ദൻ മാസ്റ്റർ
കെ. വി. ബാലൻ
ഡോ. പി. കെ. ദാസൻ
കെ. വി. വിനോദ്
ഇ. രവീന്ദ്രൻ
ടി. ദിലീപൻ
ബിജുലാൽ. ബി. എൻ
കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
സി. നാരായണൻ
എം. വി രാജൻ
പി. കെ. നാരായണൻ മാസ്റ്റർ
കീച്ചേരി രാഘവൻ
എൻ. വി. ദാസൻ
എം. ശാരദ
ഇ. പി. പത്മനാഭൻ മാസ്റ്റർ
എം. വി മോഹനൻ
കെ. ലക്ഷ്മണൻ
ഇ. മോഹനൻ
പി. ജനാർദ്ദനൻ
പി. പി. കുഞ്ഞിമൊയ്തീൻ മാസ്റ്റർ
ടി. ജയൻ
എം. വി. രാജൻ
കെ. കെ. റാം
കെ. കുഞ്ഞമ്പു
കെ. ചന്ദ്രശേഖരൻ മാസ്റ്റർ
എം. വി നാരായണൻ നായർ
പി. എ നാരായണൻ നായർ
എം. ബാലകൃഷ്ണൻ

141-3

ജനകീയാസൂത്രണ പ്രസ്ഥാനം

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

വികസനരേഖ

വികസന സെമിനാർ

ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
കല്ല്യാശ്ശേരി

സമർപ്പണം



ദീർഘകാലം പഞ്ചായത്ത്
പ്രസിഡണ്ടായിരുന്ന
വികസന പ്രവർത്തനങ്ങളിൽ
ഞങ്ങൾക്കെന്നും മാർഗ്ഗദീപമായ,
യശഃശ്ശരീരനായ
ശ്രീ. കെ. വി. നാരായണൻ നമ്പ്യാരുടെ
സ്മരണക്കുമുന്നിൽ
ആദരാഞ്ജലികളോടെ..... .....

ഉള്ളടക്കത്തെ കുറിച്ച്

ഈ വികസന രേഖയ്ക്ക് അഞ്ചുഭാഗങ്ങളാണുള്ളത്.

രേഖയുടെ ആമുഖക്കുറിപ്പും, പഞ്ചായത്തിനെക്കുറിച്ചുള്ള പൊതു വിവരങ്ങളുമാണ് ഒന്നാം ഭാഗത്തിൽ കൊടുത്തിരിക്കുന്നത്.

പഞ്ചായത്തിന്റെ ചരിത്രവും പ്രകൃതി വിവരങ്ങളും പ്രതിപാദിക്കുന്നതാണ് രണ്ടും മൂന്നും ഭാഗങ്ങൾ.

നാലാം ഭാഗത്തിൽ പഞ്ചായത്തിലെ വിവിധ സാമൂഹ്യ – സാമ്പത്തിക മേഖലകളെ സമഗ്രമായി പരിശോധിക്കുന്നു. 12 ഉപഭാഗങ്ങളാണിതിനുള്ളത്.

1991 മുതൽ കല്ല്യാശ്ശേരിയിൽ നടന്നുവരുന്ന ജനകീയാസൂത്രണത്തിന്റെ സവിശേഷതകൾ പരിശോധിക്കാനാണ് അഞ്ചാം ഭാഗത്തിൽ ശ്രമിച്ചിട്ടുള്ളത്.

1991 ൽ നിർമ്മിച്ച വിവേ ഭൂപടം, 1992 ൽ നടന്ന സാമൂഹ്യ സാമ്പത്തിക സർവ്വെ, 1993 ൽ നടന്ന ഊർജ്ജസർവ്വെ, ജലസർവ്വെ, മറ്റ് പഠനങ്ങൾ, വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങൾ, ഗ്രാമ സഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ തുടങ്ങിയവയാണ് ഈ രേഖയ്ക്കാധാരം.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുള്ള അടിസ്ഥാന രേഖ എന്ന നിലയിൽ ഈ വികസനരേഖ സമഗ്രമായ ചർച്ചക്കും പഠനങ്ങൾക്കും വിധേയമാക്കണം എന്നഭ്യർത്ഥിക്കുന്നു.

രേണസമിതിക്കുവേണ്ടി
യു. ജാനകിടീച്ചർ
പ്രസിഡണ്ട്

ഉള്ളടക്കം

ഭാഗം 1 - ആമുഖം

ഭാഗം 2 - ചരിത്രം

ഭാഗം 3 - പ്രകൃതി വിഭവങ്ങൾ

ഭാഗം 4 - സാമൂഹ്യ - സാമ്പത്തിക മേഖലകൾ

1. കൃഷി
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം
5. വിദ്യാഭ്യാസം
6. കുടിവെള്ളം, പൊതുജനാരോഗ്യം
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സാംസ്കാരികം
9. വനിത
10. സഹകരണം
11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
12. വിഭവ സമാഹരണം

ഭാഗം 5 - ജനകീയാസൂത്രണത്തിന്റെ ആദ്യ ചുവട്.

7 / 11 / 1996 ന് ചേർന്ന ഭരണസമിതിയുടെ 213 / 96 നമ്പർ
തീരുമാനപ്രകാരം അംഗീകരിച്ചത് പ്രസിദ്ധീകരിക്കുന്നത്

പഞ്ചായത്ത് ഭരണ സമിതി

യു. ജാനകി ടീച്ചർ - പ്രസിഡൻറ്
കെ. ഗോവിന്ദൻ - വൈസ് പ്രസിഡൻറ്
കൊാമ്പൻ നാരായണൻ - സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ

കെ. രമണി	-	അംഗങ്ങൾ
സി. ഗോവിന്ദൻ		,,
സി. പ്രദീപൻ		,,
ഇ. ജാനകി		,,
എ. വിജയൻ	-	,,
കെ. ഗോപിനാഥൻ		,,
ടി. വിജയൻ		,,
എം. കമല		,,

ഭാഗം 1

ആമുഖം



ആമുഖം

അധികാര വികേന്ദ്രീകരണം ഇന്നൊരു സങ്കല്പം മാത്രമല്ല. വികേന്ദ്രിരണത്തിന്റെ പ്രായോഗിക തലത്തിലേക്ക് കേരള സമൂഹമാകെ എത്തിനിൽക്കുകയാണിന്ന്. നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് ഐക്യ കേരളം നിലവിൽ വന്നതിനുശേഷം ഭരണത്തിലേറിയ ആദ്യത്തെ സംസ്ഥാന സർക്കാറിന്റെ പരിഗണന വിഷയങ്ങളിൽ പ്രധാ നമായ ഒന്ന് അധികാര വികേന്ദ്രീകരണ മായിരുന്നു. 1957 ൽ ദേശിയ തലത്തിൽ ബൽവന്ത് റായ് മേത്ത കമ്മിറ്റി നിയോഗിക്കപ്പെട്ട കാലത്തു തന്നെ കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഒരു ഭരണപരിഷ്കാര കമ്മിറ്റി നിയോഗിക്കപ്പെടുകയുണ്ടായി. അന്നു തൊട്ടിന്നോളം, ഭരണരംഗത്തെ ജനാധിപത്യവൽക്കരണത്തിനു വേണ്ടി ഒട്ടേറെ പരിശ്രമങ്ങൾക്ക് നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിച്ചുപോന്നു. പക്ഷേ, ഒന്നല്ലെങ്കിൽ മറ്റൊരു കാരണം കൊണ്ട് രാഷ്ട്രീയ രംഗത്തെ ഈ പരീക്ഷണഭൂമിക്ക് ആസൂത്രണ ഭരണവികേന്ദ്രീകരണമേഖലകളിൽ അടിസ്ഥാന പരമായ മാറ്റങ്ങളൊന്നും തന്നെ വരുത്താൻ കഴിഞ്ഞില്ല എന്നതാണ് വസ്തുത (ജില്ലാകൗൺസിൽ പോലുള്ള ചില ഇടക്കാല മുന്നേറ്റങ്ങൾ ഉണ്ടായിട്ടുള്ളത് മറക്കുന്നി ല്ലെങ്കിലും) ദേശീയ തലത്തിൽ നടന്ന പുതിയ നിയമ നിൽമാണത്തെത്തുടർന്ന് കേരളത്തിലും പുതിയ പഞ്ചായത്ത് രാജ്, മുൻസിപ്പാൽ നിയമങ്ങൾ നടപ്പിൽ വരികയും അവയുടെ അടിസ്ഥാ നത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശീക ഭരണകൂടങ്ങൾ നിലവിൽ വരികയും ചെയ്തിരിക്കുന്നു. ഒട്ടേറെ പോരായ്മകളും പരിമിതികളുമുണ്ടെങ്കിലും മുമ്പത്തെക്കാൾ ഏറെ അധികാരങ്ങളും പ്രവർത്തന സ്വാതന്ത്ര്യവും ഇന്നത്തെ പ്രാദേശീക ഭരണകൂടങ്ങൾക്കുണ്ട് എന്നതിൽ തർക്കത്തിന വകാശമില്ല. ഈ അധികാരങ്ങളും അവകാശങ്ങളും എങ്ങനെ യാണ് ജനകീയ ഭരണങ്ങൾ ഉപയോഗിക്കുവാൻ പോകുന്നത് അവയ്കതിന് എത്രത്തോളം കഴിവുണ്ട് ?. പുതിയ പഞ്ചായത്ത് ഭരണവ്യ വസ്ഥ നമ്മുടെ സമൂഹം എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട് ? തുടങ്ങിയ ചോദ്യങ്ങൾക്ക് വൈകാതെ തന്നെ നമുക്ക് ഉത്തരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

പ്രാദേശീക ഭരണങ്ങൾക്ക് ലഭിച്ച അധികാരങ്ങളിൽ മുഖ്യമായ ഒന്ന്, വികസന പദ്ധതി തയ്യാറാക്കുത്തതിലെ സ്വയം നിർണ്ണയാവകാശമത്രെ. ഇതു സംബന്ധിച്ച നിയമനിൽ

നാടിളക്കിക്കൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനം മുന്നേറുമ്പോൾ കല്ല്യാശ്ശേരിയെന്ന ഈ കൊച്ചുഗ്രാമത്തിന് അതിലഭിമാനിക്കാൻ ഏറെയുണ്ട് അഞ്ച് വർഷങ്ങൾക്കുമുമ്പ്, 1991 മാർച്ച് മാസത്തിൽ വിഭവഭൂപടനിർമ്മാണ പരിപാടി ആരംഭിച്ചതുമുതൽ ജനകീയാസൂത്രണത്തിനായി കല്ല്യാശ്ശേരിയിൽ നടന്ന നിരന്തരപ്രവർത്തനങ്ങളാണ് കേരളത്തിലും ഇന്ത്യയിലും പ്രാദേശികാസൂത്രണത്തിന്റെ ഒരു ശാസ്ത്രീയ മാതൃക സംഭാവന ചെയ്തത്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും ഭൗമശാസ്ത്രകേന്ദ്രത്തിന്റെയും സഹായസഹകരണങ്ങളോടെയാണ് നമുക്കീ മാതൃക രൂപപ്പെടുത്താൻ കഴിഞ്ഞത്. ഗ്രാമതലാസൂത്രണത്തിലെ ഈ കല്ല്യാശ്ശേരി മാതൃക പരീക്ഷണാടിസ്ഥാനത്തിൽ കൃഷിക്കപ്പെട്ടിക്കുന്നു എന്നുമാത്രമല്ല അതിന്റെ ചുവടു പിടിച്ചുകൊണ്ട് ഒരു ജനകീയപ്രസ്ഥാനം തന്നെ രൂപപ്പെട്ടിരിക്കുന്നു. കല്ല്യാശ്ശേരി പരീക്ഷണത്തിൽ ഭാഗവാക്കുള്ളായ സന്നദ്ധ പ്രവർത്തകർക്കും കക്ഷിഭേദ മെന്യേ ഇതുമായി സഹകരിച്ച ബഹുജനപ്രസ്ഥാനങ്ങൾക്കും പുളകം കൊള്ളാൻ ഇതിൽ പരം എന്തുവേണം. അവർ ചെയ്ത സന്നദ്ധസേവനം വൃഥാവിലായില്ല എന്ന് ആശ്വസിക്കാം.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും രൂപം കൊള്ളുന്നതുപോലുള്ള വികസന റിപ്പോർട്ട് കല്ല്യാശ്ശേരിയിൽ നേരത്തെതന്നെ തയ്യാറാക്കുകയുണ്ടായി. ഈ റിപ്പോർട്ട്, ആനുകാലിക വിവരങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിക്കുവാനും കൂടുതൽ ചിട്ടപ്പെടുത്താനുമാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത് അതോടൊപ്പം കൂടുതൽ ജനങ്ങളെ ആസൂത്രണപ്രക്രിയയിൽ പങ്കാളികളാക്കാനും. ഇതിന്റെ ഭാഗമായി കല്ല്യാശ്ശേരിയിലെ ഗ്രാമസഭകൾക്ക്, സംസ്ഥാനതലത്തിൽ ഗ്രാമസഭകൾ ഉൽഘാടനം ചെയ്യപ്പെടുന്നതിനു മാണം നടന്നിട്ട് വർഷം നാലായെങ്കിലും ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് ഈ അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ പറ്റിയ സാഹചര്യമുണ്ടാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല ഈ സാഹചര്യത്തിലാണ് രാജ്യത്തിന് പഞ്ചകർമ്മത്തിലും മാതൃകകാണിച്ചിട്ടുള്ള കേരളത്തിന്റെ പുതിയ സംരംഭം ജനകീയാസൂത്രണപ്രസ്ഥാനം പ്രസക്തമാവുന്നത്.

ഭരണരംഗത്തെ വികേന്ദ്രീകരണത്തിന്ന് ഒരു മുന്നുപാധിയാണ് ആസൂത്രണ വികേന്ദ്രീകരണം. നാളിതുവരെയുള്ള പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള മുഖ്യ വിമർശനം, പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്ന പദ്ധതികളൊക്കെയും അവിടുത്തെ യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ അക്കാദമിക്ക് ആസൂത്രണങ്ങളുടെ സൃഷ്ടിയായിരുന്നു വെന്നും, അത് പദ്ധതിപ്രവർത്തനങ്ങളിൽനിന്ന് ആസൂത്രകരെ അകറ്റിനിർത്തുന്നുവെന്നുമാണ്. തുടർന്നുവരുന്ന പഞ്ചവത്സരപദ്ധതികൾ പരിഷ്കരിക്കുന്നതിനുവേണ്ടി സംസ്ഥാന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരിധിയിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള അനുഭവങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും ഈ ആസൂത്രണാധികാരത്തെ വിനിയോഗിക്കാൻ ശ്രമിക്കുന്നു എന്നതാണ് കേരളത്തിൽ നടന്നുവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സാമൂഹ്യപ്രാധാന്യം. ഇതിലുപരി തദ്ദേശീയ, പ്രാദേശികാസൂത്രണത്തിലെ രീതി സമ്പ്രദായങ്ങളുടെ വിപ്ലവകരമായ പരീക്ഷണം കൂടിയാണിത് കേരളത്തിലെ 1300 ത്തോളം വരുന്നഗ്രാമപഞ്ചായത്ത്, മുൻസിപ്പൽ വാർഡുകൾ തൊട്ട് ജില്ലാപഞ്ചായത്ത് തലം വരെ ഈ ബൃഹത്തായ, ജനപങ്കാളിത്തത്തോടുകൂടിയ ഒരു ആസൂത്രിത പദ്ധതിയെക്കാൾ, അതുമായി ബന്ധപ്പെട്ട വിവിധ പ്രക്രിയകളിലൂടെ നടക്കുന്ന ബഹുജന വിദ്യാഭ്യാസം കേരള സമൂഹത്തിൽ ദൂർവ്യാപകമായ ഗുണഫലങ്ങളുണ്ടാക്കുമെന്നത് നിസ്തർക്കമാണ്.

മുമ്പുതന്നെ തുടക്കം കുറിച്ചു. ഗ്രാമസഭകളെ സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 1-1 ൽ കൊടുത്തിരിക്കുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും വിവിധ ഓഫീസുകളിൽനിന്നു ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും സർവോപരി കല്ല്യാശ്ശേരി വികസന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ നിരവധി പഠനങ്ങളുടെയും സർവെകളുടെയും വിദഗ്ദ്ധ പഠനങ്ങളുടെയും ഒക്കെ അടിസ്ഥാനത്തിലാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്താനും കൂടുതൽ വ്യക്തമായി മനസിലാക്കാനും അവയ്ക്ക് വസ്തുനിഷ്ട പരിഹാരങ്ങൾ കണ്ടെത്താനും ഈ റിപ്പോർട്ട് സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പൊതുവിവരങ്ങൾ

ഉൾപ്പെടുന്ന വില്ലേജ്	- കല്ല്യാശ്ശേരി
ബ്ലോക്ക്	- തളിപ്പറമ്പ്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	- ചെറുകുന്ന്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	- കല്ല്യാശ്ശേരി
താലൂക്ക്	- കണ്ണൂർ
അസംബ്ലി മണ്ഡലം	- അഴീക്കോട്
പർലമെൻറ് മണ്ഡലം	- കണ്ണൂർ
വിസ്തീർണ്ണം	- 15.37 ച. കി. മി.
ജനസംഖ്യ	- 26997 (1996)
വാർഡുകൾ	- 11
വീടുകൾ	- 4837
റോഡ്	- 78 കി മി.
തോട്	- 16.8 മി. മി
കിണറുകൾ	- 4671
കുളങ്ങൾ	- 31

വിദ്യാലയങ്ങൾ

എൽപി	7
യുപി	3
എച്ച് എസ്	- 1
വി. എച്ച്. എസ്. സി.	- 1


ഗ്രാമസഭകൾ

പട്ടിക -1,1

വാർഡ്	തീയ്യതി	സ്ഥലം	പങ്കാളിത്തം		
			സ്ത്രീ	പു.	ആകെ
1	15. 9. 96	ഇരിണാവ് യു. പി. സ്കൂൾ	36	120	156
2	15.9.96	ഇരിണാവ് ഹിന്ദു എൽ. പി. സ്കൂൾ	28	156	184
3.	15.9. 96.	കെ.കണ്ണപുരം എൽ. പി. സ്കൂൾ	23	179	202
4.	8.9.96	സെവൻസ് സ്റ്റാർ സ്പോർട്സ് ക്ലബ്ബിന് സമീപം	50	105	155
5.	29. 9.. 96	സി. നാരായണന്റെ വീടിന് സമീപം	59	142	201
6.	22.9.96	കല്ല്യാശ്ശേരി സൗത്ത് യു. പി. സ്കൂൾ	36	159	195
7.	8. 9. 96	കല്ല്യാശ്ശേരി സെൻട്രൽ എൽ.പി.സ്കൂൾ	53	124	177
8.	29.9.96	അഞ്ചാംപീടിക അംഗൻവാടി പരിസരം	69	186	255
9.	22.9.96	ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ	34	113	147
10.	29.9.96	ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ	17	84	101
11.	22. 9.96	മാങ്ങാട് എൽ.പി. സ്കൂൾ	24	173	197
		ആകെ	432	1558	1970

ഭാഗം 2

ചരിത്രം



ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം

കണ്ണൂർ ജില്ലയുടെ മധ്യഭാഗത്ത്, കണ്ണൂർ താലൂക്കിൽ സ്ഥിതിചെയ്യുന്ന ഒരു സാധാരണ തീ രദേശ പഞ്ചായത്താണ് കല്ല്യാശ്ശേരി. സവർണ്ണ - ജന്മി- നാടുവാഴിമേധാവി ത്വത്തിന്റെ പരമ്പരാഗത സാമൂഹ്യ ഘടന നിലനിന്നിരുന്ന കല്ല്യാശ്ശേരിയിൽ മാറ്റത്തിന്റെ ഓളങ്ങൾ പ്രത്യേക്ഷപ്പെടുന്നത് 1930 കളോടെ യാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അലയടിച്ച കർഷകസമരങ്ങളുടെയും, സാമൂഹ്യ പരിവർത്തന പ്രക്ഷോഭങ്ങളുടെയും സിരാ കേന്ദ്രമാ യിരുന്നു കല്ല്യാശ്ശേരി. പ്രക്ഷുബ്ദമായ രുന്ന 30 കളിൽ കൃഷ്ണപ്പിള്ള, വിഷ്ണു ഭാരതീയൻ, കേരളീയൻ, എ. കെ.ജി., കെ. പി. ആർ, ഗോപാലൻ, തുടങ്ങിയ ജനനേതാക്കളുടെ ഉത്തരമലബാറിലെ പ്രവർത്തന കേന്ദ്രം കല്ല്യാശ്ശേരിയായിരുന്നു.

1927 ൽ കല്ല്യാശ്ശേരി എലിമെൻറരി സ്കൂളിൽ ഒരു ഹരിജൻ ബാലന് പ്രവേശനം നടത്തിയതിലൂടെ ആരംഭിച്ച സാമൂഹ്യ പരിഷ്കരണ പ്രവർത്ത നങ്ങളിലൂടെയാണ് കല്ല്യാശ്ശേരി ദേശീയധാര യിലേക്കുനീങ്ങിയത്.

1951 വരെ കൃഷിഭൂമിയുടെ 90% ഉം വൻകിട സവർണ്ണ ജന്മിഭൂ ഉടമകളും, ദേവസ്വവും അടക്കിഭരിച്ചു. ഇവിടത്തെ ഏറ്റവും വലിയ ജന്മിയായ ചന്ത്രോത്ത് തറവാട്ടുകാർക്ക് 227 ഏക്കർ ഭൂമികല്ല്യാശ്ശേരി യിൽ മാത്രമേ ഉണ്ടായിരുന്നു. 24 നായർ തറവാട്ടുകാർക്കായിരുന്നു കൃഷിഭൂമി യുടെ 43.46% ത്തിന്റെയും ഉടമസ്ഥത. കല്ല്യാശ്ശേരി യിലെ ഭൂരിപക്ഷ സമുദായമായ തീയ്യ സമുദായക്കാർ അടക്കമുള്ള അവർണ്ണ ജാതിക്കാർക്ക് കൃഷിഭൂമിയുടെ 6.5% മാത്രമേ സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. വിശദാംശങ്ങൾ പട്ടിക 2-1 ൽ കൊടുത്തിട്ടുണ്ട്

കാലം, കുടിക്കാണം, വെറും പാട്ട തുടങ്ങിയ ചൂഷണരീതികളിൽ മേൽ കൃഷിക്കാർക്ക് ഭൂമിപാട്ടത്തിന് കൊടുക്കുകയായിരുന്നു ജന്മിമാർ ചെയ്തിരുന്നത്. ഉയർന്ന പലിശയും, ലെവിയും ചുമത്തി കർഷകരെ പരമാധി ചൂഷണം ചെയ്യുന്നതിന് ജന്മിമാർ മുട്ടാ മടിക്കാണിച്ചിരുന്നില്ല. പഞ്ചായത്തിലെ 15% വരുന്ന സവർണ്ണ നായർ തറവാട്ടുകാരായിരുന്നു കാർഷിക മേഖല അടക്കി വാണിരുന്നത്. അവർണ്ണ ജാതിക്കാരിൽ ഭൂരിഭാഗം പേരും കാർഷികതൊഴിലാളികളോ, ജന്മിമാരിൽ നിന്നും ഭൂമി വെറും പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നവരോ, കൈത്തൊഴിൽ ചെയ്യുന്ന വരോ ആയിരുന്നു. ഭൂരിപക്ഷം മുസ്ലീം കുടുംബങ്ങളും താഴ്ന്ന വരുമാനക്കാരായിരുന്നുവെങ്കിലും അറക്കൽ രാജവംശവുമായി ബന്ധമുള്ള പ്രമുഖ മുസ്ലീം തറവാട്ടുകാർക്ക് 16.06% ഭൂമിയുടെ അവകാശം ഉണ്ടായിരുന്നു.

പട്ടിക 2-1 1928 ലെ ഭൂവിതരണം

സമുദായം-	പട്ടയങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഏക്കർ	ശതമാനം
ദേവസ്വം	90	1025. 56	28.61
നമ്പൂതിരി	44	192.41	5.37
നായർ	374	1557.46	43.46
തീയ്യ	109	93.79	2.61
മുസ്ലിം	237	575.40	16.16
മറ്റുള്ളവർ	141	139.27	3.79
ആകെ	**995**	**3583.89**	**100**

പട്ടിക 2-2 1995 ലെ ഭൂവിതരണം

സമുദായം	കുടുംബാംഗങ്ങൾ	ശതമാനം	ശരാശരി ഭൂവിസ്തീർണ്ണം (സെൻറ്)	ആകെ ശതമാനം
നമ്പൂതിരി	8	0.2	103.13	0.6
നായർ	493	11.02	76.62	18.2
മറ്റു മുന്നോക്ക ജാതി	110	2.4	31.20	2.1
തീയ്യ	1731	40.78	50.30	45.4
മുസ്ലിം	683	22.2	45.46	15.1
മറ്റു പിന്നോക്ക ജാതി	781	18.7	38.95	13.6
പട്ടിക ജാതി/ വർഗ്ഗം	196	4.7	22.41	2.6

പട്ടിക 2-3 കാർഷിക വിളകളുടെ ഉൽപ്പാദന ക്ഷമത

വിള	ഉൽപ്പാദന ക്ഷമത	
	കല്ല്യാശ്ശേരി	സംസ്ഥാന ശരാശരി
നെല്ല്	1666 കി /ഹെ	1958കി. /ഹെ
തേങ്ങ	3095 എണ്ണം/ ഹെ	5377 എണ്ണം/ഹെ
കുരുമുളക്	250 കി/ഹെ	282 കി. /ഹെ
കശുവണ്ടി	5 കി./ മരം	
പയറുവർഗ്ഗങ്ങൾ	3000 കി./ഹെ	706 കി./ ഹെ

മലബാറിലെ പരമ്പരാഗതമായ ഭരണാധികാരിയായ കോലത്തിരി രാജാവിന്റെ അധീനതയിലായിരുന്നു കല്ല്യാശ്ശേരി. പ്രമുഖ അധികാരി കുടുംബമായ ഏറുമ്പാല നായനാർ തറവാട്ടുകാരായിരുന്നു പരമ്പരാഗതമായി കല്ല്യാശ്ശേരിയുടെ അധികാരി. ഈ ജന്മി കുടുംബത്തിന്റെ ഇടനാഴിയിൽ നിന്നുതന്നെയായിരുന്നു കല്ല്യാശ്ശേരിയുടെ നവോത്ഥാനത്തിന്റെ ഉണർത്തുപാട്ടും ഉയർന്ന് വന്നത് എന്നത് യാദൃശ്ചികമാവാം.

മാറ്റത്തിന്റെ അലയൊലികൾ

19ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ നാണ്യവിളകൾക്കു പ്രാമുഖ്യം ലഭിക്കാൻ തുടങ്ങിയതും, കല്ല്യാശ്ശേരിയിലും ചുറ്റുമുള്ള പ്രദേശങ്ങളിലും വ്യവസായശാലകൾ ഉയർന്നുവരാൻ തുടങ്ങിയതും, മാറ്റത്തിന്റെ തുടക്കമായിരുന്നു. തുടർന്ന് 1924ൽ കല്ല്യാശ്ശേരി ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിതമായി. പുതിയ തലമുറക്ക് ആധുനിക വിദ്യാഭ്യാസത്തിനുള്ള വഴി വിളക്കായി ഈ സ്കൂൾ. അന്ന് സവർണ്ണർക്ക് മാത്രം പ്രവേശനം നൽകിയിരുന്ന ഈ സ്കൂളിൽ ഒരു ഹരിജൻ ബാലനെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് ഇവിടുത്തെ നായർ തറവാടുകളിലെ ചെറുപ്പക്കാർ രംഗത്തിറങ്ങി. 1927ൽ നടന്ന അവിസ്മരണീയമായ ഈ സമരത്തിന് നേതൃത്വം നൽകാൻ ശ്രീ. കെ. കേളപ്പൻ കല്ല്യാശ്ശേരിയിലെത്തിയത് പ്രവർത്തകരിൽ ആവേശത്തിന്റെ അഗ്നി പടർത്തി.

1930 ജനവരി 26നു ഇന്ത്യൻ പതാക ഉയർത്തിക്കൊണ്ട് കല്ല്യാശ്ശേരിയിലെ ജനതയും ദേശീയപ്രസ്ഥാനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഉപ്പു സത്യാഗ്രഹത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് പയ്യന്നൂരിലേക്ക് മാർച്ച് നടത്തി. തുടർന്ന് കല്ല്യാശ്ശേരിയിൽ 144ാം വകുപ്പ് അനുസരിച്ച് നിരോധനാജ്ഞ നിലവിൽ വന്നു. 6മാസക്കാലം നീണ്ടുനിന്ന നിരോധനാജ്ഞ കല്ല്യാശ്ശേരിയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമായിരുന്നു. കെ. പി. ആർ ഗോപാലൻ അടക്കമുള്ള ജനനേതാക്കന്മാരെ പോലീസ് അറസ്റ്റ് ചെയ്തു.

1930 കളുടെ രണ്ടാം പകുതി കല്ല്യാശ്ശേരിയുടെ ചരിത്രത്തിൽ വഴിത്തിരിവുകൾ സൃഷ്ടിച്ച കാലഘട്ടമായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റ് ആശയത്തിൽ വിശ്വസിക്കുന്ന ഒരു ചെറുഗ്രൂപ്പ് വളർന്ന് വരാൻ തുടങ്ങി. 1934 ൽ മാങ്ങാട്ട് ശ്രീ ഹർഷന്റെ സ്മാരകമായി ശ്രീ ഹർഷൻ സ്മാരക വായനശാല ഉൽഘാടനം ചെയ്യപ്പെട്ടു. കർഷകരുടേയും അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും പഠനകേന്ദ്രമായി മാറി ഈ വായനശാല. ശ്രീ ഹർഷൻ എന്ന പേരിൽ ഒരു കൈയ്യെഴുത്ത് മാസികയും പ്രസിദ്ധീകരിക്കാൻ തുടങ്ങി. രാഷ്ട്രീയ പഠനത്തിനുള്ള പ്രധാന ഉപാധിയായി ഈ മാസിക അംഗീകരിക്കപ്പെട്ടു. എ. കെ. ജി. കേരളീയൻ, വിഷ്ണുഭാരതീയൻ, കൃഷ്ണപ്പിള്ള തുടങ്ങിയ സോഷ്യലിസ്റ്റ് നേതാക്കളുടെ പ്രവർത്തനവേദിയായി മാറിയതോടെ കല്ല്യാശ്ശേരി കർഷകസമരങ്ങളുടെ സിരാകേന്ദ്രമായി മാറി. 1935ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ കല്ല്യാശ്ശേരി യൂനിറ്റ് പ്രവർത്തനം ആരംഭിച്ചു. ഇതേവർഷം തന്നെയായിരുന്നു കേരളത്തിലെ എലിമെന്ററി അദ്ധ്യാപകരുടെ ആദ്യസംഘടനയായി ചിറക്കൽ താലൂക്ക് എലിമെന്ററി ടീച്ചേർസ് യൂണിയൻ സ്ഥാപിതമാവുന്നത്. ശ്രീ.കെ.വി. നാരായണൻ നമ്പ്യാരെപ്പോലുള്ള പ്രഗൽഭരായ നേതാക്കളുടെ മുൻകൈയ്യോടെ രൂപം കൊണ്ട ഈ സംഘടനയുടെ ആദ്യയോഗം ചേർന്നത് കല്ല്യാശ്ശേരിയിൽ വച്ചായിരുന്നു. ചിറക്കൽ താലൂക്കിലെ മുഴുവൻ അദ്ധ്യാപകരേയും സംഘടിപ്പിക്കാനും അണിനിരത്തുവാനും ഇവർക്ക് കഴിഞ്ഞു. ഇതേ സമയം തന്നെ ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിൽ അദ്ധ്യയന സമാജം എന്ന പേരിൽ കുട്ടികളുടെ സംഘടനയും രൂപം കൊണ്ടു. "വിദ്യാഭ്യാസത്തിലൂടെ വളരുക"

എന്നതായി രുന്നു ഈ സംഘത്തിന്റെ മുദ്രാവാക്യം. പിന്നീട് ബാലസംഘം എന്ന പേരിൽ രൂപീകൃതമായ കുട്ടികളുടെ സംഘടനയുടെ ആദ്യ രൂപമായി രുന്നു അധ്യായന സമാജം.

കെ. പി. സി. സി. യുടെ 10ാം മത് രാഷ്ട്രീയ സമ്മേളനം നടന്നത് മാങ്ങാട് പറമ്പിൽ വച്ചായിരുന്നു. 1939 ൽ നടന്ന ഈ സമ്മേളനം കെ. പി. സി. സി. യുടെ ചരിത്രത്തിലെ സുപ്രധാന സംഭവമായി. ഇടതുപക്ഷത്തിന് മുൻതൂക്കമുള്ള നേതൃത്വത്തി നെതിരെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് വലതു പക്ഷ പ്രവർത്തകർ ഇറങ്ങിപ്പോക്കുനടത്തി.

രണ്ടാം ലോകമഹായുദ്ധത്തോടെ കോൺഗ്രസ്സിനകത്തെ ഇടതു- വലതു സംഘർഷം മൂർദ്ധന്യാ വസ്ഥയിലെത്തി, 1940 സപ്തംബർ 15ന് ആഹ്വാനം ചെയ്ത സാമ്രാജ്യത്വ വിരുദ്ധദിനം പ്രസിദ്ധമായ മോറാഴ സംഭവത്തിലേക്ക് നയിച്ചു. കല്ല്യാശ്ശേരി പഞ്ചായത്തിന്റെയും ആന്തൂർ പഞ്ചായത്തിന്റെയും അതിർത്തിയിലുള്ള അഞ്ചാംപീടികയിൽ (മോറാഴ) യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ, പോലീസ് യോഗം കൈയേറി, തുടർന്നുണ്ടായ സംഘട്ടനം ഒരു പോലീസ്സബ്ബ് ഇൻസ്പെക്ടറുടെയും , ഒരു ഹെഡ് കോൺസ്റ്റബിളിന്റെയും മരണത്തിൽ കലാശിച്ചു. ശ്രീ. കെ. പി. ആർ . ഗോപാലനടക്കമുള്ള ഒട്ടനവധി നേതാക്കളെയും, പ്രവർത്തകരെയും പോലീസ് അറസ്റ്റ് ചെയ്തു. തുടർന്ന കല്ല്യാശ്ശേരി പഞ്ചായത്തിൽ വീടുവീടാന്തരം പോലീസ് നടത്തിയ നരനായാട്ടിന്റെ നടുക്കുന്ന ഓർമ്മകൾ ഇന്നും കല്ല്യാശ്ശേരിയിലെ മുതിർന്നവരുടെ മനസ്സിൽ നിന്നു മാഞ്ഞിട്ടില്ല വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുകയായിരുന്ന ശ്രീ. കെ. പി. ആർ. ഗോപാലനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് രാജ്യമാകെ അണ്ണുവീശിയ പ്രതിഷേധ കൊടുങ്കാറ്റിന്റെ ഫലമായി അദ്ദേഹം മോചിക്കപ്പെട്ടു.

1946 ലെ പാപ്പിനിശ്ശേരി ആറോൺ മില്ലിലെ തൊഴിലാളി സമരത്തിന്റെ പിന്നണി പ്രദേശങ്ങളി ലൊന്നായിരുന്നു കല്ല്യാശ്ശേരി. മലബാറിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവമായ ഈ സമരത്തിന് കല്ല്യാശ്ശേരിയിലെ കർഷകരും തൊഴിലാളികളും അവരുടെതായ പങ്കുവഹിച്ചിട്ടുണ്ട്.

ദേശീയ സ്വാതന്ത്ര്യസമരം സാമ്രാജ്യത്തിനെതിരെയുള്ള സമരം കൂടിയാണ് എന്ന് വിശ്വസിച്ചിരുന്ന കോൺഗ്രസിനകത്തെ സോഷ്യലിസ്റ്റ് പ്രവർത്തകരെ 1940 ഓടെ കെ. പി. സി. സി. യിൽ നിന്നും പിരിച്ചുവിട്ടു. തുടർന്ന് രൂപീകൃതമായ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ കല്ല്യാശ്ശേരിയിലെ ഭൂരിപക്ഷം ദേശീയ പ്രവർത്തകരും അണി നിരന്ന രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടെ, ദേശീയ സമരത്തിന്റെ മുഖ്യ ധാരാ പ്രവർത്തനം കാർഷിക നവോത്ഥാന സമരമായിരുന്നു. 1950 കളിൽ കേരളത്തിൽ പ്രത്യേകിച്ചു മലബാറിൽ നടന്ന രൂക്ഷമായ കർഷക സമരങ്ങളുടെ തീക്കാറ്റ് കല്ല്യാശ്ശേരിയിലേയും കർഷക ഭൂവുടമാബന്ധങ്ങളിൽ മാറ്റം ഉളവാക്കി തുടങ്ങി.1957 മുതൽ1971 വരെയുള്ള കാലഘട്ടത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണം പ്രവർത്തനങ്ങൾ കല്ല്യാശ്ശേരി യിലേയും കാർഷിക ഭൂവുടമാബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ ക്കിടയാക്കി.

ഇതേ സമയം തന്നെ, ഇരിണാവ് പ്രദേശവും ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ സ്ഥാനം പിടിച്ചു തുടങ്ങിയിരുന്നു. 1937 ൽ ഇരിണാവിലെ [illegible] ചെറുപ്പക്കാരുടെ നേതൃത്വത്തിൽ ആരംഭിച്ച സൻമാർഗ്ഗദായിനിവായനശാല യായിരുന്നു ഇവിടത്തെ പ്രവർത്തനങ്ങളുടെ കേന്ദ്രം തൊട്ടുകൂടായ്മയും തീണ്ടലും നടമാടിയ ഈ ഗ്രാമത്തിൽ, വായനശാലാപ്രവർത്തനം, മുഖേന വളർന്നുവന്ന കൂട്ടായ്മ അയിത്തത്തിനും ,ജാതീയത യ്ക്കും എതിരെ നടന്ന ആദ്യ ചുവട് വെപ്പായിരുന്നു. നിരക്ഷരരും വിധിവിശ്വാസികളുമായിരുന്ന ഗ്രാമീണരിൽ, സൻമാർഗ്ഗ ബോധവും, അവകാശ ബോധവും ഉണർത്തി അവരെ ദേശീയ ധാരയിലേക്കു നയിക്കാൻ വായനശാല കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഒരു പരിതിവരെ ഉതകി. 1940 ലെ മോറാഴ സംഭവത്തെ തുടർന്നണ്ടായ പോലീസ് ഭീകരവാഴ്ചയിൽ ഇരി ണാവും അമർന്നു.

സന്മാർഗദായിനി വായനശാല പോലീസ് കൈയേറി തകർത്തു. 1942ൽ, ഊർജ്ജസ്വലരായ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ യുവജനസംഘം എന്നപേരിൽ ഒരു സംഘടന രൂപീകരിക്കപ്പെട്ടു. 1944ൽ, നാട്ടിനെ നടുക്കിയ കോളറക്കെതിരെ, യുവജനസംഘം പ്രവർത്തകർ ആതുരസേവനം ഏറ്റെടുത്തു. ജനങ്ങളെ ബോധവൽക്കരിക്കാൻ ലഘുകലാപരിപാടികൾ വീട്ടുമുറ്റങ്ങളിലും, തെരുവോരങ്ങളിലും അരങ്ങേറി.

യുവജന സംഘത്തിന്റെ കീഴിൽ വായനശാല പ്രവർത്തനം വീണ്ടും ആരംഭിച്ചു. യുവജനവായനശാലാ എന്നപേരിൽ ആരംഭിച്ച ഈ സാംസ്കാരിക കേന്ദ്രത്തിന്റെ പുരോഗതിയെ കെട്ടിടം 1948ൽ പോലീസുകാരും സാമൂഹ്യവിരുദ്ധരും ചേർന്ന് കത്തിച്ചുകളഞ്ഞു. ഈ അതിക്രമം പോലീസ് ഗുണ്ടാവിളയാട്ടത്തിന്റെ തുടക്കമായിരുന്നു. തുടർന്ന് ജനങ്ങളുടെ സൈര്യജീവിതം പോലും സ്തംഭനത്തിലായി. പക്ഷെ അടിച്ചമർത്താനാവാത്ത ഇച്ഛാശക്തി കൈമുതലായുണ്ടായിരുന്ന ഇരിണാവിലെ ചെറുപ്പക്കാർ സാംസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങളുടെ കൊടിവീണ്ടും പറപ്പിക്കുകതന്നെ ചെയ്തു.

സന്നദ്ധ സേവനപ്രവർത്തനങ്ങളുടെ ഉയർന്ന പാരമ്പര്യത്തിന്റെ അവിസ്മരണീയമായ ഒരേടാണ് ഇരിണാവ്. റെഗുലേറ്ററിന്റെ നിർമ്മാണം വളപട്ടണം പുഴയോടു ചേരുന്ന ഇരിണാവ് തോടിലെ ഉപ്പ്‌വെള്ളം നിയന്ത്രിക്കാൻ ഒരു റഗുലേറ്റർ സ്ഥാപിക്കണമെന്ന് ഇവിടത്തെ ജനങ്ങളുടെ പ്രധാനപ്പെട്ട ആവശ്യമായിരുന്നു. 1958ൽ ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകർ നിസ്വാർത്ഥമായ സേവനം നൽകിക്കൊണ്ട് ഈ റഗുലേറ്ററിന്റെ പണി ആരംഭിച്ചു. പോലീസുകാർ ഉൾപ്പെടെയുള്ള എല്ലാവിഭാഗത്തിൽപെട്ട ജനങ്ങളും ഈ പ്രവർത്തനത്തിൽ പങ്കുകൊണ്ടു. 1965 ൽ റെഗുലേറ്റർ കമ്മീഷൻ ചെയ്തു.

പക്ഷെ ബന്ധപ്പെട്ട വകുപ്പിന്റെ അശ്രദ്ധകാരണം റെഗുലേറ്റർ ഇന്ന് ഉപയോഗശൂന്യമായികിടക്കുന്നു. ജനാഭിലാഷങ്ങൾ ചുവപ്പുനാടയിൽ കുരുങ്ങി അമരുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ റഗുലേറ്റർ. ഈ റഗുലേറ്ററിന്റെ നിർമ്മാണത്തിൽ ചോരയും വിയർപ്പും നൽകിയവർക്ക് നേരെ കൊഞ്ഞനം കുത്തികൊണ്ട് നിൽക്കുന്നു. മടക്കര പ്രദേശവുമായി ഇരിണാവിനെ ബന്ധിപ്പിക്കുന്ന ഒരു പാലമായിട്ടാണ് ഈ റഗുലേറ്റർ ഇന്ന് ഉപയോഗിക്കുന്നത്.

1954 ൽ കല്ല്യാശ്ശേരി പഞ്ചായത്ത് രൂപീകൃതമായി 1962ൽ ഇരിണാവ് വില്ലേജിലെ ഇരിണാവ് അംശവും കൂടികൂട്ടിചേർത്തതോടെ കല്ല്യാശ്ശേരി പഞ്ചായത്തിന് ഇന്നത്തെ രാഷ്ട്രീയ ഭൂപടം കൈവന്നു.

കല്ല്യാശ്ശേരി ഇന്ന്

1971 ൽ കേരളഭൂപരിഷ്കരണ നിയമം നിയമസഭ പാസാക്കി. ഇതിനു മുമ്പ് തന്നെ കർഷകസംഘം ആഹ്വാനം ചെയ്ത വളച്ചുകെട്ടൽ സമരം വ്യാപകമായി. കല്ല്യാശ്ശേരിയിലെ കർഷക സംഘം പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും ഈ സമരത്തിന് നേതൃത്വം നൽകി. കാലാകാലങ്ങളിലായി കുടിയാൻമാരും കൃഷിക്കാരും കൈവശം വെച്ച് ഉപയോഗിച്ചിരുന്ന ഭൂമിയിൽ അവർ തങ്ങളുടെ ഉടമസ്ഥ അവകാശം സ്ഥാപിച്ചു. 1971 ലെ ഭൂപരിഷ്കരണനിയമം പ്രാബല്ല്യത്തിൽ വന്നതോടെ നിയമപരമായി , അധ്വാനിക്കുന്നവന് ഭൂമി സ്വന്തമായി ലഭിച്ചു. ഇതോടെ കല്ല്യാശ്ശേരിയിലേയും ജന്മി ഭൂടമാ ആധിപത്യത്തിന് അന്ത്യംകുറിച്ചും. 1500 ൽ ഏറെ കർഷകർക്കും കുടിയാൻ മാർക്കും സ്വന്തമായി ഭൂമി ലഭിച്ചു. കല്ല്യാശ്ശേരി യിലെ സാമൂഹിക- സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ മാറ്റത്തിന്റെ കാഹളധ്വനി മുഴങ്ങുകയായി.

കല്ല്യാശ്ശേരിയിലെ ഇന്നത്തെ ഭൂവിതരണത്തിന്റെ വിശദാംശങ്ങൾ പട്ടിക 2 -2 ൽ കാണാം

അഞ്ച് ഏക്കറിലധികം ഭൂസ്വത്തുള്ള 13 കുടുംബക്കാരാണ് ഇന്ന് കല്ല്യാശ്ശേരിയിൽ ഉള്ളത്. ഇത് മൊത്തം കൃഷി ഭൂമിയുടെ 6% ത്തോളമാണ് . 1928 ൽ 508 സവർണ്ണ കുടുംബക്കാർ കൃഷിഭൂമിയുടെ 77. 44 ശത മാനവും (2375. 4 ഏക്കർ) കൈവശം വെച്ചിരുന്നുവത്രെ ഇന്ന് 611 കുടുംബക്കാർക്കായി 65 ഏക്കറായി ചുരുങ്ങി (21%) അവർണ്ണവിഭാഗമായിരുന്ന

തീയ്യ സമുദായമാണ് ഇന്ന് കൃഷിഭൂമിയുടെ 60 ശതമാനവും കൈവശം വെക്കുന്നത്. കാർഷിക ഭൂഉടമാ ബന്ധത്തിൽ വന്ന ഈ മാറ്റം ജന ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രതിഫ ലിച്ചു. ഒറ്റ തോർത്ത് മുണ്ട് ഉടുത്തിരുന്ന തൊഴിലാളികൾ ഷർട്ടും മുണ്ടും ധരിക്കാൻ തുടങ്ങി. വീടുകളുടെ നിർമ്മാണ രീതിയിലും മാറ്റം വന്നു. ഇനന് ഓലമേഞ്ഞ വീടുകൾ വിരളിൽ എണ്ണാ വുന്നതാണ് വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും മാറ്റത്തിന്റെ പ്രതിഫലനം കണ്ടുതുടങ്ങി . 1951 ൽ പഞ്ചായ ത്തിലെ സാക്ഷരതാനിരക്ക് 43.16 ശതമാനമാ യിരുന്ന് 1980 കളോടെ തന്നെ 72.43 ശതമാന മായ ഉയർന്ന് . സ്ത്രീ സാക്ഷരതയിലും ഈ മുന്നേറ്റം പ്രകടമായിരുന്നു.

1970 കളുടെ അവസാനത്തിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള തൊഴലാളിപ്രവാഹം ശക്തമായ തോടെ കല്ല്യാശ്ശേരിയിലേയും ചെറുപ്പക്കാൻ ജോലിതേടി ഗൾഫ് രാജ്യങ്ങളിലേക്ക് പോയിതുടങ്ങി. ഇന്ന് 565 കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പണ്മാണ് .കല്ല്യാശ്ശേരിക്ക് ചുറ്റുമുള്ള പഞ്ചായത്തുകളിൽ ചെറുകിട വ്യാവസായ സ്ഥാപനങ്ങൾ വളർന്നുവന്നത് 1976 ൽ കെൽട്രോൺ സ്ഥാപിതമായതും കല്ല്യാശ്ശേരി യിലെ സാമൂഹ്യ സാമ്പത്തിക തലങ്ങളിൽ ചലനം സൃഷ്ടിച്ചു. വ്യവസായ മേഖലയിൽ വളർന്ന് വന്ന പുതിയ തൊഴിൽ സാധ്യതകൾ കാർഷികമേഖലയെ കാര്യമായി സ്വാധീനിച്ചു. കാർഷക തൊഴിലാളി കളുടെ എണ്ണം കുറഞ്ഞുവന്നു. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗ്ഗ മല്ലാതായി. ഇന്ന് 75-80 ശതമാനം കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കാർഷി കേതര മേഖലയിൽ നിന്നാണ്. കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ ഇന്ന് കല്ല്യാശ്ശേരിയിൽ തീരെ ഇല്ലെന്നു തന്നെ പറയാം

കുമ്പോളവൽക്കരണത്തിന്റെയും പുതിയ തൊഴിൽ സംസ്കാരത്തിന്റെയും ഫലമായി കല്ല്യാ ശ്ശേരിയിലെ കാർഷിക മേഖല ഇന്ന് തകർച്ചയുടെ വക്കിലാണ് രണ്ടു വിളയെടുത്തിരുന്ന നെൽവയ ലുകൾ അപ്രതൃക്ഷമായി പകരം വീടുകളും റോഡു കളും കൊണ്ട് വയൽ നിറഞ്ഞു ക്രമേണ വിളകളുടെ ഉൽപ്പാദനക്ഷമതയും കൃഷി-ഭൂമിയും കുറഞ്ഞുവന്നും .(പട്ടിക 2-3കാണുക)

പഞ്ചായത്തിന്റെ വിസ്തൃതിയിൽ 60% വരുന്ന കോലത്തുവയൽ പ്രദേശം ഇന്ന് രൂക്ഷമായ പാരിസ്ഥിതിക പ്രശ്നത്തെ നേരിടുകയാണ്. ഭൂപരിഷ്കരണത്തോടെ കൃഷിഭൂമി കൃഷിക്കാരന് ലഭിച്ചു വെങ്കിലും അത് നെൽകൃഷിയുടെ വളർച്ചയെ ത്വരിതപ്പെടു ത്തിയില്ല

1991 ൽ കല്ല്യാശ്ശേരി വീണ്ടും ചരിത്ര ത്തിൽ സ്ഥാനം പിടിച്ചു. ഇന്ത്യയിൽ ആദ്യമായി വികേ ന്ദ്രീകൃത ജനകീയ ആസൂത്രണത്തിന് പുതിയ ഒരു മാതൃക സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് 1991 ഏപ്രിൽ മാസമാണ് വിഭവ ഭൂപട നിർമ്മാ ണത്തിലൂടെയും സാമൂഹ്യസാമ്പത്തിക സർവ്വേ കളി ലൂടെയും ശേഖരിച്ച വിവരങ്ങൾ വച്ച് കൊണ്ട് പഞ്ചായത്ത് വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറായി. തുടർന്ന് നടന്ന ഒട്ടനവധി പഠന പ്രവർത്ത നങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പഞ്ചായ ത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ പുതിയ ചലനങ്ങൾ സൃഷ്ടിർക്കാൻ തുടങ്ങി. അഭൂതപൂർവ്വമായ ജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ പ്രവർത്തനങ്ങൾ ഇന്ത്യയിൽ ആകമാനമുള്ള വികസന വിദഗ്ദരുടെ പ്രശംസക്ക് പാത്രമാ യിരുക്കുന്നു.

അങ്ങനെ ഒരുകാല് ദേശീയ സമരത്തി ന്റെയും രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെയും സിരാകേന്ദ്ര മായിരുന്ന വടക്കേമലബാറിലെ ഈ ചെറുഗ്രാമം ഇന്ന് വിരസന രാഷ്ട്രീയത്തിന്റെ പുതിയ അവബോധത്തിന് ജൻമഭൂമി യായിരിക്കുന്നു.

ചരിത്രത്തിലെ നാഴികക്കല്ലുകൾ

1920 കല്ല്യാശ്ശേരിയിലെ ആദ്യത്തെ എലിമെൻററി സ്കൂളായ കല്ല്യാശ്ശേരി സെൻട്രൽ സ്കൂൾ സ്ഥാപി തമായി

1924 കല്ല്യാശ്ശേരി ഹയർ എലിമെൻറിറി സ്കൂൾ സ്ഥാപിച്ചു.

1927ഒരു ഹരിജൻ ബാലന് സ്കൂളിൽ പ്രവേശനം നൽകികൊണ്ട് ഒരു ഹരിജൻ ബാലന് സ്കൂളിൽ പ്രവേശനം നൽകി. ശ്രീ കെ. കേളപ്പൻ , ശ്രീ. സി. എഫ്. ആൻഡ്രൂസ്സ് എന്നീ ജനനേതാക്കൾ കല്ല്യാശ്ശേരി സന്ദർശിച്ചു.

1928- കല്ല്യാശ്ശേരി കോൺഗ്രസ്സ് പ്രവർത്തനത്തിൻെറ സിരാകേന്ദ്രമായി

1930 ജനുവരി 26 - കല്ല്യാശ്ശേരിയിൽ ദേശീയ പതാക ഉയർത്തി

ഏപ്രിൽ - ഉപ്പ് സത്യാഗ്രഹ ജാഥക്ക് സ്വീകരണം നൽകി.

മെയ് - 144ാം വകുപ്പനുസരിച്ച് നിരോധനാജ്ഞ പ്രഖ്യാപിച്ചു..നിരോധനാജ്ഞ 6 മാസം നിണ്ടുനിന്നു. നിയമലംഘന സമരം വ്യാപിച്ചു.

1934- കേരളീയൻ , കെ. പി. ആർ. ഗോപാലൻ , പി. കൃഷ്ണപിള്ള തുടങ്ങിയ നേതാക്കളുടെ പ്രവർത്തന കേന്ദ്രം കല്ല്യാശ്ശേരിയായി

- ശ്രീ. ഹർഷൻ വായനശാല സ്ഥാപിതമായി.

1935- കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ കല്ല്യാശ്ശേരി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

- ചിറക്കൽ താലൂക്ക് എലിമെൻറിറി സ്കൂൾ ടീച്ചേർസ് യൂണിയൻ സ്ഥാപിതമായി

- ബാബു രാജേന്ദ്രപ്രസാദ് കല്ല്യാശ്ശേരി സന്ദർശിച്ചു

1936 കുട്ടികളുടെ സംഘടനയായ അദ്ധ്യായന സമാജം രൂപീകൃതമായി

1939 കെ.പി. സി. സി.യുടെ പത്താം രാഷ്ട്രിയ സമ്മേളനം കല്ല്യാശ്ശേരിയിലെ മാങ്ങാട്ടു പറമ്പിൽ നടന്നു.

1940 സെപ്റ്റമ്പർ15- പ്രസിദ്ധമായ മോറാഴ സംഭവം

കോൺഗ്രസ്സ് പാർട്ടിയിലെ സോഷ്യലിസ്റ്റ് പ്രവർത്തകരെ പിരിച്ചുവിട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായ

1946- ആറോൺ മിൽ സമരം

1954 - കല്ല്യാശ്ശേരി പഞ്ചായത്ത് രൂപീകൃതമായി

1962 - ഇരിണാവ് അംശം കല്ല്യാശ്ശേരിയോടു കൂട്ടിചേർത്തു.

1972 - കല്ല്യാശ്ശേരി ജയന്തി പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു.

1974 - കെൽട്രോൺ സ്ഥാപിതമായി

1991- വിഭവ ഭൂപട നിർമ്മാണത്തിലൂടെ പുതിയ ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിച്ചു

കല്ല്യാശ്ശേരി പഞ്ചായത്തിൻെറ പ്രസിഡണ്ടുമാർ

1955-56	- ശ്രീ. ടി. ദാമോദരൻ നമ്പ്യാർ
1956-61	- ശ്രീ കെ. വി നാരായണൻ നമ്പ്യാർ
1964-77	- ,, ,,
1977-79	- ശ്രീ. വി. നീലകണ്ഠൻ
1979-84	- ശ്രീ. കെ. പി. ആർ. രയരപ്പൻ
1988-95	- ശ്രീ. എം . പി. നാരായണൻ നമ്പ്യാർ
1995	-. ശ്രീമതി യു. ജാനകി ടീച്ചർ




FIGURE. 2
കല്യാശ്ശേരി ഗ്രാമപഞ്ചായത്ത്
ഭൂവിഭാഗം
0
1 Km
CP
S
COASTAL PLAIN
SIDE SLOPE
LOW LEVEL LATERITIC MESA
VALLEY FLOOR
SAND RIDGE
MARSHY AREA
QUARRY
VALAPATTANAM RIVER
75° 20' E
75° 21'
75° 22'

FIGURE-1

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്
പരിസ്ഥിതി അവലോകനം



ഭാഗം 3

പ്രകൃതി വിഭവങ്ങൾ



പ്രാദേശീക തല ആസൂത്രണത്തിലെ നിർണ്ണായകമായ ഘടകം ഓരോ പ്രദേശത്തെ വിഭവങ്ങളെ ക്കുറിച്ചുള്ള ശരിയായതും പൂർണ്ണമായതുമായ വിവരങ്ങൾ ഉണ്ടാവുക എന്നതാണ് പ്രാദേശിക വിഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മണ്ണും, വെള്ളവും പുതുക്കാവുന്ന വിഭവങ്ങൾ എന്ന നിലയിൽ മണ്ണിനെക്കുറിച്ചും വെള്ളത്തെക്കുറിച്ചുള്ള അറിവ് സുപ്രധാനമാണ്

ഭൂവിഭവം :-

കാർഷിക ഉൽപാദന ക്ഷമത, കാർഷിക രീതി, സ്വഭാവം എന്നിവ നിർണ്ണയിക്കണമെങ്കിൽ ഓരോ പ്രദേശത്തെയും മണ്ണിന്റെ സ്വഭാവം ഘടന എന്നിവ അറിഞ്ഞിരിക്കണം. കല്ല്യാശ്ശേരി ഭൂവിഭാഗം വടക്കൻ തുളുനാട് കാർഷീര മേഖലയിൽ പെടുന്നവയാണ്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം , ഭൂപ്രകൃതി, മണ്ണിന്റെ തരം എന്നിവ അനുസരിച്ചു കല്ല്യാശ്ശേരിയിലെ ഭൂവിഭവത്തെ അഞ്ച് മേഖലകളാക്കി തിരിച്ചിരിക്കാവുന്നതാണ്.

1 കുന്നിൻ പ്രദേശം(
2. കുന്നിൻ ചെരിവുകൾ
3. താഴ്വരകൾ
4. തീരസമതലം
5. ചതുപ്പുനിലം

വിശദാംശം പട്ടിക 3-1 ൽ കാണുക

1.ഉയർന്ന കുന്നിൻ പ്രതലം -: പഞ്ചായത്തിന്റെ വടക്കുകിഴക്ക് ഭാഗത്ത് സമുദ്ര നിരപ്പിൽ നിന്നും 20 മുതൽ 60 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം കല്ല്യാശ്ശേരിയുടെ വിസ്തീർണ്ണത്തിന്റെ 11.6% വരും . ഇതിൽ 40 % കടുപ്പമേറിയ ചെങ്കൽ പാറയാണ്. 1-2 സെൻറിമീറ്റർ മാത്രം മേൽ മണ്ണുള്ള ഈ പ്രദേശം കാർഷീകാവശ്യത്തിന് അനുയോജ്യമല്ല. ഈ ചെങ്കൽ പാറകൾ ചുറ്റുമുള്ള പ്രദേശത്തു നിന്നും. ഉയർന്നുനിൽക്കുന്നു. ബാക്കി ഭാഗങ്ങൾ ചെങ്കൽ മണ്ണുനിറഞ്ഞ പ്രദേശമാണ്. ഈ ഭാഗത്ത് തെങ്ങ്, പ്ലാവ്, കവുങ്ങ്, കശുമാവ് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്നു.

2. ചെരിവു പ്രദേശം.-: ഉയർന്ന കുന്നിൻ പ്രദേശത്തുനിന്നും താഴ്വരയിലേക്കുള്ള ചരിഞ്ഞ പ്രതലമാണിത് . ചെരിവിന്റെ കോണനുസരിച്ച് ഈ പ്രദേശത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം

1. 25^{0} വരെ ചെരിവുള്ള പ്രദേശം
2. 10- 15^{0} വരെ ചെരിവുള്ള പ്രദേശം
3. 10^{0} താഴെ ചെരിവുള്ള പ്രദേശം

ഇതിൽ10°താഴെ ചെരിവുള്ള കുത്തനെയുള്ള പ്രദേശം ആകെ ചെരിവു പ്രദേശത്തിന്റെ 3 ശതമാനം മാത്രമേ വരു.

ചെങ്കൽ മണ്ണും ,പൂഴിയും അൽപ്പം കളിമണ്ണും കലർന്നതാണ് ഈ ഭൂവിഭാഗത്തെ മേൽമണ്ണ് . കുന്നിൻ മുകളിൽ നിന്നുള്ള വെള്ളം ചെരിവിലൂടെ ഒഴുകി താഴ്വരയിലേക്കു പതിക്കുന്നു. മണ്ണിന്റെ ആർദ്രത കൂടുതലുള്ള ഈ വിഭാഗം നാണ്യവിളക്ക് അനുയോജ്യ മാണ്. ആദ്യകാലത്ത് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരി ഭാഗം പേരും താമസിച്ചിരുന്നത് ഈ പ്രദേശത്താണ്.

3.താഴ്വര:- പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 11 ശതമാനമ വരുന്ന ഈ ഭൂവിഭാഗം , കുന്നുൻ മുകളിൽ നിന്നും മഴക്കാല് ഒലിച്ചുവരുന്ന എക്കൽ മണ്ണ് അടിഞ്ഞ്, ഏറ്റവും ഫലഭൂയിഷ്ഠമായി തീരുന്നു. സമുദ്രനിരപ്പിൽ നിന്നും 3 മുതൽ 6 മീറ്റർ വരെയാണ് ഈ പ്രദേശത്തിന്റെ ഉയരം. പഞ്ചായ ത്തിലെ രണ്ടു പ്രധാനതോടുകൾ (വയക്കരതോടും , കണ്ടം ചിറതോടും) ഈ പ്രദേശത്തുകൂടെയാണ് ഒഴവകുന്നത്. രണ്ടു നീർമറി പ്രദേശം ഉൾക്കൊള്ളു ന്നതാണ് ഈ പ്രദേശം . ഇതിൽ തെക്കുഭാഗത്തുള്ള നിർമറിയിൽ സമീപ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നു. ഭൂരിഭാഗവും പുഴുകലർന്ന അലൂവിയം മണ്ണാണ് . ഇവിടെ ഉള്ളത് . വളപട്ടണം പുഴയോടടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ എക്കൽ മണ്ണാണുള്ളത് . വെള്ള ത്തിന്റെ ലഭ്യത കൂടുതലുള്ളതിനാലും, മൺസൂൺ സമയത്ത് എക്കൽ വന്ന് നിറയു ന്നതി നാലും ഫലഭൂയി ഷ്ഠമായ ഈ ഭൂവിഭാഗം നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമാണ് . അതോടൊപ്പം പയറുവർഗ്ഗങ്ങളും പച്ചക്ക റിയും . ഇവിടെ കൃഷിചെയ്യുന്നുണ്ട്.

4. തീര സമതലം :- സമുദ്രനിരപ്പിൽ നിന്നും 3 മുതൽ 4 മീറ്റർ വരെ ഉയരമുള്ള ഈ ഭൂപ്രദേശമാണ് പഞ്ചായത്തിലെ ഏറ്റവും വലിയ ഭൂവിഭാഗം . ആകെ വിസ്തൃതിയുടെ 55.5% വരുന്ന ഈ ഭൂവിഭാഗം . കടലിന്റെ പിൻമാഗ ങ്ങളിലൂടെ പല ഘട്ടങ്ങളായി രൂപാന്തരപ്പെട്ട താണെന്ന് വിശ്വസിക്കുന്നു. ഈ പ്രദേശത്ത് അങ്ങിങ്ങായി , തെക്കുവടക്ക് ദിശയിൽ കാണപ്പെടു ന്ന മണൽ കൂനകൾ (കൊവലുകൾ) ഇധ വിശ്വാസത്തെ ബലപ്പെടുത്തുന്നു. വിവിധ ദിശകളിലേക്കുള്ള ചെരിവ് നിമിത്തം ഈ പ്രദേശത്തെ നീരൊഴുക്ക് പലഭാഗത്തും വിവിധ ദിശകളിലേക്കാണ്.

ഈ പ്രദേശത്തിന്റെ മദ്ധ്യഭാഗത്തു കൂടെ കടന്നു പോകുന്ന ചിറക്കുറ്റി തോടിൽ രണ്ടു ഭാഗത്തേക്ക് (പടവിൽ നീരൊഴുക്കുണ്ട് എന്നതു ശ്രദ്ധേയ മാണ്.അലൂവിയം മണ്ണു നിറഞ്ഞ ഈ പ്രദേശത്ത് ആദ്യകാല് രണ്ടുവിള നെൽ കൃഷി ചെയ്തിരുന്നു. ഇന്ന് തെങ്ങാണ് മുഖ്യവിള. ഈ ഭൂവിഭാഗത്തിന്റെ 60 % സ്ഥലവും പുരയിട മായും തെങ്ങിൻ തോട്ടമായും മാറിക്കഴിഞ്ഞു. ഈ നികത്തൽ പ്രക്രിയ അനുദിനമ കൂടിവരികയാണ്. പഞ്ചായത്തിനു പുറത്ത് നിന്നുള്ള കുടുംബങ്ങൾ ഈ പ്രദേശത്ത് സ്ഥലം വിലക്ക് വാങ്ങി വീടുവെക്കാൻ ഉപയോഗി ക്കുന്നു. വെള്ളത്തിന്റെ ലഭ്യതയാണ് ആൾക്കാരെ ഇങ്ങോട്ടാകർഷിക്കുന്ന പ്രധാന ഘടകം . വയലിലൂടെ തലങ്ങും വിലങ്ങും നിർമ്മിച്ച റോഡുകളും, വീടുകളും തെങ്ങിൻ തോപ്പുമെല്ലാം ചേർന്ന്, സുപ്രധാനമായ ഈ കാർഷിക ഭൂമിയെ ഗുരുതരമായ പാരിസ്ഥിതിക, അസന്തുലി താവസ്തയിലേക്ക് നയിച്ചിരി ക്കുന്നു.

5. ചതുപ്പുനിലം. -പഞ്ചായത്തിന്റെ തെക്കു പടി ഞ്ഞാറ് വളപട്ടണം പുഴയോടു ചേർന്ന് നിൽക്കുന്ന ഭാഗവും വടക്കു പടിഞ്ഞാറു പുഴയോടു ചേർന്നു നിൽക്കുന്ന ഭാഗത്തെ ഒരു ചെറിയ പ്രദേശവും ചതുപ്പുനിലങ്ങളാണ്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ4.4 % വരും ഈ പ്രദേശം. സമുദ്രനിരപ്പിൽനിന്ന് താഴ്ന്നു നിൽക്കുന്ന ഈ ഭാഗത്ത് എക്കൽ മണ്ണാണുള്ളത് . ആദ്യകാല് , ഇരുപ്പു കൃഷിചെ യ്തിരുന്ന ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും. ഇന്ന് തരിശിടുകയാണ്. ചില ഭാഗത്ത് ചെമ്മിൻ കൃഷിചെയ്തു വരുന്നുണ്ട്.(വിശദാംശങ്ങൾ പട്ടിക 3-2 ൽ കൊടുത്തിരിക്കുന്നു.

ജലവിഭവം:-

ഭൂവിനിയോഗത്തിലെ ഏറ്റവും

പ്രധാനപ്പെട്ട ഘടകമാണ് അവിടത്തെ ജല ലഭ്യത . മലബാർ പ്രദേശത്തെ ശരാശരി മഴ ലഭിക്കുന്ന പ്രദേശമാണ്കല്ല്യാശ്ശേരി . കഴിഞ്ഞ31 വർഷത്തെ വർഷപാത വിവരമനുസരിച്ച്ഇവിടെ ശരാശരി 320 സെ. മി. മഴ പ്രതിവർഷം ലഭിക്കുന്നു എന്നു കണക്കാക്കപ്പെടുന്നു. ഇതിൽ 75%വും തെക്കു പടിഞ്ഞാറൻ കാലവർഷത്തി ലാണ് ലഭിക്കുന്നത്. ഇതിൽ ഭൂരിഭാഗം 6-7 ദിവസങ്ങളിൽ തുടർച്ചയായി പെയ്യുന്ന മഴയിലൂടെയാണ് ലഭിക്കുന്നത്. ലഭിക്കുന്ന മഴവെള്ളം എത്രത്തോളം സംഭരിച്ചുവെക്കാ നാവും എന്നതിനെ ആശ്ര യിച്ചാണ് ആ പ്രദേശത്തെസ്ഥലജല മാനേജ്മെൻറ് എങ്ങനെ വേണമെന്ന് നിശ്ചയിക്കേണ്ടത്

ജല വിഭവത്തെ രണ്ടുഭാഗങ്ങളാക്കി തിരിക്കാവുന്നതാണ്.

1 -: ഉപരിതല ജലം

2 -: ഭൂഗർഭജലം

1- ഉപരിതലജലം :-

പഞ്ചായത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ വളപട്ടണം പുഴയുമായി ബന്ധപ്പെടുത്തുന്ന 16.8 കി. മി തോടകളാണ് ഉള്ളത്. ഇതിൽ താഴ്ന്ന പ്രദേശങ്ങ ളിലൂടെ കടന്നുപോകുന്ന കണ്ടം ചിറ തോടും വയക്കരതോടമാണ് പ്രധാനപ്പെട്ട തോടുകൾ . രണ്ടു തോടും പാറക്കടവിൽ വെച്ച് ഒന്നായിചേർന്ന്. ഒടിപ്രം ഭാഗങ്ങളിലൂടെ ഒഴുകി വളപട്ടണം പുഴയിൽ ചേരുന്ന. തീരപ്രദേശത്തിൻെറ കിഴക്കുഭാഗത്ത് കൂടെ തെക്കുവട ക്കായി സ്ഥിതിചെയ്യുന്ന ചിറക്കുറ്റിതോടും കരിക്കാട്തോടും പാറക്കടവ് തോടിനോട് ചേരുന്നു. ഇതിൽ ചിറക്കുറ്റി ത്തോടിനെ രണ്ടു ഭാഗത്തേക്കും നീരൊഴുക്കാണ് എന്നത് ശ്രദ്ധേയമാണ്. ഇരിണാവ് ഭാഗത്ത് ചേരുങ്കിതോടും ഇരിണാവ് തോടും കരയെ പുഴയു മായി ബന്ധിപ്പിക്കുന്നു. പുതുതായി കോലത്തു വയലിലും , ഇരിണാവിലും നിർമ്മിച്ച രണ്ടു ജനകിയ തോടുകളുണ്ട് . ജലത്തെ പുഴയിലേക് ഒഴുക്കിക്കളയുക എന്നതാണ് ഈ തോടുകളുടെ പ്രധാന ധർമ്മം . പാറക്കടവ് തോടും കണ്ടംചിറതോടും വേനൽക്കാ ലത്തും വറ്റാത്തവയാണ്. ഈ തോടിൽ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാൻ നിർമ്മിച്ചിട്ടുണ്ട്.

തീരപ്രദേശത്തെ നീരൊഴുക്ക്, പ്രദേശത്തിൻെറ ഉയർച്ച- താഴ്ച്ച കാരണം പലഭാഗത്തേക്കാണ്. ജലത്തിൻെറ ശരിയായ മാനേജ്മെൻറ് ഇത് മൂലം പ്രയാസകരമാകുന്നു. തോടുകളുടെ ജലസംഭരണശേഷി കുറഞ്ഞുവരികയാണ്. മണൽ തിട്ട ഇടിഞ്ഞ് തോടു നികന്നുപോകുന്നതു കൊണ്ടു് , കാടുപിടിച്ചു കിടക്കുന്നത് കൊണ്ടുമാണിത്.

പഞ്ചായത്തിൻെറ ഭൂരിഭാഗം വരുന്ന തീരപ്രദേശം ഇന്ന് പാർപ്പിടങ്ങൾ ഉണ്ടാക്കാനും , ങ്ങ് കൃഷി ചെയ്യുവാനും മാണ് ഉപയോഗിക്കുന്നത്. വയൽ പ്രദേശത്തിൻെറ 60% വും ഈ രീതിയിൽ നികത്ത പ്പെട്ടുകഴിഞ്ഞു. ഇതുമൂലം വെള്ളത്തിൻെറ സ്വാഭാവിക

നീരൊഴുക്കിന് തടസ്സങ്ങള സൃഷ്ടിക്കപ്പെടു കയും വെള്ളം ഒഴുകി പോകാതെ കെട്ടികിടക്കുകയും ചെയ്യുന്നു. വിളയിറക്കാനാവാതെ ഈ സ്ഥലങ്ങൾ തരിശ്ശിടേണ്ടി വരുന്നു.

ഉപരിതല ജലത്തിൻെറ മറ്റൊരു പ്രധാന ഘടകമാണല്ലൊ കുളങ്ങൾ. പഞ്ചായത്തിൽ ചെറുതും വലുതുമായ31 കുളങ്ങളാണുള്ളത്. ഇതിൽ ഏറ്റവും വലുത് 896 ച. കി. മി. വിസ്തീർണ്ണമുള്ള 4 കുളങ്ങളും , 100 ച. കി. മീറ്റർ വിസ്തീർണ്ണം വരുന്ന 13 കുളങ്ങ ളുമുണ്ട്. ഈ കുളങ്ങളുടെ നവീകരണത്തിലൂടെ ഉപരിതല ജലലഭ്യത വർദ്ധിപ്പിക്കാവുന്നതാണ് . അതോടൊപ്പം ശുദ്ധജല മത്സ്യകൃഷിക്ക് ഇവ ഉപയുക്തമാക്കാനും സാധിക്കും. കാട്ടാമ്പള്ളി ചിറയിൽ ഇപ്പോൾ തന്നെ പരീക്ഷണാർത്ഥം മത്സ്യകൃഷി ചെയ്തുവരുന്നുണ്ട്.

2. ഭൂഗർഭജലം :- ഉയർന്ന ഭൂഗർഭജല ലഭ്യതയുള്ള പ്രദേശമാണ് കല്ല്യാശ്ശേരി. വിഭവഭൂപട നിർമ്മാണത്തിലൂടെ പഞ്ചായത്തിലെ ഭൂഗർഭ ജല ലഭ്യത തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം കല്ല്യാശ്ശേരി പഞ്ചായത്തിനെ 5 ജല മേഠലകളാക്കി തിരിക്കാവുന്നതാണ്

(1). ഉപ്പുവെള്ളം കയറിയ പ്രദേശം :- പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്ത് ,

FIGURE. 4

കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്
ജലനിരപ്പിലേക്കുള്ള ആഴം





FIGURE 3

കല്യാശ്ശേരി ഗ്രാമപഞ്ചായത്ത്
നിമ്നോന്നതി



വളപട്ടണം പുഴ, ഇരിണാവ് തോട് എന്നിവയോട് അടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറിയിട്ടുണ്ട് ഇത് ഈ പ്രദേശങ്ങളിലെ ശുദ്ധജലലഭ്യതയെ പ്രയാസകരമാക്കുന്നു.

2. **ചതുപ്പുപ്രദേശം:** വളപട്ടണം പുഴയോടു ചേർന്നുകിടക്കുന്ന ഭാഗങ്ങൾ ചതുപ്പു നിലങ്ങളാണ്

3. **ഉയർന്ന ജലലഭ്യതയുള്ള പ്രദേശം.:** പഞ്ചായത്തിലെ തീരസമതല പ്രദേശങ്ങളുടെ താഴ്വര പ്രദേശങ്ങളും ഈ വിഭാഗത്തിൽ പെടുത്താം ഭൂനിരപ്പിൽ നിന്നും 3 മീറ്റർ വരെ താഴ്ചയിൽ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങളാണിവ പഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗത്ത് താഴ്വരയോടു ചേർന്നു കിടക്കുന്ന ചില സ്ഥലങ്ങളിൽ 3മീറ്റർ താഴ്ചയിൽ വെള്ളം ലഭിക്കുന്നുണ്ട്.

4. **താഴ്ന്ന ജലലഭ്യതയുള്ള പ്രദേശം :-** ഭൂനിരപ്പിൽ നിന്നു 12 മീറ്ററിൽ കൂടുതൽ താഴ്ചയിൽ വെള്ളം ലഭിക്കുന്ന കുന്നിൻ പ്രദേശങ്ങളാണിവ . ഈ പ്രദേശങ്ങളിലെ കിണറുകൾ വേനൽ കാലത്ത് വറ്റവന്നവയാണ്

5. **ശരാശരി ജലലഭ്യതയുള്ള പ്രദേശം:-** കുന്നിൻ ചെരുവുകളുള്ള ഈ വിഭാഗത്തിൽപ്പെടുത്താവുന്നതാണ് ഭൂനിരപ്പിൽ നിന്നും 9 മീറ്റർ വരെ താഴ്ചയിലാണ് ഇവിടെ വെള്ളം ലഭിക്കുന്നത്. വേനൽകാലത്ത് ഇവിടെ ജല ലഭ്യത കുറയുന്നതായി കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തെ കുത്തനെ ചെരിവുള്ള പ്രദേശങ്ങളിൽ ചിലയിടത്ത് ഉയർന്ന ജലലഭ്യതയുള്ളതായി കണ്ടിട്ടുണ്ട്.

ജൈവ സമ്പത്ത്:-

കഴിഞ്ഞ 25 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മൃഗസമ്പത്തിന്റെ കാര്യത്തിൽ കല്ല്യാശ്ശേരി പിറകോട്ടു പോയതായി കാണാം. പശു, കാള, എരുമ, ആട് എന്നിവയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്, 1966 ൽ ആകെ 2701 എണ്ണമുണ്ടായിരുന്നത് , 92 ൽ 1761 ആയി കുറഞ്ഞു. ആട് കാള എന്നിവയുടെ കാര്യത്തിൽ വളരെ പിറകോട്ടു പോയ, കോഴിവളർത്തലും കല്ല്യാശ്ശേരിയിൽ കുറഞ്ഞു വരുന്നു. മുയൽ വളർത്തൽ , പന്നിവളർത്തൽ എന്നിവ പേരിനു മാത്രമാണുള്ളത് . 1966ൽ 98% കോഴികളും നാടൻ കോഴികളായിരുന്നുവെങ്കിൽ , ഇന്ന് എത്താണ്ട് പകുതിയിലധികവും പുതിയ ജനസ്സിൽപെടുന്ന വയാണ്(പട്ടിക3-3 കാണുക)

നമ്മുടെ പരിസ്ഥിതി സന്തുലനത്തെ സഹായിച്ചരുന്ന കുറുക്കൻ , നീർനായ, തവള , തുടങ്ങിയ ജന്തുക്കൾ ഇവിടെ ധാരാളമായി ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇവയുടെ എണ്ണം കുറഞ്ഞുവരികയാണ്. തീരെ ദുർലഭമായിരുന്ന നീർക്കാക്ക നീലക്കോഴി തുടങ്ങിയ പക്ഷികൾ ഈയടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട്.

വലിയ സമ്പത്തിന്റെ മേൽമയൊന്നും അവകാശപ്പെടാനില്ലാത്ത പ്രദേശമാണ് കല്ല്യാശ്ശേരി. മുൻ കാലങ്ങളിൽ തുമ്പ, ചൂത് , മുത്തങ്ങ, കീഴാർനെല്ലി, തെച്ചി, മുങ്ങ, ആടലോടകം , തവള, തവര, താള് , കണ്ണാവണക്ക് തുടങ്ങിയ സസ്യങ്ങൾ ഇവിടെ ധാരാളമായുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇത് വളരെ ദുർലഭമായി മാത്രമെ കാണാനുള്ളു.

ജനപ്രകൃതി:-

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് കല്ല്യാശ്ശേരി പഞ്ചായത്തിലെ ആകെ ജനസംഖ്യ 25005 ആണ് (12,016 ആണ് 12989 പെൺ) . ഇപ്പോൾ ഇത് 26897 ആയി വർദ്ധിപ്പിച്ചിട്ടുണ്ട് . ഇതിൽ ഏകദേശം 36 % പേരാണ് തൊഴിൽ സേനയിൽ വരുന്നത് . ഇവരിൽ തന്നെ 26% പേർ തൊഴിലില്ലാത്തവരോ, ഭാഗീകമായിമാത്രം തൊഴിലുള്ളവരോ ആണ് . മൊത്തം

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം താഴെ കൊടുക്കുന്നു.

വിഭാഗം	എണ്ണം
സ്കൂൾ വിദ്യാഭ്യാസമില്ലാത്ത സാക്ഷരർ	1071
പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ	3373
പ്രൈമറി വിദ്യാഭ്യസം പൂർത്തിയാക്കിയവർ	4853
അപ്പർ,,,,പൂർത്തിയാക്കിയവർ	5580
സെക്കഡെറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ	4179
പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ	1122
ബിരുദം	528
ബിരുദാനന്തര ബിരുദം	110
പ്രൊഫഷണൽ	115
ഡിപ്ലൊമ	127
ഐടിഐ	157
മറ്റുള്ളവർ	37

അവലംബം -: 1992 സാമൂഹ്യസാമ്പത്തിക സർവ്വെ

പട്ടിക 3-1 ഭൂവിഭാഗം

ഭൂമിയുടെ തരം	വിസ്തീർണ്ണം ഹെക്ടർ	ആകെ ഹെക്ടർ	വിസ്തീർണ്ണം %
1 ഉയർന്ന ലാറ്ററേറ്റ് സതലം		178.19	11.59
(1). മേൽമണ്ണില്ലാത്തത്	63.16		
(2). മേൽമണ്ണുള്ളത്	115. 03		
2. ചെരിവ് പ്രദേശം		270.11	17.57
(1). ചെറുചെരിവ്	112.25		
(2) ഇടത്തരം ചരിവ്	148.86		
(3). കുത്തനെയുള്ള ചരിവ്	9.00		
3. താഴ്വര		168.21	10.94
4. തീരപ്രദേശം		853.51	55.5
(1) ഉപ്പുവെള്ള ഭീഷണിയുള്ളത്	169.75		
(2) ഉപ്പുവെള്ളം കയറാത്തത്	667.24		
(3) മൺ തിട്ടകൾ	16.52		
5. ചതുപ്പുനിലം		67.71	4.40
ആകെ		1537.73	100

അവലംബം വിവരശേഖരപടം 1991

പട്ടിക 3-2 ഭൂവിനിയോഗം

വിനിയോഗം	വിസ്തീർണ്ണം (ച.കി. മീ)
ഉപയോഗിക്കാത ഭൂമി	0.76
തെങ്ങ്	4.01
നെല്ല് ഒന്നാം വിള	2.84
,, ,, രണ്ടാം വിള	.84
,, ,, മൂന്നാം വിള	0.04
കുരുമുളക്	0.12
കവുങ്ങ്	0.03
വാഴ	0.02
കശുമാവ്	0.89
മിശ്രവിളകൾ	0.68
പലവിധവൃക്ഷങ്ങൾ	0.97
നെല്ലും പയറും	0.16
നെല്ലും പച്ചക്കറിയും	0.03
കപ്പ	0.002
ചെങ്കൽക്വാറി	0.02
ചതുപ്പ്	0.49
റോഡ്	0.48
മറ്റു കാർഷികേതരാവശ്യം	1.50

അവലംബം വിഭവ ഭൂപടം 1991

ജനസംഖ്യയുടെ 9-10 ശതമാനമ പേർ തൊഴിലില്ലാത്തവരാണെന്നു കാണാം. ഇവരിൽ തന്നെ ഭൂരിഭാഗം പേരും എസ്. എസ്. എൽ. സി വിദ്യാഭ്യാസം പൂർത്തിയാക്കി യവരാണ് (ഏകദേശം 55%)

തൊഴിൽ സേനയിൽ 22% പേരും സ്ത്രീകളാണ്. ഇവരിൽ തന്നെ 50% സ്ത്രീകളും തൊഴിലില്ലാത്ത വരാണ്

അധ്വാനവും വൈദഗ്ദ്യവും കുറഞ്ഞ മേഖലകളിലാണ് സ്ത്രീകൾ കൂടുതലും ഏർപ്പെടുത്തത്. സ്ത്രീകളുടെ കൂലി നിരക്ക് പുരുഷ തൊഴിലാളികളെ ക്കാൾ കുറവാണെന്നും കാണാം ഉയർന്ന സാമൂഹ്യ ബോധവും, വിദ്യാഭ്യാസനിലവാരവും കൈവരിച്ചിട്ടുണ്ടെങ്കിലും തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷ വ്യത്യാസം ഇന്നും പ്രകടമായി നിലനിൽക്കുന്നു

പട്ടിക 3-3മൃഗസംബത്ത്

വളർത്തുമൃഗം വളർത്തു പക്ഷികൾ	1966	1987	1992
പശു	1845	1796	1641
എരുമ	126	76	30
കാള	429	220	38
ആട്	301	167	52
പോത്ത്	6		
ആകെ	2701	2265	1761
കോഴി	3840	6769	3177
താറാവ്	0	35	31
മറ്റുള്ളവ			34
ആകെ	3840	3242	

ഭാഗം 4

സാമൂഹ്യ സാമ്പത്തിക മേഖലകൾ



1.കൃഷിയും ജലസേചനവും

ഭൂമിയുടെയും ജലവിഭവങ്ങളുടെയും ശേഷിയും കാര്യക്ഷമതയും തിരച്ചറിയുന്ന തിലുണ്ടായ പരാജ യവും കാർഷീകോല്പന്ന ങ്ങളുടെ താഴ്ന്ന ഉൽപാദന ക്ഷമതയുമാണ് കല്ല്യാശ്ശേരിയിലെ കാർഷിക മേഖല അഭി മുഖീകരിക്കുന്ന പ്രധാന പ്രശ്നം കാർഷിക മേഖല അഭിമുഖികരിക്കുന്ന പ്രധാന പ്രശ്നം . കാർഷീകരംഗത്തെ തൊഴിൽ സാധ്യതയും വരുമാ നവും വർഷം തോറും കുറഞ്ഞു വരികയാണ് . കൃഷിയുടെയും അനുബന്ധ മേഖലകളുടെയും സമഗ്രവികസന പദ്ധതിയി ലൂടെ ഈ അവസ്ഥക്ക് മാറ്റം വരുത്താവു ന്നതാണ്.

കാർഷീക മേഖലയായിരുന്ന കല്ല്യാശ്ശേരി യിൽ ഈ നൂറ്റാണ്ടിന്റെ ആരംഭ ത്തോടെ തന്നെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷിവ്യാ പിച്ചിരുന്നു. 1928 ലെ സെറ്റിൽ മെൻറ് രേഖകൾ പ്രകാരം വെറും 7.86 ശതമാനമായിരുന്നു തരിശുഭൂമി. ഇതിൽ തന്നെ ഭൂരിഭാഗവും ചതുപ്പുനിലവും പുറമ്പോ ക്കുമായരുന്നു. അതിനാൽ കാർഷീക രംഗം പരിശോധി ക്കുമ്പോൾ കൃഷിയുടെ വ്യാപനം കാര്യമായ പരിഗണനയർഹിക്കുന്നില്ല. എന്നാൽ വിള ക്രമത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടാ യിട്ടുണ്ട്.

റവന്യു രേഖകൾ പ്രകാരം തീര സമതലങ്ങ ളിൽ കൊവ്വൽ പ്രദേശങ്ങളൊഴിച്ച് മുഴുവൻ ഭൂമിയിലും നെല്ലാണ് കൃഷിചെയ്തി രുന്നത്. ഈ ഭൂവിഭാഗ ത്തിന്റെ വിസ്തൃതി യിൽ 65.35 ശതമാനവും 1068 ഹെ ആണ് നെൽകൃഷിയായിരുന്നു. എന്നാൽ 1992 ആകുമ്പോഴേക്ക് അത് 29.12 ശതമാനമായി കുറഞ്ഞു 527 ഹെ നെൽപാടങ്ങൾ തെങ്ങൻ തൊപ്പുകളാ യിമാറുന്ന പ്രക്രിയയുടെതുടക്കം 1950 കളുടെ അവസാനത്തിലായിരുന്നു. എഴുപതുകളോടെ ഇത് അതിവേഗത്തിലായി.

തെങ്ങുകൃഷിക്ക് ഏറ്റവും അനുയോജ്യ മായ തീരസമതലങ്ങളിൽ അമ്പ തുകൾ വരെ നെല്ല് മാത്രം കൃഷിചെയ്തു വന്നത് ആ ശ്ചര്യകരമാണ്. അറോ ഏഴൊ മേനി മാത്രം വിളയുന്ന വടക്കൻ ഇനത്തിൽ പെടുന്ന നെല്ലാണ് ഇവിടങ്ങളിൽ കൃഷിചെയ്തി രുന്നത് .കൂടാതെ കഴമ, കഞ്ഞികഴമ, കുഞ്ഞിനെല്ല് , ഓർക്കഴമാ തവളക്കണ്ണൻ ചെന്നെല്ല്, ജിരകശാല, ആര്യൻ തുടങ്ങിയ ഇനങ്ങളും താവപ്രദേശത്ത് കൃഷിചെയ്തുവന്നിരുന്നു. ഇന്ന് ഇവയിൽ പലതി ന്റെയും വിത്തുക്കൾ കിട്ടാനില്ല.

ലാഭകരമല്ലാതിരുന്നിട്ടുപോലും ഈ സ്ഥിതി തുടർന്ന നില നൽക്കാൻ മുഖ്യ കാരണം അന്നു നിലവിലുണ്ടായിരുന്ന പാട്ടവ്യവസ്ഥ

യായിരുന്നു. ഈ പ്രദേശത്തിൽ ഗണ്യമായ ഭാഗവും മ വിവിധ ദേവസ ങ്ങളുടെ സ്വത്താ യിരുന്നു. വാരം എന്നറിയപ്പെടുന്ന പാട്ട വ്യവസ്ഥയിാണ് അവർ കുടിയാന്മാർക്ക് ഭൂമി പതിച്ചു നൽകിയിരുന്നത്. ഈ വ്യവസ്ഥ പ്രകാരം തെങ്ങ് പോലുള്ള സ്ഥിരവിളകളുടെ കൃഷിു അനുവദിക്ക പ്പെട്ടിരുന്നില്ല. ജന്മിമാർ പോലും കൊവ്വൽ പ്രദേശങ്ങളിൽ മാത്രമെ കഴിക്കാണം അനുവദിച്ചിരുന്നുള്ളു. ഒന്നാം വിള കഴിഞ്ഞാൽ കന്നുകാലികളെ മേയ്ക്കാ നാണ് നെൽപാടങ്ങൾ ഉപയോഗി ച്ചിരുന്നത്. തോടിനോടുചേർന്ന് കിടക്കുന്ന വയലുകളിൽ ചുരുങ്ങിയതോതിൽ പയറും പച്ചക്കറിയും കൃഷിചെയ്തിരുന്നു.

അമ്പതുകളുടെ അവസാനത്തോടെ നില വിൽ വന്ന കുടിയായ്മനിയമം പാട്ടകുടിയാൻ മാർക്ക് സംരക്ഷണം നൽകിയതോടെ പാട്ടങ്ങളിൽ തെങ്ങ് നടാൻ തുടങ്ങി 1971 ലെ ഭൂപരിഷ്കരണ നിയമം ഇതിന് ആക്കം കൂട്ടി. അതോടൊപ്പം ഭൂമിയുടെ തുണ്ടവൽക്കരണവും വ്യാപകമായി നടന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി യതിന്റെ ഫലമായി കൈവശഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന വ്യത്യാസം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു വ്യക്തവാവും (പട്ടിക ചുവടെ)

ഒരു കുടുംബത്തിന്റെ കൈവശഭൂമി യുടെ ശരാശരിവിസ്തീർണ്ണം 1928 ൽ 1.04 ഹെക്ടർ ആയിരുന്നെങ്കിൽ 1982 ൽ അത് 0. 35 ഹെക്ടറും 1996 ൽ 0. 28 ഹെക്ടറുമായ ചുരുങ്ങി.പട്ടിക 4-2 കാണുക.

കൈവശഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞ തോടുകൂടി കൃഷിപ്പണിയുടെ ചെലവും ക്രമാതീ തമായി വർദ്ധിച്ചു കൃഷിയിൽ ആളുകളുടെ താല്പര്യം കുറഞ്ഞു. ആധുനിക വിദ്യാഭ്യാസം വ്യാപകമായ തോടെ കർഷക തൊഴിലാളികളുടെ പിൻമുറക്കാർ മറ്റു തൊഴിൽ മേഖലകളിലേക്ക്മാറിതുടങ്ങിയതും നെൽ കൃഷി കുറയുവാൻ കാരണമായി.

തീരസമതലത്തിലെ നെൽപാടങ്ങളുടെ പരിവർത്തനത്തെക്കാൾ പാരിസ്ഥിതികമായി

പട്ടിക 4-1 ഭൂമിയുടെ വിതരണം

കൈവശം ഭൂമി വിസ്തീർണ്ണം (സെൻറ്)	കുടുംബങ്ങൾ		ആകെ വിസ്തീർണ്ണത്തിന്റെ ശതമാനം	ശരാശരി കൈവശ ഭൂമി(സെൻറ്)	ശരാശരി കൈവശ സ്ഥലം	കൈവശ സ്ഥലത്തിന്റെ ശരാശരി വിസ്തീർണ്ണം
	എണ്ണം	%				
0-01	140	3.6	0.0	0.0	0.0	0.0
0.1-10	745	18.9	3.0	7.59	1.01	7.55
10-50	1973	50.1	26.6	25.49	1.18	21.66
50-100	651	16.6	25.1	73.13	1.69	43.20
100-200	306	7.8	22.8	140.86	2.53	55.76
200-500	108	2.7	16.4	286.84	3.12	91.92
500-മുകളിൽ	13	0.3	6.3	1037.66	3.72	290.43
ആകെ	3936	100	100	48.39	1.36	35.59

പ്രധാനമായിട്ടുള്ള പ്രശ്നം താഴ്വരകളിലെ പാടം നിരത്തലാണ്. താവകളിലെ 12.16 % ഭൂമി ഇതിനകം തെങ്ങ് കൃഷിക്കായി വിനിയോഗിച്ചു കഴിഞ്ഞു ഇതിനെതിരെ സാമൂഹിക നിയന്ത്രണ മുണ്ടായില്ലെങ്കിൽ അത് താഴ്വരയുടെ പരിതഃസ്ഥി തിയെ പൊതുവെയും നെൽ കൃഷിയെ പ്രത്യേകിച്ചും ദോഷകരമായ ബാധിക്കും.

കുറച്ചു കാലം മുമ്പുവരെ ചതുപ്പുനിലങ്ങളിൽ (കയ്പ്പാട്) നെൽകൃഷി ചെയ്തിരുന്നു. കാലാവസ്ഥ യിലെമാറ്റങ്ങൾ ക്കനുസരിച്ച് കൃഷിപൂർണ്ണ മായും നശിക്കാറുണ്ടാ യിരുന്നെങ്കിലും വളപ്രയോഗ മില്ലാതെതന്നെ നല്ലമേനി കൊയ്തി രുന്നു. ഇത്തരം പ്രദേശങ്ങളിൽ കൃഷി ചെയ്തുവന്നി രുന്നത് കാർ കഴമ ആയിരുന്നു. എന്നാൽ കാലക്രമ ത്തിൽ കണ്ടൽ കാട്ടുകളുടെ നശീകരണം മൂലവും, വളപട്ടണം പുഴയിലെ നീരൊഴുക്ക് കുറഞ്ഞതുമൂലവും ഉണ്ടായ വർദ്ധിച്ച ഓരു കയറ്റം ഈ പ്രദേശത്തെ നെൽ കൃഷിയെ നാശമാക്കി ഓരുകയറ്റം തടഞ്ഞ് നെൽകൃഷിയെ രക്ഷിക്കുന്നതിനു വേണ്ടി 1958 ൽ പണിത ഇരിണാവ് റെഗുലേറ്റർ (ഇരിണാവ് ഡാം) ആകട്ടെ അതിന്റെ ലക്ഷ്യം നേടിയതുമില്ല ഉപ്പുവെള്ളം തടയുന്നതിനുള്ള ഷട്ടറുകൾ മുഴുവൻ ദ്രവിച്ച് നശിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇരിണാവിൽ നിന്ന് മാട്ടൂൽ പഞ്ചായത്തിലെ മടക്കരയിലേക്ക് കടക്കുന്ന തിനുള്ള റോഡ് പാലം മാത്രമായി ഇന്ന് ഉപയോഗിക്കപ്പെടുന്നു. തരിശിടാൻ തുടങ്ങിയ ചതുപ്പുനിലങ്ങളിൽ കുറച്ചുഭാഗത്ത് ഇപ്പോൾ ചെമ്മീൻ കൃഷി ആരംഭിച്ചിട്ടുണ്ട്.

നെൽപ്പാടങ്ങൾ നികത്തിയത് പയർ, പച്ചക്കറി കൃഷികളെയും ഗണ്യമായി ബാധിച്ചിട്ടുണ്ട്. നെല്ല്, പയർ; എന്നതായിരുന്നു പാടങ്ങളിലെ സാധാ രണ വിളക്രമം. ഒന്നാം വിളകഴിഞ്ഞ് തരിശിടുന്ന പാട്ടങ്ങളിൽ ഉഴുന്ന് മുതിര, പയർ ചെറുപയർ എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു അതൊടൊപ്പം പച്ചക്കറി കൃഷിയും ചെയ്തുവന്നു. പയർ കൃഷിയുടെ വിളവെടുപ്പു കഴിഞ്ഞാൽ ഉച്ചാര വെള്ളരി കൃഷി വർദ്ധിച്ച തൊതിൽ ചെയ്തുവന്ന ചിലപ്രത്യേക വയൽ പ്രദേശമായരുന്നു എടപ്പള്ളി, പടവിൽ, കിഴക്കൻ വയൽ, പാറക്കടവ്, ഇരിണാവ്, പാറപ്പുറം തുടങ്ങിയവ. വിഷുവിനോടടുത്ത് വിളവെടുക്കുന്ന വെള്ളരിക്ക വീടിന്റെ മച്ചിൽ വരിവരിയായി കെട്ടിതൂക്കിയിരുന്ന കാഴ്ച മനോഹരമായിരുന്നു. വർഷം മുഴുവൻ കറിവെക്കാനുള്ള വെള്ളരിക്ക ആകാലഘട്ട ത്തിൽ കൃഷിചെയ്തിരുന്നു.

പാടങ്ങൾ കുറഞ്ഞതോടെ , പയർ, പച്ചക്കറി എന്നിവയുടെകൃഷിയും കുറഞ്ഞു വന്നു പച്ചക്കറിയുടെ ഇറക്കുമതി പഞ്ചായ ത്തിൽ ക്രമാതീത മായി വർദ്ധിച്ചു. 1992 ജൂൺ മാസം നടത്തിയ പച്ചക്കറി ഡിമാൻറ് സർവെകാണി ക്കുന്നത് ഒരു മാസം 3 കിൻറൽ പച്ചക്കറി പഞ്ചായത്തിൽ ഇറക്കുമതി ചെയ്യു ന്നു എന്നാണ്.

പുരയിട കൃഷിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. പിൻ ഭൂമിയിലും അതിന്റെ ചെരിവുകളിലും മുള്ള പുരയിടങ്ങളിൽ തെങ്ങ്, കുരുമുളക്, കപ്പ, വാഴ പച്ചക്കറികൾ, പ്ലാവ്, മാവ്, തുടങ്ങിയവയായിരുന്നു പ്രധാനമായും കൃഷിചെയ്തുവന്നിരുന്നത് . എന്നാൽ മിക്ക പുരയിടങ്ങളിലും ഇപ്പോൾ തെങ്ങ് മാത്രമായി മാറിക്കൊണ്ടിരിക്കയാണ്. വീടിന്നു ചുറ്റുമുള്ള സ്ഥല് വർഷക്കാല് കൃഷിചെയ്തിരുന്ന ചേന, ചേമ്പ് , കപ്പ, പപ്പായ, കാച്ചിൽ , തുടങ്ങിയവ യെല്ലാം ഇന്ന് വിരലി ലെണ്ണാവുന്ന വീടുകളിൽ മാത്രമായി ചുരുങ്ങിയി രിക്കുന്നു. കെട്ടിടനിർ മ്മാണം വർദ്ധിച്ചതോടെ മാവും പിലാവും ഭൂരിഭാഗവുമ മുറിച്ച് ഫർണിച്ചറുകൾക്കും മറ്റുമായി ഉപയോഗിച്ചതിന്നാൽ ചക്ക, മാങ്ങ എന്നിവ പണം കൊടുത്ത് മാർക്കറ്റിൽ നിന്നും വാങ്ങേണ്ടി വരുന്ന സ്ഥിതിയാണിന്ന്. അതുപോലെ മറ്റു മരങ്ങൾക്കും നാശം സംഭവിച്ചിട്ടുണ്ട്.1928 ൽ 92 ഏക്രതേക്കു കൃഷി ഉണ്ടായിരുന്നത് ഇന്ന് അല്പം ചില ക്ഷേത്ര ങ്ങളിലെയും കാവുകളിലേയും കാടുകളിൽ മാത്രമായിരിക്കുന്നു. 1928 ലെയും 1992 ലേയും ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 4-3 കാണുക

ജനസംഖ്യ വർദ്ധനവ് ഭൂമിയിൽ

പട്ടിക 4-2 ഭൂമിയുടെ വിതരണം

വർഷം	വിസ്തീർണം ഹെക്ടർ	കുടുംബങ്ങളുടെ എണ്ണം	ശരാശരി കൈവശ വിസ്തീർണ്ണം ഹെ.
1928	1451	1389	1.04
1992	1377.34*	3936	0.35
1996	1364.81*	4837	0.28

കുറിപ്പ് : - റോഡിനും വീടിനും വേണ്ടി ഉപയോഗിച്ച വിസ്തീർണ്ണം കുറവ് ചെയ്തിരിക്കുന്നു.

പട്ടിക 4-3

വിനിയോഗം	വിസ്തീർണ്ണം ഹെക്ടർ	
	1928	1992
നെല്ല് ഒന്നാം വിള	934.82	233.66
,, ,, രണ്ടാം വിള	40.48	65.15
,, ,, മൂന്നാം വിള		6.8
തെങ്ങ്	298.78	824.35
വാഴ	12.14	2.35
മിശ്രിത വിളകൾ		121.34
തേക്ക്	37.25	
തരിശ്, കൃഷിചെയ്യാവുന്നത്		5.21
തരിശ് കൃഷി ചെയ്യാൻ പറ്റാത്തത്	170.77	50.82
നെല്ലും പയറും പച്ചക്കറിയും		31.40
ചതുപ്പ്		42.28
ജലാശയങ്ങൾ, പുറംപോക്ക്		15.83
കുരുമുളക്	70.85	15.45
കമുക്	12.14	5.28
ചെങ്കൽകപാറി		4.67
കപ്പ	1.61	
മഞൾ	.40	

അവലംബം:-സെറ്റിൽമെൻറ് രേഖ, സാമൂഹ്യ സാമ്പത്തീക സർവ്വെ

ചെലുത്തിയ സമ്മർദ്ദമാണ് കാർഷിക മേഖലയെ സ്വാധീനിച്ച മറ്റൊരു പ്രധാന . ഘടകം. കല്ല്യാശ്ശേരിയിലെ ജനസംഖ്യ സംസ്ഥാന ശരാശരിയെക്കാൾ വർദ്ധിച്ച തോതിലാണ് വളർന്നുകൊണ്ടിരിക്കുന്നത്. 1971-81 കാലഘട്ട ത്തിൽ ജനസംഖ്യയിൽ 25% 1981-91 കാലത്ത് 22% വർദ്ധനവുണ്ടായി. ഇതിന്റെ ഫലമായ 1971 ൽ ച. കി. മീ 1044 ആയിരുന്ന ജനസാന്ദ്രത 1991 ൽ 1590 ആയി ഉയർന്നു. എന്നാൽ 1928 ൽ ഇത് 501 ആയിരുന്നു.

പരമ്പരാഗതമായ ലാറ്ററേറ്റ് പീഡ ഭൂമിയിലും ചെരിവുകളിലുമായിരുന്നു ആൾപ്പാർപ്പ് കൂടുതലുണ്ടാ യിരുന്നത് തീരസമതലങ്ങളിൽ ആൾപ്പാർപ്പ് തീരെ നിസ്സാര മായിരുന്നു. എന്നാലപ്പോൾ ചെരിവു പ്രദേശങ്ങളെക്കാൾ കൂടുതൽ ജനസാന്ദ്രത (190/ ച. കി. മീ) തീരസമതലങ്ങളിലാണ് (265/ച. കി. മീ) താഴ്വരകളിൽ പോലും ച. കി. മീറ്ററിന് 98 വീടുകളുണ്ട്. ഭൂമിയുടെ വിലകുറവും, ശുദ്ധജല ലഭ്യതയും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടി. ഉയർന്നപ്രദേശങ്ങളിൽ കുടി വെള്ളം ലഭ്യമാക്കുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 4 ൽ 1 ഭാഗം കൊണ്ട് തീര സമതലങ്ങളിൽ ജല ലഭ്യത ഉറപ്പുവരുത്താൻ സാധിക്കും.

പാർപ്പിടങ്ങൾ വർദ്ദിച്ചതോടെ ഈ പ്രദേശങ്ങളിൽ റോഡുകളും വർദ്ധിച്ചു. നേരത്തെ തന്നെ നിലവിൽ വന്ന കണ്ണൂർ-മംഗലാപുരം റെയിൽവെയും, വളപട്ടണം , പഴയങ്ങാടി സ്റ്റേറ്റ് ഹൈവെയും തീരസമതല ങ്ങളിലെ വർഷകാല നീർവാർച്ച് തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു. പുതുതായി നിരവധി റോഡുകൾ വന്നതോടുകൂടി പ്രശ്നങ്ങളും വർദ്ധിച്ചു. തീരസമലങ്ങളിൽ പുതുതായി നിർമ്മിച്ച റോഡുകൾക്ക് ആവശ്യാനുസരണം കലുങ്കുകൾ നിർമ്മിക്കാന സാമ്പത്തിക പരാധീനതമൂലം പഞ്ചായത്തിന് കഴിയാ തെവന്നു. തെങ്ങ് കൃഷിക്കും, കെട്ടിടനിർമ്മാ ണത്തിനും വേണ്ടിയുള്ള പാട്ടം നികത്തൽ ,അശാസ്ത്രീയമായ റോഡുനിർമ്മാണം എന്നിവ തീരസമതലങ്ങളിൽ . പലയിടങ്ങളിലും നീർക്കെട്ടിന് ഇടയാക്കി.

നീർക്കെട്ട് പരിസ്ഥിതി പ്രശ്നമെന്ന തിലുപരി തെങ്ങിന്റെറയും നെല്ലിന്റെറയും ഉൽപാദ നക്ഷമത കുറയുവാൻ ഇടയാക്കി. പഞ്ചായത്തിലെ നെല്ലിന്റെറ ഉൽപാദനം ഹെക്ടറിന് 2250 കി. ഗ്രാമും , തെങ്ങിന്റെറ ശരാശരി ഉൽപാദനം 26 നാളികേരവും ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവാണ്.

തീരസമതലങ്ങളിലെ നീർക്കെട്ട് നെല്ലിന്റെറ ഉൽപ്പാദനത്തെ ബാധിക്കുന്നതു പോലെ തന്നെ തെങ്ങിനെയും ദോഷകരമായി ബാധിക്കുന്നു. തെങ്ങിന്റെറ വേരുപടലം ഭൂനിരപ്പിൽ നിന്ന് 4 അടിവരെ ഉയരത്തിൽ തെങ്ങിൻതടിയിൽ വളർന്ന നില്ക്കുന്നത് കാണാം. വർഷകാലത്തെ നീർക്കെട്ടും., വേനൽക്കാല് ആവശ്യാനുസരണം ജലസേചന സൗകരീമില്ലാത്തതും തെങ്ങിന്റെറ ഉൽപാദന ക്ഷമത കുറച്ചിരിക്കുന്നു. ശാസ്ത്രീയ വള പ്രയോഗ രീതി ഇല്ലാത്തതാണ് മറ്റൊരുകാരണം . കന്നുകാലിസമ്പത്തും മരങ്ങളും കുറഞ്ഞതോടു കൂടി ജൈവവളത്തിന്റെറയും പച്ചിലയുടെയും ദൗർലഭ്യം വളപ്രയോഗ രീതി താറുമാറാക്കി.

വൃക്ഷസാന്ദ്രതയാണ് ഉൽപാദന ക്കുറവിന് മറ്റൊരു കാരണം. ഇടവിള കൃഷി സാധിക്കുന്ന വിധത്തിൽ ഏക്കറിന് 70-80 തെങ്ങുകൾ നടാമെന്നാണ് കണക്കെങ്കിലും, കല്ല്യാശ്ശേരിയിൽ 10 സെൻറിൽ താഴെ വിസ്തീർണ്ണമുള്ള പുരയിടങ്ങളിൽ ഏക്കറിന് ശരാശരി 126 തെങ്ങുകളുണ്ട് . വീടുനിർമ്മി ക്കാനുപയോഗിച്ച സ്ഥലം കൂടി പരിഗണിക്കു കയാണെങ്കിൽ സാന്ദ്രത ഇനിയുമ കൂടും.പുരയിട വിസ്തീർണ്ണം കൂടുന്നതനു സരിച്ച് വൃക്ഷ സാന്ദ്രത കുറയുന്നതായി കാണുന്നു. സാന്ദ്രത ഏറ്റവും കൂടിയിരിക്കു ന്നത് തീരസമതലങ്ങളിലാണ്. ഇവിടെ ഇടവിള ഇല്ലെന്ന തന്നെ പറയാം . ഇങ്ങനെ അടുത്തടുത്ത് തെങ്ങുകൾ നടാനുള്ള പ്രധാനകാരണം, നേരത്തെ നിലവിലുണ്ടായിരുന്ന പാട്ടവ്യവസ്ഥ യാണ്. തീരസമ തലങ്ങളിൽ കൈവശഭൂമിയുടെ ആകൃതി സംരക്ഷണ ത്തിനു വേണ്ടിയും തെങ്ങുകൾ നട്ടുപിടിപ്പിച്ചതായി കാണാം.

വൃക്ഷസാന്ദ്രത കൂടിയതിന്റെറ ഫല മായി ഉൽപാദന ക്ഷമത കുറഞ്ഞെങ്കിലും

പഞ്ചായത്തിന്റെ ഇന്ധനക്ഷാമം കുറക്കുന്നതിൽ ഇത് മുഖ്യപങ്ക് വഹിക്കുന്നു. ഓലയും മടലും യഥേഷ്ഠം ലഭിക്കുന്ന തുകൊണ്ട് പഞ്ചായത്തിൽ ഇന്ധനക്ഷാമം ഒരുപരിധി വരെ ഇല്ലെന്നുപറയാം.

ഇടയകലത്തിന്റെ കാര്യത്തിൽ മാത്രമല്ല നടീൽ സമ്പ്രദായത്തിലുമുണ്ട് തകരാറുകൾ. നികത്തിയ പാട്ടങ്ങളിലാണ് ഈ പ്രശ്നം കൂടുതലുള്ളത്. നല്ലവായു സഞ്ചാരവും, നീർവാർച്ച യുമുള്ള മണ്ണാണ് തെങ്ങ് കൃഷിക്ക് അനുയോജ്യം.ജലാംശം കൂടുതലുള്ള സ്ഥലത്ത് തെങ്ങിന്റെ തടിയിൽ വേരുകളുണ്ടാവുക പതിവാണ്. അതിനാൽ നീർക്കെട്ടുള്ള സ്ഥലങ്ങളിൽ സാധാരണയായി മൺകൂനകളി ലാണ് ചെറു തൈ നനേണ്ടത്. എന്നാൽ കല്ല്യാശ്ശേരിയിൽ നീർക്കെട്ടുള്ള സ്ഥലങ്ങളിൽ പോലും കുഴിക ളെടു ത്താണ് തൈനടുന്നത് ചില സ്ഥലങ്ങളിൽ കൂനകളുണ്ടാക്കി നടുന്ന രീതിനിലവിൽ വന്നിട്ടുണ്ടെ കിലും അത് അപര്യാപ്തമാണ്.

ഉപയോഗിക്കുന്ന നടീൽ വസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവയത്രെ . അത്യുൽപാദന ശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങളാണ് നാട്ടുകാർ ഇഷ്ടപ്പെടുന്നത്. മോശമായ കാലാവസ്ഥയെ ചെറുത്തു നിൽക്കു ന്നതിനും , കൂടുതൽ കാലം വിളവുനൽകുന്നതിനും നാടൻ ഇനങ്ങൾ ക്കുള്ള കഴിവാണ് ഇതിന് കാരണം. പരിചരണം വർദ്ധിച്ച തോതിൽ ആവശ്യമില്ലാത്ത എന്നതും കാരണമാണ് . 1971 നു ശേഷമാണ് വർദ്ധിച്ച തോതിൽ തെങ്ങുകൃഷി ആരംഭിച്ചത് . ഈ കാലഘട്ടത്തിൽ ആവശ്യാനുസരണം അത്യുൽപാദനശേഷിയുള്ള സങ്കരയനം തൈകൾക ലഭ്യമല്ലാതിരുന്നതും പഴയ ഇനങ്ങളെ ആശ്രയിക്കാൻ കാരണമായിട്ടുണ്ട്.

കൃഷി ഭവന്റെ പ്രവർത്തനം മുഴുവൻ കർഷകരിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. കർഷകരുടെ ഇടയിൽ പ്രവർത്തിക്കേണ്ട കൃഷി ഉദ്യോഗസ്ഥ ന്മാർ, ഓഫീസിലിരുന്ന് ജോലി ചെയ്യാൻ നിർബന്ധി തരായരിക്കുന്നു.

സബ്സിഡി വാങ്ങികൊടുക്കുന്നതിന് നടീൽ വസ്തുക്കളുടെ വിതരണത്തിലുമായി കൃഷിഭവന്റെ പ്രവർത്തനം ഒതുങ്ങിപോവുന്നു. ആധുനീക കൃഷിരീതിയെക്കുറിച്ച് കർഷകർക്ക് അറിവുപക രാനൊ കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ യഥാ സമയം പരിഹരിക്കാനൊ സാധിക്കാറില്ലെന്ന് കർഷകർക്ക് പരാതിയുണ്ട്. കഴിഞ്ഞ 3 വർഷക്കാലം കൃഷിഭവൻ മുഖേന വിതരണം ചെയ്ത ധനസഹായത്തിന്റെയും, നടീൽ വസ്തുക്കളുടെയും വിവരം പട്ടിക 4-4ൽ, 4-5 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ 4 പാടശേഖര സമിതികളും ഒരു കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കാർക്ക് സബ്സിഡി വാങ്ങിക്കൊടുക്കുക എന്നതാണ് കുറെക്കാലമായി പാടശേഖര സമിതി യുടെ പ്രധാന തൊഴിൽ. ഊർജ്ജിത നെൽ കൃഷി ഉൽപാദന പദ്ധതിയുടെ ഭാഗമായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കൃഷി ഭവൻ മുഖേന പാടശേഖരസമിതിക്ക് അനുവദിച്ച 6 ക്രോസ്സ് ബാറുകളുടെയും പണി ഇതിനകം പൂർത്തിയാക്കി യെങ്കിലും ജലസേചന കുളത്തിന്റെ പണി പൂർത്തിയായില്ല. അതുപോലെ പാറക്കടവ് കുളത്തിൽ നിന്ന് വെള്ളം പമ്പുചെയ്യുന്നതിനുവേണ്ടിയുള്ള പമ്പ്ഹൗസിന്റെയും, പൈപ്പ് ലൈനിന്റെയും പണിയും പൂർത്തിയായില്ല.

പാടശേഖര സമിതിയുടെ വിശദ വിവരം പട്ടിക 4-6 ൽ ചേർത്തിരിക്കുന്നു.

ഭൂരിഭാഗം കർഷകരുടെയും കാർഷീക വരുമാനം വളരെ തുച്ഛമാണ് . വെറും 6% കുടുംബ ങ്ങൾക്ക് മാത്രമാണ് വരുമാനത്തിന്റെ പകുതി യെങ്കിലും കൃഷിയിൽ നിന്ന് ലഭിക്കുന്നത് . കൃഷി മുഖ്യ വരുമാനമാർഗ്ഗമല്ലാത്തതുകൊണ്ടുതന്നെ , കൃഷിക്കാരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പി ക്കുന്നതിൽ വലിയ താല്പര്യമില്ല. ഉദ്യോഗസ്ഥരായ കൃഷിക്കാർക്കാകട്ടെ, കൃഷിചെയ്യുന്നതിനുള്ള സമയമൊ, താപ്പര്യമൊ, ഒട്ടില്ലതാനും കല്ല്യാശ്ശേരി യിലെ കാർഷീകാഭിവൃദ്ധിമുഖ്യ തടസ്സം ഇതാണ്.

കാർഷകതൊഴിലാളികളെ ക്കിട്ടാനുള്ള ബുദ്ധിമുട്ടാണ് കാർഷീക രംഗത്തെ മറ്റൊരു

പട്ടിക 4-4 ധനസഹായം

വർഷം	ദുരിതാശ്വാസം ലഭിച്ചവരുടെ എണ്ണം	തുക
1993-94	ഇല്ല	ഇല്ല
1994-95	81	6187
1995-96	1	270

പട്ടിക 4-5

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ് (TXD & DXT)	65	105	65
തെങ്ങ് (WET)	1100	700	800
കശുമാവ്	480	-	800
കുരുമുളക്	2000	2500	5000
കവുങ്ങ്	200	100	280
വാഴ	-	2220	700
ഒട്ടുമാവ്	130	10	50
പ്ലാവ്	-	100	13
സപ്പോട്ട	-	-	10
കൊടംപുളി	-	20	-
പേര	-	40	10
ജാതിക്ക	40	100	65
ചാമ്പ	-	-	3
മാങ്കോസ്റ്റിൻ	6	20	-
ചെറി	-	20	
അനോന	-	-	4

അവലംബം:-കൃഷിഭവൻ രേഖകൾ

പട്ടിക 4-ൽവിവിധ സമിതികൾ വഴി വിതരണം ചെയ്ത ആനുകൂല്ല്യങ്ങൾ

പാടശേഖര സമിതികൾ വഴി വിതരണം ചെയ്ത ആനുകൂല്ല്യങ്ങൾ	1991-92	1992-93	1993-94	1994-95	1995-96
വിത്ത്	-	-	-	-	-
വളം	-	-	-	-	-
കീടനാശിനി	-	-	-	-	-
സബ്സിഡി	2904	9467	30454	37500	36105
കേരവികസന സമിതി വഴി വിതരണം ചെയ്ത ആനുകൂല്ല്യങ്ങൾ					
തെങ്ങിൻ തൈ	-	-	-	-	-
വളം	-	-	-	-	-
കീടരോഗനിവാരണ സാമഗ്രികൾ(മരുന്നുൾപ്പെടെ)	-	-	-	-	-
സബ്സിഡി	-	-	-	-	1500
മറ്റുള്ള സഹായം	-	-	-	500	500
പച്ചക്കറി കൃഷി സഹായ					
പദ്ധതിയുടെ ആനുകൂല്ല്യം	-	-	500	500	500

അവലംബം:-കൃഷിഭവൻ രേഖകൾ

പ്രശ്നം ആധുനീകവിദ്യാഭ്യാസം സാർവ്വത്രീകമായതോടെ, കർഷകകുടുംബങ്ങളിലെ യുവതലമുറകൾ പാടത്തെ പണിയിൽ നിന്നും പിൻവാങ്ങി. യുവതികൾ പാടത്തെ പണിയെക്കാൾ കെട്ടിടനിർമ്മാണം , പരമ്പരാഗത വ്യാവസായങ്ങൾ, ബീഡി തെറുപ്പ് തുടങ്ങിയ തൊഴിലുകളാണ് കൂടുതലായി ഇഷ്ടപ്പെടുന്നത് . കർഷകതൊഴിലാളികളുടെ കൂലി മറ്റു തൊഴിലാളികളെക്കാൾ കുറവാണ്. തൊഴിൽ സുരക്ഷിതത്വവും സാമൂഹിക മാന്യതയുമാണ് മറ്റുതൊഴിൽ മേഖലകളിലേയ്ക്ക് അവരെ ആകർഷിക്കുന്നത്.

വിവിധ മേഖലയിലെ കൂലിനിരക്ക് പട്ടിക4-7ൽ കൊടുത്തിരിക്കുന്നു .

വളപ്രയോഗം

പഞ്ചായത്തിലെ മിക്ക കൃഷിയിടങ്ങളിലും അശാസ്ത്രീയ രീതിയിലാണ് വളപ്രയോഗം നടത്തുന്നത് . അസന്തുലിതമായ രീതിയിൽ രാസ വളം ഉപയോഗിക്കുന്നതു കൊണ്ട് മണ്ണിന്റെ ഭൗതീക ഗുണങ്ങളും ഘടനയും ഗുണപരമല്ലാത്ത രീതിയിൽ മാറിക്കൊണ്ടിരിക്കുന്നുണ്ട്. 1 മുതൽ 7 വരെയുള്ള വാർഡുകളിലാണ് മേൽപറഞ്ഞ നിലയിൽ ഗുണനിലവാരം അധികമായും കുറഞ്ഞുകാണുന്നത് മണ്ണുപരിശോധന നടത്തിയിട്ടല്ല വളപ്രയോഗം നടത്തുന്നത്. ജൈവവസ്തു പ്രയോഗം കുറഞ്ഞു വരുന്നു. മുൻ കാലങ്ങളിൽ പറമ്പുകളിൽ യഥേഷ്ടം

പട്ടിക 4-7 വിവിധ മേഖലയിലെ കൂലിനിരക്ക്

മേഖല	പുരുഷൻ	സ്ത്രീ
നെൽ കൃഷി	100-120	30-40
തെങ്ങ് കയറ്റം	100-150	ഇല്ല
മൺപണി	100-120	40-50
കെട്ടിടം പണി	100-150	40-50

പച്ചിലകളും , കൃഷിയിടങ്ങളുടെ അതിർത്തി കളിൽ. ശീമക്കൊന്നയും ലഭ്യമായിരുന്നു. പച്ചിലവള വിത്തുകൾ 70-80 കളിൽ വ്യാപകമായി പ്രചരിപ്പിച്ച തിന്റെ ഫലമായി നെൽപാടങ്ങളിലും പച്ചില വളകൃ ഷിചെയ്തി രുന്നു അടുത്തകാലത്തായി ഇവയെല്ലാം കിട്ടാതായിരിക്കുന്നു കന്നുകാലി വളത്തിന്റെ വിലക്ക യറ്റവും രാസവളത്തിന്റെ അമിതമായ പ്രചാരണവും കാരണം കർഷകർ അടുത്ത കാലം വരെ അധികരിച്ച തോതിൽ രാസവളപ്രയോഗം നടത്തിയിരുന്നു. ഇത് മണ്ണിന്റെ ഘടനയെ തന്നെ മാറ്റിമറിച്ചു. രാസവള വില്പനക്കായി പഞ്ചായത്തിൽ സഹകരണ സംഘം വക രണ്ട് വളം വില്പന കേന്ദ്രങ്ങളാണ് ഉള്ളത് ഇവരണ്ടും പഞ്ചായ ത്തിന്റെ അതിർത്തികളി ലായതിനാൽ അടുത്ത പഞ്ചായ ത്തുകളിൽ നിന്നും ധാരാളം കൃഷിക്കാർ ഇവയുടെ സേവനം ഉപയോഗ പ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ പഞ്ചായ ത്തിലേക്ക് മാത്രമായി എത്രവളം വില്പനനടത്തി എന്ന് കണക്കാക്കാൻ പറ്റില്ല.

നെൽകൃഷിക്ക് സാധാരണയായി തണ്ടുതുരപ്പൻ , തുള്ളൻ , ചാഴി, മുഞ്ഞ, തുടങ്ങിയവ യുടെ ഉപദ്രവമാണ് കൂടുതൽ കണ്ടുവരുന്നത് താവ പ്രദേശങ്ങളിൽ അമ്ലത കൂടുതലായതു മൂലമുള്ള മഞ്ഞ്ളിപ്പ് രോഗവും കണ്ടുവരുന്നു. തെങ്ങിനു സാധാര ണയായി കണ്ടുവരുന്നത് ചെന്നീരൊലിപ്പാണ് കൃഷിയിടങ്ങളിലെ പരിചരണം കുറഞ്ഞതു കൊണ്ട്, ശ്രദ്ധകുറഞ്ഞതുകൊണ്ടും പലപ്പോഴും രോഗം മൂർച്ചിച്ചതിനു ശേഷമാണ് കൃഷിക്കാ രുടെ ശ്രദ്ധയിൽ പ്പെടുന്നത് മരുന്ന് പ്രയോഗം ഫലിക്കാതെവ ന്നതുകൊണ്ട് കുറെയേറെ തെങ്ങുകൾ വെട്ടിമാറ്റ പ്പെട്ടിട്ടുണ്ട്. ഇരിണാവു ഭാഗത്ത് ഒരു പുരയിടത്തിലെ ഭൂരിഭാഗം തെങ്ങിനും ചെന്നീരൊലിപ്പ് രോഗം പിടിപെട്ടതായി കണ്ടിട്ടുണ്ട്

വിദഗ്ദ കർഷകതൊഴിലാളികളെ കിട്ടാനി ല്ലാത്ത അവസ്ഥ ഉണ്ടെങ്കിലും ഈ രംഗത്ത് യന്ത്രേഅപകടമരണങ്ങളുടെ ഉപയോഗമ അതനു സരിച്ച് വർദ്ധിച്ചില്ല. ഉപയോഗിക്കുന്ന യന്ത്രോപ കരണങ്ങളിൽ പ്രധാനം പമ്പുസെറ്റുകളാണ് . ഏതാണ് 900 എണ്ണം . പടിഞ്ഞാറ് , ഇരിണാവ് പ്രദേശത്ത് ഓരുകയറ്റ ഭീഷണി വർദ്ധിച്ചിരിക്കെ പമ്പിങ്ങ് നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. കൃഷിഭവൻ മുഖേന വിതരണം ചെയ്ത യന്ത്രോപകരണ ങ്ങളുടെ വിശദവിവരം പട്ടിക 4-8 ൽ ചേർത്തിരിക്കുന്നു.

സമഗ്ര കുരുമുളക് വികസനപദ്ധതി യുടെ ഭാഗമായി കുരുമുളക് വികസന സമിതിയും നീർമറി വികസനപദ്ധതിയുടെ ഭാഗമായി ഒപക് നീർമറി വികസന സമിതിയും പ്രവർത്തിക്കുന്നു. എന്നാൽ ഈ രണ്ടുവികസന സമിതികളുടെയുമ പ്രവർത്തനം തൃപ്തികര മാണെന്നുപറഞ്ഞുകൂടാ.

കാർഷീകവിളകളുടെ വിപണനത്തി ന്നായി പഞ്ചായത്തിൽ അംഗീകൃത വില്പന കേന്ദ്രങ്ങൾ ഇല്ല. കൊപ്ര സംഭരണത്തിന്നായി സഹകരണ സംഘങ്ങൾ ഇടക്കാലത്ത് ചില ക്രമീകരണങ്ങൾ ഏർപ്പെടു ത്തിയിരുന്നു

പട്ടിക 4-8

ഇനം	എണ്ണം
ട്രാക്ടർ	-
ട്രില്ലർ	5
നാടൻ കലപ്പ	-
റോക്കർ സ്പ്രേയർ	10
നാപ്സാക്ക് സ്പ്രേയർ	25
മെതിയന്ത്രം	-
തെങ്ങ് കയറ്റ യന്ത്രം	3
പോർട്ടബീൾ പമ്പ് സെറ്റ്	-

വെങ്കിലും സ്ഥിരമായ സംവിധാനം ഇല്ലാ കർഷകൻ പലപ്പോഴും മില്ലുകാരുടെ ചൂഷണത്തിന് വിധേയനാവുന്നു . മുൻകാല ങ്ങളിൽ തേങ്ങ പലചര ക്കുകടകളിലെ ഒരു പ്രധാന വില്പനചരക്കായിരുന്നു. എന്നാൽ നാമമാത്രമായിട്ടു മാത്രമെ പഞ്ചായത്തിലെ കടകളിൽ ഇപ്പോൾ തേങ്ങ വില്പന ഉള്ളു. ചില്ലറ വില്പനയും മൊത്തവില്പനയും തമ്മിൽ വലിയ അന്തരം നിലനില്കുന്നു. രണ്ടുതെ ങ്ങെങ്കിലും ഇല്ലാ ത്തവീടുകൾ പഞ്ചായത്തിൽ ഇല്ലെന്നു തന്നെപറയാം . ഈ കാരണത്താൽ തേങ്ങയുടെ വില്പന പഴയതു പോലെ ഇല്ലാത്തതിനാലാണ് കടകളിൽ തേങ്ങ യുടെ വിപണനം നടക്കാഞ്ഞത്.

കർഷകരുടെ വായ്പാ ആവശ്യം നിറവേറ്റു ന്നതിന് പഞ്ചായത്തിൽ 3 സഹകരണ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു. പാപ്പിനി ശ്ശേരി കോ. ഓപ്പ റേറ്റിവ് റൂറൽ ബേങ്ക് കല്ല്യാശ്ശേരി മോറാഴ കല്ല്യാശ്ശേരി സർവ്വീസ് സഹകരണ ബേങ്ക് ,അഞ്ചാം പീടിക, ഇരിണാവ് സർവ്വീസ് സഹകരണ ബേങ്ക് എന്നിവയാണ് ഇവ സഹകരണ ബാങ്കുകളുടെ കണക്കുകൾ പരിശോധി ച്ചാൽ കാർഷിക ആവശ്യങ്ങൾ ക്കു വേണ്ടി നല്കിയ, മറ്റുവായ്പകളെ അപേ ക്ഷിച്ച് കുറവാണെന്നു കാണുന്നു. വായ്പാ തിരിച്ചു കിട്ടുന്നതിനുള്ള സൗകര്യത്തിനു വേണ്ടി, ഗവ : ഉദ്യോഗസ്ഥ ന്മാരുടെയും, മറ്റുസ്ഥിര വരുമാനമുള്ള വരുടെയും ജാമ്യത്തിന്മേൽ മറ്റുവായ്പകളാണ് കൂടുതൽ നൽകിവരുന്നത്. കാർഷീകവായ്പ കുറവാണെ ങ്കിലും, പഞ്ചായത്തിലെ ഒരു പഠനം തെളിയിക്കുന്നത്, കുടുംബങ്ങളിൽ ബഹുഭൂരി പക്ഷവും സഹകരണ ബാങ്കുകളിൽ മെമ്പർ മാരും വായ്പ എടുത്തിട്ടുള്ള വരുമാണെന്നാണ്. കൃഷി ആവശ്യ ത്തിന് ബേങ്കുകൾ അനുവദിച്ചവായ് പ്പകളുടെ വിവരം പട്ടിക 4-9 ൽ ചേർക്കുന്നു.

ജലസേചനം

പഞ്ചായത്തിലെ ജലസ്രോതസ്സുകൾ മുഖ്യമായി കീഴക്കെ അറ്റം മുതൽ പടിഞ്ഞാറെ അറ്റം വരെ നീണ്ടുകിടക്കുന്ന പാറക്കടവ്തോട്, കരിക്കാട്ട് തോട് . ചിറക്കുറ്റിതോട് , എളേമ്പ്രതോട് , അർവാടി തോട് തുടങ്ങിയ ചെറുതും വലുതുമായ 16.8 കി. മീ. ദൈർഘ്യമുള്ള തോടകളും , ചെറുതും വലുതുമായ 31 കുളങ്ങളുമാണ് . ഇതിൽ ഏറ്റവും വലിയകുളം ഇരിണാവിൽ 2ാം വാർഡിലുള്ള കാട്ടാമ്പള്ളി ചിറയാണ്. മഴക്കാലത്ത് തോടുകളിൽ വെള്ളം കെട്ടിനിറു ത്തുന്നതിന്നായി കൃഷിവകു പ്പിൻെറ സഹായത്തോടെ നർമ്മിച്ച 6 ക്രോസ്സുബാറുകൾ ഉൾപ്പെടെ മൊത്തം 8 ക്രോസ്സ് ബാറുകളുണ്ട്. ക്രോസ്സ്ബാറുകളുടെ മാനേജ് മെൻറ് കാര്യക്ഷമ മല്ലാത്തതിനാൽ വേനൽക്കാ ലത്ത് കൃഷിക്ക് വെള്ളം നൽകാൻ കഴിയുന്നില്ല.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാ

പട്ടിക 4-9 ബാങ്ക് വായ്പ(കാർഷികം)

ബേങ്ക്	വായ്പാ തുക	മൊത്തം വായ്പയുടെ ശതമാനം
പാപ്പിനിശ്ശേരി കോ-ഓപ്പ്. റൂറൽ ബാങ്ക് കല്ല്യാശ്ശേരി	412789 രൂപ	0.26
മോറാഴ കല്ല്യാശ്ശേരി സർവ്വീസ് കോ-ഓപ്. ബാങ്ക്	19, 48,493	2.41
ഇരിണാവ് സർവ്വീസ് കോ-ഓപ്. ബാങ്ക്	478556	1.73

നത്തിൽ കാർഷിക രംഗം പരിഗണിക്കേണ്ട പ്രധാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

പ്രശ്നങ്ങൾ

1. കൈവശ ഭൂമിയുടെ തുണ്ടവൽക്കരണം മൂലം ലാഭകരമായി കൃഷിചെയ്യാൻ സാധിക്കുന്നില്ല.
2. നെൽകൃഷി ലാഭകരമല്ല.
3. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അനുഭവപ്പെടുന്ന നീക്കെട്ട് നെൽകൃഷി ചീഞ്ഞുനശിക്കാനും , തെങ്ങിന്റെ ഉൽപാദന ശേഷി കുറയാനും ഇടയാകുന്നു.
4. പഞ്ചായത്തിൽ തോടകളും കുളങ്ങളും ഉണ്ടെങ്കിലും ജലസേചന സൗകര്യം പരിമിത മാണ്
5. ശാസ്ത്രീയ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നില്ല. ശാസ്ത്രീയ കൃഷി രീതികളെ സംബന്ധിച്ചുള്ള ബോധവൽക്കരണം നടക്കുന്നില്ല.
6. നെൽപാടങ്ങൾ വർദ്ധിച്ചതോതിൽ പറമ്പുകളാക്കിമാറ്റുന്നു.
7. കൃഷിഭൂമി തരിശിടുന്ന പ്രവണത കൂടിവരുന്നു.
8. കാർഷിക തൊഴിലാളികളുടെ കൂലിയും , മറ്റു ചെലവുകളും ക്രമാതീതമായി വർദ്ധിക്കുന്നു. തൊഴിലാളികളുടെ കാര്യക്ഷമത കുറയുന്നു.
9. കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ക്ഷാമം കാരണം കൃഷിപ്രവർത്തനം യഥാസമയം നടത്താൻ സാധിക്കുന്നില്ല.
10 വളപ്രയോഗത്തിൽ , ഭൂരിപക്ഷം പേരും ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നില്ല.
11 അത്യുൽപാദശേഷിയുള്ള വിത്തും . നടീൽ വസ്തുക്കളും ആവശ്യാനുസരണം ലഭിക്കുന്നില്ല.
12 തക്കസമയത്തുള്ള കീട രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം കൃഷിനാശത്തിന് കാരണമാവുന്നു.
13. ന്യൂനത സാങ്കേതിക വിദ്യയടക്കമുള്ള ജൈവ സാങ്കേതിക വിദ്യകൾ കർഷകർ വേണ്ടത്ര ലഭ്യമാവുന്നില്ല.
14. തൊഴിലാളികളുടെ കൂലി മറ്റു ചെലവുകൾ എന്നിവയ് അനുപാതികമായ ഉല്പന്നങ്ങൾ വില ലഭിക്കുന്നില്ല.
15. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തി വരുന്നത്
16. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
17. കൊപ്രവിപണനത്തിന് പ്രാദേശിക സൗകര്യങ്ങൾ ഇല്ല
18. തേങ്ങ എല്ലാകാലാവസ്ഥയിലും ആധുനിക സംവിധാനമുപയോഗിച്ച് ഉണക്കി എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല
19. കൃഷിഭവന്റെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല

20 പാടശേഖര കമ്മറ്റികളുടെയും കേര സംരക്ഷണ സമിതിയുടെയും പ്രവർത്തനമ തൃപ്തികരമല്ല.

21. ഇരിണാവ് പ്രദേശത്ത് പുഴയോരങ്ങൾ ഇടിഞ്ഞു പോകുന്നത് . വ്യാപകമായട്ടുണ്ട് . ഇതിന്റെ ഫലമായി കൃഷിയിടങ്ങൾ നശി ക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ / സാധ്യതകൾ

1 . മണ്ണു ജലസംരക്ഷണത്തിന് പ്രാധാന്യം നൽകി കൊണ്ടുള്ള നീർമറി/ നീർതട വികസനപദ്ധ തിക്ക് രൂപം നൽകണം.

2. ജനസംഖ്യ വർദ്ധനവുകാരണം ഭൂമിയുടെ തുണ്ടവൽക്കരണത്തെ ഒരുപരിധിവരെ ഒഴിവാക്കാൻ നിർവാഹമില്ല. പ്രധാനപ്പെട്ട കൃഷിമുറകൾ, കൂട്ടുകൃഷി അടിസ്ഥാനത്തിൽ നടത്തി കൃഷിപ്പണി ലാഭകരമാക്കാം

3. നീർക്കെട്ട് അനുഭവപ്പെടുന്നത് കൂടുതലായും തീരസമതലപ്രദേശത്തും താഴ്വര (താവ) പ്രദേശത്തും ആണ് . മിക്ക സ്ഥലത്തും കണ്ടു വരുന്ന നീർക്കെട്ടുകൾ താൽക്കാലീ കമാണെന്ന് . കാണുന്നു. നീർകെട്ടുകൾ മുഴുവൻ ഒഴിവാക്കുകയും വെള്ളം ഭൂമിയിലേക്കു തീരെ ഊർന്നിറങ്ങാൻ അനുവദിക്കാതിരിക്കുകയും ചെയ്താൽ ഭാവിയിൽ വരൾച്ച ഉണ്ടാവാൻ സാധ്യത ഉണ്ട്. എന്നാൽചില വാർഡുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് ഒഴിവാക്കാൻ ആവശ്യമായ ചെറു ചാലുകളും , തോടുകളും നിർമ്മിക്കണം.

4. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള തോടുകളും കുളങ്ങളും അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുകയും ജലസേചനത്തിന് ഉപയുക്തമാക്കുകയും വേണം .

5. കൂടുതൽ ജലസേചന സൗകര്യം ലഭ്യമാ ക്കുന്നതിന് ജലസ്രോതസ്സുകൾ ഉള്ള സ്ഥല ങ്ങളിലെല്ലാം പുതിയതോടുകൾ നിർമ്മി ക്കുകയും നിലവിലുള്ള തോടുകൾക്ക് ചെക്കു ഡാമുകൾ പണിയുകയും ചെയ്യണം

6. വ്യക്തിഗത അടിസ്ഥാനത്തിൽ ജലസേചന സൌകര്യ വർദ്ധിപ്പിക്കുവാൻ , സഹകരണ ബാങ്കു കളുടെ മറ്റു ധനകാര്യ സ്ഥാപന ങ്ങളുടെയും സാമ്പ ത്തീക സഹായത്തോടെ കിലറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കണം.

7. നിലവിലുള്ള തോടുകളിൽ ഇടവിട്ട് തടയണകൾ നിർമ്മിച്ചും, ചരിഞ്ഞ പ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ചും മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം

8. വായനശാലകൾ, ഗ്രന്ഥാലയങ്ങൾ മറ്റു സംസ്കാ രിക, സാമൂഹ്യസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ, ചർച്ചാ കാമ്പസ്സുകളും, സെമി നാറും, ലഘു ലേഖകളുടെ പ്രചരണം എന്നിവവഴി കൃഷിക്കാർക്ക് ശാസ്ത്രീയ കൃഷി രീതികളെ സംബന്ധിച്ചുള്ള ബോധവൽക്കരണം നൽകണം

9. കൃഷി പ്രോത്സാഹന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമ.

10. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ സാമൂഹ്യ സമ്മർദ്ദം ഉണ്ടാവണം

11 ഉൽപാദന ചെലവുകൾക്ക് ആനാപാദികമായിഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നതിനുള്ള സംവിധാനം വേണം റബ്ബർ തുടങ്ങിയ നാണ്യ വിളകൾക്ക് അനുവദിക്കുന്ന സാമ്പത്തീക ആനുകൂല്യങ്ങൾ നെൽകൃഷിക്കും മറ്റു വിളകൾക്കുംഘ അനുവദിക്കണം.

12 കാർഷീക മേഖലയിലെ തൊഴിൽ ഇന്ന് അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ അന്തസ്സിന്റെ പ്രശ്നമായി കാണുന്നു. വിദ്യാഭ്യാസ രീതിയിൽ അസ്ഥാനപരമായ മാറ്റം വരുത്തി ഇതിന് പരിഹാരം ഉണ്ടാക്കേണ്ടി യിരിക്കുന്നു.

13 . തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ കൂടുതൽ ആകർഷകമാക്കണം

14. രാസവസ്തു കീടനാശിനി, കുമിൾ നാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന തിന് വിപുലവും, ഫലപ്രദവുമായ നടപടി വേണം

15. ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ കൃഷിക്കാരെ ബോധവൽക്കരിക്കണം.

16. ഓരോ വീട്ടിലും കമ്പോസ്റ്റ് കുഴിനിർമ്മിച്ച് കമ്പോസ് വളം ഉൽപ്പാദിപ്പിക്കുവാൻ കർഷകരെ ബോധവൽക്കരിക്കുകയും , പ്രോത്സാഹനം നൽകുക യും വേണം

17. പച്ചിലവളം ഉൽപാദിപ്പിക്കുന്നതിന്നാ വശ്യമായ പച്ചിലവള വിത്ത് കൃഷിക്കാർക്ക്

ആവശ്യനുസരണം ലഭ്യമാക്കണം.

18. പഞ്ചപചായത്തിൽ ആവശ്യമുള്ള വിത്ത് നടിൽ വസ്തുക്കൾ എന്നിവ ആവശ്യാനു സരണം ഉൽപാദിപ്പിച്ച് വിതരണം ചെയ്യു ന്നതിന് സഹകരണാടി സ്ഥാനത്തിൽ ഒരു നഴ്സറി തുടങ്ങണം.

19. കൃഷിമുറകളെ സംബന്ധിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ അടക്കമുള്ള കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൃഷി ഭവൻ മുഖാന്തിരവുംമറ്റു സന്നദ്ധ സംഘടനകൾ മുഖേനയും ലഭ്യമാക്കുവാനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണം.

ഉൽപാദകന്റെയും ഉപഭോക്താക്കളുടെയും താല്പര്യ സംരക്ഷിച്ചുകൊണ്ടു കാർഷി കോല്പന്നങ്ങൾ ക്ക് ന്യായമായ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

20. മണ്ണ് പരിശോധന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം അതനുസരിച്ച് നിർദ്ദേശി ക്കുന്ന വളപ്രയോഗം നടത്തുന്നതിന് കൃഷി ക്കാരെ ബോധവാന്മാരാക്കാനുള്ള ഊർജ്ജിത നടപടികൾ ഉണ്ടാവണം

21. കൃഷിപണിക്ക് ഇന്നു പ്രധാനമായും ഉപയോഗി ച്ചുവരുന്ന ടില്ലർ , ട്രാക്ടർ എന്നിവയും കൃഷിസംര ക്ഷണത്തിനുള്ള യന്ത്രോപകരണങ്ങളും നമ്മുടെ പഞ്ചായത്തി ലുള്ള സഹകരണ ബാങ്കുകളിൾ മുഖാ ന്തിരമ കൃഷിക്കാർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ ഉണ്ടാവണം. കൂടാതെ കൃഷിഭവന്റെ കീഴിൽ ഇപ്പോൾ നിലവിലുള്ള അഗ്രോക്ലനിക് സെന്റർ മുഖേനയും മേൽപറഞ്ഞ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്ന തിനുള്ള നടപടി · സ്വീകരി ക്കേണ്ടതാണ്.

22. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായ കേരഫെഡ് അതാതു പഞ്ചായത്തിലുള്ള തിരഞ്ഞെടുക്ക പ്പെട്ടിട്ടുള്ള സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിക്കുന്ന പ്രവർത്തനം നേരത്തെ ഉണ്ടായിരുന്നു. ഈ പ്രവർത്തനം പുനഃരാരംഭിക്കുവാനുള്ള നടപ ടികൾ കൈ കൊള്ളുവാൻ ശക്തമായ സമ്മർദ്ദം ഉണ്ടാവേ ണ്ടതാണ്.

23. തേങ്ങ എല്ലാ കാലാവസ്ഥയിലും ഉണ്ടാക്കി കൊപ്രയാക്കുന്നതിന് സഹകരണാടിസ്ഥാന ത്തിൽ ഒരു ഡ്രയർ യൂണിറ്റ് സ്ഥാപിച്ചു പ്രശ്നം പരിഹരി ക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം.

24. പാടശേഖരകമ്മിറ്റികൾ കേരകർഷക സമിതി, കുരുമുളകുകർഷക സമിതി എന്നിവയുടെ പ്രവർ ത്തനം മെച്ചപ്പെടുത്തണം . ഇന്നത്തെ പ്രവർത്തന രീതി .

25. രോഗബാധിതമായി ട്ടുള്ളതും , ഉൽപാദ നശേഷി വളരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി അത്യുൽപാദന ശേഷിയുള്ള തെങ്ങുകൾ കൃഷിചെയ്യു ന്നതിനുള്ള പദ്ധതി നടപ്പിലാക്കണം.

26. വേനൽക്കാലപച്ചക്കറിയും, വർഷകാല പച്ചക്കറിയും വർദ്ധിച്ചതോതിൽ കൃഷി ചെയ്യുന്നതിന് ഫലപ്രദമായ പദ്ധതി തയ്യാറാക്കി വ്യാപിപ്പിക്കണം.ഇതിന്നാവശ്യമായ ജല സേചന സൗകര്യത്തിന്നായി കമ്യൂണിറ്റി അടിസ്ഥാനത്തിൽ കിണറുകളും , ടാങ്കുകളും നിർമ്മിക്കുകയും, പമ്പുസെറ്റുകൾ സ്ഥാപിക്കു ന്നതിനുള്ള സാമ്പത്തിക സഹായം അനുവദി ക്കുകയും ചെയ്യുക

27. നല്ലയിനം പച്ചക്കറിവിത്തുകൾ , വളം, കീടനാശിനികൾ എന്നിവ ലഭ്യമാക്കണം

28. ഈ രംഗത്ത് പുതിയ ഗ്രൂപ്പുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

29. ഓരോവാർഡിലും ചുരുങ്ങിയത് 100 അടക്കളതോട്ടങ്ങൾ വീതം നിർമ്മിക്കണം

30. പച്ചക്കറി വിപണനത്തിന് ആവശ്യമായ സൗക ര്യങ്ങൾ സഹകരണപ്രസ്ഥാനത്തിൽ ഏർപ്പെടുത്തണം

31. ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ വേണ്ടരീ തിയിൽ കൃഷി ഭവനിൽ നിന്നു ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാവണം

32. തെങ്ങിൻ തോട്ടത്തിൽ നിന്ന് കർഷകർക്ക് വരുമാനമ വർദ്ധിപ്പിക്കുവാൻ ഇടവിള കൃഷിയും മിശ്രവിള കൃഷിയും ചെയ്യുന്നതി നുള്ള പ്രോത്സാഹന പദ്ധതി നടപ്പിലാക്കണം ചേന, ചേമ്പ്, കാച്ചിൽ, വാഴ, മരച്ചീനി, മഞ്ഞൾ ,ഇഞ്ചി, കുവ, കുരുമുളക്, കൊക്കൊ,കൈ തച്ചക്ക മാതലായവ മിശ്ര വിളയായി ചെയ്യാവു ന്നതാണ്.

33. തൊഴിലില്ലാത്ത യുവതിയുവാക്കൾക്ക് തൊഴിലവ സരങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന് കൂൺ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിവേണം. കൂൺ സംസ്കരിച്ച് ഭക്ഷ്യ വിഭവങ്ങൾ ഉണ്ടാക്കുന്നക്കുന്നതിനും വിപണനം ചെയ്യുന്നതിനുള്ള സംവിധാനം വേണം.

34. ഓർക്കിഡ്, ആന്തുറിയം, കുറ്റിമുല്ല തുടങ്ങിയ പുഷ്പ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിവേണം. കുറ്റിമുല്ല കൃഷി ചെയ്യുന്ന 8ാം വാർഡിലെ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം

35. ഔഷധ സസ്യകൃഷി ആരംഭിക്കണം. പുതിയ യൂണിറ്റുകളെ കണ്ടെത്തണം. സ്കൂൾ കേന്ദ്രീകരിച്ച് ഈ പദ്ധതി ആരംഭിക്കാവുന്നതാണ്.

36. ക്രോസ്സ് ബാറുകൾ ക്ക് മാനേജുമെൻറ് കമ്മറ്റി ഉണ്ടാക്കി പലകയിടാനും മറ്റുമുള്ള പ്രവർത്തനമ അവരെ ഏല്പിക്കണം.

37. കശുമാവ് കൃഷിയുടെ വികസനത്തിന്നായി സമഗ്ര പദ്ധതിവേണം.

38. ഇരിണാവ് ഭാഗ് അനുഭവപ്പെടുന്ന കരയിടിച്ചിൽ ഒഴിവാക്കുന്നതിന് പുഴയുടെ വശങ്ങൾ കെട്ടിസംരക്ഷിക്കണം. ഇതുവഴി ചതുപ്പു പ്രദേശ് ചെമ്മീനും, നെല്ലും കൃഷി ചെയ്യുവാൻ സാധിക്കും.

39. ചുണ്ടിൽ ചാൽ പള്ളിയറ തോട് വശം കെട്ടിസംരക്ഷിക്കണം

40. കുറുമ്പക്കാവ് റോഡിന് സമീപമുള്ള പാലം മുങ്ങം തോടിന്ന് തടയണ വേണം

41. അറുബ ബസാറിൽ നിന്നു വടക്കോട്ടുള്ള ഇരുന്നൂറ് മീറ്റർ തോടിന് ആഴവും വീതിയും കൂട്ടണം

42. ഇരിണാവ് ഡാമിന് പുതിയ ഷട്ടർ സ്ഥാപിച്ച് ഉപ്പുവെള്ളം കയറുന്നത് തടയണം



കന്നുകാലി വളർത്തലും ഉപജീവനവും

കാർഷിക ഗ്രാമമായിരുന്ന കല്ല്യാശ്ശേരിയിൽ , കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്ന കന്നുകാലി വളർത്തൽ ഉഴവുമാടുകളെന്ന നിലയിലും വണ്ടിവലിക്കുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സെന്ന നിലയിലും കന്നുകാലികൾഗ്രാമീണ സംമ്പദ്ഘടനയിൽ പ്രധാനമായിരുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ അന്ന് കല്ല്യാശ്ശേരി പഞ്ചായത്തിലുണ്ടായിരുന്നു. ഒന്നാം വിളനെൽകൃഷി കഴിഞ്ഞാൽ വിശാലമായ കോലത്തുവയൽ അവർക്ക് കാലിമേയ്ക്കാനുള്ള ഇടമായിരുന്നു. കല്ല്യാശ്ശേരിക്കാർ മാത്രമല്ല, കണ്ണപുരം ചെറുകുന്ന് പ്രദേശങ്ങളിലുള്ള കാലിവളർത്തുകാരും കോലത്തുവയലിൽ കാലികൂട്ടങ്ങളെയും കൊണ്ടുവരാറുണ്ടായിരുന്നു.

കാലികളെ ഇളക്കിമേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന കോലത്തുവയൽ പ്രദേശവും വിശാലമായ മാങ്ങാട്ടുപറമ്പും ഇതിന് അനുയോജ്യ വുമായരുന്നു. ഇന്നത്തെപ്പോലെ വേലിക്കെട്ടുകളൊ മതിലുകളൊ തെങ്ങുകൃഷിയൊ അന്നുണ്ടാ യിരുന്നില്ല. അതിനാൽ ഒരേസമയ് നൂറുകണക്കിന് കന്നുകാലികളെ ഇളക്കി മേയ്ക്കുന്നതിന്. അന്ന് പ്രയാസ മുണ്ടായിരുന്നില്ല. എന്നുമാത്രമല്ല പാട ത്തിന്റെ ഉടമസ്ഥർ, തന്റെപാടത്ത് ഒരു നിശ്ചിത എണ്ണം കാലികളെ കെട്ടിമേയ്ക്കുന്നതിന് ഒരു നിശ്ചിത തുകയും നൽകണമായിരുന്നു. ഇങ്ങനെ മേയ്ക്കുന്നതു മൂലം പാടത്തെ ജൈവ വളാവശ്യം ഒരുപരിധിവരെ നിറവേറ്റാൻ കർഷകർക്ക് കഴിഞ്ഞു. വസ്തു ഉടമസ്ഥരിൽ നിന്നുകിട്ടുന്നതുകയും , കന്നുകാലി കളുടെ ഉടമസ്ഥതയിൽ നിന്നു കിട്ടുന്ന തുകയും ചേർത്ത് ഈ തൊഴിലിലേർപ്പെട്ടിരുന്ന വർക്ക് ജീവ സഞ്ചാരണത്തിനുള്ള വഴികണ്ടെത്താൻ സാധിച്ചിരുന്നു. കാലി കുട്ടത്തിൽ വെച്ചുതന്നെ പശുക്കളെ ഇണചേർക്കുന്നതിന് സാധിച്ചിരുന്നു.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുവരിൽ ചിലരും , പശുവിനെ പോറ്റാൻ കഴിവില്ലാത്തവരും അവരുടെ പശുക്കളെ പാടങ്ങൾക്കടുത്ത്കൊവ്വലു കളിലൊ താമസിക്കുന്നവരുടെ പക്കൽ വളർത്താൻ ഏല്പിക്കുന്ന രീതിയും അന്നുനില വിലുണ്ടായിരുന്നു. ഇതനുസരിച്ച് വളർ ത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യ പ്രസവത്തിലെ പാലും കട്ടിയും വളർത്തുകാരന്റെതാകും രണ്ടാം പ്രസവം നടന്നാലുടൻ പശുവിനെയും കുട്ടിയേയുംഉടമയെ ഏല്പിച്ചു കൊള്ളണം.

ജന്മി കുടിയാൻ വ്യവസ്ഥയിൽ മാറ്റം

പട്ടിക 4-5

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ് (TXD & DXT)	65	105	65
തെങ്ങ് (WET)	1100	700	800
കശുമാവ്	480	-	800
കുരുമുളക്	2000	2500	5000
കവുങ്ങ്	200	100	280
വാഴ	-	2220	700
ഒട്ടുമാവ്	130	10	50
പ്ലാവ്	-	100	13
സപ്പോട്ട	-	-	10
കൊടംപുളി	-	20	-
പേര	-	40	10
ജാതിക്ക	40	100	65
ചാമ്പ	-	-	3
മാങ്കോസ്റ്റിൻ	6	20	-
ചെറി	-	20	
അനോന	-	-	4

അവലംബം:-കൃഷിഭവൻ രേഖകൾ

വരികയും പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തതോടെ ഇളക്കിമേയ്ക്കലിനെതിരെ പ്രതിഷേധമുയർന്നു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 1962 ൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു യോഗം കോലത്തുവയലിൽവച്ചുനടന്നു. പൊതുജനാഭിപ്രായത്തിന്റെ വെളിച്ചത്തിൽ കന്നുകാലികളെ ഇളക്കി മേയ്ക്കൽ നിർത്തലാക്കാനാണ് യോഗം തീരുമാനിച്ചത്.

ഈ തീരുമാനത്തിന് ശേഷവും കന്നുകാലികളെ ഇളക്കിമേയ്ക്കൽ തുടർന്നിരുന്നു. ഇളക്കി മേയ്ക്കുന്ന കാലികളെ സംബന്ധിച്ച് പരാതി ഉണ്ടായാൽ കയറ്റുകാരൻ (കന്നുകാലികളെ കായൽ വീശി പിടിക്കുന്ന ആൾ) കന്നുകാലികളെ പിടിച്ച് പഞ്ചായത്തിന്റെ അംശം ആലയിൽ കൊണ്ടുപോയി കെട്ടുമായിരുന്നു. ഇങ്ങനെ ആലയിൽ കെട്ടിയ കന്നുകാലികളെ ഉടമസ്ഥർ വന്ന്, തീറ്റച്ചെലവും, പിഴയും അടച്ച് കൊണ്ടുപോവണമെന്നായിരുന്നു വ്യവസ്ഥ. നിശ്ചിത ദിവസത്തിനുള്ളിൽ ഇങ്ങനെ കൊണ്ടുപോകാത്തവയെ ലേലം ചെയ്ത് വില്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇങ്ങനെ മൃഗങ്ങളെ കെട്ടാൻ ഉപയോഗിച്ചിരുന്ന ആല പഞ്ചായത്തധീനതയിൽ ഉണ്ടായിരുന്നെങ്കിലും മൃഗങ്ങളെ കെട്ടേണ്ടി വരാറില്ലാത്തതുകൊണ്ട് അത് ഉപയോഗിക്കാറില്ല.

പശു, എരുമ, കാള, ആട്, എന്നിവയാണ്

പട്ടിക 5-1 വളർത്തുമൃഗങ്ങളും പക്ഷികളും

മൃഗങ്ങൾ	വർഷം			
	1928	1966	1987	1992
പശു	888	1845	1419	1641
കന്നുകുട്ടികൾ	776	ലഭ്യമല്ല	-	ലഭ്യമല്ല
എരുമ	ഇല്ല	126	34	30
കാള	327	429	-	38
ആട്	574	301	-	52
കോഴി	ലഭ്യമല്ല	3840	6806	3177
താറാവ്	ലഭ്യമല്ല	ഇല്ല	-	31
കാളവണ്ടി	19	ലഭ്യമല്ല	ഇല്ല	ഇല്ല
കലപ്പ	127	ലഭ്യമല്ല	-	6

കല്ല്യാശ്ശേരിയിൽ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും വിശദവിവരം പട്ടിക 5-1 ൽ കൊടുത്തിട്ടുണ്ട്.

ഈപട്ടിക കല്ല്യാശ്ശേരിയിലെ വളർത്തു മൃഗ സംഖ്യയിൽ അരനൂറ്റാണ്ടു കൊണ്ടുണ്ടായ മാറ്റം സൂചിപ്പിക്കുന്നു. കാളവണ്ടി കലപ്പ എന്നിവയുടെ ഉപയോഗം പ്രായേണ ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. മൃഗസമ്പത്തിൽ ഏറ്റവും പ്രധാനമായത് പശുക്കളുടെ വംശവർദ്ധനവാണെന്നിരിക്കെ, പഞ്ചായത്തിലെ സ്ഥിതി ആശാവഹമല്ല. അതുകൊണ്ടു തന്നെ ക്ഷീരവിപ്ലവം ഇന്നും വിദൂര സ്വപ്നമാണ്.

കൃഷിയിൽ വന്ന മാറ്റമാണ് കന്നുകാലി സമ്പ് കുറയുന്നതിനു പ്രധാന കാരണം. നെൽ കൃഷികുറഞ്ഞതോടെ വൈക്കോൽ കിട്ടാതായി. അയൽ സംസ്ഥാനമായ കർണ്ണാടകയിൽ നിന്ന് വൈക്കോൽ ലൊറി കളിൽ കൊണ്ടുവന്നാണ് പഞ്ചായത്തിന്റെ ആവശ്യം നിറവേറുന്നത് തെങ്ങിൻ തൊപ്പുകളിൽ വ്യാപകമായ തോതിൽ മുൻകാലങ്ങളിൽ മുതിരകൃഷി ചെയ്തി രുന്നു. ഇതിൽ സിംഹഭാഗവും കാളകളുടെ ഭക്ഷ്യാവശ്യം നിറവേറ്റുന്നതിന്നാണ് ഉപയോഗിച്ചു വന്നത്. ഉഴുന്ന് , മുതിര തുടങ്ങലയ പയർ വർഗ്ഗങ്ങളുടെ കൃഷികുറഞ്ഞത് മൃഗങ്ങളുടെ തീറ്റചെലവിൽ അമിതമായ വർദ്ധനവിന് ഇടയാക്കി ഇത് മൃഗസംമ്പത്ത് കുറയാൻ ഒരു കാരണമാണ്.

എരുമ, കാള, ആട് എന്നിവയുടെ എണ്ണത്തിലാണ് ഏറ്റവും വലിയ കുറവുണ്ടായിട്ടുള്ളത്. ചുരുങ്ങിയ ചെലവിൽ കൃത്രീമ ബീജം സങ്കലനത്തിലൂടെ സങ്കരയിനം കന്നുകാലികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ഊർജ്ജിതമാക്കിയതൊടെ, വിത്തുകാളകളുടെ എണ്ണത്തിൽ കാര്യമായ കുറവു വന്നു. കന്നുപൂട്ട് കുറഞ്ഞതും, കാളവണ്ടികളുടെ ഉപയോഗം കുറഞ്ഞതും കാരണങ്ങളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ടെങ്കിലും, എരുമ, ആട്, എന്നിവ കുറയുന്നതിന് പ്രത്യേകകാരണങ്ങൾ പറയാനില്ല. മൃഗപാലനത്തിൽ പൊതുവിൽ ജനങ്ങൾക്കുണ്ടായ വിമുഖതയാവാം ഇതിന് പിന്നിൽ

ക്ഷീരോല്പാദന മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ച കാണിക്കുന്നത് അറുപതുകളുടെ അവസാനമാണ് 40% വർദ്ധനവാണ് ഈ കാലഘട്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിൽ ഇരിണാവിലും തൊട്ടടുത്ത പഞ്ചായത്തായ പാപ്പിനിശ്ശേരിയിലും കീച്ചേ

രിയിലും പ്രവർത്തിച്ചിരുന്ന ബീജധാന കേന്ദ്രങ്ങളുടെ പങ്ക് നിർണ്ണായകം തന്നെ . എങ്കിലും അതിലേറെ പ്രാധാനമായ ഒരു സാമൂഹ്യമാറ്റമ ഇതിന് പിന്നിലുണ്ടെന്നു കരുതുന്നു. ഈ കാലഘട്ടത്തിലാണ് കർഷകർകക് കൃഷിഭൂമിയിൽ അവകാശം സ്ഥാപിച്ചെടുക്കാൻ സാധിച്ചത്. സ്വന്തമായി ഒരു തുണ്ട് ഭൂമിയും , ഒരു പശുവും, കൊച്ചു കുടുംബം എന്ന സങ്കല്പം യാഥാർത്ഥ്യമായതോടെയാണ് കന്നുകാലി സമ്പ ത്തിൽ നേരിയ വർദ്ധനവ് ഉണ്ടായത്.

വംശ വർദ്ധനവിൽ കുറവും വന്നെങ്കിലും പഞ്ചായത്തിലെ പശുക്കളുടെ പാലുല്പാദനക്ഷമത ദിവസം ഒരു ലിറ്ററിൽ നിന്ന് 4.77 ലിറ്ററായി ഉയരത്താൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കന്നാകാലി കർഷകന്റെ സാമ്പത്തിക നില ഇന്നും ദുർബലമാണെന്നു കാണാം വിശദാംശ ങ്ങൾ പട്ടിക 5-2 ൽ കാണാം

എന്നാൽ 1991 ലെ കാനേഷുമാരി കണക്കു പ്രകാരം മൃഗപരിപാലനവും മത്സ്യ ബന്ധനവും മുഖ്യതൊഴിലായി സ്വീകരിച്ച 145 പുരുഷന്മാരും 7 സ്ത്രീകളുമടക്കം 152 പേരാണ് പഞ്ചായത്തിലുള്ളത് . ഇത് മൊത്തം തൊഴിലെടുക്കുന്നവരുടെ 2.52% മാത്രമെ വരുന്നുള്ളു.

കന്നുകാലികളുടെ ഉൽപാദനക്ഷമത പരിശോദിച്ചാൽ ഈ രംഗം ആകർഷകമല്ലെന്നു കാണാം. കന്നുകാലികളിൽ 48.5% ലാഭത്തിലുമ 50.04% നഷ്ടത്തിലുമാണെന്ന് ഒരു പഠനം തെളിയിക്കുന്നു. നഷ്ടം സഹിച്ച് ഈ രംഗത്ത് പിടിച്ചു നിൽക്കാൻ സാധിക്കാതെവന്നതിനാൽ പലരും പശുവളർത്തൽ ഉപേക്ഷിക്കാൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ കഴിഞ്ഞ ഒമ്പതു വർഷത്തെ ബീജ ധാന നിരക്കു നോക്കിയാൽ 91.92 വരെ ഉയർച്ച ദൃശ്യമാണെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ കുറഞ്ഞുവരുന്നതായാണ് കാണുന്നുത്.

91-92 വരെ ശരാശരി 30.6% പുനർ ബീജ ധാനം നടന്നിരുന്നിടത്ത് , ഗവ: കൂടുതൽ സാമ്പത്തീക ബാധ്യത ഏർപ്പെടുത്തിയതോടെ , 92. 93 നു ശേഷം ഇത് 14.28 ശതമാനത്തിലേക്ക് താണതായി കാണാം . ഈ രംഗത്തെ നഷ്ടക്കച്ചവടവും എണ്ണം ചുരുക്കുവാൻ കർഷകരെ പ്രേരിപ്പിച്ചിരിക്കാം ബീജധാനം, പുനർ ബീജധാനം സംമ്പന്ധിച്ച കണക്ക് പട്ടിക 5-3 ൽ ചേർത്തിരിക്കുന്നു.

ഒന്നര വയസ്സിന്നു മുകളിലുള്ള കിടാരികളിൽ 53. 46% മദിയുടെ ലക്ഷണം കാണിക്കാത്തവയാണ് . കിടാരികളിൽ 10.94% ഉം നാലു വയസ്സിൽ കൂടുതൽ പ്രായമുള്ളതും ചന പിടിക്കാത്തവയുമാണ്.

കൃത്രിമ ബീജാധാനം മൂലം 55% കന്നുകാലികളെ മാത്രമെ ഇപ്പോഴും സങ്കരയിനമാക്കാൻ കഴിഞ്ഞട്ടുള്ളു പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന മൃഗാസ്പത്രിയുടെ സേവനം റെയിലിനു കിഴക്കുഭാഗത്തുള്ളവർക്ക് ഉപയോഗ പ്പെടുത്താൻ സാധിക്കാത്തത് മുഖ്യപ്രശ്നമാണ് റെയിൽ മുറിച്ചു കടക്കാൻ റോഡു സൗകര്യം

പട്ടിക 5-2 മാസ വരുമാനം

മാസവരുമാനം	കർഷകരുടെ എണ്ണം %
500 രൂപയിൽ താഴെ	32.70
500-1000	35.47
1000-2500	20.78
2500- 5000	9.88
5000 ന് മുകളിൽ	1.16

അവലംബം : മൃഗാശുപത്രിരേഖ

പട്ടിക 5-3

വർഷം	പ്രതിമാസ ബീജാധാനം	പ്രതിമാസ പുനർബീജാധാനം	ശതമാനം
88-89	933	324	34.72
89-90	1284	881	29.67
90-91	1525	424	27.8
91-92	1433	433	30.21
92-93	1024	149	14.55
93-94	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
94-95	890	137	15.13
95-96	874	113	12.92

മില്ലാത്തത് വിലങ്ങു തടിയായിനില്കുന്നു. റെയിൽവെ ക്രോസിങ്ങ് യാഥാർത്ഥ്യമായലേ മൃഗസംരക്ഷണ പ്രവർത്തനം മുഴുവൻ കർഷകരിലും എത്തിക്കാൻ സാധിക്കുകയുള്ളു.

1996 ലെ സെൻസസ് പ്രകാരം 190 വീടുകളിലായി 198 നായ്ക്കൾ വളരുന്നുണ്ട്. ഇവയ്ക്കെല്ലാം സൗജന്യകുത്തിവെപ്പും തിരിച്ചറിയൽ പട്ടയും നൽകിയിട്ടുണ്ട്. പഞ്ചായത്തുതന്നെ മുൻകൈ യെടുത്ത് ലൈസൻസുകളും നൽകിയിട്ടുണ്ട്.

പശുക്കളുടെ കുളമ്പുരോഗത്തിനെതിരായുള്ള പ്രതിരോധകുത്തിവെപ്പ് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്.

മുട്ടക്കോഴിവളർത്തുന്ന ഒരൊറ്റയൂണിറ്റുപോലും പഞ്ചായത്തിൽ ഇല്ല. വീട്ടുവളപ്പിൽ കോഴികളെ വളർത്തുന്ന രീതിയാണ് നിലവിലുള്ളത് ഇതിൽ 76.25% ഉം നാടൻ ഇനമാണ്. ഇറച്ചിക്കോഴി വളർത്തുന്ന 9 യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തി ക്കുന്നു. ഇവയിൽ സിംഹഭാഗവും ഇരിണാവു ഭാഗത്താണ്.

മൃഗസംരക്ഷണ വകുപ്പിന്റെ വകയായി പയ്യാട്ടത്ത് ഒരു കോഴിവളർത്തു കേന്ദ്രം കുറെ ക്കാലം പ്രവർത്തിച്ചിരുന്നു. കെട്ടിടം ഇപ്പോഴും നിലനിൽക്കു ന്നുണ്ടെങ്കിലും , പ്രവർത്തനം നിലച്ചിട്ടു വർഷങ്ങ ളായി

ഇപ്പോൾ മൃഗാസ്പത്രിപ്രവർത്തിക്കുന്ന കെട്ടിടം സൗകര്യം തീരെകുറഞ്ഞതാണ് . ജഎസി. ഡി. പി. സെൻററായിരുന്ന ഈ കേന്ദ്രം 1996 ജൂലൈ മാസത്തിലാണ് മൃഗാസ്പത്രിയായി പ്രവർത്തനം ആരംഭിച്ചത്. വളരെ പരിമിതമായ മരുന്നുകൾ മാത്രമെ ആസ്പത്രിയിൽ ലഭിക്കുന്നുള്ളു പേറ്റൻറ് ഔഷധം ഒന്നുപോലും ആസ്പത്രിയിൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ മൃഗചികിത്സ വളരെ ചെലവേറിയതായി രിക്കുന്നു.

ക്ഷീര വിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടുണ്ടെന്നു പറയാനാ വില്ല ആകെയുള്ളത് പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്ത് ഇരിണാവിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവ സായ സഹകരണസംഘമാണ്. ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല

കാലിത്തീറ്റയുടെ ദൗർലഭ്യമാണ് കന്നുകാലിവളർത്തുകാർ നേരിടുന്ന മറ്റൊരു പ്രശ്നം. കാലത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപാദന യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭി ക്കാൻ സാധ്യതയുണ്ട്. മൃഗാസ്പത്രി പ്രവർത്തനം ആരംഭിച്ചതിനുശേഷം നായ്ക്കൾക്കുള്ള പ്രതിരോധ ക്കുത്തിവെപ്പു, പശുക്കൾക്ക് കുളമ്പു രോഗത്തിനെതിരെയുള്ള പ്രതിരോധകുത്തിവെപ്പും , കന്നുകുട്ടിപരിപാലന പദ്ധതി പ്രകാരം ഏതാനും കന്നുകുട്ടികൾ

തീറ്റനൽകിയതും ഒഴിച്ചാൽ കർഷകർക്ക് മറ്റ് എടുത്തുപറയാവുന്ന നേട്ടങ്ങളൊന്നും ലഭിച്ചിട്ടില്ല.

ഗ്രാമസഭയിലെ ചർച്ചയിൽ ഉന്നയിച്ച പ്രശ്നങ്ങളും സാധ്യതകളും ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ :

1) പാലിനു ന്യായമായ വില ലഭിക്കുന്നില്ല.
2. പുല്ലിന്റെ ദൗർലഭ്യം വളരെ കൂടുതലാണ് . വൈക്കോൽ കാലിതീറ്റ അന്യ സംസ്ഥാനത്ത് നിന്നാണ് കൊണ്ടുവരുന്നത്.
3.പുൽകൃഷി പഞ്ചായത്തിൽ നാമമാത്രമാണു. ഇപ്പോൾ കൃഷിചെയ്യുന്നത്
4. കാലിത്തീറ്റ പിണ്ണാക്ക് ഇവയുടെ ഉയർന്ന വില നിരക്കും ഗുണമേന്മകുറവും കർഷകർഷ്ക്കറെ .ബുദ്ധിമുട്ടുണ്ടാക്കുന്നു.
5. കോഴിത്തീറ്റയുടെ ഉയർന്ന വിലകാരണം മുട്ടകോഴികളെ വളർത്തുവാൻ കഴിയുന്നില്ല.
6. നല്ലയിനം മുട്ടകോഴികളെ ലഭ്യമല്ല
7. പശുപരിപാലനം കൊണ്ടുള്ള വരു മാനത്തെ ആശ്രയിച്ച് മാത്രം കുടുംബത്തിനും പോലും മുന്നോട്ടു പോകുവാൻ കഴിയുന്നില്ല.
8. സങ്കരയിനം കന്നുകുട്ടിയെ വളർത്തി ബീജധാനം നടത്തിയെടുക്കുക ഇന്നുചില വേറിയ പദ്ധതിയാണ്
9. മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം എല്ലാ സമയത്തും ലഭ്യമല്ല.
10 ക്ഷീരവിപണനത്തിന് സൗകര്യങ്ങൾ പരിമിതമാണ്.

പരിഹാരമാർഗ്ഗങ്ങൾ , സാധ്യതകൾ

1. ഇരിണാവിൽ മൃഗാശുപത്രിയോട് അനുബന്ധമായ് ഉള്ള കെട്ടിടത്തിൽ രണ്ടുമാസം വരെയുള്ള മുട്ടകോഴികളെ വളർത്തി കർഷകർക്കുവിതരണം ചെയ്യുക. ഇതിൽ നിന്നു പഞ്ചായത്തിനുലഭിക്കുന്ന വരുമാനം മൃഗസംരക്ഷണ മേഖലയുടെ പുരോഗതിക്കായി ഉപയോഗിക്കുക.
2. ആറുമില്ലുകളിൽ നിന്നായി 360 കപിൻറൽ കൊപ്രാപിണ്ണാക്ക്, പ്രതിമാസം ഉല്പാദിപ്പിക്കുന്നുണ്ട്. ഇത് അടിസ്ഥാനമാക്കി ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരമഭിക്കുക.
3. തെങ്ങിൽ തോപ്പിൽ പുൽകൃഷി ചെയ്യാൻ പുൽവിത്തും വളവും സൗജന്യമായി വിതരണമ ചെയ്യുക.
4. ഒരു ആധുനിക അറവുശാല സ്ഥാപിക്കുക പാൽസൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യണം . ആവശ്യത്തിന് കറവകേന്ദ്രം സ്ഥാപിക്കണം.
6. കറവകേന്ദ്രങ്ങളിൽ ചികിത്സയും ബീജ ധാനവുമ സൗജന്യമായ് നൽകാൻ സംവിധാനം വേണം.
7. രോഗ നിയന്ത്രിത , പേവിഷനിയന്ത്രിത പഞ്ചായത്തായി കല്ല്യാശ്ശേരിയെ നിലനിർത്തുക.
8. ചികിത്സക്ക് അത്യാവശ്യമായ ഔഷധങ്ങളും വാക്സിനും സൗജന്യമായ് ലഭ്യമാക്കുക. കന്നുകാലികൾക്കുരോഗം മരണം മൂലമുള്ള നഷ്ടം നികത്തുന്നതിനുള്ള സ്തിരം സംവിധാനമ ഉണ്ടാക്കുക.
9. മൂന്നിൽ കൂടുതൽ പശുക്കളെ വളർത്തുന്നതിനാണ് ലാഭകരം . അതുകൊണ്ട് കർഷകർക്ക് ആവശ്യാനുസരണം ബാങ്കുവായ്പയും ധനസഹായവും ലഭിക്കുന്നതിന് പദ്ധതി വേണം മിനിഡയറി യൂണിറ്റുകൾ സ്ഥാപിക്കണം .
10. ഇറച്ചികോഴിവളർത്തുന്നവർക്ക് വിപണന സൗകര്യത്തിനായി സൊസൈറ്റി രൂപീകരിക്കുവാനുമുള്ള സാദ്ധ്യത കണ്ടെത്തണം.
11. ആടുവളർത്തൽ യൂണിറ്റ് സ്ഥാപിക്കുക.
12. 3-4 കോഴികളെ ഒന്നായിവളർത്തുന്നവർക്ക് കൂടും കോഴിയും നൽകുക.
13 . ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
14. കന്നുകുട്ടികൾക്കു കാലിത്തീറ്റ ലഭിക്കുന്ന പ്രത്യേക ഘടക പദ്ധതി തുടർച്ചയായ് നടപ്പാക്കണം
15. ഊർജ്ജിത കന്നാകാലി വികസന കേന്ദ്രം പഞ്ചായത്തിന്റെ മറ്റൊരു കേന്ദ്ര ത്തലേക്ക് മാറ്റി സ്ഥാപിക്കുക.
16. വൈക്കോൽ സമ്പുഷ്ഠം മാക്കി ചെറിയ കെട്ടുകളാക്കി സൊസൈറ്റി മുഖേന വിതരണം ചെയ്യുക.
17. ആശുപത്രിയിൽ ആധുനിക ഉപകരണങ്ങൾ ലാബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.

18. തുടർച്ചയായ ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കുക. വിജ്ഞാന വ്യാപന സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ഏർപ്പെടുത്തണം

19. ആല, ആധുനിക കറവ ഉപകരണങ്ങൾ മുതലായ ഉപയോഗിച്ചു ഈ രംഗം നവീകരിക്കുക.

20. ക്ഷീരസഹകരണ സംഘങ്ങളോടനുബന്ധിച്ച് പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

21. മുയൽ, പന്നി, താറാവ് എന്നിവ വളർത്തുന്നതിന് ചെറിയ ചെറിയ യൂണിറ്റുകൾ ആരംഭിക്കണം

22. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന 16.8 കി. മീറ്ററോളം നീളമുള്ള തോടുകൾ , 37 കുളങ്ങൾ , അതിർത്തിയിലൂടെ ഒഴുകുന്ന വളപട്ടണം പുഴയുടെ ഒരു ചെറിയ ഭാഗം ഇത്രയുമാണ് പഞ്ചായത്തിലേ ഉപരിതല ജല സ്രോതസ്സുകൾ. മത്സ്യബന്ധന സാധ്യതകൾ ഈ ജല സ്രോതസ്സുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. കൂടാതെ ചെമ്മീൻ കൃഷിക്ക് സാധ്യതയുള്ള 50 ഹെക്ടർ ചതുപ്പു നിലങ്ങളുമുണ്ട്.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ 39 പേരാണ് പഞ്ചായത്തിലുള്ളതെന്ന് സാമൂഹ്യ സാമ്പത്തീക സർവ്വെ വെളിപ്പെടുത്തുന്നു. ഇവരിൽ സ്വന്തമായി തോണിയും വലയും ഉള്ളവർ വളരെ കുറച്ച് പേരേയുള്ളു. ഇവരെല്ലാവരും തന്നെ പരമ്പരാഗത മത്സ്യബന്ധന രീതികളാണ് അവലംബിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെട്ടിരുന്ന മത്സ്യങ്ങളായ വരാൽ, മുഷു, പുല്ലൻ , ഇരിമീൻ, കൊയല, ചുട്ടാച്ചി, കടുവാ, മഞ്ഞോട്ട (ചംഗ്ളി) തുടങ്ങിയ പലതും ഇന്ന് വംശനാശം നേരിടുകയാണ്. പുഴയിൽ നിന്ന് കൂടുതലായി ലഭിക്കാറുള്ള മീനുകൾ ആറ്റുവരാൽ ചെമ്പല്ലി, ആറ്റുകൊഞ്ച് തുടങ്ങിയവയാണ്.

ഇവയുടെ വിപണനം പ്രാദേശികമായ തന്നെയാണ് നടത്തുന്നത് . മുൻ കാലങ്ങളിൽ മത്സ്യവിപണനം വൈകുന്നേരങ്ങളിൽ മാത്രമാണ് നടത്തിയിരുന്നത്. ഇന്ന് ഐസിന്റെ ഉപയോഗം വർദ്ധിച്ചതോടെ ഏത് സമയത്തും മത്സ്യം ലഭിക്കാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ മത്സ്യത്തിന്റെ ഉപയോഗം കൂടിയിട്ടുമുണ്ട്. പഞ്ചായത്തിൽ ഒരു ദിവസം ശരാശരി 1.2 ടൺ മത്സ്യം ആഹാരത്തിനായി ഉപയോഗിക്കുന്നുണ്ട് . ഇത്രയും മത്സ്യത്തിന് ഏകദേശം 30,000 രൂപ വിലവരുമെന്ന് കണക്കാക്കുന്നു. ചിലമാസങ്ങളിൽ മത്സ്യത്തിന്റെ അളവും, വില്പനയും ക്രമാതീതമായി വർദ്ധിക്കുന്നു. എന്നാൽ ഇത്രയും രൂപയുടെ മത്സ്യവിപണനം നടക്കുന്ന പഞ്ചായത്തിൽ ശാസ്ത്രീയമായി മത്സ്യവിപണനം നടത്താൻ ഒരു മത്സ്യമാർക്കറ്റ് മാത്രമേയുള്ളു. മറ്റിടങ്ങളിൽ പൊതുസ്ഥലങ്ങളിൽ വെച്ചാണ് വിപണനം നടത്തുന്നത് .

ഉൾനാടൻ മത്സ്യബന്ധന സാധ്യതകൾ ഫലപ്രദമായ ഇതുവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് ക്ഷയിച്ചുവരുന്നതും ഒരു പ്രശ്നമാണ് . മുപ്പത്തിയേഴോളം കുളങ്ങളുള്ള പഞ്ചായത്തിൽ ഉണ്ട്. എന്നാൽ വലിയ കുളങ്ങളെല്ലാം തന്നെ കുളിക്കാനു പയോഗിക്കുന്ന പൊതുകുളങ്ങളും, അമ്പലക്കുളങ്ങളോ ആണെന്നത് മത്സ്യകൃഷിയുടെ സാധ്യത കുറക്കുന്നു. പഞ്ചായത്തിലെ 11ാം വാർഡിൽ കാട്ടാമ്പള്ളി ചിറയിൽ രണ്ടുപ്രാവശ്യമായി ശുദ്ധജല മത്സ്യകൃഷിനടത്തിയിരുന്നു.

തെക്കുപടിഞ്ഞാറ് കപ്പക്കടവ് പ്രദേശത്തും വടക്കുപടിഞ്ഞാറ് മുങ്കം പ്രദേശത്തുമുള്ള ചതുപ്പു നിലങ്ങൾ ചെമ്മീൻ കൃഷിക്ക് ഏറ്റവും യോജിച്ച പ്രദേശമാണെന്ന് വിവിധ പഠനങ്ങൾ കാണിക്കുന്നു. (അവലംബം അഡാക്ക് സർവ്വെ) കണ്ടൽ ചെടികൾ ധാരാളമായുള്ള പ്രദേശം പ്രകൃതി ദത്തമായ ചെമ്മീൻ നഴ്സറികളായിവർത്തിക്കുന്നു. പരമ്പരാഗത രീതിയിൽ ചെമ്മീൻ കൃഷി നടത്തുന്ന 6 പേരാണി വിടെയുണ്ടായിരുന്നത്. അടുത്ത കാലത്തായി, ഏതാണ്ട് 15 ഏക്കർ വിസ്തൃ

തിയിൽ ശാസ്ത്രീയ ചെമ്മീൻ കൃഷി ആരംഭിച്ചിരിക്കുന്നു.


ചതുപ്പുനിലങ്ങളിലേ തുണ്ടവൽ ക്കരണം വൻതോതിൽ ചെമ്മീൻ കൃഷിക്കുള്ള സാധ്യതകൾ കുറക്കുന്നുണ്ട് . 62 പേരുടെ ഉടമ സ്ഥതയിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്. ചതുപ്പുനിലങ്ങളിൽ ഭൂരിഭാഗവും കണ്ണൂർ പവർപ്രൊജക്ടിന്റെ താപനിലയം പണിയുന്നതിനുവേണ്ടി നിർദ്ദേശി ക്കപ്പെട്ട സ്ഥലത്തായതിനാൽ ഈ പ്രദേശത്തെ മത്സ്യ വിഭവസാധ്യതകൾ അനിശ്ചിതാവസ്ഥയിലാണ്.

പ്രശ്നങ്ങൾ

1. ശുദ്ധജല മത്സ്യങ്ങൾ കുറഞ്ഞുവരുന്നു
2.പുതുമഴക്കാലത്ത് വംശവർദ്ധനവിന് വരുന്ന മത്സ്യങ്ങളെ പിടിച്ച് നശിപ്പിക്കുന്നു.
3. കുളങ്ങളിൽ മത്സ്യ കൃഷി നടത്താൻ താല്പര്യമുള്ളവർക്ക് മത്സ്യ കുഞ്ഞുങ്ങളെ ലഭിക്കാൻ പ്രയാസമുണ്ട്. ശുദ്ധജലമത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവർക്ക് ആവട്ടെ ഇവിടെ കുളങ്ങൾ ലഭ്യമല്ല.
4. മത്സ്യ വിപണനത്തിനുള്ള സൗകര്യം ഒരു സ്ഥല് മാത്രമാണുള്ളത്. മത്സ്യ വില്പന കേന്ദ്രങ്ങളിൽ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു.
5. പഴകിയ മത്സ്യങ്ങൾ വില്പന നടത്തുന്നു.
6. പരമ്പരാഗത ചെമ്മീൻ കൃഷിക്ക് പ്രോൽസാഹനമില്ല.

പരിഹാര സാധ്യതകൾ

1.ശുദ്ധജല ലഭ്യതക്കുറവും ക്രമാതീതമായ ഉപഭോഗവും മത്സ്യ ലഭ്യത കുറക്കുന്ന രണ്ട് ഘടകങ്ങളാണ് ശുദ്ധജലം മലിനമാക്കുന്നത് തടയണം . വംശവർദ്ധന സമയത്തുള്ള മത്സ്യബന്ധനം നിരോധിക്കേണ്ടതാണ്.
2.കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവർക്ക് കുളങ്ങൾ ലഭ്യമാക്കുകയും. അതിനു വേണ്ടുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ എത്തിച്ചു കൊടുക്കുകയും വേണം. ക്ലബുകളും മറ്റും ഇത്തരം ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകാം.
3. വീട്ടുവളപ്പിൽ അടുക്കളത്തോട്ടത്തിനോടൊപ്പവും , പച്ചക്കറിത്തോട്ടങ്ങളിലും ടാങ്കുകൾ നിർമ്മിച്ച് ശുദ്ധജല മത്സ്യകൃഷി നടത്താൻ വേണ്ടുന്ന സഹായ സഹകരണങ്ങൾ ചെയ്യണം
4 . പഞ്ചായത്തിലെ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുകയും അവ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യണം
5. പഴകിയ മത്സ്യത്തിന്റെ വില്പന ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ നിറുത്തലാക്കണം
6. ഓരുകയറ്റം മൂലം കുടിവെള്ളക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങളിൽ ശാസ്ത്രീയരീതിയെക്കാൾ പരമ്പരാഗത രീതിയിൽ ചെമ്മീൻ കൃഷി ചെയ്യുന്ന രീതിയാരിക്കും കൂടുതൽ മെച്ചം . കണ്ടൽ മരങ്ങൾ കൂടുതൽ വെച്ചുപിടിപ്പിക്കുന്നത് പ്രകൃതിദത്തമായ ചെമ്മീൻ കൃഷിക്ക് നല്ലതാണ്.





3.വ്യവസായം :-

സ്ഥായിയായ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണല്ലൊ വ്യവസായം.തകർന്നുകൊണ്ടിരിക്കുന്ന കാർഷീക മേഖലയും ക്രമാനുഗതമായി വളർന്നുകൊണ്ടിരി ക്കുന്ന സേവന മേഖലയും ചേർന്ന് സൃഷ്ടിക്കുന്ന വികസന അസന്തുലിതാവസ്തയും അതുവഴി സംജാതമായ രൂക്ഷമായ തൊഴിലില്ലായ്മയും പരിഹരിക്കണമെങ്കിൽ വ്യാവസായ മേഖല ദ്രുതഗതിയിൽ വളർന്നേപറ്റു. പ്രാദേശികമായി ലഭ്യമാവുന്ന വിഭവങ്ങളുടെ ബോധപൂർവ്വമായാ സമാഹരണത്തിലൂടെയും, നമ്മുടെ ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിച്ചു കൊണ്ടു, സങ്കീർണ്ണമായ പരിസ്ഥിതിയുടെ നിലനിൽപ്പിനെ കണക്കിലെടുത്തു കൊണ്ടുമുള്ള ഒരു സമീപനത്തിലൂടെ മാത്രമെ ഈ വളർച്ച കൈവരിക്കുവാൻ സാധിക്കുകയുള്ളു, അതോടൊപ്പം നമ്മുടെ സ്സ്കാരത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന അമിതമായ ഉപഭോഗ തൃഷ്ണയെയും കമ്പോളത്തിന്റെ കാപട്യങ്ങളെയും എതിരിടേണ്ടതുമുണ്ട്. സ്വാശ്രയത്വത്തിലൂന്നിയ ഒരു വികസന നയം ഇതിന്നുവേണ്ടി നാം വളർത്തി യെടുക്കണം ഈ യൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കല്ല്യാശ്ശേരിയിലെ വ്യവസായമേഖലയെ വിലയിരു ത്തുകയാണിവിടെ.

കല്ല്യാശ്ശേരിയിലെ വ്യാവസായിക മേഖല അന്നും ഇന്നും

പരമ്പരാഗതമായി കാർഷീക മേഖലയായിരുന്ന കല്ല്യാശ്ശേരിക്ക് ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വ്യാവസായിക ഭൂപടത്തിൽ കാര്യമായ യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. കുടിൽ വ്യാവസായമായി നടത്തപ്പെട്ടിരുന്ന ഏതാനും നെയ്ത്തു കേന്ദ്രങ്ങൾ മാത്രമായിരുന്നു അന്നു നിലവിലുണ്ടായിരുന്ന വ്യാവസായം പ്രസിദ്ധമായ മാങ്ങാടൻ തോർത്ത് ഈ നെയ്തു .കേന്ദ്രങ്ങളിൽ നിന്നാ യിരുന്നു ഉൽപാദിപ്പിച്ചിരുന്നത് . 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ , വാണിജ്യ വിളകൾക്ക് പ്രാധാന്യമേറിയതും സമീപ പഞ്ചായത്തുകളിൽ വലുതും ചെറുതുമായ വ്യവസായങ്ങൾ ആരംഭിച്ചതും.ഇവിടത്തെ ജനങ്ങളെയും ആകർഷിച്ചു.

ആധുനീക വ്യവസായ രംഗത്തേക്കുള്ള കല്ല്യാശ്ശേരിയുടെ മാറ്റം പ്രകടമാകുന്നത് 1958 ഓടെയാണ് കല്ല്യാശ്ശേരിയിലെയും പരിസര പ്രദേശങ്ങളിലെയും മൺപാത്രനിർമ്മാണ തൊഴിലാളികൾക്ക് മികച്ച സാങ്കേതിക സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മാങ്ങാട് സിറാമിക്സ് സർവീസ് സെൻററിന്റെ ശിലാസ്ഥാപനം നടക്കുന്നത് 1958 ലാണ് . 1966

പട്ടിക 6-1 തൊഴിലാളികളുടെ എണ്ണം

മേഖല	1991	1996
കൈത്തറി	494	654
കയർ	33	33
ബീഡി, മറ്റു പരമ്പരാഗത വ്യവസായം	148	182
കുടിൽ വ്യവസായം	96	86
ചെറുകിട ഫാക്ടറി	307	345
മറ്റുഫാക്ടറികൾ	602	622
റിപ്പേർ ഷോപ്പുകൾ	168	127
മറ്റുവ്യവസായങ്ങൾ	440	438
ആകെ	2288	2481

ൽ ഈ സ്ഥാപനത്തിൽ നിന്നും ഉൽപാദനം ആരംഭിച്ചു. സിറാമിക്സ് ടൈൽസ്, ക്രോക്കറി എന്നിവയുടെ നർമ്മാണത്തിലൂടെ നല്ല വിപണിയുണ്ടാക്കാൻ ഫാക്ടറിക്കു കഴിഞ്ഞു. തുടർന്ന് ഫയർബ്രിക്സ് നിർമ്മാണത്തിലേക്കു പ്രവേശിച്ചു വെങ്കിലും. മാനേജ്മെൻറിൻെറ കാര്യക്ഷമത യില്ലായ്മ കാരണം, ഇന്നത് അടച്ചുപൂട്ടിയിരിക്കുകയാണ്

1976 ലാണ് , ഒരു വൻകിട ഫാക്ടറി കല്ല്യാശ്ശേരിയിൽ സ്ഥാപിതമാവുന്നത് . കെൽ ട്രോണിൻെറ നാലു പ്രധാന യൂണിറ്റുകളാണിവ. പഞ്ചായത്ത് സംഭാവനചെയ്ത സ്ഥലത്താണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. തുടർന്നു മാങ്ങാട്ടു പറമ്പിലും സമീപപ്രദേശ ങ്ങളിലും ചെറുതുമ വലുതുമായ ധാരാളം വ്യാവസായ യൂണിറ്റുകൾ ആരംഭിച്ചു. കല്ല്യാശ്ശേരിയിലെ കൈത്തറി മേഖ ലയിൽ ജോലിചെയ്യുന്ന തൊഴിലാളികളെ സംഘടി പ്പിച്ച് കൈത്തറി തൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭി ച്ചതും വ്യാവസായ ത്തിലേക്കുള്ള പരിവർത്തന ത്തിൻെറ ആക്കം കൂട്ടി.

ഇന്ന് കല്ല്യാശ്ശേരിയിൽ 2481/ വ്യാവസാ യിക തൊഴിലാളികൾ വിവിധ തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നുണ്ട്. ഇത് പഞ്ചായ ത്തിലെ ആകെ തൊഴിൽ സേനയുടെ മൂന്നിലൊരുഭാഗം വരും.വിശദ വിവരം പട്ടിക പഞ്ചായത്തിലെ 1991ലെയും 96 ലെയും വിവിധമേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളി കളുടെ പട്ടിക 6-1 മുകളിൽ കൊടുത്തിരിക്കുന്നു.

കൈത്തറി, ഫാക്ടറി എന്നീ മേഖല കളിൽ തൊഴിലാളികുളുടെ എണ്ണം കൂടിവരുന്ന തായികാണാം. എന്നാൽ കുടിൽ വ്യാവസായങ്ങ ളിലേർപ്പെട്ടുവരുന്ന എണ്ണം കുറഞ്ഞു വരികയാണ്. ആകെ വ്യാവസായ തൊഴിലാളി കളുടെ എണ്ണം കൂടിവരുന്നുണ്ട്.

1995 ൽ 76 വ്യാവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ചെറുതും വലുതുമായ 105 വ്യാവസായ സ്ഥാപങ്ങളാണ് കല്ല്യാശ്ശേരിയിലുള്ളത്. ബ്ലോക്ക് ബോർഡ് നിർമ്മാണം ഫർണിച്ചർ നിർമ്മാണമ എന്നിരംഗ ങ്ങളിൽ കൂടുതൽ സ്ഥാപനങ്ങൾ തുടങ്ങി യിട്ടുണ്ട്. അതുപോലെ ഇലക്ട്രിക്കൽ വയറിംഗിനാവശ്യമായ ബെൻറ് പൈപ്പ് , ഡിറ്റർജൻറ് പൊടി, ടയർ റിസോളിംഗ് , സ്പ്രേ പെയിൻറിംഗ് തുടങ്ങിയ മേഖലകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രജിസ്ട്രർചെയ്തവയും കുടിൽ വ്യാവസായങ്ങ ളായും ഇവ നിലനിൽക്കുന്നു. 50 ൽ കൂടുതൽ ആളുകൾ ജോലിചെയ്യുന്ന 8 വ്യാവസായ

പട്ടിക 6-2 വ്യവസായ സ്ഥാപനങ്ങൾ

ക്രമ നമ്പർ	മേഖല	1995	1996
1	സോമിൽ	6	6
2	ബ്ലോക്ക് ബോർഡ്/ മരക്കമ്പനി	9	14
3	തീപ്പെട്ടി	1	1
4	ഫർണ്ണിച്ചർ	5	10
5	സഹകരണ നെയ്ത്ത് ശാലകൾ	5	5
6	സ്വകാര്യ നെയ്ത്ത് ശാലകൾ	2	3
7	ഗാർമെൻറ്സ്	2	2
8	ഹാൻവീവ് ഡയിംഗ്	2	2
9	എഞ്ചിനീയറിംഗ്	10	10
10	പ്രിൻറിംഗ് / ബുക്ക് ബൈൻറിംഗ്	4	5
11	പവർ ലൂം	4	4
12	ഓയിൽ മിൽ	2	6
13	ഫ്ളവർമിൽ	9	9
14	മോട്ടോർ വാഹന റിപ്പയറിംഗ്	2	2
15	പപ്പടം	-	2
16	അലൂമിനിയം ഫാബ്രിക്കേഷൻ	1	1
17	മോട്ടോർ ലീഫ്	1	1
18	ഇലക്ട്രിക് ഇസ്തിരിപ്പെട്ടി	1	1
19	സ്റ്റീൽ ഫർണിച്ചർ	-	1
20	റബ്ബർ ചപ്പൽ	-	1
21	സിമൻറ് ഗ്രിൽസ്	-	1
22	അപ്പോൾസ്റ്ററി	1	1
23	കെൽട്രോൺ യൂണിറ്റ്	4	4
24	ഖാദി ട്രെയിനിംഗ് സെൻറർ	2	2
25	ബീഡി യൂണിറ്റ്	1	1
26	സിറാമിക്സ് സർവ്വീസ് സെൻറർ	1	1
27	ബെൻറ് പൈപ്പ്	-	2
28	ക്ലീനിംഗ് മെറ്റീരിയൽ	-	1
29	സ്പ്രേ പെയിൻറിംഗ്	-	1
30	ടയർ റിസോളിംഗ്	-	1
31	ഐസ് കാൻഡി	-	2
32	ബോഡി ബിൽഡിംഗ്	-	1
33	അലക്കുപൊടി	-	1
34	കുമ്മായ ചൂള	1	-
	ആകെ	76	105

സ്ഥാപനങ്ങൾ മാത്രമേ ഉള്ളു.

ഇതിൽ സ്റ്റാമിനാ സ്റ്റിൽ, കുമ്മായ ചൂള എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മാങ്ങാട് കാർപ്പെൻററി സൊസൈറ്റി യുടെ മരവും പണിസാധനങ്ങളും വൈദ്യുതി ഷോർട്ട് സർക്യൂട്ടുമൂലം കത്തിനശിക്കുക യുണ്ടായി. ചെറുകിട വ്യാവസായങ്ങളിൽ ചിലത് സ്വയം തൊഴിൽ എന്നനിലയിൽ പ്രവർത്തിക്കുന്ന വയാണ്.

വ്യാവസായങ്ങളുടെ ഇന്നത്തെനില

1.പരമ്പരാഗത വ്യാവസായങ്ങൾ : - കൈത്തറി, ബീഡി, കയർ എന്നി പാരമ്പര്യ വ്യവസായ ങ്ങളാണ് കല്ല്യാശ്ശേരിയിലുള്ളത്. ചരിത്രപരമായ സവിശേഷ തകളുള്ള കണ്ണൂർ ജില്ലയിലെ കൈത്തറി വ്യവസായങ്ങളിൽ സഹകരണ രംഗത്തുള്ള 5 സൊസൈറ്റികളിൽ നെയ്ത് നടക്കുന്നു. വളരെ നല്ല നിലയിൽ പ്രവർത്തി ക്കുന്നവയാണിവ. സംഘടി തമായ ഡയിംഗ് യൂണിറ്റുകളുടെ അഭാവം, പരിശീലനം ലഭിച്ചിട്ടില്ലാത്ത തൊഴിലാളികൾ , വിദഗ്ധ തൊഴിലാളികളെ വളർത്തിയെടുക്കാത്ത നില എന്നിവ ഈ മേഖലയിലെ ന്യൂനതയാണ് . ഈ വ്യാവസായങ്ങളുണ്ടാക്കുന്ന മലിനീകരണം പ്രശ്നമായി ഉയർന്നുവരുന്നുണ്ട്.

ബീഡി രംഗം തകർച്ചയെ നേരിട്ട് കൊണ്ടിരി ക്കുകയാണ് ശക്തമായ പുകവലി വിരുദ്ധ പ്രചാരണ ങ്ങളും നീളം കുറഞ്ഞ സിഗരറ്റിൻെറ ഏക്സൈസ് തീരുവ കുറച്ചതും ബീഡി വിപണിയെ തളർത്തി യിട്ടുണ്ട് ദിനേശബീഡി സഹകരണ സംഘം വൈദ്യുവൽ ക്കരണ പ്രവർത്തനങ്ങൾ തുടങ്ങി യിട്ടുണ്ട്.

തേങ്ങയുടെ അഴുകിയ തൊണ്ടിൽ നിന്നും ചീകരിനാര് ഉല്പാദിപ്പിക്കുകയും കയറുണ്ടാക്കുന്ന തിനായി മറ്റു ജില്ലകളിലേ ക്കയച്ചുകൊടുക്കുകയും ചെയ്യുന്ന പ്രവർത്തന മാണ് കയർമേഖലയിൽ നടക്കുന്നത് ഇതും ആശാവഹമാല്ല ട്രെയിനിംഗ് സെൻറർഎന്ന നിലയിൽ തുടങ്ങിയ ഖാദിയുടെ രണ്ട് യൂണിറ്റുകൾ ഇപ്പോൾ അടച്ചുപൂട്ടലിൻെറ വക്കത്താണ്.

ഹാൻറ് വീവിൽ വേണ്ടി കൈത്തറി നെഡിമെയ്ഡുകൾ തയ്ച്ച് കൊടുക്കുന്ന കരാർ ജോലിയാണ് മാങ്ങാട്ട് ഉള്ള സഹകരണ ഗാർമൻറ് യൂണിറ്റ് ചെയ്യുന്നത്. സ്വകാര്യ ഉടമസ്ഥ തയിലുള്ള രണ്ട് സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തക്കുന്നു.

. മരവ്യാവസായങ്ങൾ :- പാക്കിംഗ്കെയ്സുകളും മറ്റും ഉണ്ടാക്കുന്ന സൊ- മില്ലുകൾ, ബ്ലോക്ക് ബോർഡ് യൂണിറ്റുകൾ , ഫർണിച്ചർ നിർമാണ യൂണിറ്റുകൾ , തീപ്പെട്ടികമ്പനി എന്നിവയാണ് പ്രധാന മരവ്യവ സായങ്ങൾ , അസംസ്കൃത പദാർത്ഥങ്ങൾ കൃത്യമായി ലഭിക്കാത്തതിനാൽ ഇവയൊന്നു പൂർണ്ണമായി പ്രവർത്തിക്കു ന്നവയല്ല ഫർണ്ണിച്ചർ മേഖലയിലാണ് അല്പമെങ്കിലും പുരോഗതിയുണ്ടായിട്ടുള്ളത്.

മറ്റ് ചെറുകിട വ്യവസായങ്ങൾ :- എഞ്ചിനീയറിംഗ് മേഖലയിലു ള്ളസ്ഥാപന ങ്ങളെല്ലാം കെട്ടിട നിർമ്മാണ വുമായി ബന്ധപ്പെട്ട ഗ്രിൽസുകളുടെ ജോല ചെടത്തുന്ന വയാണ് . അലൂമിനിയം ഫാബ്രിക്കേഷൻ കമ്പനിയും കെട്ടിടനിർമാണവുമായി ബന്ധ പ്പെട്ട ജോലിയാണ് പ്രധാനമായും ചെയ്യുന്നത്. ഇലക്ട്രിക്കൽ അയേൺ ബോക്സുകൾ നിർമ്മി ക്കുന്നു സ്കിൽഡെക് അപ്ലയൻസ് എന്ന സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

കെൽട്രോൺ യൂണിറ്റുകൾ :- പഞ്ചായത്തിനക് കേരള സർക്കാർ ഉടമസ്ഥതയിലുള്ള കെൽട്രോ ണിൻെറ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പുത്തൻ സാമ്പത്തീക നയത്തിനെ തുടർന്ന് ഈ യൂണിറ്റുകളുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ട് കെൽട്രോൺ ക്രിസ്റ്റൽസ് ലി, കെൽട്രോൺ മാഗ്നെറ്റിക്സ് ലി: എന്നിവ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ഇലക്ട്രോ ലൈറ്റിക് കപ്പാസിറ്റ റുകൾ ഉണ്ടാക്കുന്ന ഏഷ്യയിലെ ഒന്നാം നമ്പർ കമ്പനിയായ കെൽട്രോൺ കോം പോണൻറ് കോംപ്ലക്സിന് ഐ. എസ്. ഒ -9000 സർടിഫിക്കറ്റ് ഗുണമേന്മാ സർട്ടിഫിക്കറ്റ്) ലഭിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ പൂർതിയായിട്ടുണ്ട് . മോട്ടോർ റൺ കപ്പാസിറ്ററുകൾ ഈ വർഷം ഉൽപ്പാദനം തുടങ്ങി1/4 വാട്ട് , 1/8 വാട്ട് റസിസ്റ്ററുകൾ ഡിസംബർമാസത്തോടെ വിപണിയി ലിറക്കും

പട്ടിക 6-3 വ്യവസായ തൊഴിലാളികൾ മേഖല തിരിച്ച്

മേഖല	തൊഴിലാളികൾ	ശതമാനം
കൈത്തറി	654	26.36
കയർ	33	1.33
ബീഡി,	147	5.93
മറ്റു പരമ്പരാഗത വ്യവസായങ്ങൾ	35	1.41
കുടിൽ വ്യവസായം	86	3.47
ചെറുകിട വ്യവസായം	345	13.91
മറ്റുവ്യവസായങ്ങൾ	622	25.07
റിപ്പേർ ഷോപ്പുകൾ	127	5.12
മറ്റുവ്യവസായ മേഖലകൾ	432	17.40
ആകെ	2481	100

വ്യവസായ വികസന സാദ്ധ്യതകൾ:-
നമ്മുടെ പഞ്ചായത്തിൽ തന്നെ ലഭ്യമായ വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വിപണന സാദ്ധ്യത ഉള്ളതും കൂടുതൽ പേർക് തൊഴിൽ നൽകുന്നതുമായ ചെറുകിട വ്യാവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിരവധി നിർദേശങ്ങൾ വാർഡ് തല ഗ്രാമസഭകളിൽ ഉയർന്നുവരിക യുണ്ടായി- നിലവിലുള്ള വ്യാവസായ സ്ഥാപന ങ്ങൾ ശക്തിപ്പെടുത്തിയും പുതിയ മേഖലകളിൽ വ്യാവ സായങ്ങളാരംഭിച്ചും കുറേ തൊഴില വസരങ്ങൾ പഞ്ചായത്തിനക് തന്നെ ഉണ്ടാക്കാൻ കഴിയും

പ്രധാന മേഖലകൾ

1. റെഡിമെയ്ഡ് വസ്ത്ര നിർമാണം:- പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൈത്തറി സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ വിപുലമായ റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റിന് സാദ്ധ്യത ഉണ്ട്. യുവതി യുവാക്കളായ അനേകം തൊഴിലാന്വേഷകർക്ക് തൊഴിൽ നൽകാനുപയുക്തമായ ഇത്തരം യൂണിറ്റിന്റെ വിപണി പഞ്ചായത്തിൽ തന്നെ കണ്ടെത്താൻ കഴിയും

2. നോട്ടുബുക്ക് നിർമ്മാണം :- പഞ്ചായത്തിലെ മുഴുവൻ സ്കൂളുകൾക്കും നോട്ട് ബുക്കുകൾ നൽകാൻ കഴിയുന്ന നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്, ബുക്ക് ബൈൻറിംഗ് യൂണിറ്റ് എന്നിവയും തൊഴിൽ സാദ്ധ്യതയുണ്ടാക്കാ വുന്ന മേഖലയാണ്.

3. ഇലക്ട്രോണിക്സ് / ഇലക്ട്രിക്കൽ മേഖല :-കേന്ദ്രീകൃത രൂപത്തിൽ ഇലക്ട്രോ ണിക്സ് / ഇലക്ട്രിക്കൽ സാധനങ്ങളുടെ സർവ്വീസ് നടത്തുന്നതിനും അസംബ്ലിംഗിനും ഉള്ള സ്ഥാപനങ്ങൾ പഞ്ചായത്തിലെ രണ്ട് കേന്ദ്രങ്ങളിൽ ആരംഭിക്കാം അഭ്യസ്ഥവിദ്യരായ അനേകം യുവതിയുവാക്കൾക്ക് ജോലി ലഭിക്കാൻ ഇത്തരം കേന്ദ്രം സഹായകമാകുന്നു ഇലക്ട്രോണിക്സ് ചോക്ക്, സ്റ്റെപ്അപ്പ് , എന്നിവ ഏറെ വിപണന സാദ്ധ്യതയുള്ള വയാണ് - പ്ളംബിംഗ് , മോട്ടോർ വൈൻറിംഗ് എന്നിവയും തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണ്. ഇലക്ട്രോണിക്സ് മേഖലയിൽ റേഡിയോ അസംബ്ലിംഗ്, ടി. വി. അസംബ്ലിംഗ് എന്നിവയിൽ ട്രെയിനിംഗ് നൽകാനും ഇത്തരം സ്ഥാപനത്തിന് സാധിക്കും

4. മോട്ടോർ എഞ്ചിനീയറിംഗ് വിഭാഗം :-രാജ്യത്ത് വളരെ വേഗം വളരുന്ന മേഖലയാ ണിത് സ്വകാര്യമേഖലയിൽ 2 യൂണിറ്റുകൾ പഞ്ചായത്ത് അതിർത്തിയിലുണ്ട് ഈ മേഖലയിൽ

ഇനിയും വെഹി ക്കിളുകളുടെയും ഇരുചക്ര-ത്രിചക്ര വാഹനങ്ങളുടെയും റിപ്പേറിംഗ്, സർവീസിംഗ് എന്നിവ നടത്തുന്ന സ്ഥാപനങ്ങൾക്ക് വലിയ സാധ്യത ഉണ്ട് . ഓട്ടോ മൊബൈൽ റിപ്പേറിം ഗിനുള്ള ട്രെയിനിംഗ് സെൻറായും ഇത് ഉപയോഗി ക്കാവുന്നതാണ്.

5. സോപ്പ് യൂണിറ്റ്:- ദേശീയ അന്തർ ദേശീയ കുത്തകകൾ വിപണി അടക്കി വാഴുന്നെങ്കിലും പ്രാദേശീകമായി നിർമ്മിക്കുന്നു അലക്ക് സോപ്പിന് നാട്ടിൽ പ്രിയമുണ്ട് പഞ്ചായത്തിൽ ഒരു സോപ്പു നിർമ്മാണ യൂണിറ്റ് തുടങ്ങാ വുന്നതാണ്.

6. കാലിത്തീറ്റ നിർമ്മാണം :- പഞ്ചായത്തിൽ ലഭിക്കുന്ന പിണ്ണാക്കും സമീപപ്രദേശത്ത് നിന്ന് സംഘടിപ്പിക്കാൻ കഴിയുന്ന മറ്റ് അസംസ്കൃത പദാർത്ഥങ്ങളും സ്വരൂപിച്ച് കാലിത്തീറ്റ നിർമിക്കുന്ന ഒരു സ്ഥാപനം തുടങ്ങയാൽ മാർക്കറ്റിംഗിന് വിഷമമുണ്ടാവില്ല.

7.തെങ്ങ് അടിസ്ഥാനമായുള്ള വ്യാവസായങ്ങൾ :-തെങ്ങ് അടിസ്ഥാനമായി അനേകം ഉല്പന്നങ്ങൾ നിർമിക്കാവുന്ന യൂണിറ്റ് തുടങ്ങാം പച്ച തൊണ്ടിൽ നിന്നും നാര് നിർമിക്കുന്ന സാങ്കേതിക വിദ്യ ഇപ്പോൾ ലഭ്യമാണ് . യന്ത്രവൽകൃത കയർപിരി യന്ത്രം മാർക്കറ്റിൽ സുലഭമാണ് കയർ നിർമാണം സുഗമമാക്കുന്ന ഘടകങ്ങളാണിവ. തെങ്ങിൽ തടി ഫർണിച്ചർ വ്യാവസായത്തിനുപയോ ഗിക്കാം.

വിനാഗിരി ശീതളപാനിയം എന്നി വയും തേങ്ങവെള്ളത്തിൽ നിന്നും നിർമ്മിക്കും നിയന്ത്രിത അളവിൽ ചിരട്ട കത്തിച്ചുണ്ടാക്കുന്ന കരി ആക്ടിവേറ്റഡ് കാർബൺ എന്ന നിലയിൽ ഏറെ വ്യാവസായിക സാദ്ധ്യതയുള്ള ഒരു ഉല്പന്നമാണ് പൊളിക്കാത്ത തേങ്ങയിൽ നിന്നും കൊപ്രയുണ്ടാക്കുന്ന ഫർണ സ്സുകൾ ലഭ്യമാണ്

8. സിമൻറ് കൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ

സിമൻറ് അടിസ്ഥാന ഘടകമായുപ യോഗിച്ച് ഹോളോ ബ്രിക്സ്, ജനൽ, കട്ടില എന്നി നിർമാണ സാധനങ്ങൾ ഉണ്ടാക്കുന്ന തിനുള്ള ഒരു യൂണിറ്റിന് പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്.


9. കൈത്തറി ട്രെയിനിംഗ് :- ഖാദിയുടെ രണ്ട് ട്രെയിനിംഗ് സെൻററുകൾ ഉപയോഗപ്പെടുത്തി കൈത്തറി മേഖലക്കാവശ്യമായ തൊഴിലാളി കളെ പരിശീലിപ്പിച്ചെടുക്കാനുള്ള ആസൂത്രിത മായ ശ്രമങ്ങൾ നടത്തണം കൈത്തറി മേഖല യിലെ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ മാറ്റിയെടുക്കാ നാകും ഡിസൈനിംഗ്, ഡയിംഗ് എന്നീ രംഗങ്ങളിൽ പുതിയ തൊഴിലാളികളെ വളർത്തിയെടക്കുകയും വേണം.

10.സിറമിക്ക് സ് സർവീസ് സെൻറർ :- പ്രൊഡക്ഷൻ സെൻറർ ആയി ഉയർത്തി ക്ലോസറ്റ്, ടൈൽസ്, എന്നിവയടക്കം നിർമ്മിക്കു ന്നതിനുള്ള വിപുലീ കരണ പ്രവർത്തനങ്ങൾ നടത്തണം.

11. കുമ്മായം :- നാട്ടിൽ അന്യമായികൊണ്ടി രിക്കുന്ന ഒരു ഉല്പന്നമാണിത് . അസംസ്കൃത പദാർത്ഥം യഥേഷ്ടം ലഭിക്കാനുണ്ടെങ്കിലും പഴഞ്ചൻ നിർമാണ രീതി പരിസരമലിനീകരണം വരുത്തിവെക്കുന്നുണ്ട് ആധുനീകരീതി യിലുള്ള ചൂളകൾ നിർമിച്ച പരിസരമലിനീ കരണം നിയന്ത്രിച്ച് കൊണ്ടുള്ള ഒരു കുമ്മായ ചൂളക്ക് സാദ്ധ്യതയുണ്ട് നാട്ടിൽ വേരുറച്ചിട്ടുള്ള സമ്മുകളേക്കാൾ മെച്ചമേറിയ കുമ്മായത്തിൻെറ മാർക്കറ്റ് തിരിച്ച് പിടിക്കാവുന്നതാണ്.

12. വ്യവസായ കോംപ്ലക്സ്

ചെറുകിട വ്യാവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തി ൻെറതായ വ്യാവസായ കോംപ്ളക്സുകൾ നിർമിക്കു കയും വ്യവസായ സംരംഭകർക്ക് ചുരുങ്ങിയ വാടകക്ക് നൽകുകയും വേണം അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം എന്നിവ ഇവിടെ ലഭ്യമാക്കുകയും വേണം . പ്രാരംഭ സൗകര്യങ്ങൾക്കായി മുടക്ക് മുതൽ ചെലവഴിക്കുകയും അസംസ്കൃത സാധനങ്ങൾ വാങ്ങാൻ ഫണ്ടില്ലാതെ വിഷമിക്കുകയും ചെയ്യുന്ന ചെറുകിട വ്യാവസായ സംരംഭകർക്ക് ഇത് ഏറെ സഹായകരമായിരിക്കും.



4.ഗതാഗതം - ഊർജ്ജം

1. ഗതാഗതം

വളരെ വിപുലമായ റോഡ് ശൃംഖലയുള്ള കല്ല്യാശ്ശേരി പഞ്ചായത്തിൽ മൊത്തം 78 കി. മീറ്റർ റോഡുകളുണ്ട്. ഇതിൽ 3. 4 കി. മീ. ദേശീയ പാതയാണ്. 1928 ലെ കണക്കു പ്രകാരം 7.6 കി.മീ. റോഡാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിനുപുറമേ ഇന്നു കല്ല്യാശ്ശേരിയിലുള്ള റോഡുകൾ മുഴുവൻ പണ്ടുകാലത്തു ഇടവഴികളും, നടപ്പാതകളുമായിരുന്നു. 1958-63 കാലഘട്ടത്തിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. കെ. വി. നാരായണൻ നമ്പ്യരുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ കർമ്മശേഷി ഉപയോഗപ്പെടുത്തി വ്യാപകമായ തോതിൽ ശ്രമദാനം സംഘടിപ്പിച്ച് നിർമ്മിച്ചവയാണ്. ഇവയിൽ ഭൂരിഭാഗം റോഡുകളും. പഞ്ചായത്തിലെ ഇരിണാവ് ഭാഗത്തുള്ളവർക്ക് തൊട്ടടുത്ത പ്രദേശമായ വളപട്ടണം, ചെറുകുന്ന് മാട്ടൂൽ (അന്ന് ഇരിണാവ് പഞ്ചായത്ത്) എന്നീ പഞ്ചായത്തുകളുമായി ബന്ധപ്പെടുന്നതിന് യഥാക്രമം കപ്പക്കടലിലെയും, മുണ്ടംകടവിലെയും മടക്കരയിലെയും കടത്തുതോണികളെയാണ് ആശ്രയിച്ചിരുന്നത്. കാലക്രമത്തിൽ നടവഴികളും, ഇടവഴികളും റോഡുകളായി മാറുകയും റോഡ് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തപ്പോൾ കടത്തുതോണികൾ അപ്രത്യക്ഷമായി.

കണ്ണൂർ മംഗലാപുരം റെയിൽപാത പയ്യട്ടം വഴി കടന്നു പോകുന്നു. പഞ്ചായത്തിലെ പറയിൽ പാതയുടെ നീളം 2.5 കി. മീ. ആണ്. ഈ റെയിൽപാത പഞ്ചായത്തിനെ രണ്ടായി ഭാഗിക്കുന്നു. മടക്കരയിൽ നിന്നും കല്ല്യാശേരിയിൽ നിന്നുമുള്ള റോഡുകൾ പയ്യട്ടത്ത് റെയിലിനിറെ ഇരു ഭാഗത്തുമായി വന്നു നിൽക്കുന്നതു കാരണം ഫലത്തിൽ പഞ്ചായത്തിനെ രണ്ടായിമുറിക്കുന്ന റെയിലിന് ലെവൽ ക്രോസിങ്ങ് ഇല്ലാത്തതു കാരണം കല്ല്യാശേരിയിൽ നിന്നുള്ളവർ ഇരിണാവിൽ പോകാൻ പാപ്പിനിശേരി പഞ്ചായത്തിൽ കൂടി 7 കി. മീ. ദൂരം കൂടുതൽ സഞ്ചരിക്കേണ്ടി വരും. അതുപോലെ ഇരിണാവിലുള്ളവരും പാപ്പിനിശേരിയിൽ കൂടി ചുറ്റി

സഞ്ചരിക്കേണ്ടി വരുന്നു. പഞ്ചായത്തിന്റെ സുഗമമായ ഗതാഗത സൗകര്യത്തിന് റെയിൽ ഒരു തടസ്സം തന്നെയാണ്.

പയ്യട്ടത്ത് റെയിവെ് ലെവൽ ക്രോസിങ്ങിന് വേണ്ടിയുള്ള ജനങ്ങളുടെ ആവശ്യം. വർഷങ്ങളോളം പഴക്കമുള്ളതാണ്. ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ ഈ ആവശ്യം പലതവണ ഉന്നയിച്ചുവെങ്കിലും ഇതു വരെ നടപ്പിലാ യിട്ടില്ല. 1995 ൽ റെയിവെ മന്ത്രാലയത്തിന്റെ മുമ്പാകെ ഈ ആവശ്യം സജീവമായി തന്നെ ഉന്നയിക്കുകയും ക്രോസിങ്ങ് അനുവദിക്കാൻ ധാരണയാവുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നടപടി തടസ്സപ്പെട്ടു. ലെവൽ ക്രോസ്സിങ്ങ് സ്ഥാപിക്കുന്നതിനുള്ള മൊത്തം എസ്റ്റിമേറ്റ് തുകയായ 8 ലക്ഷം രൂപ കെട്ടിവെക്കുകയും വർഷം തോറും ഗ്രാൻറായി ഒന്നര ലക്ഷം രൂപ വീതം അടക്കുവാനുള്ള സമ്മതപത്രം പഞ്ചായത്ത് റെയിവെ മന്ത്രാലയത്തിന് കൈമാറുകയും ചെയ്താൽ റെയിവെ ക്രോസിങ്ങ് അനുവദിക്കാമെന്ന് രണ്ടു മാസം മുമ്പ് റെയിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. താരതമ്യേന വരുമാനം കുറവായ പഞ്ചായത്തിന് ഈ ഭീമമായ സാമ്പത്തിക ബാധ്യത താങ്ങാനാവുന്നതിനും കൂടുതലാണ്.

പഞ്ചായത്തിന് ഭീമമായ സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന ഈ തീരുമാനം പുന:പരിശോധിക്കണമെന്നും ക്രോസിങ്ങ് റെയിൽവെ വകുപ്പിന്റെ വകയായിനിർമ്മിച്ചു തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും നിവേദനം നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 78 കി. മീ. റോഡുകളിൽ 21. 480 കി. മീ. ടാറിട്ടതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിന്റെ നീളം 58. 11 കി. മീ. ആണ്. ഇതിൽ 8 കി. മീ. മാത്രമാണ് ടാറിട്ടത്. റോഡിന്റെ പട്ടിക 7-1 കൊടുക്കുന്നു.

പഞ്ചായത്തിലെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി മോശമാണ്. കോലത്തുവയൽ പ്രദേശത്തുള്ള ടാറിടാത്ത റോഡുകളുടെ സ്ഥിതിയാണ് താരതമ്യേന കൂടുതൽ മോശമായിട്ടുള്ളത്. ആവശ്യത്തിന് ഓവുച്ചാലുകളില്ലാത്തതും, സാമ്പത്തിക ബുദ്ധിമുട്ടുകാരണം യഥാസമയം അറ്റകുറ്റപ്പണി ചെയ്യാത്തതുമാണ് ഇതിനുകാരണം. തീരസമതല പ്രദേശത്തും താഴ്വര പ്രദേശത്തും നിർമ്മിച്ച റോഡുകൾ പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. കൃഷി ഭൂമി നികത്തി കെട്ടിടങ്ങൾ പണിയുന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടിയത് ഈ റോഡുകളായിരുന്നു. റോഡിനു ചേർന്ന് മതിൽ നിർമ്മിക്കുന്നതുകാരണം ഓവുചാൽ നിർമ്മിക്കാൻ പ്രയാസം നേരിടുന്നു. ആവശ്യമായ സ്ഥലങ്ങളിൽ കൾവർട്ട് ഇല്ലാത്തതു കാരണം ചില പ്രദേശങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നു.

മുൻകാലങ്ങളിൽ ചരക്കുകടത്തിനും; യാത്രയ്ക്കുമായി കാളവണ്ടികൾ ഉപയോഗിച്ചിരുന്നുവെങ്കിലും പഞ്ചായത്തിൽ ഒരിടത്തും ഇപ്പോൾ കാളവണ്ടികൾ ഉപയോഗിക്കുന്നില്ല. ചെറിയ ദൂരങ്ങളിലേക്ക് സാധനങ്ങൾ കടത്തുന്നതിന് ഉന്തുവണ്ടികൾ ഉപയോഗിക്കുന്നു. പണ്ടുകാലത്ത് തലച്ചുമടായിട്ടായിരുന്നു സാധനങ്ങൾ കൊണ്ടുപോയിരുന്നത്. ഇങ്ങനെ കൊണ്ടുപോകുമ്പോൾ ചുമടിറക്കിവെച്ച് ക്ഷീണം മാറ്റുന്നതിന് വഴിയോരങ്ങളിൽ ചുമടുതാങ്ങികൾ ഉണ്ടായിരുന്നു. ധർമ്മശാലയിൽ ചുമടുതാങ്ങിയും കുടിനീർ വിഴ്ത്തുകേന്ദ്രവും (തണ്ണീർ പന്തൽ) ഉണ്ടായിരുന്നത് ഇന്നും നിലനില്ക്കുന്നുണ്ട്. പാളിയത്ത് വളപ്പിലുണ്ടായിരുന്ന "തണ്ണീർ പന്തൽ" ഇന്ന് നിലവിലില്ല. എന്നാൽ ചുമടുതാങ്ങി നിലവിലുണ്ട്. ഗതാഗതം സൗകര്യം വർദ്ധിച്ചതോടെ ഇത്തരം ചുമടുതാങ്ങികൾ ആരും ഉപയോഗപ്പെടുത്തുന്നില്ല. മറ്റു പ്രദേശങ്ങളിലുണ്ടായിരുന്ന ചുമടുതാങ്ങികൾ പൊളിച്ചു മാറ്റുകയും ചെയ്തു. പഞ്ചായത്തിൽ ബസ്സ്റ്റാന്റോ ഓട്ടോറിക്ഷ സ്റ്റാന്റോ ഇല്ല. ഇരിണാവ് റോഡ് ജങ്ഷൻ അഞ്ചാംപീടിക, കല്ല്യാശ്ശേരി, മാങ്ങാട് എന്നിവിടങ്ങളിൽ ഓട്ടോറിക്ഷകളും ജീപ്പുകളും പാർക്ക് ചെയ്യുന്നു.

കൊയ്ത്തു കഴിഞ്ഞാൽ കറ്റകൾ കെട്ടുകൾ കെട്ടുകളാക്കി എത്ര ദൂരമുണ്ടായാലും തലച്ചുമടായി കൊണ്ടു വന്നിരുന്ന രീതി ഇന്ന് തീരേ അസ്തമിച്ചിരിക്കുന്നു. കറ്റകൾ തലച്ചുമടായി കൊണ്ടു വരുന്നതിനുപകരം ഭൂരിഭാഗവും വാഹനങ്ങളിലാണ് കടത്തുന്നത്. കാളവണ്ടികളുടെ സ്ഥാനം ഗൂഡ്സ് ഓട്ടോറിക്ഷകളും, ടംബോ കാരിയറുകളും കൈയ്യടിക്കി

യിരിക്കുന്നു.

കണ്ണൂർ മംഗലാപുരം റെയിൽപാത പഞ്ചായത്തിന് രണ്ടായി ഭാഗിച്ചുകൊണ്ട് കടന്നുപോകുന്നുണ്ടെങ്കിലും റെയിൽവെ സ്റ്റേഷൻ പഞ്ചായത്തിനകത്തില്ല. തൊട്ടടുത്ത പഞ്ചായത്തുകളായ കണ്ണപുരത്തും പാപ്പിനിശേരിയിലുമാണ് ഏറ്റവും അടുത്ത റെയിൽവെ സ്റ്റേഷൻ. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി പുഴയാണെങ്കിലും ബോട്ടുകളോ തോണികളോ യാത്രയ്ക്കായി ഉപയോഗിക്കുന്നില്ല.

നിലവിലുള്ള രണ്ട് ബ്രാഞ്ച് പോസ്റ്റോഫീസുകളും പഞ്ചായത്തിന്റെ രണ്ടറ്റത്ത് കിടക്കുന്നു. പഞ്ചായത്തിന്റെ മധ്യഭാഗത്തുള്ളവർക്ക് ഇവ പ്രയോജനപ്പെടുത്താൻ വളരെയധികം പ്രയാസം നേരിടുന്നുണ്ട്. പുതിയ ഒരു പോസ്റ്റോഫീസ് പഞ്ചായത്തിന്റെ മധ്യഭാഗത്ത് സ്ഥാപിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഗ്രാമസഭയിൽ പ്രധാനമായും നടന്നത് റോഡുകളെ സംബന്ധിച്ച ചർച്ചയാണ്. ആധുനിക ജീവിതത്തിൽ ഗതാഗത സൗകര്യത്തിന്റെ പ്രാധാന്യം കുറച്ചു കാണാൻ പറ്റില്ല. നിലവിലുള്ള റോഡുകൾ നന്നാക്കുന്നതിനെക്കുറിച്ചും പുതുതായി നിർമ്മിക്കുന്നതിനെക്കുറിച്ചും ഗൗരവപൂർവ്വമായ നിർദ്ദേശങ്ങൾ ഉണ്ടായത് സംഗ്രഹിച്ച് ചുവടെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

= റോഡുകളുടെ സ്ഥിതി തൃപ്തികരമല്ല.

=റോഡുകൾക്ക് ഓവുചാലുകളില്ല, വർഷകാലത്ത് മഴവെള്ളം റോഡിൽ കൂടി ഒഴുകുന്നതു കാരണം റോഡു തോടാവുന്നു.

=തീരസമതല പ്രദേശങ്ങളിൽ റോഡു നർമ്മിച്ചതു കാരണം മുമ്പുണ്ടായിരുന്നു ജലനിർഗ്ഗമനവഴികൾ അടഞ്ഞുപോയിരിക്കുന്നു.

=പലറോഡുകൾക്കും ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകളില്ല.

= ബസ്സ് ഗതാഗതമുള്ള പാളിയത്തു വളപ്പ്-പാപ്പിനിശേരി റോഡു കുണ്ടുംകുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു.

= 1960 - ' 70 കാലഘട്ടത്തിൽ നിർമ്മിച്ച റോഡുകളിൽ ചിലത് ഇപ്പോഴും ടാറിട്ടാതെ നിലനിൽക്കുന്നു.

= ആവശ്യത്തിന് അടിത്തറയില്ലാതെ റോഡിനോട് ചേർന്ന് വളരെ ഉയരത്തിൽ നിർമ്മിച്ച മതിലുകൾ, റോഡിൽ കൂടി വാഹനങ്ങൾ പോകുമ്പോൾ ഇളകുന്നതായി കണ്ടിട്ടുണ്ട്. ഇത് വഴിയാത്രക്കാർക്കു ഭീഷണിയാണ്.

= നാഷണൽ ഹൈവേയിൽ വളവുകളും, കയറ്റവും ഇറക്കവും കൂടുതലാണ്. വർദ്ധിച്ച തോതിലുള്ള വാഹന ങ്ങളെ ഉൾക്കൊള്ളുന്ന ശേഷി റോഡിനില്ല. വാഹനങ്ങളുടെ അമിത വേഗതയും റോഡിന്റെ മോശമായ സ്ഥിതിയും കാരണം അപകടങ്ങൾ കൂടുന്നു. കല്ല്യാശേരിയിൽ ഹാജിമൊട്ട മുതൽ എൽ. പി. സ്ക്കൂൾ വരെയും മാങ്ങാട്ട് ബസ് സ്റ്റോപ്പു മുതൽ കള്ളുഷാപ്പുവരെയും അപകട മേഖലകളാണ്.

= കല്ല്യാശേരി ഗവ: ഹൈസ്ക്കൂളിന്റെ മുമ്പിലും മാങ്ങാട്ട് എൽ. പി. സ്ക്കൂളിന്റെ മുമ്പിലും റോഡിൽ വാഹനങ്ങളുടെ വേഗത കുറക്കാൻ സംവിധാനം ഇല്ല.

=പഞ്ചായത്തിൽ നിലവിലുള്ള രണ്ടു പോസ്റ്റാഫീസുകളിൽ ഒന്ന് ആന്തൂർ, കല്ല്യാശേരി പഞ്ചായത്തിന്റെ അതിർത്തിയിൽ അഞ്ചാംപീടികയിലും, മറ്റൊന്ന് ഇരിണാവിലുമാണ്. 4, 5, 6, 4, എന്നീ വാർഡു കളിലെ ജനങ്ങൾക്ക് പോസ്റ്റാഫീസുമായി ബന്ധപ്പെടാൻ 5-6 കി. മീറ്ററുകൾ യാത്രചെയ്യേണ്ടതായി വരുന്നു.

പരിഹാരമാർഗ്ഗങ്ങൾ ; സാധ്യതകൾ

= ഓവുചാലുകൾ ഇല്ലാത്ത മുഴുവൻ റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കാൻ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കണം. ആവശ്യമായ സാധന സാമഗ്രികൾ പഞ്ചായത്ത് നൽകുകയും നിർമ്മിക്കാനുള്ള മനുഷ്യ ശേഷി ശ്രമദാന ത്തിലൂടെ കണ്ടെത്തുകയും വേണം.

കലുങ്ക് ഇല്ലാത്തതിന്റെ ഫലമായി നീർക്കെട്ടു അനുഭവപ്പെടുത്തുന്ന സ്ഥലങ്ങളിൽ കലുങ്ക് നിർമ്മിക്കണം. ഗ്രാമസഭയിൽ ഉന്നയച്ച പ്രധാന സ്ഥലങ്ങളുടെ ലിസ്റ്റ് പ്രത്യേകം കൊടുത്തിരിക്കുന്നു.

= തീരസമതല പ്രദേശങ്ങളിൽ കൂടിയുള്ള റോഡുകൾ ഘട്ടംഘട്ടമായി ടാർചെയ്യണം. ഓരോവർഷവും റിപ്പേർചെയ്യുന്നതിനവേണ്ടി ഭീമമായതുക ചെലവിടുന്നതിനു പകരം കഴിയുന്നിടത്തോളം ടാർ ചെയ്താൽ വർഷം

തോറുമുള്ള ചെലവ് ഗണ്യമായി കുറക്കാൻ സാധിക്കും.

തീരസമതലങ്ങളിൽ കെട്ടിടം പണിക്ക് അനുവാദം നൽകുമ്പോൾ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുത്താതിരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകികുകയും സ്ഥലപരി ശോധന കഴിഞ്ഞതിനു ശേഷം മാത്രം അനുമതി നൽകുകയും വേണം. ആവശ്യമെന്നു കണ്ടാൽ കെട്ടിടത്തിന്റെ സൈറ്റുപ്ലാനിൽ തന്നെ ഓവു ചാലുകളും അടയാളപ്പെടുത്താനുള്ള സംവി ധാനം ഏർപ്പെടുത്തണം.

= റോഡരുകിൽ മതിൽ പണിയുമ്പോൾ നിലവിലുള്ള റോഡിനിന്ന് 2 അടിവിട്ടുകൊണ്ടു മാത്രമെ നർമ്മിക്കാവു. ഇങ്ങനെ പണിയു ന്നതിനുമാത്രമെ അനുമതിനൽകാവു.

=റോഡിന്റെ നിർമ്മാണവും അറ്റകുറ്റപ്പണിയും ജനകീയ കമ്മറ്റികളെ ഏല്പിക്കണം. കോൺട്രാ കട് വ്യവസ്ഥ അവസാനിപ്പിക്കണം. പഞ്ചായ ത്തിൽ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലേബർകോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കണം.

=പയ്യട്ടം റെയിൽവെ ക്രോസിങ്ങ് സ്ഥാപിച്ചു കിട്ടുന്ന തിന് നടപടിവേണം.

= റോഡരുകിൽ മതിൽ നിർമ്മിക്കുമ്പോൾ പരമാവധി 5 അടി ഉയരം വേണമെന്ന് ഉറപ്പുവരുത്താൻ സംവിധാനം ഏർപ്പെടു ത്തണം.

= നാഷണൽ ഹൈവെക്ക് സിറാമിക് റോഡ് (ആശുപത്രി വഴി) വളരെയേറെ വികസന സാധ്യതയുള്ള റോഡാണ്. ഇത് വർഷങ്ങൾ ക്കുമുമ്പുതന്നെ നിലവിലുണ്ടായിരുന്ന പ്രധാന ഗതാഗത മാർഗ്ഗമായിരുന്നുഈ റോഡു ആവശ്യമുള്ളിടത്തൊക്കെ വീതികൂട്ടി ടാർചെയ്ത് സംരക്ഷിച്ചാൽ നേഷണൽ ഹൈവെയുടെ ബൈപാസ്സായി ഉപയോഗി ക്കാൻ സാധിക്കും. മാങ്ങാട്ടും മറ്റുമുള്ള വളവും കയറ്റങ്ങളും ഒഴിവാക്കി ഈ റോഡുകുറ്റിക്കോൽ വരെ നേഷണൽ ഹൈവെ ആയും മാറ്റാവു ന്നതാണ്.

= കല്ല്യാശ്ശേരി ഗവ : ഹൈസ്കൂളിന്റെയും മാങ്ങാട് എൽ. പി . സ്കൂൾളിന്റെയും മുമ്പിൽ ബമ്പറുകൾ സ്ഥാപിച്ച് വാഹനങ്ങളുടെ വേഗത നിയന്ത്രിക്കണം.

=4,5,6 വാർഡുകൾക്ക് ഉപകരിക്കുന്ന രീതിയിൽ പഞ്ചായത്തിന്റെ മധ്യഭാഗത്തായി ഒരു പോസ്റ്റാഫീസ് സ്ഥാപിക്കണം.

= പഞ്ചായത്തിൽ ഇരിണാവിലും, മാങ്ങാട്ടും ആഴ്ച ചന്തകൾ ആരംഭിക്കണം.

= പൊതുറോഡു വക്കിലെ മത്സ്യ വില്പന അവസാനിപ്പിക്കാൻ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കണം.

= റോഡരികിൽ കെട്ടിക നിർമ്മാണ സാമഗ്രികൾ ഇറക്കി വെച്ചാൽ 5 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാൻ നടപടി വേണം . വീഴ്ചവരുത്തു ന്നവരിൽ നിന്ന് ഫൈൻ ഈടാക്കണം.

= ധർമ്മശാലയിൽ , ആന്തൂർ പഞ്ചായത്തുമായി നവീകരിച്ച ഷോപ്പിങ്ങ് കോംപ്ലക്സ് കം ബസ്സ് സ്റ്റാൻ റ് ഓട്ടോസ്റ്റാൻറ് പണിയണം . റോഡിലെ ഓട്ടോറിക്ഷാകളുടെ പാർക്കിങ്ങ് ഇരുവഴി ഒഴിവാക്കാനും കഴിയും പഞ്ചായ ത്തിന് അധികവരുമാനം ഉണ്ടാവുകയും ചെയ്തു

പുതിയ റോഡുകളെ സംബന്ധിച്ചും റിപ്പേറുകളെ സംബന്ധിച്ചും ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

അറ്റകുറ്റപണി

അരിക് കെട്ടിയും സംരക്ഷിക്കേണ്ടത്

1. കിച്ചേരി -കൊട്ടപ്പാലം റോഡ്
വയലിലെ കോട്ടത്തിന് സമീപമ മുതൽ കൊട്ടപ്പാലം വരെ
2. വെള്ളാഞ്ചിറ റോഡ്
(1) കിച്ചേരി കൊട്ടപ്പാലം റോഡിൽ നിന്നും വടക്കോട്ട്
(2) വെള്ളാഞ്ചിറ കരിക്കാട്ട് റോഡ്
3. ചിറക്കുറ്റി എടപ്പള്ളി കൊവ്വൽ റോഡ്
4. കല്ല്യാശ്ശേരി സെൻട്രൽ എൽ. പി. സ്കൂൾ റോഡ്
5. ഇരിണാവ് ആയുർവേദഡിസ്പൻസറി റോഡ്
6. കുറുമ്പക്കാവ് സി. ആർ. സി. ഡാം റോഡ്
7. വെള്ളാഞ്ചിറ പാറപ്രം റോഡ്
8. ഇരിണാവ് മിനി സ്റ്റേഡിയം റോഡ്
9. പടവിലൂടെ സൊസൈറ്റി റോഡുമായി ബന്ധപ്പെട്ടുണ്ടാക്കിയ റോഡ്
10 കോട്ടം - കപ്പക്കടവ് റോഡ്
11 കൊട്ടപ്പാലം ചേനങ്കിറോഡ്

കൾവർട്ട്, നടപ്പാലം, ക്രോസ്സ് പൈപ്പുകൾ എന്നിവ സ്ഥാപിച്ച് മെച്ചപ്പെടുത്തേണ്ടവ.

1. കീച്ചേരി കൊട്ടപ്പാലം റോഡിൽ കലുങ്ക് ആവശ്യമായ സ്ഥലത്ത് കലുങ്ക് പണിയണം.
2. കീച്ചേരി സാംസ്കാരിക കേന്ദ്രം റോഡിൽ മൂടിക്കിടക്കുന്ന പൈപ്പ് അവിടെ നിന്നും മാറ്റി അതേ റോഡിൽ ആവശ്യമായ സ്ഥലത്ത് സ്ഥാപിക്കണം.
3. വെള്ളാഞ്ചിറ റോഡ്‌ിൽ -4 സ്ഥലങ്ങളിൽ ഇടണം
4. ഒടിപ്രം റോഡിൽ സെവൻസ്റ്റാർ കളത്തിന് സമീപം പഴയത് മാറ്റി പുതിയ പൈപ്പ് ഇടണം.
5. മാരുങ്കലത്ത് നിന്നും മാങ്ങാട്ട് പറമ്പിലേക്കുള്ള റോഡിൽ കലുങ്ക് വേണം.
6. ഇരിണാവു് ഡിസ്പൻസറി ക്കടുത്ത്, ഡിസ്പൻസറിറോഡിൽ ക്രോസ് പൈപ്പ് ഇടണം
7. കല്ല്യാശ്ശേരി സെൻട്രൽ എൽ. പി. സ്കൂൾ റോഡിൽ കലുങ്ക് പണിയണം.
8. ചേനങ്കി തോടിന് പാലം വേണം.
9. കീച്ചേരി-കൊട്ടപ്പാലം റോഡിലെ കരിക്കാട്ട് തോട്ടിന്റെ പാലം അപകടത്തിലാണ്. അടിയന്തിരമായും മാറ്റി പണിയണം.
10. ഇരിണാവ് റോഡിൽ സെൻട്രൽ വായനശാലക്ക് സമീപത്ത് പാലം പണിയണം.
11. സി. ആർ. സി. യോഗശാല റോഡിൽ സി. ആർ. സിക്കടുത്തുള്ള പാലം വീതി കൂട്ടണം.
12. കല്ല്യാശ്ശേരി അഞ്ചാംപീടിക റോഡിൽ എച്ച്. ഡിക്ക് മുമ്പിൽ കലുങ്ക് പണിയണം.
13. കെ. വി. റോഡിൽ കുന്നുംപാറ-പാറക്കടവ് റോഡിലെ കുന്നുംപാറ പാലം വീതി കൂട്ടണം.
14. കക്കാട്ട്-കോലത്തുവയൽ റോഡിന് പാലം പണിയണം.
15. കണിയറ വയൽ ദേശസ്നേഹി വായനശാല റോഡിൽ പാലം കെട്ടി കെൽട്രോണുമായി ബന്ധപ്പിക്കണം.
16. ചിറക്കുറ്റി-കൊട്ടപ്പാല റോഡിൽ റെയിലിന് പടിഞ്ഞാറ് വശം കലുങ്ക് സ്ഥാപിച്ച് റോഡ് ഉയർത്തണം.
17. ചിറക്കുറ്റി തോടിന് വയലിലെ കോട്ടത്തിന് പടിഞ്ഞാറ് ഭാഗവും പടയിലും സ്ലാബിടണം.
18. ഇരിണാവ് പാലക്കിൽ തോടിന് സ്ലാബ് ഇടണം.
19. ആനവളപ്പ് ബീരാൻ തോടിന് വടക്കുഭാഗത്തു സ്ലാബ് വേണം.
20. കരിക്കാട്ട് കുളിക്കുന്ന് പാലം റിപ്പയർ ചെയ്യണം.

നടപ്പാതകൾ പണിയേണ്ടവ

1. കീച്ചേരി-കൊട്ടപ്പാലം ചിറക്കുറ്റി തോടിന് പടിഞ്ഞാറ് ഉദ്ദേശം 125 മീ. പടിഞ്ഞാറ് ഭാഗത്ത് ബാലന്റെ പീടികയുടെ മുന്നിൽ നിന്നും വടക്കോട് നിരവധി കുടുംബങ്ങൾ ഉപയോഗിക്കുന്ന വഴി നാലടി വീതിയുള്ള നടപ്പാതയാക്കണം.
2. കല്ല്യാശ്ശേരി സെൻട്രൽ എൽ. പി. സ്കൂൾ ഉരുണിയോട്ടുവയൽ വഴി കെ,. വി റോഡുവരെ നാലടി നടപ്പാത പണിയണം.
3. കണിയറ വയൽ വടക്കേത്തറ മുതൽ തെക്കേതല വരെ നടപ്പാത ഉണ്ടാക്കണം.
4. ദേശസ്നേഹി വായനശാല മുതൽ കെ. എ. പി ഓഫീസ് വരെ വഴി നടപ്പാത പണിത് പുനഃസ്ഥാപിക്കണം.
5. മുണ്ടവളപ്പ് വഴി കീച്ചേരിയിൽ നിന്ന് കോലത്തുവയൽ സൊസൈറ്റി വരെയുള്ള വഴി അഞ്ചടി വീതിയുള്ള നടപ്പാതയാക്കണം.
6. ചിറക്കുറ്റി തോടിലെ പടയിലൂടെ കല്ല്യാശേരി സൗത്ത് യു. പി. സ്കൂൾ മുതൽ ബാലന്റെ പീടിക വരെയുള്ള വഴി നടപ്പാതയാക്കണം.
7. ചിറക്കുറ്റി സാംസ്കാരിക കേന്ദ്രത്തിൽ നിന്നും പടിഞ്ഞാറോട്ടുള്ള അരക്കിലോമീറ്റൽ ദൂരം നടപ്പാതയാക്കണം.
8. അറുവൻ പീടിക ഇരിണാവ് യു. പി. സ്കൂൾ നടപ്പാത നിർമ്മിക്കണം.
9. കൺസ്യൂമേർസ് സ്റ്റോർ, ഇരിണാവ് മുസ്ലിം യു. പി. സ്കൂൾ നടപ്പാതയാക്കണം.
10. ഇരിണാവ് കുടുംബ ക്ഷേമ കേന്ദ്രം നടപ്പാത വേണം.
11. കാലിപ്പടപ്പ് നടപ്പാത വേണം.
12. ഇരിണാവ് അനന്തൻ പീടികയിൽ നിന്നും പോസ്റ്റാഫീസിലേക്ക് നടപ്പാത വേണം.
13. ഇരിണാവ് കുറുംബക്കാവ് റോഡു മുതൽ സിന്ധു സ്റ്റോർ വരെ നടപ്പാത വേണം.
14. ജുമ-അത്ത് പള്ളിയിൽ നിന്ന് മുങ്കം പാലത്തിലേക്ക് നടപ്പാത പണിയണം.
15. വെള്ളാഞ്ചിറയിൽ നിന്ന് പയ്യട്ടം മൃഗാശുപത്രി വരെയുള്ള നടപ്പാത സംരക്ഷിക്കണം.

16. ഹാജി മൊട്ടയ്ക്കു താഴെയുള്ള ബക്കിരിയൻ പറമ്പിലേക്കു പോകുന്ന നടവഴി സംരക്ഷിക്കണം.
17. മണക്കുളങ്ങര ക്ഷേത്രത്തിൽ നിന്നും മംഗലശ്ശേരി തോടുമായി ബന്ധിപ്പിച്ചുകൊണ്ട് നടപ്പാത ഉണ്ടാക്കണം.
18. കല്ല്യാശേരി സൗത്ത് യു. പി. സ്ക്കൂളിന് മുന്നിൽ നിന്നും അനന്തൻ നായരുടെ പീടികയുടെ സമീപത്തേക്കുള്ള നടപ്പാത പുനഃസ്ഥാപിക്കണം.
19. കൂലോത്ത് അണക്കെട്ടിൽ നിന്നും വടക്ക് ഭാഗത്തേക്കുള്ള റോഡിലേക്കുള്ള നടപ്പാത നിർമ്മിക്കണം.
20. 8-ാം വാർഡിൽ സിൽ ഇൻഡസ്ട്രിസിന്റെ അടുത്ത് നിന്നും പടിഞ്ഞാറോട്ടുള്ള ഇടവഴി കോമരത്താന്റെ വീടുവരെ നടപ്പാതയായി നിലനിർത്തുന്നതിനും റോഡിൽ നിന്നും ഇരു വഴി പോകുന്ന വെള്ളം ഒഴുകിപോകുന്നതിന് ഓവുചാൽ നിർമ്മിക്കുകയും ചെയ്യുന്നു.

ടാറിടേണ്ട റോഡുകൾ

- കീച്ചേരി-കൊട്ടപ്പാലം റോഡ്.
-കീച്ചേരി സാംസ്ക്കാരിക കേന്ദ്രം റോഡ്
-കല്ല്യാശേരി സെൻട്രൽ ഇരിണാവ് റോഡ്.
-കല്ല്യാശേരി അഞ്ചാംപീടിക റോഡ്
- കല്ല്യാശേരി പി. എച്ച്. ഇ പാലക്കുന്ന് റോഡ്.
- കെ. പി. ആർ റോഡ് വീതികൂട്ടിടാർ ചെയ്യണം.
- പാപ്പിനിശേരി റെയിവെ ഗേറ്റ്, പാളിയത്ത് വളപ്പ് റോഡ്
- കോട്ടം, കപ്പക്കടവ് റോഡ്.
- യോഗശാല സി. ആർ. സി. റോഡ്.
- കല്ല്യാശേരി കെ. വി. സ്മാരക മന്ദിരം. കിഴക്കൻ വയൽ റോഡ്
- കോലത്തുവയൽ സൊസൈറ്റിക്ക് പടിഞ്ഞാറ് ഭാഗം ഇരിണാവ് വരെ.
- മാരുമംഗലം അഞ്ചാംപീടിക റോഡ്.
- പാറക്കടവ് കപ്പോത്ത് കാവ് റോഡ്.
- കക്കാട് വയൽ-കോലത്തുവയൽ റോഡ്
- ബിക്കിരിയൻ പറമ്പ്-ഹരിജൻ കോളനി റോഡ്.
-മാങ്ങാട്ട് തെരു റോഡ്-ചാലപ്പുറം റോഡ്
കാക്കാംകോവിൽ റോഡ്.
- ടി. യു. മുക്ക് ഒഴക്രോം മാരുമംഗലം റോഡ്.
ഇരിണാവ് മടക്കര റോഡ് ടാറിട്ടത് വീതി കൂട്ടണം.

പുതിയ റോഡ് നിർദ്ദേശങ്ങൾ

കല്ല്യാശേരി സെൻട്രൽ എൽ. പി. സ്ക്കൂളിന് കിഴക്കുഭാഗം സൊസൈറ്റി റോഡിലേക്ക്.
മാരുമംഗലം സിറാമിക് റോഡിൽ ശ്മശാന പറമ്പിൽ നിന്നും വയലിലേക്കുള്ള വഴി റോഡാക്കണം.
ബിക്കിരിയൻ പറമ്പ് ആശുപത്രി വഴി പോകുന്ന പഴയ നിരത്ത് റോഡ് ധർമ്മശാല അഞ്ചാംപീടിക റോഡുമായി ബന്ധിപ്പിക്കണം.
കൊട്ടപ്പാലം, ഇല്ലിപ്പുറം, കപ്പക്കടവ്, ആനാം കൊവ്വൽ ലിങ്ക് റോഡ്.
അയ്യങ്കാളി റോഡിൽ നിന്നും ദാറുൽ ഇ-മാൻ സ്ക്കൂളിലേക്ക്.
യോഗാശാല സി. ആർ. സി. റോഡ് മിനി സ്റ്റേഡിയത്തിന് സമീപത്തുനിന്ന് അയ്യങ്കാളി റോഡിലേക്ക് നീട്ടണം.
അറുവിന്റെ പീടിക ഇല്ലിപ്പുറം റോഡ് ചൂളപ്പീടികയ്ക്ക് സമീപത്തു നിന്നും പാറക്കടവ് ഹരിജൻ കോളനിയിലേക്ക്.
കപ്പോത്ത് കാവ് കോലത്തു വയൽ റോഡ്.
വള്ളിത്തോട് വടേര പറമ്പ് റോഡ്
ഹാൻഡക്സ് സെൻറർ മുതൽ മേപ്പോയിൽ റോഡു വരെ
മാരുമംഗലം സിറാമിക് റോഡിൽ നിന്നും കിഴുന്ന നാരായണന്റെ വീടിന് സമീപത്ത് ഇടവഴി റോഡാക്കണം.
ഹാജി മൊട്ട ചൊടത്തിന്റെ തെക്കിൽ നിന്നും കിഴക്കോട്ടുള്ള കസ്തൂരി മുക്ക് വരെ റോഡാക്കണം.
കോലത്തുവയൽ സൊസൈറ്റി റോഡുമുതൽ വെള്ളാഞ്ചിറ റോഡു വരെയുള്ള നടപ്പാത റോഡാക്കണം.
ശ്രീകൃഷ്ണമഠം പുതിയറോഡ് ലക്ഷ്മിക്കുട്ടിയമ്മയുടെ വീട് വഴി ചിറ്റോത്തിടം റോഡിലേക്ക്
കല്ല്യാശേരി-അഞ്ചാംപീടിക റോഡിൽ നിന്നും കൃഷ്ണാ റൈസ് മില്ല് വഴിയുള്ള ഇടവഴി പോക്കറ്റ് റോഡ് ആക്കണം.

ഉർജ്ജം

വികസനത്തിന്റെ മാനദണ്ഡങ്ങളിൽ പ്രധാനമായ ഒന്ന് ജനതയുടെ ഉർജ്ജ വിനിയോഗ നിലവാരമാണ്. ഉർജ്ജം എന്ന് പറയുമ്പോൾ സാധാരണയായി വൈദ്യുതോർജ്ജം മാത്രമാണ് പരിഗണിക്കപ്പെടാറുള്ളത്. എന്നാൽ ഒരു

ക്കാർ വെളിച്ചത്തിനായാലും പാചകത്തിനായാലും ദക്ഷത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ പ്രതിശീർഷ ഊർജ്ജ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്താനും.

വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്. മാങ്ങാട് 110 K V സബ്സ്റ്റേഷനിലെ രേഖയിൽ പ്രതിമാസ ലോഡ് കർവ് രേഖപ്പെടുത്തിയിരിക്കുന്നത് റേറ്റഡ് വോൾട്ടേജിന്റെ 70% മാത്രമാണ് വർഷത്തിൽ ഭൂരിഭാഗവും ലഭിക്കുന്നത് എന്നാണ്. ഇത് പീക്ക് ലോഡ് സമയത്താണെങ്കിൽ 50 % ആയി കുറയുകയും ചെയ്യുന്നു. കുറ്റ്യാടി പദ്ധതിയിൽ നിന്നുല്പാദിപ്പിക്കുന്ന വൈദ്യുതി ഇടുക്കിയിൽ നിന്നുവരുന്ന മെയിൻ ഗ്രിഡ് വഴിയാണ് മലബാർ പ്രദേശത്ത് വിതരണം ചെയ്യപ്പെടുന്നത്. ഈ ലൈനിന്റെ അധിക ദൈർഘ്യം വഴിയുള്ള പ്രേക്ഷണ നഷ്ടവും, വളരെ കൂടിയ അധിക ഭാരവും നമ്മുടെ വോൾട്ടേജ് ക്ഷാമത്തിന്റെ പ്രധാന കാരണങ്ങളാണ്. ഇത് ദ്വിതീയ വിതരണ ശൃംഖലയിലെത്തുമ്പോൾ പ്രശ്നം വീണ്ടും രൂക്ഷമാകുന്നു.

പട്ടിക 6-17 ൽ കല്ല്യാശേരിയിൽ പകൽ സമയത്ത് ലഭിക്കുന്ന വോൾട്ടേജ് നിലകാണിക്കുന്നു. പകൽ സമയത്ത് പോലും 230 V കിട്ടാത്ത 20% ഉപഭോക്താക്കൾ ഇവിടെ ഉണ്ട്.

പീക്ക് ലോഡ് സമയത്ത് (വൈകുന്നേരം 6 മണി മുതൽ 10 മണി വരെ) പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് 35 വരെ ആയി കുറയുന്നു. മാത്രമല്ല സാമ്പത്തിക ശേഷിയുള്ള ഭൂരിഭാഗം കുടുംബങ്ങളും സ്റ്റെപ് അപ് ട്രാൻസ്ഫോമറുകൾ ഉപയോഗിക്കുന്നതിനാൽ മറ്റും സാധാരണ ഉപഭോക്താക്കളുടെ നില കൂടുതൽ പരുങ്ങലിലാകുന്നു. അവർ വെളിച്ചത്തിന് മണ്ണെണ്ണ വിളക്കിനെയും മെഴുകുതിരിയേയും ആശ്രയിക്കേണ്ടി വരുന്നു. സ്റ്റെപ്പ് അപ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നവർ യഥാർത്ഥത്തിൽ ആ പ്രദേശത്ത് ലഭ്യമാവുന്ന വൈദ്യുതിയുടെ നീതിപൂർവ്വകമായ വിതരണത്തെ തടസ്സപ്പെടുത്തുകയും മറ്റുള്ളവർക്ക് കൂടി അവകാശപ്പെട്ട വിഹിതം തട്ടിയെടുക്കുയുമാണ് ചെയ്യുന്നത്.

വായനശാലകളുടെയും, മറ്റ് സാംസ്കാരിക കേന്ദ്രങ്ങളുടെയും പ്രവർത്തനത്തെ വോൾട്ടേജ് ക്ഷാമം പ്രതികൂലമായി ബാധിക്കുന്നതിന്റെ ഫലമായി യുവാക്കളുടെ പ്രവർത്തന പഥം വ്യതിചലിക്കുന്നുണ്ട്, എന്നതിനാൽ ഈ പ്രശ്നം യഥാർത്ഥത്തിൽ വലിയ സാമൂഹ്യ പ്രശ്നമാണ്. കീച്ചേരി സ്ഥാപിച്ച ഒരു ട്രാൻസ്ഫോർമറിൽ നിന്ന് ചിറക്കുറ്റി ഭാഗത്തേക്ക് പോകുന്ന ഒരു ലൈനിൽ പീക്ക് ലോഡ സമയത്ത് ലഭിക്കുന്ന വോൾട്ടേജ് 25 ലും കുറവാണ്, പലപ്പോഴും ഈ ലൈനിന്റെ അവസാനഭാഗത്തെ വീടുകളിൽ ബൾബുകൾ ഉപയോഗിക്കുന്നതായി കാണാം

കല്ല്യാശ്ശേരിയിൽ നടത്തിയ ഊർജ്ജ സർവ്വെ അനുസരിച്ച് വീടുകളിലെ കണക്ടഡ് ലോഡ വൈദ്യുതി ബോർഡിന്റെ റജിസ്റ്ററുകൾ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. അതുപോലെ ഇവിടെ 4% മീറ്ററുകൾ കേടായിക്കിടക്കുന്നു. വൈദ്യുതി മോഷണം താരതമ്യേന കുറവാണ്. പ്രധാന വിതരണ നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറ് കാരണമാണെന്ന് കാണുന്നു. ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വളരെ ദൈർഘ്യം കൂടിയ വിതരണ ലൈനുകളുമാണ്. ചിത്രം 2 ൽ ഊർജ്ജ നഷ്ടത്തിന്റെ വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 7-12 ൽ പഞ്ചായത്തിൽ ആകെയുള്ള തെരുവു വിളക്കുകളെ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ ഏറ്റവും കൂടുതൽ 40 വാട്ട് ബൾബുകളാണുള്ളത്. പുതുതായി സ്ഥാപിച്ച 12 സോഡിയം വേപ്പർ ലാംപുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു.

സോഡിയം വേപ്പർ ലാംപുകളേക്കാൾ ഊർജ്ജലാഭം ട്യൂബുകൾ സ്ഥാപിക്കുന്നതു വഴിയാണുണ്ടാവുക. പക്ഷെ വൈദ്യുതി ബോർഡിന്റെ നിയമക്കുരുക്കുകൾ ട്യൂബുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും വലിയ കാലതാമസം ഉണ്ടാകുന്നു. എന്നാൽ സോഡിയം ലാംപുകൾ പഞ്ചായത്തിന് തന്നെ നേരിട്ട് വാങ്ങി സ്ഥാപിക്കാൻ സൗകര്യമുള്ളതുകൊണ്ട് പലസ്ഥലത്തും

ഈ ലാംപുകളാണ് സ്ഥാപിക്കുന്നത്. ഈ പഞ്ചായത്തിൽ ഇനിയും വളരെയേറെ പൊതുവഴികളിലും കവലകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഈ പഞ്ചായത്ത് ഇപ്പോൾ പ്രതിമാസം 3611 രൂപ സ്ഥാപിക്കേണ്ടതുണ്ട്. ഈ പഞ്ചായത്ത് ഇപ്പോൾ പ്രതിമാസം 3611 രൂപ തെരുവിളക്കുകൾക്കായി വൈദ്യുതി ബോർഡിൽ അടക്കുന്നുണ്ട്.

പട്ടിക 7-13 പ്രകാരം പാപ്പിനിശ്ശേരി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ മൊത്തം ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും ഉണ്ടായ വർദ്ധനവ് കാണിക്കുന്നു. ഗാർഹിക ഉപഭോക്തക്കളിൽ ശരാശരി 9% ത്തിന്റെയും, വ്യാവസായിക ഉപഭോക്താക്കളിൽ വർദ്ധനവാണുള്ളത്. കാർഷിക, വാണിജ്യ മേഖലകളിലും ഇതേ നിരക്കിലുള്ള വർദ്ധനവുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ താൽക്കാലികമായി പരിഹരിക്കണമെങ്കിൽ മലബാർ പ്രദേശത്ത ഹൈടെൻഷൻ, എന്നസ്ട്രാ ഹൈ ടെൻഷൻ ലൈനുകളുടെ ശേഷി വർദ്ധിപ്പിച്ചേ മതിയാവു. അതുപോലെ സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ ഇവിടുത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയില്ലെങ്കിലും, പ്രേക്ഷണ വിതരണ നഷ്ടം കുറക്കാനുള്ള സാധ്യത ഇവിടെ ധാരാളമുണ്ട്. ഇതിൽ പ്രധാനമായും ചെയ്യാവുന്നത് ജംപർ മെച്ചപ്പെടുത്തുക, വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലുകൾ മുറിച്ച് മാറ്റുക, ഡിമാൻറ് സെൻററുകൾക്കനുസരിച്ച് ട്രാൻസ് ഫോർമറുകളുടെ സ്ഥാനം പുന: ക്രമീകരിക്കുക. ലോഡ് ഇൻറർ കണക്ഷൻ വഴി നഷ്ടം പരിമിതപ്പെടുത്തുക, പവ്വർ കപ്പാസിറ്ററുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ്. മറ്റൊന്ന് ദക്ഷത കൂടിയ ഉപകരണങ്ങളും വ്യാപനമാണ്.

കല്ല്യാശ്ശേരിയിലെ ഇരിണാവ് ഭാഗത്ത് സ്ഥാപിക്കാൻ നടപടി തുടങ്ങിയിട്ടുള്ള കണ്ണൂർ പവ്വർ പ്രൊജക്ടിന്റെ 500 മെഗാവാട്ട് നലയം യഥാർത്ഥ്യമാവുകയാണെങ്കിൽ വടക്കെ മലബാർ പ്രദേശത്തെ വൈദ്യുതി പ്രശ്നം ഒരു പരിധി വരെയെങ്കിലും പരിഹരിക്കപ്പെടും എന്ന് നമുക്ക് പ്രത്യാശിക്കാം.

ഭാഗം 2. വൈദ്യുതേതര ഊർജ്ജം :-

പഞ്ചായത്തിലെ ഗാർഹിക ഊർജ്ജ ഉപയോഗത്തിന്റെ 871/2 % വും പാചകത്തിനും വെള്ളം ചൂടാക്കലിനുമാണ് ഉപയോഗിക്കുന്നത്. ഇവിടെ പാചകാവശ്യത്തിന് ഇന്ധനമായി കേരവസ്തുക്കളെ മാത്രം ആശ്രയിക്കുന്ന 41% കുടുംബങ്ങളുണ്ട്. കുടുംബങ്ങൾ ഉണ്ടെങ്കിലും ഇതിൽ 38.5% പേരും ഭാഗികമായി മാത്രമെ വിറകിനെ ആശ്രയിക്കുന്നുള്ളു. വിറക്, കേരവസ്തുക്കൾ ഇവയൊഴിച്ചുള്ള ജൈവവസ്തുക്കളെ മാത്രം ആശ്രയിക്കുന്ന 3% കുടുംബങ്ങളാണുള്ളത്. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ പാചകത്തിന് പൂർണ്ണമായി ആശ്രയിക്കുന്നവർ നാമമാത്രമാണ്. വിശദാംശങ്ങൾ പട്ടിക 7-14 ൽ കൊടുത്തിരിക്കുന്നു.

വെള്ളം ചൂടാക്കുന്നതിനുള്ള ഇന്ധനമായ 66.92% കുടുംബങ്ങളും കേരവസ്തുക്കളെ തന്നെയാണ് ആശ്രയിക്കുന്നത്. കല്ല്യാശ്ശേരിയിലെ മുഖ്യ കൃഷി തെങ്ങായതുകൊണ്ട് തന്നെ 40% വീട്ടുകാരും വലിയ സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ അവരുടെ ഊർജാവശ്യങ്ങൾ നിറവേറ്റുന്നുണ്ട്. ഈ വിഭാഗക്കാരുടെ താരതമ്യേന ഉയർന്ന സാമ്പത്തിക മേഖലയിൽ നിന്നുള്ള വരുമാനമാണ്. വെള്ളം ചൂടാക്കലിനുള്ള ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 7-15 ൽ കൊടുത്തിരിക്കുന്നു.

വിറക് വിലകൊടുത്തുവാങ്ങുന്നവർ ഭൂരിഭാഗവും താഴ്ന്നവരുമാനക്കാരും ഇടത്തരം വരുമാനക്കാരുമാണ്. കല്ല്യാശ്ശേരി ഊർജ സർവ്വെ കാണിക്കുന്നത് ആളോഹരി പ്രദിദിന വിറകുപയോഗം പാചകത്തിന് 1-3 കിലോ ആണെന്നാണ്.

പട്ടിക 7-16 ൽ വീടുകളുടെ വിറകുപയോഗത്തിന്റെ സ്രോതസ്സ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും മനസ്സിലാവുന്നത് വിറക് പൂർണമായും വിലകൊടുത്തുവാങ്ങി ഉപയോഗിക്കുന്നവർ6.4% വും ഭാഗികമായി വിലകൊടുത്തു വാങ്ങി ഉപയോഗിക്കുന്നവർ 6.4% വും ഭാഗീകമായിവിലകൊടുത്തുവാങ്ങിഉപയോഗിക്കുന്നവർ 36.8% വും വരും എന്നാണ്. ഈ പഞ്ചായത്തിലെ മറ്റ് പ്രധാന ഉപഭോക്താക്കൾ

കൈത്തറി സൊസൈറ്റികൾ , ബേക്കറികൾ , ഹോട്ടലുകൾ, സ്കൂളുകൾ , അംഗൺവാടികൾ എന്നിവയാണ്. ഈ സ്ഥാപനങ്ങൾ പൂർണമായും വിറക് വിലകൊടുത്തുവാങ്ങുന്ന വരാണ്. പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുക ളിലും അംഗൺ വാടികളിലും കല്ല്യാശ്ശേരി ഊർജ്ജ പദ്ധതിയുടെ ഭാഗമായി ദക്ഷതകൂടിയ കമ്മ്യൂണിറ്റി ചൂളകൾ സ്ഥാപിച്ചു കഴിഞ്ഞി ട്ടുണ്ട്. ഇതുവഴി കഴിഞ്ഞവർഷം ഈ സ്ഥാപന ങ്ങൾക്ക് കാര്യമായ സാമ്പത്തിക നേട്ടം ഉണ്ടാ ക്കാൻ സാധിച്ചിട്ടുണ്ട്.

പട്ടിക 16- ൽ കല്ല്യാശ്ശേരിയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി വിറകിന്റെ വിലയി ലുണ്ടായ വർദ്ധനവിനെ കാണിച്ചിരിക്കുന്നു. മുൻ വർഷങ്ങളിൽ നേരിയ തോതിൽ മാത്രമുണ്ടായിരുന്ന വിലവർദ്ധനവ് 95, 96 വർഷങ്ങളിൽ 50% ത്തിലുമധികമായ തായിക്കാണാം.

വീടുകളിൽ പൊതുവെയും, മറ്റ് വിവിധ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നത് വളരെ ദക്ഷത കുറഞ്ഞ സാധാരണ വിറകടുപ്പുകളാണ്. ഇവയുടെ കാര്യക്ഷമത വെറും 8% മാത്രമാണ്. കല്ല്യാശേരി സമ്പൂർണ്ണ ഊർജ്ജാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ സാധ്യമായ മുഴുവൻ വീടുകളിലും ദക്ഷത കൂടിയ വിറകടുപ്പുകൾ (കാര്യക്ഷമത 33%) സ്ഥപിക്കാൻ പരിപാടി ഉണ്ടായിരുന്നെങ്കിലും 30% വീടുകളിൽ മാത്രമേ ഇത് സ്ഥാപിക്കാൻ സാധിച്ചിട്ടുള്ളൂ. പട്ടിക 7-78 ൽ പഞ്ചായത്തിലെ വീടുകളിൽ ഉപ്യോഗിക്കുന്ന അടുപ്പുകളുടെ തരം വാർഡ് തിരിച്ച് രേഖപ്പെടുത്തിയിരി ക്കുന്നു.

പഞ്ചായത്തിലെ സാധ്യമായ മുഴുവൻ വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുകയാ ണെങ്കിൽ വലിയ അളവിൽ വിറക് ലാഭിക്കാനും അത് വഴി ഉപഭോക്താക്കൾക്ക് ഗണ്യമായ സാമ്പത്തിക നേട്ടമുണ്ടാവുകയും ചെയ്യും. മാത്രമല്ല മൊത്തം സംസ്ഥാന വ്യാപകമായി ത്തന്നെ നടപ്പിലാക്കാവുന്ന ഇത്തരമൊരു പ്രവർത്തനം കൊണ്ട് കേരളത്തിലെ വന സംരക്ഷണ രംഗത്ത് കാര്യമായ നേട്ടം ഉണ്ടാക്കാൻ പറ്റുന്നതുമാണ്. പട്ടിക 18 ൽ പഞ്ചായത്തി നകത്ത് സാധ്യമായ സ്ഥലങ്ങളിൽ ദക്ഷതകൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുന്നത് വഴി ലഭിക്കുന്ന വിറക് ലാഭത്തിന്റെ കണക്കുകൾ കാണിച്ചിരിക്കുന്നു. ഈ കണക്കുകൾ കാണിക്കുന്നത് പഞ്ചായത്തിൽ ഗാർഹിക ഊർജ്ജരംഗത്ത് വളരെയേറെ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട് എന്നാണ്.

ഭാഗം. 3

ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പ്രധാനപ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും പീക്ക് ലോഡ് സമയത്ത് കുറഞ്ഞ വോൾട്ടതയെ ലഭിക്കുന്നുള്ളൂ.
2. കീച്ചേരി ബസ്സ്റ്റോപ്പിന് സമീപത്തുള്ള ട്രാൻസ്ഫോർമറിൽ നിന്ന് ചിറകുറ്റി സാംസ്ക്കാരിക കേന്ദ്രത്തിന്റെ ഭാഗത്തേക്ക് പോകുന്ന ലൈനിന്റെ അവസാന ഭാഗങ്ങളിൽ സദാസമയങ്ങളിൽ ബൾബ് കത്തുന്നേ ഇല്ല. ഇവിടെ എല്ലാ ദിവസവും ഫ്യൂസ് കേടാവുന്നു.
3. വ്യവസായങ്ങൾക്ക് വൈദ്യുതി കണക്ഷൻ എളുപ്പത്തിൽ ലഭിക്കുന്നില്ല.
4. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും പ്രോപ്പർട്ടി കൺസൻറ് യഥാസമയം ലഭിക്കാത്ത തിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല.
5. ഭൂരിഭാഗം വീടുകളിലും, മറ്റ് സ്ഥാപനങ്ങ ളിലും കാര്യക്ഷമത വളരെ കുറഞ്ഞ സാധാരണ മൂന്നു കല്ല് അടുപ്പുകളാണ് ഇന്നും ഉപയോ ഗിക്കുന്നത്.
6. ANERT വിതരണം ചെയ്യുന്ന ദക്ഷത കൂടിയ വൈദ്യുത ഉപകരണങ്ങൾ ആവശ്യക്കാർക്ക് ലഭിക്കുന്നില്ല.
7. പഞ്ചായത്തിലെ പ്രധാന റോഡുകളിലും കവലകളിലും തെരുവ് വിളക്കുകളില്ല.. ഉള്ളവ കാണുന്നില്ല.
8. കല്ല്യാശേരി പഞ്ചായത്തിലെ ഉപഭോക്താളുടെ ഗ്യാസ് കണക്ഷനുള്ള അപേക്ഷ വിവിധ ഏജൻസികൾ സ്വീകരിക്കുന്നില്ല.
9. ആഡംബരത്തിനുള്ള വൈദ്യുതി ഉപയോഗം വർദ്ധിച്ചു വരുന്നു.
10. പഞ്ചായത്തിലെ 4% മീറ്ററുകൾ കേടാണ്.
11. പഞ്ചായത്തിൽ പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.
12. പഞ്ചായത്തിൽ കെ. എസ്. ഇ. ബി. സബ്

എഞ്ചിനീയർ ഓഫീസ് ഇല്ല.
13. ദക്ഷത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത പൊതുവെ മുഴുവനാളുകൾക്കും അറിയില്ല.

ഭാഗം 4 സാധ്യതകൾ

1 ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രധാനമായും മൂന്ന് മേഖലകളിലാണ് ഇടപെടേണ്ടതാണ്.
(1) പവർ മാനേജ്മെന്റ്
(2) വിതരണ ശൃംഖലയുടെ മാനേജ്മെന്റ്
(3) ജൈവ വസ്തുക്കളുടെ മാനേജ്മെന്റ്

പവർമാനേജ്മെന്റിന്റെ കാര്യത്തിൽ പഞ്ചായത്തിനകത്ത് ചെയ്യാവുന്ന പ്രവർത്തനങ്ങളുടെ സാധ്യത വളരെ കുറവാണ്.

വിതരണ നഷ്ടം കുറക്കുക. വെളിച്ചത്തിനായി കാര്യക്ഷമതയുള്ള വിളക്കുകൾ ഉപയോഗിക്കുക എന്നിവയാണ് ഈ മേഖലയിൽ ചെയ്യാവുന്ന പ്രവർത്തനം.

ഇതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഇന്നുപയോഗിക്കുന്ന സാധാരണ ബൾബുകൾക്ക് പകരം ദക്ഷത കൂടിയ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പ് സ്ഥാപിക്കാൻ പ്രേരണ നൽകണം. സാധാരണ ബൾബു പ്രകാശിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിന്റെ നാലിലൊന്ന് വൈദ്യുതി ഉപയോഗിച്ച് ഒരു CFL പ്രവർത്തിപ്പിക്കാൻ സാധിക്കും. ഒരു സാധാരണ ബൾബിന്റെ ആയുസ്സ് ആയിരം മണിക്കൂറാണെങ്കിൽ CFL ന്റെത് 8000 മുതൽ 10,000 മണിക്കൂർ വരെയാണ്.
CFL ന്റെ പ്രചരണത്തിനുള്ള ഒരു പരിപാടി പഞ്ചായത്തിനകത്തെ ധനകാര്യ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഉദാ: ഒരു CFL ന് 350 രൂപ വെച്ച് 17% പലിശ നിരക്കിൽ 5 വർഷം കൊണ്ട് തിരിച്ചടുക്കാവുന്ന ഒരു സ്കീം തയ്യാറാക്കി ഉപഭോക്താവിന് ലഭ്യമാക്കുകയാണെങ്കിൽ ഒരു വർഷം ഒരു ബൾബിന് 42. 70 മാത്രമേ തിരിച്ചടക്കേണ്ടതുള്ളൂ. ഇത് സാധാരണ ക്കാരന് താങ്ങാവുന്ന വിലയാണ്. ബൾബിന്റെ ആയുസ്സും ലഭ്യമാവുന്ന പ്രകാശിന്റെ അളവും ഊർജ്ജവും ഊർജ്ജ ലാഭവും പരിഗണിക്കുമ്പോൾ വളരെ ആകർഷകമായ ഒരു പരിപാടിയായിരിക്കും ഇത്. ഇതുപോലെതന്നെ ഇലക്ട്രോണിക് ചോക്ക് പ്രഷർകുക്കർ ഹൈ എഫിഷ്യൻസി ഫ്യൂട്ട്വാൾവ് എന്നിവയും ലഭ്യമാക്കാവുന്നതാണ്.
(2) പുതിയ വിതരാണാസൂത്രണത്തിന് മൂന്ന് വിതരണ ഘട്ടങ്ങളാണുള്ളത്
1 ഡിമാൻറ് കേന്ദ്രങ്ങൾ കണ്ടെത്തൽ
2 സപ്ലൈ കേന്ദ്രങ്ങൾ കണ്ടെത്തൽ
3 ലോഡ് ഇൻറർ കണക്ഷൻ വഴി നഷ്ടം പരിമിതപ്പെടുത്തൽ. ഈ പഞ്ചായത്തിൽ ഇതിനകം നിർമ്മിച്ചു കഴിഞ്ഞ പവർലൈൻ മാപ്പ് ഉപയോഗിച്ച് മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

നിലവിലുള്ള ലൈനുകൾ മാറ്റി സ്ഥാപിക്കൽ പുതിയ ട്രാൻസ്ഫോമറുകളുടെ സ്ഥാപനം എന്നിവ ചെലവേറിയതും വൈദ്യുതി ബോർഡിന്റെ സഹായത്തോടുകൂടി മാത്രം ചെയ്യാവുന്ന പ്രവർത്തനങ്ങളുമാണ്.
എന്നാൽ വളരെ പെട്ടെന്ന് ചെയ്യേണ്ട പ്രവർത്തനം വിതരണ നഷ്ടം കുറക്കുന്നതിനായി ലൈനിലെ അപര്യാപ്തമായ ജംബ്ലറുകൾ മാറ്റി സ്ഥാപിക്കുക. വൈദ്യുതി കമ്പിയിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക എന്നിവയാണ്. അതുപോലെ ലൈനിലെ ലോഡ് ക്രമീകരിക്കുകയും വേണം. ഇതുവഴി 40 % ത്തോളം വിതരണ നഷ്ടം കുറക്കാൻ സാധിക്കും.

ഇതിനായി ചെയ്യേണ്ടത് ഓരോ ട്രാൻസ്ഫോമറിനും അതിനുള്ള ഉപഭോക്താക്കളുടെ അഞ്ചുപേരടങ്ങുന്ന സംരക്ഷണ സമിതി ഉണ്ടാക്കുകയും പവർലൈൻ മാപ്പ് ഉപയോഗിച്ചും മറ്റും പ്രശ്നങ്ങൾ മനസ്സിലാക്കി വൈദ്യുതി അധികൃതരുടെ സഹായത്തോടെ മരച്ചില്ലുകൾ മുറിച്ച് മാറ്റുക തുടങ്ങി മേൽ സൂചിപ്പിച്ച പ്രേക്ഷണ നഷ്ടം കുറക്കാനുള്ള പ്രവർത്തനം നടത്തണം.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കേരവസ്തുക്കളും ചപ്പുചവറുകളും മറ്റ് ജൈവവസ്തുക്കളും ഉപയോഗിച്ച് ഊർജ്ജോല്പാദനത്തിനായി പ്രവർത്തിപ്പിക്കാവുന്ന ബയോ മാസ്,ഗ്യാസിഫയർ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കണം. ANERT പോലുള്ള ഏജൻസികളുടെ ധനസഹായം ഇതിനായി തേടണം.

മറ്റൊന്ന് പഞ്ചായത്തിലെ തരിശായി കിടക്കുന്ന ചരിവ് പ്രദേശത്ത് വിറകിനായി

വൃക്ഷ വൽക്കരണം നടത്തുകയും കുറഞ്ഞ ചെലവിൽ വിറക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്.

അതുപോലെ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ കന്നുകാലികളെ പോറ്റുന്ന വീട്ടുകാർക്ക്, സാമ്പത്തികവും, സാങ്കേതികവുമായ സഹായം ലഭ്യമാക്കണം.

(4) നിലവിലുള്ള ട്രാൻസ് ഫോമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ആവശ്യമായ സ്ഥലങ്ങളിൽ ലൈൻ 3 ഫേസ് ആക്കണം

(5) വ്യവസായങ്ങൾക്ക് എത്രയും വേഗത്തിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടിവേണം

(6) പ്രോപ്പർട്ടി കൺസൻറ് പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്ത് ഭരണ സമിതിയിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കണം

(7)ആഡംബരത്തിനായി വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പ്രത്യേകം ചാർജ്ജ് ഈടാക്കൻ നടപടി വേണം

(8) ദക്ഷത കൂടിയ ഉപകരണങ്ങളുടെ പ്രചാരണത്തിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം.

(9) പഞ്ചായത്തിലെ 77% വീടുകളിലും ദക്ഷത കൂടിയ വിറകടുപ്പ് സ്ഥാപിക്കാനുള്ള സാധ്യതകൾ ഉണ്ട്. ഇപ്പോൾ ANERT ന് ഒരടുപ്പിന് നൽകേണ്ട തുക. 50 രൂപയാണ്. വീട്ടുകാർക്ക് തറ നിർമ്മിക്കുന്നതിനും, സാധനങ്ങൾ സ്ഥലത്തെത്തിക്കുന്നതിനും മറ്റുമുള്ള ചെലവിലേക്ക് പഞ്ചായത്ത് സബ്സിഡി നൽകാൻ തീരുമാനിക്കണം. അടുപ്പ് ഫിറ്റ് ചെയ്ത് സർട്ടിഫൈ ചെയ്തശേഷം സബ്സിഡി തുക നൽകിയാൽ മതിയാവും

അതുപോലെ പഞ്ചായത്തിലെ മുഴുവൻ ഹോട്ടലുകളിലും, ബേക്കറികളിലും, വിവേഴ്സ് സൊസൈറ്റികളിലും കമ്മ്യൂണിറ്റ് ചൂളകൾ നിർബന്ധമായും സ്ഥാപിക്കാൻ പ്രേരിപ്പിക്കണം. ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം.


10 അടുപ്പുകൾ ഫിറ്റ് ചെയ്യുന്നതിനും, അവ നിരന്തരം പരിശോധിക്കുന്നതിനും പഞ്ചായത്തിൽ സ്ഥിരം ഫിറ്റർമാരായി 10 പേരെങ്കിലും പരിശീലനം നൽകിതയ്യാറാകണം. ഇതുവഴി ഈ 10. പേർക്ക് നല്ല വരുമാനമുള്ള ഒരു സ്ഥിരം തൊഴിൽ നൽകാനാവും. ഒരടുപ്പ് ഫിറ്റ് ചെയ്യുന്നതിന് ANERT നൽകുന്ന കൂലി 75 രൂപയാക്കി പ്രത്യേകം കൂലി നൽകുന്നുണ്ട്. കമ്മ്യൂണിറ്റി ചൂളകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകക്കനുസരിച്ച് കൂലി കിട്ടും. അടുപ്പ് ഫിറ്റ് ചെയ്യുന്നത് വഴി ആരോഗ്യ രംഗത്തും വനസംരക്ഷണ മേഖലയിലും, ആകെ ഉപഭോക്താവിന് ലഭിക്കുന്ന സാമ്പത്തിക നേട്ടവും വിലയേറിയതാണ്. കല്ല്യാശേരി പഞ്ചായത്ത് ഈ രംഗത്ത് മാതൃകാപരമായ പരിപാടി ആസൂത്രണം ചെയ്യണം.

11 പഞ്ചായത്തിലെ പ്രധാന കവലകളിലും, മറ്റെല്ലാ പ്രധാന റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.


12 കല്ല്യാശേരിയിൽ ഗ്യാസ് ഏജൻസി തുടങ്ങാൻ നടപടി വേണം.

13. പഞ്ചായത്തിൽ വിവിധ വീടുകളിലായി കേടായി കിടക്കുന്ന എനർജി മീറ്ററുകൾ മാറ്റി സ്ഥാപിക്കണം

14. 3000ത്തിലധികം വൈദ്യുതികണക്ഷനുള്ള ഈ പഞ്ചായത്തിൽ അടിയന്തിരമായും ഒരു KSEB സബ് എഞ്ചിനിയർ ഓഫീസ് സ്ഥാപിക്കണം.


പാഞ്ചിനി തെരി പഞ്ചായത്ത്
പഞ്ചായത്ത് അതിര്
റെയിൽവെ
റോഡ്

കല്ല്യാശ്ശേരി പഞ്ചായത്ത്
ടെൽസ്ഫെർ സൂചകങ്ങളുടെ സ്ഥാനം



കല്ല്യാശ്ശേരിയിൽ വൈദ്യുതി വിതരണം നിർവ്വഹിക്കുന്ന ട്രാൻസ്ഫോർമറുകൾ

ക്രമ നമ്പർ	പേര്	ഫീഡർ	റേറ്റിംഗ്	ആകെ ഉപയോക്തൃക്കൾ
1	കെൽട്രോൺ . 1	കണ്ണപുരം	250	1
2	കെൽട്രോൺ . 2	,,	250	1
3	കണ്ണപുരം സോമിൽ	,,	250	219
4	ഇരിണാവ് കച്ചേരിത്താഴ	,,	160	605
5	ഇരിണാവ് ലീന	,,	100	175
6	കണ്ടൻചി	,,	100	420
7	പാറക്കടവ്	,,	100	265
8	മിൽമ (ധർമ്മശാല	,,	100	16
9	പാളിയത്ത് വളപ്പ്	,,	100	304
10	അഞ്ചാംപീടിക	,,	100	465
11	യോഗശാല	,,	100	389
12	കൊട്ടപ്പാലം	,,	63	295
13	ധർമ്മക്കിണർ	,,	63	205
14	പഴഞ്ചിറത്താവ	,,	63	305
15	ഇല്ലിപ്പുറം	,,	63	200
16	കപ്പോത്തുക്കാവ്	,,	63	80
17	കല്ല്യാശ്ശേരി സെൻട്രൽ	,,	63	150
18	ഒടിപ്രം	,,	63	148
19	ബിക്കിരിയൻ പറമ്പ്	,,	63	106
20	ചെക്കിക്കുണ്ട്	,,	63	
21	പാട്ടിയം വായനശാല	,,	63	
22	ജുമായത്ത് പള്ളി ഇരിണാവ്	,,	63	
23	കീച്ചേരി 1	വളപട്ടണം	100	205
24	കീച്ചേരി 2 ധാനിഷ് റബ്ബർ	,,	63	50
25	കീച്ചേരി 3 ഗോൾഡൻ ഇൻഡസ്ട്രി	,,	63	
26	മാങ്ങാട്ട് സബ് സ്റ്റേഷൻ	,,	100	207
27	അരയാല	,,	100	141
28	മാങ്ങാട്ട് ടൗൺ	,,	100	255
29	തളിയിൽ വാട്ടർ സപ്ലൈ സ്കീം	,,	83	205
30	കല്ല്യാശ്ശേരി	,,	100	315
31	മണക്കുളങ്ങര	,,	63	200
32	സിറാമിക് സെൻറർ	മാങ്ങാട്	100	267

അവലംബം : കല്ല്യാശ്ശേരി ഊർജ സർവ്വെ 1994

കല്ല്യാശ്ശേരിയിലെ പ്രതിമാസ ഊർജ ഉപയോഗ മാതൃക

ക്രമ നമ്പർ	വിഭാഗം	ഉപഭോക്താക്കൾ	ശരാശരി പ്രതിമാസ ഉപയോഗം	ശതമാനം
1	ഗാർഹികം	2668	101.00	44.99
2	കാർഷികം	145	7.19	3.20
3	വ്യാവസായികം	56	98.01	43.66
4	വാണിജ്യം	269	7.69	3.43
5	മറ്റുള്ളവ	98	7.09	3.14
6	തെരുവ് വിളക്ക്	214	3.53	1.57
	ആകെ	3450	224.45	100

കല്ല്യാശ്ശേരിയിലെ പ്രധാന കാർഷിക ഉപഭോക്താക്കൾ

ക്രമ നമ്പർ	വിഭാഗം H. P	എണ്ണം	%
1	3 എച്ച്. പി യിൽ കൂടുതൽ	6	4.13
2	2 എച്ച്. പി മുതൽ 3 എച്ച്. പി വരെ	4	2.75
3	1 എച്ച്. പി. മുതൽ 2. എച്ച്. പി. വരെ	61	42.0
4	1 എച്ച് പിയിൽ താഴെ	74	51.0
	ആകെ	145	

കുടിവെള്ള വിതരണത്തിനുള്ള വൈദ്യുതി ഉപയോഗം

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പമ്പിംഗ് ലോഡ്	പൊതുടാപ്പുകളുടെ എണ്ണം
1	കുഞ്ഞുകുളം	22.38	69
2	പയ്യട്ടം	7.69	61
	ആകെ	30.07	130

കല്ല്യാശ്ശേരിയിലെ പ്രധാന ലോ ടെൻഷൻ വ്യാവസായിക ഉപഭോക്താക്കൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം	കണക്ടഡ് ലോഡ്	%
1	സോമിൽ	1	28.00	3.76
2	റൈസ് മിൽ	3	24.61	3.30
3	ഓയിൽ മിൽ	2	19.11	2.50
4	എഞ്ചിനീയറിംഗ് വർക്സ്	11	344.06	46.24
5	വീവേർസ് സൊസൈറ്റികൾ	5	21.09	2.83
6	വുഡ് ഇൻഡസ്ട്രീ	11	94.09	12.6
7	തീപ്പെ[illegible]നി	1	10	1.34
8	മറ്റുള്ളവ	34	203.09	27.28
	ആകെ		744.05	

വിവിധ സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങളിലെ ഫ്ലൂറസന്റ് വിളക്കുകളുടെ ഉപയോഗം

വിഭാഗങ്ങൾ : SES.1 വൈദ്യുതീകരിക്കാത്തവർ(500 രൂപക്ക് താഴെ)
SES2 താഴ്ന്നവരുമാനക്കാർ(500 നും 2000 നും ഇടയിൽ)
SES 3ഇടത്തരം വരുമാനക്കാർ(2000-5000)
SES 4 ഉയർന്ന വരുമാനക്കാർ (5000 ൽ അധികം)

വിഭാഗം	ശതമാനം
SES1	0
SES2	0
SES3	31
SES4	60

പട്ടിക 7-8 വിവിധ സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങളിലെ വൈദ്യുതി ഉപയോഗം

വിഭാഗം	പ്രതിദിന ഊർജ áê eM-^ pKWH	ആകെ ഉപയോഗം ശതമാനത്തിൽ		
		വെളിച്ചം	അലങ്കാരം	ഉപകരണങ്ങൾ
SES2	0.2445	87.70	_	12.37
SES3	0.6193	45.10	13.70	41.20
SES4	0.9896	25.50	10.40	64.20

പട്ടിക 7-9 പ്രകാശത്തിനുള്ള ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ

ഇന്ധനം /വാർഡ്	1	2	3	4	5	6	7	8	9	10	ആകെ	%
മണ്ണെണ്ണ	156	107	97	71	287	163	102	58	43	65	1149	29
വൈദ്യുതി	322	266	286	186	327	241	322	233	257	343	2773	70.71
ഗ്യാസ്	-	1	-	-	-	-	-	-	1	-	2	0.05
മറ്റുള്ളവ	-	1	-	-	-	-	-	-	1	-	2	0.05

710 പ്രതിശീർഷ ഊർജ ഉപയോഗം വിവിധ സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങളിൽ

SES ഗ്രൂപ്പ്	ആകെ പ്രതിശീർഷ ഉപഭോഗം	ഉപഭോഗ ആവശ്യങ്ങൾ			
		വെളിച്ചത്തിന്	പാചകത്തിനും വെള്ളം ചൂടാക്കലിനും	അലംകാര ദീപങ്ങൾ	വിവിധ വൈദ്യുത ഉപകരണങ്ങൾ
1	2	3	4	5	6
2	24.50	1.80 7.4%	22.61 92.4%	0.108 0.4%	0
3	19.75	1.467 7.4%	17.30 87.6%	0.18 0.9%	0.606 4.1%
4	18.461	1.393 7.54%	14.416 78.1%	0.371 2%	2.282 12.3%

പട്ടിക 7.11 കല്ല്യാശ്ശേരി പകൽ സമയത്തെ വോൾട്ടേജ് ലഭ്യത

വോൾട്ടത	ഉപഭോക്താക്കൾ %
150 മുതൽ 200 വരെ	20%
200 മുതൽ 240 വരെ	80%

പട്ടിക 7-12 കല്ല്യാശ്ശേരി സ്ട്രീറ്റ് ലൈറ്റുകൾ

ക്രമ നമ്പർ	തരം	25 W	40 W	60 W	180 W	ആകെ
1	ബൾബ്	-	256	5	-	261
2	ട്യൂബ്	-	40X2 15	-	-	15
3	മെർക്കുറി വേപ്പർ ലാംപ്	-	-	-	-	-
4	സോഡിയം വേപ്പർ ലാംപ്	-	-	-	12	12
	ആകെ					288

പട്ടിക 7-13 ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും ഉണ്ടാകുന്ന വർദ്ധനവ്
പാപ്പിനിശ്ശേരി ഇലക്ട്രിക്കൽ മേജർ സെക്ഷൻ

വർഷം	ഗാർഹികം	കാർഷികം	വാണിജ്യം	വ്യവസായം
1990	8558.511 kw 12345 no	363.29kw 476no	50-68.13kw 2229.no	 258no
1991	9239.85kw 12983no.	517.23kw 535no	1419.98kw 2363no	5603.37kw 265no
1992	10313.73kw 13814no	584.70kw 603no	1461.49kw 2484 no	5603.37kw 281n0
1994	11135.67kw 14442no	614.44kw 637no	1537.44kw 2587no	6367.01kw 302no

പട്ടിക 7-14 പാചക ആവശ്യത്തിനുപയോഗിക്കുന്ന ഇന്ധന ഉപയോഗം

ഇന്ധനം / വാർഡ്	1	2	3	4	5	6	7	8	9	10	ആകെ	%
കേര വസ്തുക്കൾ	344	220	343	222	191	148	35	8	19	65	1596	40.53
മറ്റു ജൈവ വസ്തുക്കൾ	5	1	1	1	10	60	6	-	9	24	117	2.97
വിറക്	123	131	24	25	383	179	363	262	243	255	1988	50.51
മണ്ണെണ്ണ	2	16	4	2	9	2	3	6	3	18	65	1.65
ഗ്യാസ്	4	6	10	7	18	15	18	15	27	44	164	4.17
വൈദ്യുതി	-	-	1	-	3	-	-	-	1	1	6	0.15
ആകെ	**478**	**374**	**383**	**257**	**614**	**404**	**425**	**291**	**302**	**408**	**3936**	**100**

പട്ടിക 7-15 വെള്ളം ചൂടാക്കലിനുള്ള ഉപയോഗം

ഇന്ധനം/വാർഡ്	1	2	3	4	5	6	7	8	9	10	ശക	%
കേരവസ്തുക്കൾ	429	365	364	226	392	152	82	228	135	261	2634	66.92
മറ്റു ജൈവ വസ്തുക്കൾ	1	1	1	15	8	72	55	8	25	61	247	6.27
വിറക്	46	7	13	9	179	171	266	50	135	59	935	23.67
മണ്ണെണ്ണ	2	1	4	3	26	4	8	-	6	19	23	1.85
ഗ്യാസ്	-	-	-	4	7	5	13	2	1	8	40	1.02
വൈദ്യുതി	-	-	-	-	1	-	-	1	-	-	2	0.05
മറ്റുള്ളവ	-	-	1	-	1	-	1	2	-	-	5	0.13
ആകെ	**478**	**374**	**383**	**257**	**614**	**404**	**425**	**291**	**202**	**408**	**3936**	**100**

പട്ടിക 7-16 വീടുകളിൽ ഉപയോഗിക്കുന്ന വിറകിന്റെ സ്രോതസ്

ക്രമ നമ്പർ	സ്രോതസ്	വീടുകളുടെ എണ്ണം %
1	മുഴുവനായും വിലകൊടുത്തുവാങ്ങുന്നവർ	6.40
2	ഭാഗീകമായ വിലകൊടുത്തുവാങ്ങിക്കുന്നവർ	36.80
3	സ്വന്തം പറമ്പിൽ നിന്നും സമാഹരിക്കുന്നവർ	40.00
4	മറ്റുപറമ്പുകളിൽ നിന്നു സമാഹരിക്കുന്നവർ	10.40
5	മറ്റുള്ളവ	6.40

പട്ടിക 7-17 വിറകിന്റെ വിലയിലുണ്ടായ വർദ്ധനവ്

വർഷം	വില ടണ്ണിന്രൂപ	വളർച്ച നിരക്ക് %
1990	400	-
1991	450	12.50
1992	530	17.78
1993	610	15.05
1994	670	9.84
1995	1000	49.25
1996	1600	60.00

പട്ടിക 7-18 വീടുകളിൽ ഉപയോഗിക്കുന്ന അടുപ്പുകളുടെ തരം

അടുപ്പ് തരം / വാർഡ്	1	2	3	4	5	6	7	8	9	10	ശക	%
സാധാരണ വിറകടുപ്പ്	416	398	404	235	644	308	364	365	274	346	3654	75.84
പരിഷത്ത് അടുപ്പ്	135	39	56	78	126	145	140	68	60	81	931	19.24
മണ്ണെണ്ണ സ്റ്റൗ	2	16	4	2	9	2	3	6	3	18	65	1.34
ഗ്യാസ്	4	6	10	7	18	15	18	15	27	44	164	3.39
വൈദ്യുതി അടുപ്പ്	-	-	1	-	3	-	-	-	1	1	6	0.12
മറ്റുള്ളവ	-	-	1	-	2	-	1	-	-	4	8	0.16

പട്ടിക 7-19 ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുന്നതു ...ഴിയുള്ള നേട്ടം

വിഭാഗം	എണ്ണം / അളവ്
പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കാവുന്ന വീടുകൾ	3441എണ്ണം
ഇതുവഴി പ്രതിവർഷം ലാഭിക്കാവുന്ന വിറക്	5550ടൺ
കമ്മ്യൂണിറ്റി ചൂളകൾ സ്ഥാപിക്കാവുന്ന സ്ഥാപനങ്ങൾ	50 എണ്ണം
ഇതുവഴി പ്രതിവർഷം ലാഭിക്കാവുന്ന വിറക്	670 ടൺ





Fig. 1 KALLIASSERI PANCHAYAT - LOCATION MAP



5 വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും കല്ല്യാശ്ശേരിയിലെ വിദ്യാഭ്യാസ രംഗത്ത് നിർണായക സ്വാധീനം ചെലുത്തുകയുണ്ടായി. മാങ്ങാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ശ്രീ ഹർഷൻ വായനശാല, അഞ്ചാം പീടികയിലെ കെ.വി.എം. വായനശാല, ഇരിണാവിലെ സൻമാർഗ്ഗദായിനി വായനശാല, പൊതുജന വായനശാല തുടങ്ങിയ വായനശാലകളും ഗ്രന്ഥാലയങ്ങളും ഔപചാരിക വിദ്യാഭ്യാസ രംഗത്ത് ഗണ്യമായ സംഭാവനകൾ നൽകി. മലബാറിലെ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ തുടക്കംതന്നെ കല്ല്യാശ്ശേരിയിലായിരുന്നു. 1936 ൽ കല്ല്യാശ്ശേരി സൗത്ത് എൽ.പി സ്കൂളിൽ ചേർന്ന യോഗത്തിൽ വച്ചാണ് ചിറക്കൽ താലൂക്ക് എയ്ഡഡ് എലിമെൻററി സ്കൂൾ ടീച്ചേഴ്സ് യൂണിയൻ രൂപീകരിച്ചത്. ഇതാണ് പിന്നീട് മലബാറിലെ അദ്ധ്യാപക പ്രസ്ഥാനമായി വളർന്നത്. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അദ്ധ്യാപകർ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇങ്ങനെ പലവിധ കാരണങ്ങളാൽ സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പുതന്നെ പൊതുവിദ്യാഭ്യാസ രംഗത്ത് കല്ല്യാശ്ശേരി ഏറെ മുമ്പിലായിരുന്നു.

കല്ല്യാശ്ശേരി സെൻട്രലിൽ 1922 ൽ സ്ഥാപിച്ച സഹകാര്യ എലിമെൻററി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ പൊതു വിദ്യാലയം. കല്ല്യാശ്ശേരിയിൽ ഇപ്പോഴത്തെ ഹൈസ്കൂളിന് തെക്ക് ഭാഗത്തുള്ള പറമ്പിൽ ഒരു ഗേൾസ് സ്കൂൾ 1901 മുതൽ പ്രവർത്തിച്ചിരുന്നു. ഇത് പൊതു വിദ്യാലയമായിരുന്നില്ല. അതിന് ശേഷം 1924 ൽ കല്ല്യാശ്ശേരിയിൽ സ്ഥാപിതമായ ഹയർ എലിമെൻററി സ്കൂളാണ് 1957 ൽ കല്ല്യാശ്ശേരി ഗവ: ഹൈസ്കൂളായി മാറിയത്. കല്ല്യാശ്ശേരി ഹയർ എലിമെൻററി സ്കൂൾ സ്ഥാപിച്ചതിനെതുടർന്നുണ്ടായ സംഭവ വികാസങ്ങളാണ് ഈ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക മുന്നേറ്റത്തിന് തിരികൊളുത്തിയതെന്ന് ചരിത്ര രേഖകൾ ബോധ്യപ്പെടുത്തുന്നു. അദ്ധ്യായം 2 ൽ ഇതിൻെറ സൂചനകൾ കാണാവുന്നതാണ്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദ വിവരങ്ങൾ പട്ടിക 2 ൽ ഉൾകൊടുത്തിരിക്കുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡാണ് കല്ല്യാശ്ശേരി എലിമെൻററി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തിയത്. ഇതിനുവേണ്ട കെട്ടിടം നാട്ടുകാരുടെ സംഭാവനയാണ്. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള 11 വിദ്യാലയങ്ങളിൽ ദാറുൽ ഇമാൻ എൽ.പി. സ്കൂൾ ഒഴികെയുള്ളവയെല്ലാം സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പുതന്നെ നിലവിൽ വന്നവയാണ്. സ്ഥാപന രംഗത്ത് പിന്നീടുണ്ടായ പ്രധാന പുരോഗതി കല്ല്യാശ്ശേരി ഗവ: ഹൈസ്കൂൾ 1989 ൽ വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടു എന്നതാണ്. 1998 ൽ മാങ്ങാട്ട് പ്രവർത്തനമാരംഭിച്ച കേന്ദ്രീയ വിദ്യാലയം 5 വർഷം മുമ്പ് ആന്തൂർ പഞ്ചായത്തിലെ പുതിയ കെട്ടിടത്തിലേക്ക് മാറ്റി.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ ഒരു പാരലൽ കോളേജ്, 5 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു നൃത്തവിദ്യാലയം എന്നിവയും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായി കണ്ണൂരിലും പരിസര പ്രദേശങ്ങളിലുമുള്ള ഐ.റ്റി.ഐ, പോളിടെക്നിക്കുകൾ, ഐ.ടി.സികൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. തൊട്ടടുത്തുള്ള ആന്തൂർ പഞ്ചായത്തിലാണ് കണ്ണൂർ ഗവ: എഞ്ചിനിയറിങ്ങ് കോളേജ് സ്ഥിതിചെയ്യുന്നത്. നിർദ്ദിഷ്ട കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഒരു ഭാഗം മാങ്ങാട് പറമ്പിൽ സ്ഥാപിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 8-7ൽ കൊടുത്തിരിക്കുന്നു. ഇതിനുപുറമെ 1000 ഓളം വിദ്യാർത്ഥികൾ മോറാഴ സൗത്ത് എൽ.പി.സ്കൂൾ, മോറാഴ സെൻട്രൽ യു.പി.സ്കൂൾ, മോറാഴ എ. യുപിസ്കൂൾ, കണ്ണപുരം ഈസ്റ്റ് യു.പി.സ്കൂൾ, ചെറുകുന്ന് ഗവ: ബോയ്സ് ഹൈസ്കൂൾ, ചെറുകുന്ന് ഗവ: ഗേൾസ് ഹൈസ്കൂൾ, പഞ്ചായത്ത് ഹൈസ്കൂൾ പാപ്പിനിശ്ശേരി, മോറാഴ ഗവ: ഹൈസ്കൂൾ, അരോളി ഗവ: ഹൈസ്കൂൾ, പറശ്ശിനിക്കടവ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പഠിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. സാമ്പത്തീകമായി ഉയർന്ന വിഭാഗങ്ങളിലെ 200 ലധികം കുട്ടികൾ കണ്ണൂരിലും പരിസര പ്രദേശങ്ങളിലുമുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കും പോകുന്നു. പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങളൊഴിച്ച് എല്ലായിടത്തും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ഡിവിഷനുകൾ കുറയുന്നതിനും അതുവഴി അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടുന്നതിനും ഇത് കാരണമായിരിക്കുന്നു. പഞ്ചായത്തിലെ മാങ്ങാട് ഈസ്റ്റ് എൽ.പി.സ്കൂൾ 'അൺ ഇക്കണോമിക്' സ്കൂളുകളുടെ പട്ടികയിൽ പെടുത്തിയിരിക്കുകയാണ്. സ്കൂളിൻെറ ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് സമീപത്തുള്ള വിദ്യാർത്ഥികളെ അവിടേക്കാകർഷിക്കുന്നതിനുള്ള പ്രവർത്തനം നാട്ടുകാരും രക്ഷകർത്താക്കളും ചേർന്ന് നടത്തേണ്ടിയിരിക്കുന്നു. ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമത്തിനുപുറമെ ജനനനിരക്കിലുള്ള കുറവും പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിന് കാരണമാകുന്നു. വിദ്യാലയങ്ങൾ എല്ലാതരത്തിലും ആകർഷകമാക്കുകയാണ് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നു നേരിടുന്ന പ്രശ്നത്തിനുള്ള പ്രധാന പരിഹാരമാർഗ്ഗം. സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുകയും സ്കൂളിനെ ഒരു സാമൂഹ്യ സ്ഥാപനമാക്കി മാറ്റുകയും ചെയ്യേണ്ടത്

അത്യാവശ്യമാണ്. കുട്ടിയും കുട്ടിയും തമ്മിലും ,കുട്ടിയും അദ്ധ്യാപകനും തമ്മിലും, അദ്ധ്യാപകനും രക്ഷകർത്താവും തമ്മിലും, സ്കൂളും സമൂഹവും തമ്മിലും നല്ല ബന്ധം വളർത്തിയെടുക്കണം.

വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ 1992– '93ൽ ആരംഭിച്ച ശിവപുരം കോംപ്ലക്സിനെ തുടർന്ന് ഇന്ത്യയിലെ ആദ്യത്തെ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിന് 1993–'94 ൽ കല്ല്യാശ്ശേരിയിൽ രൂപം കൊടുത്തു. 1 ഹൈസ്കൂളും 10 പ്രൈമറി വിദ്യാലയങ്ങളും ചേർന്ന കല്ല്യാശ്ശേരി സ്കൂൾ കോംപ്ലക്സിന് 1993 ജനുവരിയിൽ 'അക്ഷരവേദി' പ്രവർത്തനത്തിലൂടെ ഔപചാരികതുടക്കം കുറിച്ചു. തുടർന്ന് സ്കൂൾ സർവെ, അദ്ധ്യാപക പരിശീലനം, ടീച്ചേഴ്സ് മോഡ്യൂളുകളുടെ ഉപയോഗം, മാതൃസംഘം, പഠനോത്സവം എന്നീ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോയി. മൂല്യനിർണയ പ്രവർത്തനങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങളാണ് കോംപ്ലക്സിനെ ശ്രദ്ധേയമാക്കിയത്. പാഠ്യേതര മേഖലകളിലെ പുരോഗതികൾ ഒട്ടാകെ പരിഗണിച്ച് കുട്ടികളെ ഗ്രേഡ്തിരിക്കുന്ന പ്രോഗ്രസ്കാർഡാണ് കോംപ്ലക്സ് സ്കൂളുകളിൽ വിതരണം ചെയ്യുന്നത്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന "ഗുരുകുലം" പദ്ധതിയെ [illegible]ച്ചുള്ള വാചിക, പ്രായോഗിക പരീക്ഷ പ്രാഥമികമായി തീർന്നത് കല്ല്യാശ്ശേരിയിലെ [illegible]രീക്ഷണമാണ്. കോംപ്ലക്സ് പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂൾ പി.ടി.എ., മദർ പി.ടി.എ. എന്നിവ മുഴുവൻ വിദ്യാലയങ്ങളിലും [illegible]കരിക്കുകയും അവയുടെ പ്രവർത്തനം [illegible]മാക്കുകയും ചെയ്തു. പഞ്ചായത്ത് തല [illegible]കൾ കോ[illegible]ക്സുകൾ സംസ്ഥാന വ്യാപക[illegible]യി രൂപീകരിക്കാൻ പിന്നീട് സംസ്ഥാന സർക്കാർ തീരുമാനിച്ചതിനുപിന്നിലെ മുഖ്യ പ്രചോദനം കല്ല്യാശ്ശേരി അനുഭവമാണ്. ഗുരുകുലം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട അയൽകൂട്ടങ്ങളുടെ പ്രവർത്തനം മിക്ക വാർഡുകളിലും തുടക്കത്തിൽ സജീവമായിരുന്നു. പല വാർഡുകളിലും കുട്ടികൾക്ക് പ്രോത്സാഹനങ്ങൾ നൽകുകയും പഠന സഹായ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നുണ്ട്. തുടക്കത്തിലുണ്ടായ ഊർജ്ജസ്വലത നിലനിർത്താൻ ഇപ്പോൾ സാധിക്കുന്നില്ല.

കല്ല്യാശ്ശേരി വികസന സമിതിയുടെ വിദ്യാഭ്യാസ സബ് കമ്മറ്റി വിദ്യാലയങ്ങളേയും സമൂഹത്തേയും ബന്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്. 1993–'94 ൽ ആരംഭിച്ച സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഇപ്പോഴും സജീവമായി തുടർന്നു വരുന്നുണ്ട്.

അദ്ധ്യാപന രംഗത്തുള്ളവരിൽ ഭൂരിഭാഗവും വനിതകളാണെന്ന് വിദ്യാലയങ്ങളിൽ നടത്തിയ സർവെ വെളിപ്പെടുത്തുന്നു. ആകെയുള്ള 151ൽ 100പേരും വനിതകളാണ്. പാഠ്യേതര പ്രവർത്തനങ്ങളിൽ വേണ്ടത്ര സമയം കണ്ടെത്താൻ ഇത് തടസ്സമാകുന്നുണ്ട്. അദ്ധ്യാപകരിൽ നല്ലൊരു വിഭാഗം ഇന്നത വിദ്യാഭ്യാസം നേടിയവരാണെങ്കിലും പഠനപ്രവർത്തനങ്ങളുടെ നിലവാരം വേണ്ടത്ര [illegible]ണെന്ന് പറഞ്ഞുകൂടാ. ഭൂരിഭാഗം അദ്ധ്യാപകർക്കും യഥാസമയം ഇൻസർവീസ് ട്രെയിനിങ്ങ് ലഭിക്കുന്നില്ല എന്നത് ഒരു പോരായ്മയാണ്. അദ്ധ്യാപകർക്ക് നിരന്തരം പരിശീലനം നൽകുന്നതിനുള്ള സംവിധാനം ആരംഭിക്കേണ്ടതുണ്ട്. ഉള്ളടക്കത്തെക്കുറിച്ചും ബോധന രീതിയെ സംബന്ധിച്ചും കാര്യക്ഷമമായ ക്ലാസുകൾ നടക്കണം. പഠന പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കാനും പഠനോപകരണങ്ങൾ നിർമ്മിക്കാനും ഇടക്കിടെ അദ്ധ്യാപക സംഗമങ്ങൾ നടത്തേണ്ടതുണ്ട്. പഞ്ചായത്ത്തലത്തിൽ വിവിധ വിഷയങ്ങളിൽ റിസോഴ്സ് പേഴ്സണുകളെ കണ്ടെത്തി പരിശീലിപ്പിക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാവണം. എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിക്കാത്തതിന്റെ പ്രധാന കാരണം കണക്ക്, ഇംഗ്ലീഷ് വിഷയത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടത്ര മാർക്ക് നേടാൻ സാധിക്കാത്തതാണ് എന്ന് അനുഭവങ്ങൾബോധ്യപ്പെടുത്തുന്നു. ഇംഗ്ലീഷ് ബോധന രീതിയിൽ അടിസ്ഥാനപരമായ മാറ്റം താഴ്ന്ന ക്ലാസ്സുകളിൽ വെച്ചുതന്നെ നടത്തേണ്ടിയിരിക്കുന്നു. പഠനോപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ഗണിതശാസ്ത്ര പഠനവും എളുപ്പമാക്കാൻ സാധിക്കും. പഠനത്തിൽ പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് കൊച്ചിങ്ങ്ക്ലാസ്സുകൾ സംഘടിപ്പിച്ചപ്പോൾ എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിന് അത് ഒരു

പരിധിവരെ സഹായകമായിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി പ്രസ്തുത ക്ലാസ്സുകളുടെ പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്.

ഭൗതിക സാഹചര്യങ്ങൾ ഭൂരിഭാഗം വിദ്യാലയങ്ങളിലും മെച്ചമല്ലെന്ന് പട്ടിക 8-6 പരിശോധിച്ചാൽ വ്യക്തമാകും. 3 വിദ്യാലയങ്ങളിൽമാത്രമേ വൈദ്യുത കണക്ഷൻ ഉള്ളൂ. പ്രൈമറി വിദ്യാലയങ്ങളിൽ മിക്കതിനും സ്റ്റാഫ്റൂം, റീഡിങ് കോർണർ, കക്കൂസ്, മതിയായ എണ്ണം മൂത്രപ്പുരകൾ, കളിസ്ഥലം എനിവയില്ല. റോഡരികിലുള്ള വിദ്യാലയങ്ങൾക്കെങ്കിലും ചുറ്റുമതിൽ അത്യാവശ്യമാണ്. ഫർണിച്ചർ, കുടിവെള്ള സൗകര്യം, പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയും വേണ്ടത്രയില്ല. ലൈബ്രറി, ലബോറട്ടറി ഉപകരണങ്ങൾ ഓപ്പറേഷൻ ബ്ലാക് ബോർഡ് സ്കീമിൽ ലഭിച്ച ഉപകരണങ്ങൾ എന്നിവയും വിദ്യാലയത്തിൽ തൃപ്തികരമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല എന്നത് ഒരു വാസ്തവമാണ്. ഇടയ്ക്കുവച്ച് പഠനം നിർത്തിയ കുട്ടികളെ കണ്ടെത്തി അവരെ വിദ്യാലയങ്ങളിൽ പുനഃപ്രവേശനം നടത്താൻ ശ്രമിക്കേണ്ടതാണ്. 2 വിദ്യാലയങ്ങളിൽ ഒന്നാംതരത്തിൽ വച്ച് 6 കുട്ടികൾ പഠനം നിർത്തിയതായി പട്ടിക 8-7ൽ കാണാവുന്നതാണ്. ഇത് ഗൗരവപൂർവം കണക്കിലെടുക്കണം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 8 അങ്കണവാടികളും ഒരു ബാലവാടിയും, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു നേഴ്സറി സ്കൂളും രണ്ടാംവാർഡിൽ മദ്രസയുമായി ബന്ധപ്പെട്ടു നടത്തുന്ന ഒരു ഇസ്ലാമിക് നഴ്സറി (മലയാളം മീഡിയം) യുമടക്കം 11 ശിശു വിദ്യാലയങ്ങളാണ് ഉപ്പോൾ പഞ്ചായത്തിലുള്ളത്. ആംഗനവാടികളിൽ വേണ്ടത്ര കളികോപ്പുകളോ മറ്റുസൗകര്യങ്ങളോ ഇല്ല. നഴ്സറി സ്കൂളുകളിൽ പൊതുവേ ഔപചാരിക വിദ്യാഭ്യാസമാണ് നൽകിവരുന്നത്. ഇതിൽ മാറ്റം വരുത്തേണ്ടതുണ്ട്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനം ഉറപ്പുവരുത്തുന്നതിനുള്ള പരിശീലനമാണ് നൽകേണ്ടത്. പാട്ടും കളിയും നിർമ്മാണ പ്രവർത്തനമാകണം പഠനരീതി. ഇതിനാവശ്യമായ ഉപകരണപങ്ങൾ ലഭ്യമാക്കണം. അംഗനവാടി, നേഴ്സറി അദ്ധ്യാപകർക്ക് അതിനുള്ള പുനഃ പരിശീലനം നൽകണം.

കോംപ്ലക്സ് പ്രവർത്തനത്തെതുടർന്ന് സ്കൂളുകളിൽ പാഠ അക്കാദമിക മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. സാഹിത്യസമാജം പുനരാരംഭിച്ചു കുട്ടികളുടെ മാസികകൾ നിർമ്മിച്ചുതുടങ്ങി. ക്ലബ്ബ് പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ട്. സബ്ജില്ലാകലത്തിൽ പ്രവൃത്തി പരിചയത്തിലും ശാസ്ത്ര മേളയിലും മറ്റും പഞ്ചായത്തിലെ ചില പ്രൈമറി സ്കൂളുകൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. ഈ മേഖലയിലും കൂടുതൽ പഠനങ്ങൾക്കും പരിശീലനത്തിനും സന്ദർഭമുണ്ടാക്കുന്നത് നന്നായിരിക്കും.

ജനകീയ മേഖലയിൽ കല്യാശ്ശേരിയിലെ സ്കൂളുകൾ പൊതുവിൽ മുന്നിലാണ്. അദ്ധ്യാപകരിൽ ഭൂരിഭാഗവും നാട്ടിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്നവരാണ്. എങ്കിലും വീടുകളുമായി നിരന്തര ബന്ധമുണ്ടെന്നു പറഞ്ഞുകൂടാ. അയൽകൂട്ടം പ്രവർത്തനം സജീവമാക്കിക്കൊണ്ട് ഈ പരിമിതി മുറിച്ചുകടക്കേണ്ടതുണ്ട്. സജീവമായ മാതൃ സംഗമങ്ങൾ സ്കൂൾ പ്രവർത്തനത്തെ ആവേശം കൊള്ളിച്ചുതുടങ്ങിയിട്ടുണ്ട്. സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഇനിയും പരിപോഷിപ്പിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യം തൃപ്തികരമല്ല.
2. പല വിദ്യാലയങ്ങൾക്കും കളിസ്ഥലമില്ല.
3. മിക്ക വിദ്യാലയങ്ങളും പഠനനിലവാരത്തിൽ പിന്നിലാണ്. കല്യാശ്ശേരി ഗവ: സ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം താരതമ്യേന കുറവാണ്.
4. ചില വിദ്യാലയങ്ങളിൽ കിണറുണ്ടെങ്കിലും സ്വകാര്യ വിദ്യാലയങ്ങളിലൊന്നും കുടിവെള്ള സംവിധാനം തൃപ്തികരമല്ല.
5. കല്യാശ്ശേരി വി.എച്ച്.എസ്.സി. ഒഴിച്ചുനിർത്തിയാൽ

വരെ സാങ്കേതിക സ്ഥാപനം ഒന്നുപോവുമില്ല.

6. ഇരിണാവ് ഭാഗത്ത് ഒരു ഹൈസ്കൂളില്ലാത്തതിനാൽ കുട്ടികൾക്ക് അടുത്ത പഞ്ചായത്തിലെ ഹൈസ്കൂളുകളെ ആശ്രയിക്കേണ്ടതായി വരുന്നു.

7. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നു.

8. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഭൂരിഭാഗം വിദ്യാലയങ്ങളിലും ഡിവിഷനുകൾ കുറഞ്ഞു വരുന്നു.

9.പഠനാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും വേണ്ടത്ര തൃപ്തികരമല്ല.

10. അക്ഷരമറിയാത്ത ചില വിദ്യാർത്ഥികൾ ഇപ്പോഴും മിക്ക ക്ലാസ്സുകളിലുണ്ട്.

11. ഇംഗ്ലീഷ്ഭാഷാ ബോധനരീതി അശാസ്ത്രീയമാണ്.

12. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം വളരെകുറമാണ്.

13. കുട്ടികളുടെ പഠനകാര്യത്തിൽ പല രക്ഷിതാക്കളും വേണ്ടത്ര ശ്രദ്ധകാണിക്കുന്നില്ല.

14. കലാകായിക വിഷയങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

15. സ്കൂളുകളിലെ റീഡിങ്ങ് കോർണറുകൾക്ക് ആവശ്യമായ പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ എന്നിവ ലഭിക്കുന്നില്ല.

16. സ്കൂളുകളിൽ ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ല. ഒ.ബി. കിറ്റുകൾ സൂക്ഷിക്കാൻ പ്രത്യേക സൈകര്യ.

17. കല്യാശ്ശേരി വി.എച്ച്.എസ്.എസ് സ്കൂളിന് സ്ഥിരം അദ്ധ്യാപകരില്ല.

18. ഒന്നാം വാർഡിലെ നഴ്സറിസ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

19. അയൽകൂട്ടങ്ങളുടെ പ്രവർത്തനം ഇപ്പോൾ സജീവമല്ല.

20. ഗവ: എൽ.പി. സ്കൂളിനു മുമ്പിലെ കുഴി കുട്ടികൾക്ക് അപകടസാദ്ധ്യതയുണ്ടാക്കുന്നു.

21. സ്കൂളുകൾക്കു പലതിനും ചുറ്റുമതിലില്ല.

22. കല്യാശ്ശേരി ഗവ: ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ഇല്ല.

23. റോഡിനരികിലുള്ള സ്കൂളുകളുടെ മുമ്പിൽ ട്രാഫിക് സൈൻബോർഡ് ഇല്ല.

24. നവസാക്ഷർർക്ക് തുടർവിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യമില്ല

25. അദ്ധ്യാപകർക്ക് സേവന കാല പരിശീലനം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ പരിഹാര നിർദ്ദേശങ്ങൾ

1. സ്കൂൾ വിദ്യാഭ്യാസ സമിതിയുടേയും നാട്ടുകാരുടേയും, മാനേജർമാരുടേയും സഹായ സഹകരണത്തോടെ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക.

2. ക്ലാസ്സ്മുറികളിലെ പഠന പ്രവർത്തനങ്ങളിൽ പ്രായോഗിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

3. റിസോഴ്സ് പേഴ്സൺ ട്രെയിനിങ്ങും അദ്ധ്യാപക പുനഃപരിശീലനവും കാര്യക്ഷമമാക്കണം. ആസൂത്രിതമായ പ്രതിമാസ അധ്യാപക അധ്യയനം വളരെയേറെ മെച്ചപ്പെടുത്താം.

4. പ്രായോഗിക പരീക്ഷ സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കി പത്താംതരത്തിനടക്കം ബാധകമാക്കണം.

5. കുട്ടികളുടെ സർഗ്ഗാത്മകത, കായിക ശേഷിവളർത്തൽ, സ്വയം പഠനശേഷി വികസിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

6. അയൽകൂട്ടം പ്രവർത്തനം സജീവമാക്കണം.

7. സ്കൂൾകോംപ്ലക്സുകളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം.

8. തുടർസാക്ഷരതാ പ്രവർത്തനം നടത്തണം. ഗ്രന്ഥാലയങ്ങൾ, ക്ലബ്ബുകൾ ഇവ കേന്ദ്രമാക്കി നിയമ സാക്ഷരത, ആരോഗ്യ സാക്ഷരത, ക്ഷേമ കാര്യങ്ങളിലെ സാക്ഷരത, കാർഷിക മംഗത്തെ സംബന്ധിച്ചുള്ള സാക്ഷരത എന്നിങ്ങനെ തുടർ സാക്ഷരതയുടെ ലക്ഷ്യം വിപുലീകരിക്കണം.

9. അക്കാദമിക് മോണിട്ടറിങ്ങിന് പ്രാധാന്യം നൽകണം. സ്കൂളുകളുടെ നിലവാരം പരിശോധിക്കുന്നതിന് ഓരോ വിഷയത്തിനും 'സബ്ജക്ട് എക്സ്പർട്സ്' തസ്തികകൾ സൃഷ്ടിക്കണം. അവരും ജന പ്രതിനിധികളും വിദ്യാലയങ്ങൾ സന്ദർശിച്ച് ഭൗതിക സാഹചര്യവും അക്കാദമിക് നിലവാരവും ഉയർത്താൻ ശ്രമിക്കണം.

10. മുഴുവൻ വാർഡുകളിലും പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കണം. അങ്കണവാടികളിലെ അദ്ധ്യാപികമാർക്ക് പരിശീലനം

നൽകി അവയെ പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

12. അക്ഷരമുറയ്ക്കാത്ത വിദ്യാർത്ഥികളിൽ ഒഴിവുസമയമുപയോഗപ്പെടുത്തി അക്ഷരബോധ മുണ്ടാക്കാൻ അദ്ധ്യാപകർ ശ്രമിക്കണം. സഹപാഠികളുടെ സഹായവും തേടാവുന്നതാണ്.

13. വിദ്യാലയത്തിലെ ഇംഗ്ലീഷ് ഭാഷാബോധന ത്തിൽ അടിസ്ഥാനപരമായി മാറ്റംവരുത്തണം. മറ്റു വിഷയങ്ങൾക്കെന്നപോലെ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ്, ജ്യോഗ്രഫി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ ബിരുദമുള്ള അദ്ധ്യാപകരെതന്നെ നിയമിക്കണം.

14. സ്കൂൾ ലൈബ്രറികൾക്ക് പരിമിതമായ തോതിലെങ്കിലും പുസ്തകങ്ങൾ നൽകാൻ പഞ്ചായത്തുകൾക്ക് സാധിക്കേണ്ടതുണ്ട്. വായനയ്ക്കുശേഷം കുറിച്ച് തയ്യാറാക്കുന്ന ശീലം കുട്ടികളിൽ വളർത്തണം.

15. മുഴുവൻ വിദ്യാർത്ഥികളും സ്കൂളുകളിൽ രൂപീകരിക്കുന്ന ഏതെങ്കിലും ഒരു ക്ലബ്ബിലെങ്കിലും സജീവമായി പങ്കെടുക്കണം. അവർക്ക് അർഹമായ അംഗീകാരം നൽകുകയും വേണം.

16. എൻ.എസ്സ്.എസ്സ്., യു.എസ്സ്.എസ്സ്. പരീക്ഷകൾക്കുവേണ്ട പ്രത്യേക പരിശീലനം കുട്ടികൾക്ക് നൽകണം.

17. സ്കൂളുകളിലെ കുടിവെള്ളസൗകര്യം വർദ്ധിപ്പിക്കണം. 100 വിദ്യാർത്ഥികൾക്ക് 1 എന്ന തോതിൽ കക്കൂസും 60 വിദ്യാർത്ഥികൾക്ക് 1 എന്ന അനുപാതത്തിൽ മൂത്രപ്പുരകളും എല്ലാ വിദ്യാലയങ്ങളിലും ഉണ്ടാക്കണം.

19. ഇരിണാവിൽ ഒരു ഹൈസ്കൂൾ പുതുതായി സ്ഥാപിക്കണം.

20. യു.പി. സ്കൂളുകളിൽ കലാവിഷയങ്ങൾക്കും കായിക വിദ്യാഭ്യാസത്തിനും അദ്ധ്യാപക നിയമനം നടത്തണം.

21. കല്ല്യാശ്ശേരി ജി.വി.എച്ച്.എസ്.എസ്സിൽ കംപ്യൂട്ടർ പഠനത്തിനും മൃഗസംരക്ഷണത്തിനും കോഴ്സുകൾ തുടങ്ങണം. പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ വേണ്ട പ്രവർത്തനം സംഘടിപ്പിക്കണം.

22. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കേണ്ടതാണ്.

23. വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്ന കളിസ്ഥലങ്ങൾ മണ്ണിട്ടുയർത്തണം.

24. കല്ല്യാശ്ശേരി ഗവ: എൽ.പി. സ്കൂളിനിമുന്നിലെ കുഴി മണ്ണിട്ട് നികത്തണം.

25. റോഡ് സൈഡിലുള്ള വിദ്യാലയങ്ങൾക്കെങ്കിലും ചുറ്റുമതിൽ നിർമ്മിക്കണം.

26. സ്കൂളുകളുടെ മുമ്പിൽ റോഡിൽ ട്രാഫിക് സൈൻബോർഡുകൾ വെക്കണം.

27. സ്കൂളുകൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരം പഠനനിലവാരം ഉയർത്താൻ സഹായിക്കും. അതിനായി 4ാംതരത്തിലും 7ാംതരത്തിലും നടത്തുന്ന പരീക്ഷകളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകാം.

28. പല സാഹചര്യങ്ങളാലും ഇടയ്ക്ക്വെച്ച് പഠനം മതിയാക്കിയ കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളിലെത്തിക്കാൻ ശ്രമമുണ്ടാകണം.

29. വി.എച്ച്.എസ്.ഇ. കോഴ്സ് കാര്യക്ഷമമാക്കണം. പി.എസ്.സി. അംഗീകരിക്കാത്തതിനാൽ കോഴ്സിന്റെ പ്രാധാന്യം കുറഞ്ഞുപോകുന്നുണ്ട്.

30. വി.എച്ച്.എസ്.ഇ. പാസ്സാകുന്ന കുട്ടികൾക്ക് ഉപരിപഠനത്തിന് തുടർ കോഴ്സുകൾ ആരംഭിക്കണം

വിദ്യാലയ വിവരങ്ങൾ

പട്ടിക- 8-2

ക്രമ നമ്പ്ർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	കുട്ടികളുടെ എണ്ണം				1996 - 97ൽ അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപകപരിശീലന യോഗ്യത			
			88-89	91-92	95-96	96-97	പു.	സ്ത്രീ	ആകെ	ബി. എഡ്	ടി.ടി. സി	ഓഷ	സ്പെഷ ലിസ്റ്റ്
1	മാങ്ങാട് എൽ.പി.എസ്.	എയ് ഡഡ്	420	378	338	337	5	8	13	3	8	1	1
2	മാങ്ങാട് ഈസ്റ്റ് എൽ. പി. എസ്.	"	155	119	52	53	1	3	4	-	4	-	
3	ഗവ: എൽ. പി. എസ് കല്യാശ്ശേരി	ഗവ	146	130	122	122	2	2	4	-	4	-	
4	കല്യാശ്ശേരി സെൻട്രൽ എൽ. പി. എസ്.	എയ്	259	274	242	243	2	7	9	2	6	1	
5	കല്യാശ്ശേരി കണ്ണപുരം എൽ. പി. എസ്.	"	162	132	127	129	2	4	6	1	4	1	
6	ഇരിണാവ് ഹിന്ദു എൽ. പി. എസ്.	"	191	186	172	185	1	6	7	1	5	1	
7	ദാറുൽ ഇമാൻ എൽ. പി. എസ്.	"	310	311	312	313	5	7	12	1	9	2	
8	കല്യാശ്ശേരി സൗത്ത് യു. പി. എസ്.	"	775	742	629	634	4	18	22	10	9	3	
9	ഇരിണാവ് യു. പി. എസ്.	"	756	713	614	600	7	14	21	7	10	4	
10	ഇരിണാവ മുസ്ലിം യു. പി. എസ്.	"	636	617	549	538	5	13	18	13	4	1	
11	ജി. വി. എച്ച്. എസ്. കല്യാശ്ശേരി	ഗവ	1584	1441	927	912	17	18	35	19	7	5	4

വി. എച്ച്. എസ്. സി. ക്ലാസ്സുകളെ സംബന്ധിച്ച വിവരം

പട്ടിക- 8-3

കോഴ്സുകൾ	ഒന്നാം വർഷം			രണ്ടാം വർഷം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എഞ്ചിനിയറിങ്ങ് ടെക്നോളജി	20	4	24	21	2	23
ഗ്രിഗ്രസ് ഓപ്പറേഷൽ	19	4	23	18	1	19
പ്രസ്വർക്ക് ഫിനിഷ്	19	6	25	18		18
ഹോം സയൻസ്	-	24	24	-	25	25
ആകെ	58	38	96	57	28	85

അക്കാദമിക നിലവാരം 1995-96

പട്ടിക 8-5

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം				
		30%ത്തിൽ താഴെ മാർക്ക് നേടുന്നവർ	30-40% മാർക്ക് നേടുന്നവർ	40-50% മാർക്ക് നേടുന്നവർ	50-60% മാർക്ക് നേടുന്നവർ	60%ത്തിന് മേൽ മാർക്ക് നേടുന്നവർ
3	482	54	49	90	87	202
4	526	42	58	75	92	259
5	429	74	74	91	78	112
6	569	155	149	64	70	131
7	558	162	126	65	77	108
8	252	161	33	16	22	20
9	216	128	35	18	12	23
10	207	125	30	21	15	16
എസ്. എസ്. എൽ. സി. പരീക്ഷ	205	101	20	33	24	27
എഴുതിയവർ (1995 - 96)						

പട്ടിക 8-2 - സാക്ഷരതാനിരക്ക്	
1951	43.16 %
1961	52.00 %
1971	61.00 %
1981	72.43 %
1991	93.00 %

പട്ടിക 8-1 കല്യാശ്ശേരി ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം	
1951-92	52.00 %
1962-93	58.00 %
1971	51.00 %
1981	47.00 %
1991	51.00 %

സ്കൂളുകളുടെ ഭൗതിക സൗകര്യം

പട്ടിക 8-6

ക്രമനമ്പ്	സ്കൂളിന്റെ പേര്	സ്കൂൾ വിസ്തീർണ്ണം (സെന്റിൽ)	ഓഫീസ് റൂം	സ്റ്റാഫ് റൂം	ലൈബ്രറി	ഹീഡിങ്ങ് റൂം	ഉപയോഗപ്രദമായ ശൗചാലയങ്ങളുടെ എണ്ണം	ഇത്തി ആവശ്യമുള്ളത്	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	പാചകപ്പുര	വൈദ്യുതി	കളിസ്ഥലം	കുടിവെള്ളം				ഫർണിച്ചർ	സ്റ്റോർ	പ്ലാനിങ്ങ്	പാർട്ടീഷൻ സ്ക്രീൻ	ലൈബ്	കൂടുതലായി വേണ്ട ഫർണിച്ചർ				
													സ്വന്തം	പൊതു	കിണർ	പൈപ്പ്						ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	മഞ്ഞാട് എൽ.പി.എസ്	50	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	2	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	-	/	/	/	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	60	10	2	6	6 കസേര
2	മഞ്ഞാട് ഈസ്റ്റ് എൽ.പി.എസ്	25	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	1	ഇല്ല	"	ഇല്ല	ഇല്ല	-	-	-	-	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	10	-	-	4	മേശ&ചെയർ
3	ഗവ. എൽ.പി.എസ് കല്ലായത്തി	15	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	12	-	2	"	ഇല്ല	ഉണ്ട്	/	-	/	/	ഇല്ല	ഇല്ല	ലഭിച്ചു	പ്രപ്പോസലിൽ	ഇല്ല	16	10	-	5	ഒരു ടേബ്
4	കല്ലായത്തി സെൻട്രൽ എൽ.പി.എസ്.	18	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	2	-	ഇല്ല	"	ഇല്ല	ഇല്ല	/	-	/	-	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	10	20	1	1	മേശ&ചെയർ
5	കല്ലായത്തി കണ്ണപുരം എൽ.പി.എസ്.	43	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1	4	ഇല്ല	"	ഇല്ല	ഉണ്ട്	-	-	-	-	ഇല്ല	ഇല്ല	ലഭിച്ചു	ഉണ്ട്	ഇല്ല	12	16	1	2	മേശയോടു കൂടിയ ഒരു ടേബ്
6	ഇടിഞ്ഞാവി പടിഞ്ഞാറ് എൽ.പി.എസ്.	21	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	"	ഇല്ല	ഇല്ല	-	/	-	/	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	6	6	-	-	ഒരു ചെയർ
7	മാപ്പിള ഇസ്ലാമിക് എൽ.പി.എസ്.	52.5	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	6	10	4	"	ഇല്ല	ഉണ്ട്	/	-	/	-	ഇല്ല	ഇല്ല	പ്രപ്പോസലിൽപ്പെടുത്തി	ഉണ്ട്	ഇല്ല	-	-	-	-	-
8	കല്ലായത്തി സൗത്ത് യു.പി.എസ്.	152	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉ	3	2	1	"	ലഭിച്ചു	ഉണ്ട്	/	-	/	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	20	20	11	15	ഒരു ചെയർ
9	ഇടിഞ്ഞാവി യു.പി.എസ്	45	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1	2	1	"	ഇല്ല	ഇല്ല	/	-	/	-	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	15	20	6	7	ഒരു ചെയർ
10	ഇടിഞ്ഞാവി മുസ്ലീം യു.പി.എസ്.	146	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	2	"	ഉണ്ട്	ഉണ്ട്	/	-	/	/	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	30	30	4	6	ചെയർ 2 O. Table - 1 ടേബ് - 2
11	ജി.വി.എച്ച്.എസ്.എസ്. കല്ലായത്തി	200	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	4	-	8	"	ഉണ്ട്	ഉണ്ട്	/	/	/	/	ഉണ്ട്	ഉണ്ട്	ലഭിച്ചു	ഉണ്ട്	ഉണ്ട്	-	-	-	-	-

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 8-7

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ ശതമാനം എണ്ണം
							SC/ ST കുട്ടികൾ			മറ്റുള്ളവർ			SC/ ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	238	192	430	20	11	31	--	--	--	--	--	--	--	--	--	5	1	6	6
II	239	205	444	12	10	22	1	--	1	20	8	28	--	--	--	--	--	--	--
III	248	223	471	12	14	26	--	--	--	21	18	39	--	--	--	--	--	--	--
IV	275	268	543	9	19	28	--	1	1	13	5	18	--	--	--	--	--	--	--
V	230	197	427	9	13	22	--	1	1	20	8	28	--	--	--	--	--	--	--
VI	292	283	575	17	13	30	2	--	2	27	18	45	--	--	--	3	--	3	3
VII	284	267	551	14	14	28	3	2	5	55	26	81	--	1	1	6	--	6	7
VIII	113	103	216	12	9	21	4	2	6	23	14	37	--	--	--	1	5	6	6
IX	112	128	240	11	5	16	3	--	3	18	15	33	2	--	2	14	3	17	19
X	77	92	169	3	7	10	--	--	--	--	--	--	--	--	--	--	1	1	1
ആകെ	2108	1957	4065	119	115	234	13	6	19	197	112	309	2	1	3	29	10	39	42


അക്കാദമിക് സൗകര്യങ്ങൾ

പട്ടിക 8-8

	സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല (പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല)	ലബോറട്ടറി/ സയൻസ് കോർണർ ഉണ്ട്/ ഇല്ല (പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല)	പഠനോപകരണങ്ങൾ (ആസ്ഥാന ഹാർട്ട്, ഗ്ലോബുകൾ) ലഭ്യമായത് ഉണ്ട്/ ഇല്ല	ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ഗൂഗ്ൾ ലോഗിൻ		95-96ൽ ലഭിച്ച അധ്യയന ദിവസങ്ങൾ	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയന ദിവസങ്ങൾ.
					റേഡിയോ	ടേപ്പ്റിക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ/ വി.സി.പി	സ്കിൽ പ്രൊജക്ടർ	ഓഡിയോ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്			
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	ജി.വി.എച്ച്.എസ്.എച്ച് കണ്ണാടിപ്പറമ്പ	ഉണ്ട്, പ്രവർത്തിക്കുന്നുണ്ട്	ഉണ്ട്, പ്രവർത്തിക്കുന്നുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട് (1)	ഉണ്ട് (2)	ഉണ്ട് (2)	ഇല്ല	25	20	182	7	8
2	മാതാഹ് എച്ച്.പി.സ്കൂൾ	ഉണ്ട്, പ്രവർത്തിക്കുന്നു	ഉണ്ട്, പ്രവർത്തിക്കുന്നു	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	11	169	-	12
3	മാതാഹ് ഇൗസ്റ്റ് എച്ച്.പി.സ്കൂൾ	ഉണ്ട്, പ്രവർത്തിക്കുന്നു	- -	ഉണ്ട് : വേണ്ടത്രയില്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	5	186	ഇല്ല	12.
4	ജി. എൽ.പി.സ്കൂൾ കണ്ണാടിപ്പറമ്പ	ഇല്ല	സയൻസ് കോർണർ പ്രവർത്തിക്കുന്നു	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	- -	4	187	ഇല്ല	7
5	കണ്ണാടിപ്പറമ്പ് മെസനിടമ് എൽ.പി.എസ്	ഉണ്ട്	പ്രവർത്തിക്കുന്നില്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	8	188.5	2	-
6	കണ്ണാടിപ്പറമ്പ് കണ്ണപുരം എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	193.5	- -	6
7	ഇരിണാവ് ഹിന്ദു എൽ.പി.എസ്	ഉണ്ട്, പ്രവർത്തിക്കുന്നു	സയൻസ് കോർണർ പ്രവർത്തിക്കുന്നു	ഇല്ല	- -	- -	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	- -	6	187.5	7	3
8	ദാറുൽ ഇമാൻ എൽ.പി.എസ്	ഉണ്ട്, പ്രവർത്തിക്കുന്നു	സയൻസ് കോർണർ പ്രവർത്തിക്കുന്നു	ഉണ്ട്	2	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	- -	11	186.5	- -	12.5
9	കണ്ണാടിപ്പറമ്പ് സൗത്ത് യു.പി.എസ്	ഉണ്ട്, പ്രവർത്തിക്കുന്നു	മാതൃക പ്രവർത്തി ക്കുന്നു	വേണ്ടത്ര ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	14	186.5	5	5
10	ഇരിണാവ് യു.പി.എസ്	ഉണ്ട്, പ്രവർത്തിക്കുന്നു	ലാബുണ്ട്	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	17	192.5	1	3
11	ഇരിണാവ് മുസ്ലീം യു.പി.എസ്.	ലൈബ്രറി വേണ്ടത്രയില്ല പ്രവർത്തിക്കുന്നു	ഇല്ല പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	- -	16	180	2	7.5

പട്ടിക 6-9 പാരാ അക്കാദമിക് മേഖല

സ്കൂളിന്റെ പേര്	താഴെപറയുന്നവ നിലവിലുണ്ടോ ?				പ്രവർത്തിക്കുന്നതായ ക്ലബ്ബുകൾ	കഴിഞ്ഞ അക്കാദമിക് വർഷത്തിൽ താഴെ പറയുന്നവയെത്രത്തോളം നടന്നു (എണ്ണം)						കഴിഞ്ഞവർഷം സ്കൂൾ വാർഷികാഘോഷം നടന്നോ?	മാതൃസംഘങ്ങളിലെ ശരാശരി പങ്കാളിത്തം ശതമാനത്തിൽ
	യൂണിഫോം	സ്കൂൾ അസംബ്ലി	വാർത്താബോർഡ്	സയൻസ് ക്ലബ്ബ്/ കോർണർ		സഹവാസക്യാമ്പ്	പ്രായോഗിക പഠനയാത്ര	ദിശാബോധ പഠനയാത്ര	ഓസ്പ്രിങ്ക്	മാതൃസംഗമം	മറ്റുള്ളവ		
മാങ്ങാട് എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	2	1	-	2	2	-	ഇല്ല	87%
മങ്ങാട് ഈസ്റ്റ് എൽ.പി.എസ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	-	4	2	-	1	4	ചുമർ	ഇല്ല	90%
ഗവ: എൽ.പി.എസ് കണ്ണാടിക്കൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	5	-	-	4	3	1	ഇല്ല	90%
കണ്ണാടിക്കൽ സെൻട്രൽ എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-	4	-	-	2	2	കായ	നടന്നു	49.3%
കണ്ണാടിക്കൽ കണ്ണപുരം എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	4	1	-	2	2	-	ഇല്ല	55%
ഇരിണാവ് ഹിന്ദു എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	10	-	-	3	2	-	ഇല്ല	60%
മാപ്പിള ഇമാൽ എൽ. പി. എസ്.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	3	1	-	3	3	ഉണ്ട്	ഇല്ല	56%
കണ്ണാടിക്കൽ സൗത്ത് യു. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	8	-	-	-	1	കായ	ഇല്ല	50%
ഇരിണാവ് യു. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	4	-	-	4	2	-	ഇല്ല	30%
ഇരിണാവ് മുസ്ലീം യു. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	4	-	-	2	2	2	നടന്നു	50%
സി. വി. എച്ച്. എസ്. കണ്ണാടിക്കൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	6	-	-	4	1	-	-	95%



8. കുടിവെള്ളവും പൊതുശുചീകരണവും

ആരോഗ്യ പുരോഗതിയുടെ മാനദണ്ഡങ്ങളിലൊന്ന് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണ നിലവാരവുമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ കല്ല്യാശേരി ഒരു പ്രശ്ന പ്രദേശമാണെന്ന് പറയാനാവില്ലെങ്കിലും, പരിഗണനാർഹമായ ചില പ്രശ്നങ്ങൾ ഉണ്ട്. കുടിവെള്ള സ്രോതസ്സുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 8-1-ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് സ്വന്തം വീട്ടുപറമ്പിലെ കിണറുകൾ തന്നെ. പൊതു കുടിവെള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നവർ 8. 61 ശതമാനം മാത്രമേ യുള്ളൂ. 15 ശതമാനത്തിലധികം പേർ അയൽ വീടുകളിലെ കിണറുകളെയാണ് ആശ്രയിക്കുന്നത്.

4 പൊതു കുഴൽകിണറുകളും, 21 പൊതുകിണറുകളും2 ശുദ്ധജല വിതരണ പദ്ധതികളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ പൊതുജലവിതരണ സംവിധാനം. ശരാശരി 6 കുടുംബങ്ങളാണ് ഓരോ പൊതുകിണറും ഉപയോഗിക്കുന്നത്. പൊതു കിണറുകളിൽ ചിലതിൽ വേനൽക്കാലത്ത് വേണ്ടത്ര വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. ഇവ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പൊതു കുഴൽകിണറുകളിൽ പടിഞ്ഞാറെ മാങ്ങാട്ടുള്ള ഒന്നു മാത്രമാണ് നന്നായി പ്രവർത്തിക്കുന്നത്.

1972-ൽ ജയന്തി പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് പഞ്ചായത്തിന് ലഭിച്ച സമ്മാനമായിരുന്നു രണ്ടു ശുദ്ധജല വിതരണ പദ്ധതികൾ. ശുദ്ധജല വിതരണ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക8- 2ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ മൂന്ന് ലക്ഷം വീട് കോളനികളേയും, ഓരു കയറ്റം അനുഭവപ്പെടുന്ന ഇരിണാവ് ഡാം പ്രദേശത്തെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ രണ്ടു പദ്ധതികൾ. രണ്ടു പദ്ധതികളിലുമായി ആകെ 130 പൊതു ടാപ്പുകളാണ് ഇപ്പോഴുള്ളത്. ഇവയിൽ 110 എണ്ണം പഞ്ചായത്തിനകത്തും 20 എണ്ണം ആന്തൂർ, മാട്ടൂൽ പഞ്ചായത്തുകളിലുമാണ്. റോഡ രുകിൽ സ്ഥാപിച്ചിരിക്കുന്ന ടാപ്പുകൾ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും, ഇരിണാവ്

പ്രദേശത്തും, വിവിധ ലക്ഷം വീട് കോളനി കളിലും പട്ടികജാതി കോളനികളിലും, ശരാശരി 15 കുടുംബങ്ങളെങ്കിലും ഒരു ടാപ്പ് ഉപയോഗിക്കുന്നുണ്ട്. പൊതുടാപ്പിനെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾ 206 എണ്ണമാണെങ്കിലും, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ 400-500 കുടുംബങ്ങൾ പൊതു ടാപ്പുകളെ ആശ്രയിക്കുന്നു.

പ്രാദേശിക ജലവിതരണ പദ്ധതി നടപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് എങ്ങനെ സഹകരിക്കാം എന്നതിന് ഉത്തമോദാഹരണമാണ് ഈ രണ്ട് പദ്ധതികൾ മാങ്ങാട് ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ടി കിണറ് കുഴിച്ച് വെള്ളം ശേഖരിക്കുന്നത്, തൊട്ടടുത്ത പഞ്ചായത്തായ ആന്തൂരിൽ നിന്നാണ്. പയ്യട്ടം ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് 10 ടാപ്പുകൾ കുടിവെള്ള ക്ഷാമമനുഭവിക്കുന്ന മാട്ടൂൽ പഞ്ചായത്തിലെ മടക്കര പ്രദേശത്ത് സൗജന്യമായി സ്ഥാപിച്ച് കൊടുത്തിരിക്കുന്നു. ഈ രണ്ടു പദ്ധതികളിലും ഏപ്രിൽ-മെയ് മാസങ്ങളിൽ വേണ്ടത്ര വെള്ളം കിട്ടാത്ത യവസ്ഥയുണ്ട്. പുതിയ ജലവിതരണ പദ്ധതികൾ സ്ഥാപിക്കുകയോ, പുതിയ സ്രോതസ്സുകൾ കണ്ടെത്തി നിലവിലുള്ളവയെ പോഷിപ്പിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു.

പട്ടിക 8- 1ൽ കാണിക്കുന്നത് ശുദ്ധജലത്തിന് അയൽ വീടുകളെ ആശ്രയിക്കുന്ന 612 കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെന്നാണ്. ഈ വീടുകൾ എല്ലാ വാർഡുകളിലുമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നുവെങ്കിലും ശുദ്ധജല ക്ഷാമം എല്ലാ വാർഡുകളുടേയും പ്രശ്നമാണെന്ന് അർത്ഥമില്ല. I, II, III, VII, X, XI എന്നീ വാർഡുകളിലാണ് കുടിവെള്ള പ്രശ്നം താരതമ്യേന കൂടുതലുള്ളത്. I, II, III വാർഡുകളിൽ ജല ദൗർലഭ്യമല്ല, ഓരുകയറ്റമാണ് പ്രശ്നം. അതിനാൽ ഇവിടെ പൈപ്പു വെള്ളമെത്തിക്കുകയേ നിർവാഹമുള്ളൂ. മറ്റു വാർഡുകളിൽ താരതമ്യേന ഉയർന്ന പ്രദേശങ്ങളിലാണ് വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്നത്. ഇക്കഴിഞ്ഞ വർഷം ഈ വാർഡുകളിൽപ്പെട്ട 27 കേന്ദ്രങ്ങളിൽ സർക്കാരാശ്രിത മുഖത്തിൽ വാഹനങ്ങളിൽ ശുദ്ധജലം വിതരണം നടത്തേണ്ടിവന്നു.

ഭൂഗർഭജല സാദ്ധ്യതകൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടില്ല. പ്രാഥമിക പരിശോധനകൾ കാണിക്കുന്നത് ഭൂനിരപ്പിന് 4 മീറ്ററിനും 12 മീറ്ററിനും ഇടയിൽ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ജലം ലഭ്യമാണെന്നാണ്. എന്നാൽ സ്വകാര്യ വ്യക്തികളടക്കം കുഴിച്ചിട്ടുള്ള കുഴൽകിണറുകൾ പലതിലും വേണ്ടത്ര വെള്ളം കിട്ടുന്നുമില്ല. ഈ പ്രശ്നം പഠന വിധേയമാക്കേണ്ടതാണ്.

വെള്ളത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട പ്രശ്നം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മാത്രമേയുള്ളൂ. ഇരിണാവിൽ അരുവിന്റെ തോടുമുതൽ കപ്പക്കടവ്, ഡാം, മുണ്ടം, ഒടിപ്രം വരെ ഓരുകയറ്റം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇതിൽ കപ്പക്കടവ് മുതൽ മുണ്ടം വരേയുള്ള പടിഞ്ഞാറെ അരുകിൽ ഏതാണ്ട് 250 മീറ്റർ വീതിയിലാണ് പ്രശ്നം ഏറ്റവും രൂക്ഷമായിരിക്കുന്നത്. ഇത് കൂടുതൽ ഉൾപ്രദേശങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ കരുതൽ നടപടി എന്നനിലയിൽ ഈ പ്രദേശങ്ങളിൽ പമ്പിംഗ് നിർത്തിവെക്കുന്നത് നന്നായിരിക്കുമെന്നാണ് സാങ്കേതികോപദേശം. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടിയവരിൽ 4 ശതമാനം പേർ ജലജന്യ രോഗങ്ങൾ ബാധിച്ചവരായിരുന്നു എന്നത് കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിൽ കുറേക്കൂടി ശ്രദ്ധ ചെലുത്തണമെന്ന് സൂചിപ്പിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ പൊതുവായുള്ള ആക്ഷേപങ്ങൾ കല്ല്യാശേരിക്കും ബാധകമാണ്. കേടുവന്ന ടാപ്പുകളും മറ്റും യഥാസമയം നന്നാക്കുന്നതിന് വകുപ്പു ദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ കാണിക്കാത്ത അവസ്ഥയുണ്ട്.

പൊതുജനാരോഗ്യം

സാമൂഹ്യക്ഷേമ രംഗത്തുണ്ടായ മുന്നേറ്റം കല്ല്യാശേരിയിലെ ആരോഗ്യരംഗത്തും നന്നായി പ്രതിഫലിച്ചുകാണാം. ആരോഗ്യം സംബന്ധിച്ച വിവിധ സൂചികൾ ചുവടെ പട്ടിക 8-3-ൽ കൊടുത്തിരിക്കുന്നു.

മരണ നിരക്ക്, ജനനനിരക്ക് എന്നിവ സംസ്ഥാന ശരാശരിയുടെ ഏതാണ്ട് പകുതിയേ വരുന്നുള്ളൂ. ശിശുമരണ നിരക്ക് ആകട്ടെ വളരെ നിസ്സാരമാണെന്ന് കാണുന്നു. മാതൃക മരണ

നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലായി കാണാമെങ്കിലും പഞ്ചായത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഒരേയൊരു മാതൃമരണമാണ് ഈ നിരക്ക് വർദ്ധനവിന് കാരണമായിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷത്തെ ജനനമരണ കണക്ക് പട്ടിക 9-4 ൽ കൊടുത്തിരിക്കുന്നു.

ജനന മരണങ്ങൾ ക്രമാനുഗതമായി കുറയുന്നുണ്ടെങ്കിലും, ചാപിള്ള ജനനം 1000 ത്തിന് 2.89 - ൽ നിന്ന് 15.15 ആയി വർദ്ധിച്ചതായി കാണുന്നു. ഇതിന്റെ കാരണങ്ങൾ പഠിക്കേണ്ടതുണ്ട്.

വിവിധ തരത്തിലുള്ള ശാരീരിക വൈകല്യങ്ങൾ ഉള്ളവർ (അന്ധർ, ബധിരർ, മൂകർ, മന്ദബുദ്ധികൾ, ചലന വൈകല്യമുള്ളവർ, etc.) 174 ആണ് (അവലംബം പി. എച്ച്. സി. സർവേ, 1996). ഇതിൽ 48 പേർ ചലന വൈകല്യമുള്ളവരാണ്. ശാരീരിക വൈകല്യ മുള്ളവർ മൊത്തം ജനസംഖ്യയുടെ 6.46 ശതമാന മാണ്. ശാരീരിക വൈകല്യം ഇത്രയും കൂടിയ സാഹചര്യത്തിൽ ഇവർക്കായുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി നടത്തിയ സർവേ പ്രകാരം പഞ്ചായത്തിൽ 24 പേർക്ക് കുഷ്ഠരോഗമുണ്ടെന്ന് കണ്ടു പിടിച്ചിരുന്നു. അതിൽ 15 പേർ പൂർണ്ണമായും രോഗവിമുക്തി നേടിക്കഴിഞ്ഞു. ബാക്കി 9 പേർ ചികിത്സ തുടരുന്നുണ്ട്. ഫഫഫ ാം വാർഡിലാണ് ഏറ്റവും കൂടുതൽ പേർക്ക് രോഗ ബാധ കാണാൻ കഴിഞ്ഞത് (6 പേർക്ക്). ഇത് കൂടാതെ 10 ഓളം പേർ പഞ്ചായത്തിന് പുറത്തുപോയി സ്വകാര്യ ചികിത്സ നടത്തുന്നുമുണ്ട്. (കുഷ്ഠ രോഗ സർവേ : അവലംബം : പാരാമെഡിക്കൽ വർക്കർ, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി. കഴിഞ്ഞ വർഷം 16 പേർക്ക് മലമ്പനി രോഗബാധയുണ്ടായി. മലമ്പനി രോഗികളെല്ലാം തന്നെ അന്യദേശങ്ങളിൽ നിന്ന് രോഗബാധയുണ്ടായി പഞ്ചായത്തിലെത്തി താണെന്ന് പരിശോധനകൾ തെളിയിച്ചു. കഴിഞ്ഞ നാലു വർഷം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്തിയ രോഗികളുടെ വിവരങ്ങൾ പട്ടിക 9-5 ൽ കൊടുത്തിരിക്കുന്നു.

വിവിധ തരം പകർച്ചവ്യാധികൾ, ത്വക് രോഗം, വാതരോഗം എന്നിവയാണ് തരം തിരിച്ച് കാണിക്കാവുന്നത്. മറ്റ് രോഗങ്ങളിൽ പ്രധാനം പനിയാണ്. പൊതുവേ രോഗങ്ങൾ കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. പകർച്ച വ്യാധികളെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ പട്ടിക 9-6 ൽ കൊടുക്കുന്നു.

വായുജന്യ രോഗങ്ങളാണ് ഏറ്റവും കൂടുതൽ. രണ്ടാംസ്ഥാനം ജലജന്യ രോഗങ്ങൾക്കാണ്. പ്രാണിജന്യ രോഗങ്ങൾ വളരെ തുച്ഛമാണെന്ന് കാണാം,

ആരോഗ്യസ്ഥാപനങ്ങൾ

1960-ൽ ഇരിണാവിൽ ആരംഭിച്ച ആയുർവേദ ഡിസ്പൻസറിയാണ് പഞ്ചായത്തിലെ ആദ്യത്തെ പൊതുജനാരോഗ്യകേന്ദ്രം. 1974-ൽ അഞ്ചാം പീടികയിൽ ഗവ: റൂറൽ ഡിസ്പൻസറി സ്ഥാപിച്ചു. ഇത് പിന്നീട് 1981 -ൽ ബ്ലിക്കിയൻ പറമ്പിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും 1988-ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുകയും ചെയ്തു. നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടിക 9-7 ൽ കൊടുത്തിരിക്കുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രത്തിനും അതിന്റെ ഭാഗമായ കുടുംബക്ഷേമ കേന്ദ്രങ്ങൾക്കും സ്വന്തമായ കെട്ടിടങ്ങൾ ഉണ്ട്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 10 കിടക്കകളോട് കൂടിയ ഒരു വാർഡ് അനുവദിച്ചതിനെ തുടർന്ന് പഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹായത്തോടെ 5 ലക്ഷത്തിലേറെ രൂപ ചെലവ് ചെയ്ത് വാർഡ് കെട്ടിടം പണിയുകയും. 1994-ൽ ഇതിന്റെ ഔപചാരികമായ ഉൽഘാടനം നടക്കുകയും എന്നാൽ ആവശ്യമായ തസ്തിക കൾ അനുവദിക്കാത്തതിനെ തുടർന്ന് പൂർണ്ണ സമയവും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന വിധത്തിൽ ആശുപത്രി പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല.

ജനസംഖ്യാടിസ്ഥനത്തിൽ പഞ്ചായത്തിൻ 5 കുടുംബക്ഷേമകേന്ദ്രങ്ങൾക്ക ഹതയു ണ്ടെങ്കിലും 3 എണ്ണം മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളൂ. ഇവയാകട്ടെ പഞ്ചായത്തിലെ എല്ലാ പ്രദേശത്തുകാർക്കും തുല്യ സാമീപ്യം ലഭിക്കുന്ന വിധത്തിലല്ല സ്ഥിതിചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രവും പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതി ചെയ്യുന്നത്. വളരെയേറെ ജനവാസമുള്ള

കോലത്ത് വയൽ, ഇരിണാവ് പ്രദേശങ്ങളിലുള്ളവർക്ക് അലോപ്പതി ചികിത്സാ സൗകര്യം വരെ കുറവാണ്. ഇത് പോലെ തന്നെ ആയുർവേദ ഡിസ്പൻസറിയുടെ സേവനവും ഇരിണാവ് പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്നു. ആയുർവേദ, അലോപ്പതി ചികിത്സാ സൗകര്യങ്ങൾ മറ്റു പ്രദേശങ്ങളിൽ കൂടി ലഭ്യമാക്കുകയും അർഹമായ രണ്ട് കുടുംബക്ഷേമകേന്ദ്രങ്ങൾ കൂടി അനുവദിച്ചു കിട്ടുകയും, പ്രാഥമികാരോഗ്യകേന്ദ്രത്തെ ഒരു പൂർണ്ണ സമയ ആരോഗ്യ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുന്നതിനുള്ള പരിപാടികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് പുറമേ പഞ്ചായത്തിൽ ലഭ്യമായ ആരോഗ്യ സംവിധാനങ്ങൾ പട്ടിക 9-8 ൽ കൊടുത്തിരിക്കുന്നു.

പാപ്പിനിശ്ശേരി, ചെറുകുന്ന്, തളിപ്പറമ്പ്, കണ്ണൂർ എന്നിവിടങ്ങളിലുള്ള ആശുപത്രികളെയാണ് വിദഗ്ധ ചികിത്സക്കായി കല്ല്യാശ്ശേരി പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത്.

പൊതുവേ പ്രതിരോധ ചികിത്സാ കുത്തിവെപ്പുകൾക്ക് നൂറ് ശതമാനം കുട്ടികളും വിധേയരാകുന്നുണ്ട് എന്നാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നൽകിയ പ്രതിരോധ ചികിത്സയുടെ വിവരങ്ങൾ പട്ടിക 9-9-ൽ കൊടുത്തിരിക്കുന്നു.

1995-96 ൽ 264 കുട്ടികളാണ് ജനിച്ചിട്ടുള്ളതെങ്കിലും പ്രതിരോധ കുത്തിവെപ്പുകൾക്കായി 401 കുട്ടികൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്തിയതായി കാണാം. ഇത് സൂചിപ്പിക്കുന്നത് സമീപ പഞ്ചായത്തുകളിലെ കുട്ടികൾ കൂടി ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നു എന്നുള്ളതാണ്.

പഞ്ചായത്തിലെ ദമ്പതിമാരുടെ എണ്ണം പ്രായമനുസരിച്ച് കൊടുത്തിരിക്കുന്നത് നോക്കുക. കല്ല്യാശ്ശേരി പഞ്ചായത്തിലെ 3893 ദമ്പതിമാരിൽ 2517 പേർ (64. 65 %) കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ച ദമ്പതിമാരുടെ പട്ടിക 9-11ൽ കൊടുക്കുന്നു.

സ്കൂൾ ആരോഗ്യ പരിപാടികൾ ഫലപ്രദമായാണ് നടത്തുന്നതെന്ന് പറയാൻ ആവില്ല. ഇത് മെച്ചപ്പെടുത്താൻ വികസന സമിതിയുടെ നേതൃത്വത്തിൽ ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും വിജയിച്ചിട്ടില്ല.

ശുചിത്വം

കല്ല്യാശ്ശേരി പഞ്ചായത്തിലെ 73 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായ കക്കൂസുകൾ ഉണ്ട്. വാർഡ് തിരിച്ചുള്ള മലവിസർജ്ജന സൗകര്യങ്ങൾ പട്ടിക 8-12 ൽ കൊടുത്തിരിക്കുന്നു.

കല്ല്യാശ്ശേരികക്കൂസുകൾ ഇല്ലാത്ത വീടുകൾ ഏറ്റവും കൂടുതൽ I മുതൽ VII വരെ വാർഡുകളിലാണ് ഈ വാർഡുകളിൽ ഭൂരിഭാഗം പ്രദേശങ്ങളും നീർക്കെട്ടുള്ള മണൽ പ്രദേശങ്ങളാണെന്നതിനാൽ സാധാരണ രീതിയിലുള്ള കക്കൂസുകൾ ഈ പ്രദേശങ്ങൾക്ക് യോജിച്ചതല്ല. ഇവിടേയ്ക്ക് പറ്റിയ കക്കൂസ് മോഡൽ കണ്ടെത്തുക എന്നത് സമ്പൂർണ്ണ ശുചിത്വ പദ്ധതി തയ്യാറാക്കുന്നതിന് അനിവാര്യമാണ്. കോലത്ത് വയൽ പ്രദേശത്ത് വീടുകളുടെ സാന്ദ്രത വളരെ കൂടുതലായതിനാൽ ഓരോ വീട്ടിനും പ്രത്യേകം കക്കൂസുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക തടസ്സവും അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ചിലേടത്തെങ്കിലും സാമൂഹ്യ ശൗചാലയങ്ങൾ (Community Latrins) സ്ഥാപിക്കുന്ന കാര്യവും പരിഗണക്കാവുന്നതാണ്. ഇരിണാവ് കച്ചേരിത്തറ, വടേര ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഓരോ പൊതുകക്കൂസ് സ്ഥാപിച്ചിട്ടുണ്ട്. അഞ്ചാംപീടിക, പയ്യട്ടം, കല്ല്യാശ്ശേരി, മാങ്ങാട്ടുടങ്ങിയ തിരക്കുള്ള കവല പ്രദേശങ്ങളിൽ പൊതുകക്കൂസിന്റെ അഭാവം വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആവശ്യമായ സ്ഥലം കിട്ടായ്കയാണ് പ്രശ്ന പരിഹാരത്തിനുള്ള മുഖ്യ തടസ്സം.

സാമൂഹ്യ സാമ്പത്തിക സർവേ വ്യക്തമാക്കുന്നത് 40 ശതമാനത്തോളം വീടുകളിൽ മലിനജല നിർഗമനത്തിനും, 57 ശതമാനം വീട്ടുകാർ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിനും ഒട്ടും പ്രാധാന്യം കല്പിച്ചിട്ടില്ലായെന്നാണ്.

പ്രശ്നങ്ങൾ

1. കുടിവെള്ളം ലഭിക്കാത്ത 600 ഓളം കുടുംബങ്ങൾ ഉണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാവുകയും VII, VIII,

IX, X, IX വാർഡുകളിൽ വാഹനങ്ങളിൽ വെള്ളം വിതരണം ചെയ്യേണ്ടിയും വന്നിട്ടുണ്ട്.

2. I,II, III വാർഡുകളിൽ ഓരുകയറ്റംമൂലം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

3. കുടിവെള്ളത്തിനുവേണ്ടി നിർമ്മിച്ച കിണറുകളുടെ പരിസരത്തുനിന്നും വാഹനങ്ങളും മറ്റും കഴുകി മലിനീകരണമുണ്ടാക്കുന്നുണ്ട്.

4. ഓരുകയറ്റം നിയന്ത്രിക്കാനാവശ്യമായ പദ്ധതികൾ ഉണ്ടാക്കണം.

5. കൈത്തറി വ്യവസായങ്ങളിൽ നിന്നുള്ള മലിനജലം കാരണം കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നു.

6. സ്വന്തമായി കക്കൂസ്സുകൾ ഇല്ലാത്ത 1066 കുടുംബങ്ങൾ ഉണ്ട്. വയൽ പ്രദേശങ്ങളിലെ വെളിംമ്പറമ്പിലെ മലവിസർജനം മഴക്കാലത്ത് കിണറുകളിലെ വെള്ളം മലിനപ്പെടുത്താനും അതുവഴി പകർച്ച വ്യാധികൾ വ്യാപിക്കാനും ഇടവരുത്തുന്നു

7. അശാസ്ത്രീയമായ കെട്ടിട നിർമ്മാണം മൂലം മഴക്കാലത്ത് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വെള്ളം കെട്ടിനിൽക്കുകയും കൊതുക് ശല്യം കൂടാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

8. മലിനജല നിർഗമനത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്താത്ത 1511 കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം പരിമിതമാണ്.

9. വീടുകളിൽനിന്നും പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയുന്ന പാഴ്വസ്തുക്കൾ പരിസര മലിനീകരണം സൃഷ്ടിക്കുന്നുണ്ട്.

10. പൊതുനിരത്തുകളിലെ മത്സ്യവില്പനയും, ചില സ്ഥലങ്ങളിൽ നടക്കുന്ന അറവുശാലകളും പരിസര മലിനീകരണം സൃഷ്ടിക്കുന്നുണ്ട്.

11. നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് വേണ്ടത്ര ഉപകാരപ്രദമാകുന്നില്ല. പ്രത്യേകിച്ച് I, II, III, IV, V വാർഡുകളിലുള്ളവർക്ക്.

12. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കുള്ള റോഡിന്റെ സ്ഥിതി വളരെ ശോചനീയമാണ്.

13. ഗവ: റൂറൽ ഡിസ്പൻസറി-പ്രാഥമികാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയപ്പോൾ കൂടുതലായി വന്ന ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് തുടങ്ങിയവർക്ക് ഓഫീസ് സൗകര്യം, ഫർണിച്ചർ തുടങ്ങിയവയും, ഡോക്ടർമുറി തുടങ്ങിയ എല്ലാ സ്റ്റാഫിനും ക്വാട്ടേഴ്സ് തുടങ്ങിയവും ഇല്ല.

14. പ്രാഥമികാരോഗ്യകേന്ദ്രത്തിനും, അതിന്റെ കീഴിലുള്ള ഫാമിലി വെൽഫെയർ സബ് സെന്ററുകൾക്കും ചുറ്റുമതിലുകൾ ഇല്ല.

15. പഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹായത്താൽ 5 ലക്ഷത്തോളം രൂപ ചെലവാക്കി നിർമ്മിച്ച വാർഡ് ഇതുവരെയായിട്ടും പ്രവർത്തനം തുടങ്ങിയിട്ടില്ല.

16. 1981 - ൽ മാങ്ങാട് പറമ്പിൽ തറക്കല്ലിട്ട അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിച്ചു കിട്ടണം.

17. ഇരിണാവ് ആയുർവേദ ഡിസ്പൻസറിയിൽ ഔഷധങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല, സ്വന്തമായി കെട്ടിടം ഇല്ല, ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങളാണ്. രോഗികളിൽ പലരും ആശുപത്രിയിലെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.

18. പഞ്ചായത്തിലെ പാരമ്പര്യചികിത്സാരംഗം നാനോന്മുഖമാണ്.

19. പഞ്ചായത്തിൽ ഒരു ഹോമിയോ ചികിത്സാകേന്ദ്രം ആവശ്യമാണ്.

20. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളും കുറുക്കന്മാരും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പരിഹാര സാധ്യതകൾ

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കേണ്ടതുണ്ട്. IV ാം വാർഡിലെ ഈശ്വരൻകുണ്ടിൽ ഒരു കിണറും വടേരമൊട്ടയിൽ ടാങ്കും നിർമ്മിച്ചുകൊണ്ട് ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയാണെങ്കിൽ III, VII, VIII വാർഡുകളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും.

മാങ്ങാട് നിന്നും വരുന്ന ശുദ്ധജല പദ്ധതിയുടെ പൈപ്പുകൾ അഞ്ചാംപീടിക വരെയാക്കിക്ലിപ്തപ്പെടുത്തിയാൽ പടിഞ്ഞാറെ മാങ്ങാട്, ബിക്കിരിയൻ പറമ്പ്, കല്ല്യാശേരി എന്നീ പ്രദേശങ്ങളിൽ കൂടുതൽ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കും. അതുപോലെ

തന്നെ പയ്യട്ടം ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പുകൾ ആയുർവേദ ഡിസ്പൻസറിക്ക് വടക്കോട്ട് പോകുന്ന ദിശയിൽക്ലിപ്ത പ്പെടുത്തിയാൽ ഫ, ഫഫ വാർഡുകളിലെ കുടിവെള്ളം ലഭിക്കാത്ത മുഴുവൻ വീടുകൾക്കും ശുദ്ധജലം കൊടുക്കുവാൻ സാധിക്കും.

പൊതുനിർദേശങ്ങൾ

-നിലവിലുള്ള പൊതു കിണറുകളെല്ലാം ഉപയോഗയോഗ്യമാക്കുക.

-എല്ലാ പൊതുടാപ്പുകളുടെയും അറ്റകുറ്റപണികൾ നടത്തുക.

-പൊതു വിതരണത്തിനുള്ള വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പു വരുത്തുക.

- ഓരുകയറ്റം തടയാൻ തീരപ്രദേശങ്ങളിൽ പമ്പിങ്ങ് നിയന്ത്രിക്കുകയും, അത്തരം പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുക.

-ജല സംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തേണ്ടതാണ്.

-ജല മലിനീകരണം തടയാൻ പ്രായോഗിക പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

= നിലവിൽ കക്കൂസ്സുകൾ ഇല്ലാത്തവർ ക്ക് കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഒരു പദ്ധതി ഉടൻ നടപ്പാക്കേണ്ടതുണ്ട്.

= വെള്ളക്കെട്ടുകൾ ഒഴിവാക്കാനുള്ള പരിഹാരമായി നീർച്ചാലുകൾ ഉണ്ടാക്കേണ്ടതാണ്. കൊതുക് നിവാരണത്തിനായി കക്കൂസ്സുകളുടെ ടാങ്കുകളുടെ അറ്റകുറ്റപണികൾ ചെയ്യണം. ഇതിനു വേണ്ടുന്ന ബോധവത്ക്കരണം വാർഡ് തലങ്ങളിൽ നടത്തണം.

= വീടുകളിലെ മലിനജലം അടുക്കളത്തോട്ടത്തിനും, പച്ചക്കറി കൃഷിക്കും ഉപയുക്തമാക്കാൻ വേണ്ടിയുള്ള ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. വീടുകളിലെ ജൈവമാലിന്യങ്ങളുടെ സംസ്ക്കരണം കൊതുക് നിർമ്മാർജ്ജനത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇതിനായി വീടുകളിൽ കമ്പോസ്റ്റ് നിർമ്മാണരീതികളും, കൂട്ടത്തിൽ മണ്ണിര കംമ്പോസ്റ്റ് നിർമ്മാണരീതികളും പ്രചരിപ്പിക്കേണ്ടതുണ്ട്.

=മാർക്കറ്റ്, ഹോട്ടൽ തുടങ്ങിയവയുടെ മാലിന്യങ്ങളും, ഉപയോഗശൂന്യ വസ്തുക്കളും, മാലിന്യ സംഭരണ പാത്രങ്ങളിൽ സ്ഥാപിച്ച് സംഭരിക്കുകയും അവ ജൈവ -അജൈവങ്ങളായി വേർതിരിച്ച് സംസ്ക്കരിക്കാൻ ആവശ്യമായ ഏർപ്പാടുകൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം.

= പൊതു റോഡുകളിലെ മത്സ്യ വില്പന അവസാനിപ്പിച്ച് ,ഇരിണാവ് റോഡ് , കച്ചേരിത്തറ, കല്ല്യാശേരി, പാളിയത്ത് വളപ്പ് എന്നീ സ്ഥലങ്ങളിൽ മത്സ്യ, മാംസ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഏറ്റവും കൂടുതൽ ഇറച്ചി വെട്ടു നടക്കുന്ന III ാം വാർഡിൽ അനുയോജ്യമായ സ്ഥലത്ത് അറവുശാല സ്ഥാപിക്കണം.

= പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. ഗവ: റൂറൽ ഡിസ്പൻസറി കെട്ടിടം പി. എച്ച് സി. യായി ഉയർത്തിയപ്പോൾ, നിലവിലുള്ള കെട്ടിടം കൂടുതലായി വന്ന ജീവനക്കാർക്ക് അപര്യാപ്തമാണ്. കൂടുതലായി വന്ന ജീവനക്കാർക്ക് ഓഫീസ് സൗകര്യവും കൂടെ ആവശ്യത്തിന് ക്വർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. ഡോക്ടർമാർ തുടങ്ങിയ എല്ലാ സ്റ്റാഫിനും ക്വാർട്ടേർസ് സൗകര്യം ഉണ്ടാക്കണം. ഇത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും, സബ് സെന്ററുകളുടെയും സ്ഥലം അന്യാധീനപ്പെടുന്നത് തടയുന്നതിന് വേണ്ടി ചുറ്റുമതിലുകൾ നിർമ്മിക്കണം. തൽക്കാലം ജൈവവേലികളുടെ സാധ്യതകളെപ്പറ്റി അന്വേഷിക്കണം.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാക്കിയ വാർഡ് 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകളും, സംവിധാനവും വേണം. ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായ ജലവിതരണ സംവിധാനം വേണം.

ജനസംഖ്യാടിസ്ഥാനത്തിൽ കൂടുതലായി രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരേയും, (രണ്ട് ഫേമിലി വെൽഫെയർ സബ് സെന്ററുകൾ) രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരേയും പഞ്ചായത്തിൽ അനുവദിച്ചു കിട്ടേണ്ടതുണ്ട്.

1981-ൽ മാങ്ങാട് പറമ്പിൽ തറക്കല്ലിട്ട 300 കിടക്കകളുള്ള കുട്ടികളുടെയും അമ്മമാരുടെയും ആശുപത്രി (INSTITUTE FOR MATER-

NAL AND CHIL HEALTH-SPONSERED BY UNICEF) ഇന്നേ വരെ സ്ഥാപിതമായിട്ടില്ല. കണ്ണൂർ ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും ഏറ്റവും അടുത്തുള്ള മാതൃശിശു സംരക്ഷണ കേന്ദ്രത്തിലേക്കുള്ള (Medical College Hospital Kozhikode) ദൂരം പരിഗണിച്ചും ഈ സ്ഥാപനം അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

=ഇരിണാവ് ആയുർവേദ ഡിസ്പൻസറിയുടെ വാടക കെട്ടിടത്തിൽ അടിയന്തിരമായി അറ്റകുറ്റ പണികൾ ചെയ്യേണ്ടതാണ്. അത് പോലെതന്നെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് രോഗികൾക്കും, ജീവനക്കാർക്കും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നത്.

= നിർമ്മാണത്തിലിരിക്കുന്ന ആയുർവേദാശുപത്രി കെട്ടിടം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സാധിക്കേകണ്ടതുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനാവശ്യമായ കൂലി ചെലവ് സന്നദ്ധ പ്രവർത്തനത്തിലൂടെ കണ്ടെത്താൻ സാധ്യതയുണ്ട്.

= I, II, III, IV, V, വാർഡുകളിൽ ഡോക്ടർമാരുടെ സേവനം വേണ്ടത്ര ലഭ്യമല്ല. ഇത് പരിഹരിക്കാൻ ഇരിണാവ് റോഡ് കേന്ദ്രീകരിച്ച് ഒരു പ്രാഥമികാരോഗ്യകേന്ദ്രമോ, റൂറൽ ഡിസ്പൻസറിയോ സ്ഥാപിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

= കല്ല്യാശേരി പഞ്ചായത്തിൽ പാരമ്പര്യ ചികിത്സാ രംഗത്ത് അമൂല്യ വിജ്ഞാനം കൈമുതലായിട്ടുള്ള ഒട്ടനവധി വൈദ്യന്മാർ ഉണ്ട്. ഈ വിജ്ഞാനം പാരമ്പര്യമായി മുഴുവനും കൈമാറപ്പെടുന്നില്ല. പ്രസ്തുത അറിവുകൾ വരും കാലത്ത് സമൂഹത്തിന് ഉപകരിക്കാവുന്ന വിധത്തിൽ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിനായി ഇത്തരം വൈദ്യന്മാരുടെ കൂടിച്ചേരലുകളും, ചർച്ചകളും ഇവ സമാഹരിക്കാനുള്ള സംവിധാനവും പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കേണ്ടതുണ്ട്.

=കല്ല്യാശേരി പഞ്ചായത്തിൽ വളരെയധികം ആളുകൾ ഹോമിയോ ചികിത്സാരീതിയെ ആശ്രയിക്കുന്നുണ്ട് ഇതിനായി നമ്മുടെ പഞ്ചായത്തിൽ പ്രത്യേക സംവിധാനങ്ങൾ ഇല്ല. ഹോമിയോ ചികിത്സാ സൗകര്യം പഞ്ചായത്തിനകത്ത് ആവശ്യമാണ്.

= പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളേയും മറ്റും ജനപങ്കാളിത്തത്തോടെ നശിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

= പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും രക്തഗ്രൂപ്പ് നിർണ്ണയം, സമഗ്ര ആരോഗ്യ പരിശോധന എന്നിവ നടത്തി ഹെൽത്ത് കാർഡ് വിതരണം ചെയ്യണം.

= ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ, സ്ക്കീമുകൾ, രോഗ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ച് വിപുലമായ ബോധവത്ക്കരണ ക്ലാസ്സുകൾ ഓരോ വാർഡിലും 5-6 കേന്ദ്രങ്ങളിൽ വിവിധ സന്നദ്ധ സാമൂഹ്യ, സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെ സഹായത്തോടെ നടത്തേണ്ടതാണ്. ഇത്തരം ബോധവൽക്കരണ പരിപാടികൾക്ക് ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, മാധ്യമങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തേണ്ടതാണ്.

= നേത്രദാനം പ്രോത്സാഹിപ്പിക്കണം നേത്രദാനത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവൽക്കരണ കാമ്പയിൻ നടത്തണം.

പട്ടിക 9- 1 കുടിവെള്ള സ്രോതസ്സുകൾ

ജലസ്രോതസ്	വാർഡുകൾ										ആകെ വീടുകൾ	%
	1	2	3	4	56	7	8	9	10	11		
സ്വന്തം കിണർ	353	237	282	214	525	292	326	227	237	285	2978	75.66
സ്വന്തം കുളം	2	-	1	-	-	-	2	-	1	1	7	0.18
പൊതു കിണർ	1	7	5	6	25	30	10	9	11	29	133	3.38
പൊതു കുളം	-	-	-	-	-	-	-	-	-	-	-	-
പൊതു ടാപ്പ്	40	83	33	2	2	23	-	7	2	14	206	5.23
കായൽ / തോട്	-	-	-	-	-	-	-	-	-	-	-	-
മറ്റുള്ളവ	82	47	62	35	62	59	87	48	51	79	612	15.55
ആകെ	478	374	383	257	614	404	425	291	302	408	3936	100

(അവലംബം : സാമൂഹ്യ സാമ്പത്തിക സർവെ 1992. ക. വി. സ)

പട്ടിക 9- 2 കുടിവെള്ള സ്രോതസ്സുകൾ

പദ്ധതിയുടെ പേര്	ടാപ്പുകളുടെ എണ്ണം	പൂർണ്ണമായും പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ
മാങ്ങാട് കുണ്ടിക്കുളം പദ്ധതി	69 കല്ല്യാശ്ശേരി-59 ആന്തൂർ-10	48
പയ്യട്ടം പദ്ധതി	51 കല്ല്യാശ്ശേരി-41 ആന്തൂർ-10	158

പട്ടിക 9- 3 കല്ല്യാശ്ശേരി പഞ്ചായത്തിലെ വിവിധ ആരോഗ്യ സൂചികകൾ

സൂചിക	പഞ്ചായത്ത്	സംസ്ഥാനം
പൊതുമരണ നിരക്ക്	3.45	5.9
ജനനനിരക്ക്	9.81	17
ശിശുമരണ നിരക്ക്	2.8	16
മാതൃ മരണനിരക്ക്	3.78	1 ൽ താഴെ
വികലാംഗ നിരക്ക്	6.47	-

പട്ടിക 9 - 4 കല്ല്യാശ്ശേരി പഞ്ചായത്തിലെ ജനന മരണ നിരക്ക്

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	346	102	1
1994-95	330	91	3
1995-96	264	93	4

പട്ടിക 9- 5 രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ				
			തൊക്ക് രോഗം	വാതരോഗം എല്ലാവിഭാഗവും	പകർച്ച വ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആര്
1992-93	-	11840	629	78	3366	7767	11840
1993-94	-	6542	308	53	2343	3838	6542
1994-95	-	5616	514	45	713	4344	5616
1995-96	-	10378	135	27	2608	7608	10378
ആകെ		34,376	1586	203	9030	23557	34,376

പട്ടിക 9 - 6 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993 - 94	358	1978	5	2
1994 - 95	218	495	3	2
1995 - 96	429	2160	16	3

പട്ടിക 9 - 7 സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	ആരോഗ്യ സ്ഥാപനങ്ങൾ	ഇനം	സ്ഥാപിച്ച വർഷം	സ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിടം സ്വന്തം/ വാടക	ജീവനക്കാരുടെ എണ്ണം
1	ആയുർവേദ ഡിസ്പൻസറി	ആയുർ വേദം	1960	ഇരിണാവ്	വാടക	4
2	പ്രാഥമികാരോഗ്യ കേന്ദ്രം, കല്ല്യാശേരി കുടുംബക്ഷേമ കേന്ദ്രങ്ങൾ	അലോപ്പതി	1974	കല്ല്യാശേരി 1. ഇല്ലിപ്പുറം 2. വടേരലക്ഷം വീട്കോളനി 3.ബിക്കിരിയൻ പറമ്പ്	സ്വന്തം സ്വന്തം സ്വന്തം	17
3	E. S. I. ഡിസ്പൻസറി മാങ്ങാട്ട്പറമ്പ്	അലോപ്പതി	1992	മാങ്ങാട് പറമ്പ്	വാടക	6

പട്ടിക 9- 8 പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ

ക്രമനം:	സ്ഥാപന വിവരങ്ങൾ	എണ്ണം
1	അലോപ്പതി ചികിത്സാ കേന്ദ്രങ്ങൾ	6
2	ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾ	2
3	പാരമ്പര്യ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ	13
4	മർമ്മചികിത്സാ കേന്ദ്രങ്ങൾ	2
5	ക്ലിനിക്കൽ ലബോറട്ടറി	1
6	ഇംഗ്ലീഷ് മരുന്ന് ഷോപ്പുകൾ	2

പട്ടിക ൪ - 12 പഞ്ചായത്തിലെ മലവിസർജ്ജന സൗകര്യങ്ങൾ

സൗകര്യം	വാർഡുകൾ										ആകെ വീടുകൾ	%
	1	2	3	4	56	7	8	9	10	11		
സ്വന്തം പറമ്പിൽ	17	10	27	12	110	54	23	-	10	31	294	7.47
വെളിമ്പറമ്പിൽ	134	131	77	65	70	111	43	8	23	24	686	17.43
ലീച്ച്/ സെപ്റ്റിക്	317	216	276	176	415	220	356	283	265	346	2870	72.92
കായൽ /കാനൽ	3	15	3	1	17	17	-	-	-	1	57	1.45
മറ്റുള്ളവർ	7	2	-	3	2	2	3	-	4	6	29	0.73
ആകെ	478	374	383	257	640	404	425	291	302	408	3936	100

(അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വേ, ക. വി. സ, കല്ല്യാശേരി)

പട്ടിക 9- 8 പഞ്ചായത്തിലെ മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ

കുട്ടികളുടെ വയസ്സ്	ആകെ കുട്ടികൾ	ബി.സി. ജി	പോളിയോ	ഡി. പി. ടി	മീൽസ്
0-1 വയസ്സിൽ താഴെ (1995 - 96)	264	388	415	415	367

(അവലംബം : പ്രാഥമികാരോഗ്യ കേന്ദ്രം കല്ല്യാശേരി)

പട്ടിക 9- 10

പ്രായഘടന	എണ്ണം
15 - 19	168
20 - 24	657
25 - 29	828
30-34	899
35-39	898
40-44	393
ആകെ	3893

(അവലംബം : പ്രാഥമികാരോഗ്യ കേന്ദ്രം കല്ല്യാശേരി)

പട്ടിക 9- 11

ദമ്പതിമാർ	കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവർ			ശതമാനം
	സ്ഥിരം	താൽക്കാലികം	ആകെ	
1.കുട്ടിയുള്ളവർ	35	135	169	4.34%
2. കുട്ടികൾ ഉള്ളവർ	1077	91	1168	30.00%
3. ഉം അതിലധികവും കുട്ടികൾ ഉള്ളവർ	1117	63	1180	30.31%
ആകെ	2229	288	2517	64.65%

(അവലംബം : പ്രാഥമികാരോഗ്യ കേന്ദ്രം കല്ല്യാശേരി)



7.പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാർപ്പിടം

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഓലയും പുല്ലും മേഞ്ഞ കട്ടപ്പുരകളായിരുന്നു കല്ല്യാശേരിയിലെ പാർപ്പിടങ്ങളിൽ മുഖ്യപങ്കും. മാങ്ങാട്ട് പറമ്പിലെ പുരപ്പുല്ല് പറിയും, പുരകെട്ടിമേയലും വേനൽക്കാലത്തെ മിക്ക വീട്ടുകാരുടെയും പ്രധാനപ്പെട്ട ജോലിയായിരുന്നു.1920 കളിൽ കല്ല്യാശ്ശേരിയിലെ ഏറുമ്പാല തറവാട്ടുകാരാണ് ഇന്നാട്ടിലെ ആദ്യത്തെ ഓടിട്ട വീട് പണിതത്. ഇന്നാൽ ഇന്ന് അക്കാലത്തെ കൂരകളും , ചാളുകളും, കട്ടപ്പുരകളും കാണാനില്ല. സാമൂഹ്യക സാമ്പത്തിക മേഖലകളിൽ ഉണ്ടായ മാറ്റങ്ങൾ പാർപ്പിട രംഗത്ത് പ്രകടമായ മാറ്റം വരുത്തിയിരിക്കുന്നു. ഓലമേഞ്ഞ കെട്ടിടങ്ങൾ പ്രായേണ ഇല്ലെന്ന് തന്നെ പറയാം. കട്ടകൊണ്ടുള്ള ചുമരുകളും വളരെ കുറവ് തന്നെ.

1991 ലെ സെൻസസ് പ്രകാരം ഭവനരഹിതരായ 25 കുടുംബങ്ങളേ, ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. ഭവന രഹിതരുടെ എണ്ണം വളരെ കുറവാണെങ്കിലും നിലവിലുള്ള വീട്ടുകളെല്ലാം മെച്ചപ്പെട്ടവയാ ണെന്ന് പറയാനാവില്ല. 1992 ലെ സാമൂഹ്യ സാമ്പത്തി സർവ്വേ പ്രകാരം ഏതാണ്ട് 16 ശതമാനം വീടുകൾ ഉടൻ മെച്ചപ്പെടുത്തേണ്ട വയാണെന്ന് കണ്ടെത്തുകയുണ്ടായി. ഇവയുടെ വിവരം പട്ടിക 10-1 ൽ കൊടുത്തിരിക്കുന്നു.

മെച്ചപ്പെടുത്തേണ്ട വീടുകൾ മിക്കതും കുറഞ്ഞ വിസ്തീർണ്ണമുള്ളവയാണെന്ന് കാണാം. ഓലമേഞ്ഞ 47 കുടിലുകളിൽ മിക്കതും ഇതിനകം പുതുക്കി പണിതു പണിതു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ 80 ശതമാനം വീടുകളും ഓടുപാകിയതാണ്. 18 ശതമാനം കോൺക്രീറ്റ് മേൽക്കൂരയുള്ളതും അതുപോലെ തന്നെ ബഹുഭൂരിഭാഗം കെട്ടിടങ്ങളുടെയും ചുമർ, വെട്ടുകല്ലുകൊണ്ട് പണിതിരിക്കുന്നവയാണ് എന്നാൽ ഭൂരിഭാഗം വീടുകളുടെയും തറ

പരമ്പരാഗതമായ രീതിയിൽ മണ്ണും ചാണകവും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നവയാണ്. അഞ്ചുശതമാനം വീടുകൾക്ക് മാത്രമേ മൊസേക്ക് തറയുള്ളൂ. 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ചെറുകിട ഭവനങ്ങൾ ആകെയുള്ളതിന്റെ 38 % വരും. 200 ച. അടിയിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള വീടുകൾ ആകെയുള്ളതിന്റെ 13 ശതമാനം ഉണ്ട് (അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ, കല്ല്യാശേരി വികസന സമിതി 1992)

കല്ല്യാശേരിയിലെ മുഖ്യകൃഷി തെങ്ങാണെങ്കിലും തെങ്ങോലക്കൊണ്ട് മേഞ്ഞ വീടുകൾ കല്ല്യാശ്ശേരിയിൽ അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു എന്ന് മുകളിൽ സൂചിപ്പിച്ചു. സാമൂഹിക സാമ്പത്തിക പദവിയുലുണ്ടായ മാറ്റത്തിനു പുറമേ തൊട്ടടുത്ത പാപ്പിനിശേരിയിലെ ഓട്ടുകമ്പനിയുടെ സ്വാധീനവും ഇതിനുകാരണമായിട്ടുണ്ട്. കല്ല്യാശ്ശേരിയിലും സമീപ പ്രദേശങ്ങളിലും ധാരാളമായുള്ള ചെങ്കൽ പാറകൾ കെട്ടിട നിർമ്മാണ രീതിയെ നന്നായി സ്വാധീനിച്ചിരിക്കുന്നു.

പരമ്പരാഗത രീതിയുള്ള വാസ്തുശില്പ മാതൃകകളിൽ ഗണ്യമായ മാറ്റം അടുത്തക്കാലത്ത് വന്നുതുടങ്ങിയിട്ടുണ്ട്, കഴുക്കോലും പട്ടികയും ഓടും ഉപയോഗിച്ചുള്ള മേൽക്കൂരയുടെ കാര്യത്തിലാണ്. വലിയമാറ്റം തടിവിലരൂക്ഷമായിവർദ്ധിച്ചതിനാൽ പുതിയകെട്ടിടങ്ങൾ ബഹുഭൂരിഭാഗവും കോൺക്രീറ്റ് മേൽക്കൂര യോടുകൂടിയതാണ്. ജനൽപാളികൾ മനംകൊണ്ട് പണിയുന്നതിനു പകരം, ചില്ലു വാതിലുകളായി തീർന്നിരിക്കുന്നു. മരം കൊണ്ടുള്ള കട്ടിള ജനലുകൾക്ക് പകരം കോൺക്രീറ്റ് കട്ടളകളും, ഇരുമ്പ് ജനലുകളും സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു. കോൺ ക്രീറ്റ്ലിൻഡലുകൾക്ക് പകരം ഇഷ്ടികകൊണ്ട് ആർച്ച് നിർമ്മിക്കുന്ന രീതിയും പ്രചാരത്തിൽ വന്നിട്ടുണ്ട്. ഇടത്തരക്കാർക്കിടയിൽപോലും കടപ്പ, മാർബിൾ, മൊസൈക്ക്, സെറാമിക് ടൈൽസ് എന്നിവകൊണ്ട് തറ പണിത വീടുകൾക്ക് പ്രാമുഖ്യം വർദ്ധിച്ചുവരികയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം കെട്ടിട നിർമ്മാണ മേഖലയെ ഗണ്യമായി സ്വാധീനിച്ചതായി അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. റോഡരികിലുള്ള പറമ്പുകൾക്ക് വലിയ വിലകൊടുത്ത് ഗൾഫുകാർ വാങ്ങികെട്ടിടം പണിയുന്നതിന്റെ ഫലമായി നാട്ടിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ട് പോകുന്ന താഴെക്കിടയിലുള്ളവരുടെ അവസ്ഥ പ്രത്യേകം പഠനാർഹമാണ്.

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ വർഷംപ്രതി 300 - 400 പുതിയ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ലൈസൻസു നൽകിയതായി കാണാം. ഇവയിൽ പാതിയും വീടുകളാണ്. സമീപ പ്രദേശങ്ങളിലൊന്നും തന്നെ ഇത്രയും വർദ്ധിച്ച തോതിൽ കെട്ടിട നിർമ്മാണം നടക്കുന്നതായി കാണാൻ കഴിയില്ല. ഒരു കാർഷിക പ്രദേശം എന്നതിലുപരി പാർപ്പിട പ്രദേശമായി മാറിക്കൊണ്ടിരിക്കയാണ് ഈ ഗ്രാമം. ഒരു കാലത്ത് കുന്നിൻ പള്ളകളില്ലും, കൊവ്വലുകളിലും മാത്രം ഒതുങ്ങിനിന്നിരുന്ന പാർപ്പിടങ്ങൾ പാടങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. 30 വർഷം മുൻപ് വരെ കല്ല്യാശ്ശേരിയുടെ നെല്ലറയായിരുന്ന കോലത്തുവയലിലാണ് ഇന്ന് പഞ്ചായത്തിലെ 40 % ത്തോളം പാർപ്പിടങ്ങൾ സ്ഥിതി ചെയ്യുന്നത്.

കഴിഞ്ഞ നാലുവർഷങ്ങളിലായി പുതുതായി പണിത വീടുകളുടെ കണക്ക് പട്ടിക 10-2 ൽ കൊടുക്കുന്നു. ഇത് സൂചിപ്പിക്കുന്നത് എല്ലാ വാർഡുകളിലും പാർപ്പിടങ്ങൾ ഒരുപോലെ വർദ്ധിച്ചു വരുന്നു എന്നതാണ്.

കോളനികൾ

പഞ്ചായത്തിൽ 3 ലക്ഷം വീട് കോളനികളും, 6 പട്ടികജാതി കോളനികളും, ഒരു ഹൗസിങ്ങ് സൊസൈറ്റി കോളനിയും ഉണ്ട്. ഇവയുടെ വിവരങ്ങൾ പട്ടിക 10 - 3 ൽ കൊടുത്തിരിക്കുന്നു.

ഇവയിൽ ഇരിണാവ് ലക്ഷംവീട് കോളനി, പാളിയത്ത് വളപ്പ് ലക്ഷം പീട് കോളനി എന്നിവയിൽ യഥാക്രമം 18 ഉം 13 ഉം വീടുക ളുള്ള പട്ടികജാതി കോളനികളും ഉണ്ട്. എല്ലാകോളനികളിലും കൂടി 202 വീടുകളാണുള്ളത്. കെ. വി. നഗർ കോളനി ഒഴിച്ച് മറ്റ് കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

1982 ൽ പ്രവർത്തനമാരംഭിച്ച പാപ്പിനിശ്ശേരി ഭവന നിർമ്മാണ സഹകരണ സംഘമാണ് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത്

പ്രവർത്തിക്കുന്ന ഏകസ്ഥാപനം. സംഘത്തിന്റെ സഹായത്തോടെ ഇതിനകം നിർമ്മിച്ച 500 ഓളം വീടുകളിൽ 90 എണ്ണം മാത്രമാണ് കല്ല്യാശ്ശേരി പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തിനകത്ത് പ്രതിവർഷം 8-10 വീടുകൾ പണിയാനെ സൊസൈറ്റിക്ക് സാധിക്കുന്നുള്ളൂ. ഇത് യഥാർത്ഥ ആവശ്യത്തിന്റെ 5 ശതമാനം മാത്രമേ വരൂ. സർക്കാർ തലത്തിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതിയിലൂടെ (കോളനി ഒഴികെ) 50 ഓളം വീടുകൾ പണിയാൻ കഴിഞ്ഞുള്ളൂ. പാർപ്പിട രംഗത്തെ യഥാർത്ഥ ആവശ്യങ്ങൾ നേരിടുന്നതിന് ഔപചാരിക സംവിധാനങ്ങളും പദ്ധതികളും അപര്യാപ്തമാണ് എന്നാണ് ഇത് കാണിക്കുന്നത്. ഈ മേഖലയിൽ പുതിയൊരു ജനകീയ സംരംഭത്തിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

കാർഷിക രംഗത്തുണ്ടായ മാറ്റങ്ങൾ പഞ്ചായത്തിലെ തൊഴിൽ ലഭ്യതയിലും, തൊഴിൽ ബന്ധങ്ങളിലും വലിയ മാറ്റം വരുത്തിയതായി കാണാം. കാർഷിക തൊഴിലാളികളുടെ എണ്ണത്തിൽ വലിയ ഇടിവ് വന്നിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടവർ മിക്കവാറും കെട്ടിട നിർമ്മാണ മേഖലയിലാണ് എത്തിപ്പെട്ടത്. പഞ്ചായത്തിനകത്തും സമീപ പ്രദേശങ്ങളിലും കെട്ടിട നിർമ്മാണ രംഗത്തുണ്ടായ കുതിച്ചു കയറ്റവും, ഈ രംഗത്തെ താരതമ്യേന മെച്ചപ്പെട്ട വേതന നിരക്കുകളും തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിച്ചു.

1992 ലെ കണക്കുകളനുസരിച്ച് കർഷക തൊഴിലാളികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ തൊഴിലെടുക്കുന്നത് കെട്ടിട നിർമ്മാണ മേഖലയിലാണെന്ന് കാണാം. (10.22%) കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്കിലുണ്ടായ വർദ്ധന പട്ടിക 10 -4 ൽ കൊടുക്കുന്നു.

വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാത്ത അവസ്ഥയുണ്ട്. കെട്ടിട നിർമ്മാണം വർദ്ധിച്ച തോടുകൂടി നിർമ്മാണ വസ്തുക്കളുടെ വിപണന സംവിധാനവും വർദ്ധിച്ചിട്ടുണ്ട്. വിവിധ നിർമ്മാണ വസ്തുക്കൾ വില്ക്കുന്ന ഏഴ് കടകൾ ഉണ്ട് പഞ്ചായത്തിൽ. കോൺക്രീറ്റ് കൊണ്ടുള്ള വിവിധ കെട്ടിട നിർമ്മാണ ഘടകങ്ങൾ ഉല്പാദിപ്പിക്കുന്ന 3 യൂനിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. ഇരുമ്പു ഗ്രില്ലുകൾ നിർമ്മിക്കുന്ന 10 യൂണിറ്റുകളും അടുത്തകാലത്തായി ഉയർന്ന് വന്നിരിക്കുന്നു. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും ഫാക്ടറി അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു എന്നുള്ളതാണ് മറ്റൊരു സവിശേഷത. മരപ്പണി യിലാണ് ഇത് കൂടുതലായി കാണുന്നത്. കെട്ടിട നിർമ്മാണ രംഗത്തുണ്ടായ മാറ്റങ്ങൾ പുരകെട്ട്, പുല്ലുപറി, ഓലമടച്ചിൽ തുടങ്ങിയ പരമ്പരാഗത തൊഴിലവസരങ്ങൾ പലതും നഷ്ടപ്പെടുത്തിയെങ്കിലും, പെയിന്റിംഗം, പോളിഷിംഗ്, ഇൻറീരിയർ ഡക്കറേഷൻ, തുടങ്ങിയ പുതിയ പലതൊഴിൽ മേഖലകളും തുറന്ന് കിട്ടിയിട്ടുണ്ട്.

പുതിയ പാർപ്പിട സംസ്ക്കാരം കല്ല്യാശേരിയിലെ പരിസ്ഥിതിയെ ഒട്ടൊന്നുമല്ല ബാധിച്ചിട്ടുള്ളത്. പാടം നികത്തിയുള്ള കെട്ടിടം പണി വ്യാപകമായതോടെ തീരസമതലത്തിൽ 70 ശതമാനവും പറമ്പുകളായി മാറിയിരിക്കുന്നു. വ്യാപകമായ നീർക്കെട്ടിന് അതുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾക്കും ഇത് വഴിവെച്ചിരിക്കുന്നു. പരമ്പരാഗതമായ ജൈവ വേലികളൊക്കെ കൽമതിലുകൾക്ക് വഴിമാറിയിരിക്കുന്നു. ഇതും പരിസ്ഥിതി പ്രശ്നങ്ങൾക്ക് ആക്കം കൂട്ടിയിരിക്കുന്നു.

പാർപ്പിടം

പ്രശ്നങ്ങൾ:

= പഞ്ചായത്തിൽ ആകെ 425 വീടുകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

= IRDP സർവേ പ്രകാരം വീടുകൾ ആവശ്യമുള്ള 81 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

=കെട്ടിട നിർമ്മാണം മൂലം കോലത്ത് വയൽ പ്രദേശത്തെ കൃഷി സ്ഥലം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇത് ഭാവിയിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കും.

=കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്

=കെട്ടിട നിർമ്മാണം ഏറെ നടന്നുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ നിർമ്മാണ സാമഗ്രികൾ ഭൂരിഭാഗവും പഞ്ചായത്തിന് പുറമേ നിന്നാണ് വരുന്നത്.
=മതിലുകളുടെ ആധിക്യം പഞ്ചായത്തിൽ ചില വാർഡുകളിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ കുറവ് ഒരു പ്രശ്നമാണ്.

പരിഹാര സാധ്യതകൾ

-അടിയന്തിരമായും മെച്ചപ്പെടുത്തേണ്ട വീടുകൾക്ക് പഞ്ചായത്ത് തലത്തിൽ ഒരു പരിപാടി ഉണ്ടാക്കേണ്ടതുണ്ട്.
-IRDP സർവേ പ്രകാരം വീടുകൾ ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരിപാടി ഉണ്ടാക്കണം.
-വയൽ നികത്തി കെട്ടിടങ്ങൾ പണിയുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. കൃഷിഭൂമികൾ സംരക്ഷിക്കാൻ ഹൗസിങ് കോളനികൾ, ഫ്ളാറ്റ് സമ്പ്രദായം എന്നിവ ആലോചിക്കേണ്ടതാണ്.
- കോളനികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ, കോളനി നിവാസികളുടെ പങ്കാളിത്തത്തോടെയുള്ള പരിപാടികൾ വേണം.
- കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കാനും, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമുള്ള വമ്പിച്ച സാദ്ധ്യതകൾ പഞ്ചായത്തിനകത്തുണ്ട്.
(ഉദാ: തെങ്ങ് കൊണ്ടുള്ള ഉരുപ്പടികൾ, സിമൻറ് കൊണ്ടുള്ള കട്ട, ജനൽ ഇഷ്ടികകൾ തുടങ്ങിയവ)
- മതിലുകൾക്ക് പകരം ജൈവവേലികൾ ഉണ്ടാക്കാനുള്ള ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ടതാണ്.
-ചെലവുകുറഞ്ഞ നിർമ്മാണരീതി പ്രചരിപ്പിക്കുന്നതോടുകൂടി, തൊഴിലാളിക ളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീല നവും ആവശ്യമാണ്. കൂടാതെ ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്താനുതകുന്ന സംവിധാനങ്ങളെ കുറിച്ച് ആലോചിക്കേണ്ടതാണ്.
- പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ആവശ്യത്തിലധികം സൗകര്യത്തോടുകൂടിയ കെട്ടിടങ്ങൾ പണിയുന്നത് കണ്ടു വരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം രൂക്ഷമായിട്ടുള്ള ഈ കാലഘട്ടത്തിൽ നിരുത്സാഹപ്പെടുത്തേണ്ടത്. പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് കുടുംബ വലിപ്പം അനുസരിച്ചുള്ള അംഗീകൃത പ്ലാൻ നടപ്പിൽ വരുത്തേണ്ടതാണ്. (ഇന്ത്യയിൽ ചില പട്ടണങ്ങളിലും, മറ്റ് രാജ്യങ്ങളിലും ഈ വ്യവസ്ഥ ഇപ്പോൾത്തന്നെ നിലവിലുള്ളതാണ്.)

സാമൂഹ്യക്ഷേമം

കല്ല്യാശേരിയിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലൊക്കെ 1930 കളിൽ തന്നെ മാറ്റം ദൃശ്യമായി തുടങ്ങിയെങ്കിലും 50 കളുടെ അവസാനം വരെ സാമ്പത്തിക രംഗത്ത് അത് കാര്യമായ ചലനമുണ്ടാക്കിയിരുന്നില്ല. എന്നാൽ ഭൂപരിഷ്ക്കരണവും തുടർന്ന് കാർഷിക ബന്ധത്തിലുണ്ടായ മാറ്റങ്ങളും ജനങ്ങളുടെ ജീവിതനിലവാരത്തിൽ സങ്കല്പാതീതമായ പുരോഗതിയുണ്ടാക്കി. എല്ലാവർക്കും കിടപ്പാടം ലഭിച്ചതിനോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ സാർവ്വത്രികതയും ലഭ്യമായതോടെ കേവല ദാരിദ്ര്യം ഗണ്യമായി കുറഞ്ഞു വരുന്നു. പട്ടിണിയൊന്നും ഇപ്പോഴില്ലെന്ന് പറയാം. എന്നാൽ സാമൂഹ്യക്ഷേമ രംഗത്ത് ഒട്ടേറെ പുതിയ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട് താനും.

1992 ലെ IRDP സർവേ പ്രകാരം (1992 ൽ പരിഷ്ക്കരിച്ചത്) പഞ്ചായത്തിലാകെ 1828 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. അന്ത്യോദയ വിഭാഗത്തിൽ പെടുന്ന IRDP ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടിക 10-5 ൽ കൊടുത്തിരിക്കുന്നു.
മൊത്തം കുടുംബങ്ങളിൽ 37% ദാരിദ്ര്യരേഖയ്ക്കിടയിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത്വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടിയിരിക്കുന്നു. 8 ാം പദ്ധതി കാലത്ത് ആകെ 143 കുടുംബങ്ങൾക്കാണ് ഇതുവരെയായി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരങ്ങൾ പട്ടിക 10 - 6ൽ കൊടു

ത്തിരിക്കുന്നു.

ആനുകൂല്യം ലഭിച്ചവരിൽ 87 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായാണ് കണക്കാക്കിയിരിക്കുന്നത്. ഇക്കാലയളവിൽ വിവിധ പദ്ധതികളിലായി 45 വീടുകൾക്കും 65 കക്കൂസുകൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. DWCRA പദ്ധതി പ്രകാരം 3 യൂണിറ്റുകൾ സമീപകാലത്തായി ആരംഭിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ പട്ടിക 10 -7 ൽ കൊടുക്കുന്നു.

DWCRA യൂണിറ്റുകളുടെ പ്രവർത്തനം വളരെ തൃപ്തികരമാണെന്ന് പറയാനാവില്ല. അംഗങ്ങളായ വനിതകളുടെ നേതൃത്വത്തിന്റെ പരിമിതികളാണ് പ്രധാന പ്രശ്നമായി അനുഭവപ്പെടുന്നത്.

കല്ല്യാശേരിയിലെ തൊഴിൽ രഹിതരിൽ ബഹുഭൂരിഭാഗവും സ്ത്രീകളാണെന്നിരിക്കെ DWCRA പദ്ധതി പ്രകാരമുള്ള തൊഴിൽ യൂനിറ്റുകളുടെവർദ്ധിച്ച പ്രസക്തി വ്യക്തമാണ അതാകൊണ്ട് നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പത്തിരുപത് പുതിയ യൂണിറ്റുകൾ പുതുതായി സ്ഥാപിക്കുകയും ചെയ്യുക എന്നത് വികസന പദ്ധതിയിലെ മുഖ്യഘടകമായി പരിഗിക്കേണ്ടിയിരിക്കുന്നു,

ട്രൈസം തൊഴിൽ പരിശീലന പദ്ധതിയിൽ പഞ്ചായത്തിൽ ഇതിനകം 31 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പക്ഷെ ഇതിൽ 17 പേർ മാത്രമേ പരിശീലനം ലഭിച്ച മേഖലയിൽ തൊഴിലെടുക്കുന്നുള്ളൂ. 14 പേർ ഇതര തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. പരിശീലനത്തിലെ അപര്യാപ്തതയാണോ അതല്ല ആവശ്യമുള്ള ട്രേഡുകളിൽ പരിശീലനം ലഭിക്കാൻ സൗകര്യമില്ലായ്മയാണോ ഇതിനു കാരണമെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. IRDP ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിൽ 7. 8% ത്തിന് മാത്രമേ ഏതെങ്കിലും ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഈ പദ്ധതിയുടെ കാര്യക്ഷമതയെ ചോദ്യം ചെയ്യുന്നു.

സാമൂഹ്യക്ഷേമ വകുപ്പ് വഴിയും, മറ്റ് വകുപ്പ് വഴിയും വിതരണം ചെയ്യുന്ന വിവിധ ധനസഹായ-പെൻഷൻ പദ്ധതികൾ വഴി സഹായം ലഭിച്ചവരുടെ എണ്ണം പട്ടിക 10 - 8 ൽ കൊടുക്കുന്നു.

മേൽപ്പറഞ്ഞ പട്ടിക കാണിക്കുന്നത് പല ധനസഹായ പദ്ധതികളുടെയും ഗുണഫലം പഞ്ചായത്തിൽ തീരെ ലഭിച്ചിട്ടില്ല എന്നതാണ്. ലഭിച്ചതാകട്ടെ വളരെ നിസ്സാരവും. കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വാർദ്ധക്യകാല പെൻഷൻ എന്നിവയ്ക്ക് വേണ്ടിയുള്ള നിരവധി അപേക്ഷകളിൽ തീർപ്പാകാതെ കിടക്കുകയാണ്.

ആനുകൂല്യം ലഭിക്കുന്നവരിൽ അനർഹരുണ്ടെന്ന് പറയാനാവില്ലെങ്കിലും, അർഹരായ നിരവധി പേർക്ക് ആനുകൂല്യം ലഭിക്കുന്നില്ലായെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഉള്ള അപേക്ഷകളും അവയിൽ തീർപ്പാക്കിയവയുടെയും വിവരം പട്ടിക 10 - 9 ൽ കാണാം.

അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭിച്ച സാഹചര്യത്തിൽ ഈ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള പരിപാടികൾ ആലോചിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിൽ രജിസ്റ്റർ ചെയ്ത 5 മഹിളാസമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും ഇവ തുടർച്ചയായി പ്രവർത്തിക്കുന്നില്ല. വകുപ്പിനു കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ അങ്കൺവാടികളാകുന്നു. KDS പദ്ധതി പ്രകാരമുള്ള 8 അങ്കൺവാടികളും ഒരു ബാലവാടിയും ഒരു നേഴ്സറിയുമാണ് ഈ വിഭാഗത്തിലുള്ളത്. ഇവയ്ക്കെല്ലാം തന്നെ സ്വന്തം കെട്ടിടങ്ങളുണ്ടെങ്കിലും കളിക്കോപ്പുകൾ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്. ജനസംഖ്യാനുപാതത്തിൽ 1000 ജനങ്ങൾക്ക് 1 എന്ന തോതിൽ 25 അംഗൺവാടികൾ ലഭിക്കാൻ പഞ്ചായത്തിനർഹതയുണ്ടെങ്കിലും അതിന്റെ പകുതി പോലും അനുവദിച്ചിട്ടില്ലയെന്നത് ഔദ്യോഗിക അവഗണനയാണ് സൂചിപ്പിക്കുന്നത്. നിലവിലുള്ള അംഗൺവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, കൂടുതലായി ലഭിക്കാനർഹതയുള്ളവ ലഭ്യമാക്കുന്നതിനും ഉള്ള പരിപാടികൾ ഉണ്ടാക്കേണ്ടതുണ്ട്. ഔദ്യോഗിക സംവിധാനങ്ങളിലൂടെ ലഭ്യമാ

ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ പോലും പ്രാദേശിക ജനവിഭാഗങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ സംഭാവന ചെയ്യാൻ സാധിക്കും. നിലവിലുള്ള അംഗൺവാടി കെട്ടിടങ്ങൾ പലതും ഉണ്ടായ രീതിയും ഇതിനു മാർഗ്ഗദർശകമാണ്.

പ്രശ്നങ്ങൾ

= ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾ മാത്രമേ പ്രയോജന പ്പെടുത്തിയിട്ടുള്ളൂ.

= പദ്ധതികളുടെ വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കേണ്ടതാണ്.

= പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

=പഞ്ചായത്തിൽ ചില വാർഡുകളിൽ അംഗൺവാടികളോ, നഴ്സറിസ്കൂളുകളോ ഇല്ല. നിലവിലുള്ള അംഗൺവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചമല്ല. (ഉദാ: കളിസ്ഥലം, കളിപ്പാട്ടങ്ങൾ മുതലായവ)

പരിഹാര സാദ്ധ്യതകൾ

- IRDP സർവ്വേ ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി യുണ്ടാക്കണം.

- ധനസഹായ പദ്ധതികളുടെ വിവരങ്ങളും, അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും ഗ്രാമസഭകളെയോ, ജനകീയ സംവിധാനങ്ങളേയോ, ഉപയോഗപ്പെടുത്തണം.

- കാർഷിക വ്യവസായിക മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കികൊണ്ട് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തണം.

- വനിതകൾക്കായി 10 ഓളം പുതിയ സ്വയംസഹായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതത്യാവശ്യമാണ്.

- ദാരിദ്ര്യം വരുന്ന വിവാഹ ചെലവുകൾ ഒഴിവാക്കാൻ ഇരിണാവ്, കല്ല്യാശേരി ഭാഗങ്ങളിലായി രണ്ട് കമ്മ്യൂണിറ്റി ഹാളുകൾ/ കല്ല്യാണ മണ്ഡപങ്ങൾ നിർമ്മിക്കാൻ ആലോചിക്കേണ്ടതാണ്.

- അംഗൺവാടിൾ ഇല്ലാത്ത പഞ്ചായത്തിലെ പ്രദേശങ്ങളിൽ അവ അനുവദിച്ചുകിട്ടേണ്ടതായിട്ടുണ്ട്. നിലവിലുള്ള അംഗൺവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ പരിപാടി ഉണ്ടാക്കണം.

-കുട്ടികളുടെ കായികമായും, മാനസികമായുള്ള വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ കുട്ടികളുടെ പാർക്കുകളും, ലൈബ്രറികളും, നീന്തൽ കുളങ്ങളും ഉണ്ടാക്കേണ്ടതുണ്ട്.

-പ്രായം ചെന്നവർക്ക് വേണ്ടിയുള്ള വിവിധ പെൻഷൻ സ്കീമുകളുടെ കവറേജ് പൂർണ്ണമാക്കുന്നതിനുള്ള നടപടികളെടുക്കണം.

പട്ടിക 10- 9

ഇനം	1993-94		1994-95		1995-96	
	അപേക്ഷ എണ്ണം	തീർപ്പാക്കിയവ	അപേക്ഷ എണ്ണം	തീർപ്പാക്കിയവ	അപേക്ഷ എണ്ണം	തീർപ്പാക്കിയവ
വിധവാ പെൻഷൻ	8	5	6	3	6	0
വികലാംഗ പെൻഷൻ	3	0	9	3	3	1
വാർദ്ധക്യകാല പെൻഷൻ	4	2	5	2	5	2

പട്ടിക 10- 1

ഇനം	എണ്ണം.
മെൽക്കൂന: ഓല, പുല്ല്	47
ഭിത്തി പറമ്പ്, ഓല	18
മൺതറയുള്ളത്	71
വിസ്തീർണ്ണം 200 ച. അടിയിൽ കുറവ്.	489
ആകെ	625

പട്ടിക 10 - 2

കാലം.	വാർഡുകൾ										
	I	II	III	IV	V &VI	VII	VIII	IX	X	XI	ആകെ
92/93	7	13	15	39	29	6	15	14	10	18	146
93/94	21	18	22	16	48	20	25	14	19	20	223
94/95	24	19	11	11	38	16	19	16	13	19	186
95/96	20	24	29	11	43	11	29	11	22	19	219
96 ഒക്ടോ. വരെ	7	11	16	8	30	13	12	8	9	13	127

പട്ടിക 10- 3

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്	കുടുംബങ്ങളുടെ എണ്ണം
1	ഇരിണാവ് ലക്ഷം വീട് കോളനി	1	22
2	കല്ല്യാശ്ശേരി കണ്ണപുരം അയ്യങ്കാളി കോളനി	2	29
3	കെ. കണ്ണപുരം പട്ടികജാതി കോളനി	1,2,3	34
4	പാറക്കടവ് പട്ടികജാതി കോളനി	6	45
5	പാളിയത്ത് വളപ്പ് ലക്ഷം വീട് കോളനി	7	26
6	ബീക്കരിയൻ പറമ്പ് പട്ടികജാതി	9	11
7	മാങ്ങാട് ലക്ഷം വീട് കോളനി	11	20
8	കെ. വി. നഗർ ഹൗസിങ്ങ് കോളനി	12	15
			202

പട്ടിക 10- 4

	1985		1990		1995	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
വിദഗ്ദ തൊഴിലാളി	50-75	-	75-100	-	100-150	-
അവിദഗ്ധ തൊഴിലാളി	40-50	20-30	80-75	30-50	75-100	40-60

പട്ടിക 10-5

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ച കുടുംബം	ഇതിൽ SC/ST കുടുംബങ്ങൾ	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖക്ക് മുകളിലെത്തിയവർ	ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ
1	264	17	33	17	20	244
2	231	5	15	5	10	221
3	149	13	12	12	7	142
4	123	1	4	1	4	119
5	256	10	10	9	5	256
6	200	3	9	3	5	195
7	208	3	20	3	10	198
8	91	2	17	2	12	79
9	134	1	7	1	4	130
10	172	3	16	3	10	162
ആകെ	1828	59	143	56	87	1711

പട്ടിക 10-6

വാർഡ്	1	2	3	4	5	6	7	8	9	10	ആകെ
കുടുംബങ്ങൾ	33	15	12	4	10	9	20	17	7	16	143
സഹായം ലഭിച്ചവരിൽ ദരിദ്രരേഖക്കു മുകളിൽ എത്തിയവർ	20	10	7	4	5	5	10	12	4	10	87

പട്ടിക 10-7

വാർഡ്	തൊഴിൽ സംരംഭം ഇനം	ആരംഭിച്ച വർഷം	അംഗങ്ങൾ	പ്രവർത്തന ക്ഷമത സംബന്ധിച്ച വിവരം
9	പ്രിൻറിംഗ് പ്രസ്	1992-93	10	ശരാശരി
8	ഫ്രൈ. നേർസറി	94-95	10	നടീൽവസ്തുക്കൾ ഉല്പാദനംമുല്ല കൃഷി, ബ്രേക്കറി
2	സോപ്പ് നിർമ്മാണം	96-97	10	വാർഷിങ് സോപ്പ് പൗഡർ

പട്ടിക 10-8

ഇനം	എണ്ണം.
വാർദ്ധക്യകാല പെൻഷൻ	66
വികലാംഗ പെൻഷൻ	60
വിധവാ പെൻഷൻ	197
തൊഴിലില്ലായ്മാ വേദനം	176
കർഷക തൊഴിലാളി പെൻഷൻ	225
അവശകലാകാര/ സാഹിത്യകാരന്മാർ	4
കുഷ്ടം , ക്ഷയരോഗപെൻഷൻ	2



ചരിത്ര പ്രസിദ്ധമായ കോലത്തുനാടിന്റെ ഭാഗമായ കല്ല്യാശേരിയിൽ ജന്മിനാടുവാഴി വ്യവസ്ഥയുടെ ഭാഗമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കലാരൂപങ്ങളും മറ്റുമായിരുന്നു അടുത്തകാലം വരെ നിലവിലുണ്ടായിരുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന നൂതനമായ ആശയങ്ങളും പരിഷ്ക്കരണ പ്രവർത്തനങ്ങളും ഈ സാംശക്കാരികധാരയുടെ അടിയിളക്കി. പഴയ ആചാരങ്ങൾ പലതും കുറ്റിയറ്റു. ജന്മി-കുടിയാൻ ബന്ധങ്ങളിൽ വന്ന മാറ്റം പുതിയ പ്രസ്ഥാനങ്ങൾക്കും ആവിഷ്ക്കാരങ്ങൾക്കും കാരണമായി. സുശക്തമായ ഗ്രന്ഥശാലാ പ്രസ്ഥാനവും നാടകസംഘങ്ങളും മറ്റും ഉൾപ്പെടുന്ന പുതിയ ഒരു സാംശക്കാരിക ലോകം കേരളത്തിലെ മറ്റേതൊരു ഗ്രാമത്തിലുമെന്നതുപോലെ കല്ല്യാശേരിയിലും വളർന്നു വന്നു. സമീപകാലത്താകട്ടെ, ദൃശ്യമാധ്യമത്തിന്റെയും പാശ്ചാത്യ സംസ്ക്കാരത്തിന്റെയും കടന്നുകയറ്റത്തോടെ, ഇനിയും വ്യക്തത പ്രാപിച്ചിട്ടില്ലാത്ത വ്യത്യസ്തമായ ഒരു സംസ്ക്കാരത്തിന്റെ-ഉപഭോഗസംസ്ക്കാരത്തിന്റെ തിരയിളക്കങ്ങളും നമുക്കുചുറ്റും ദൃശ്യമായിത്തുടങ്ങി.

ഗന്ധർവ്വൻ പാട്ട്, കളംപാട്ട്, കുറുന്തിനിപ്പാട്ട്, മലയൻകെട്ട് എന്നിങ്ങനെ വിശ്വാസവുമായി ദൃഢബന്ധമുള്ള അനുഷ്ഠാനങ്ങൾ പൂർണ്ണമായും തിരോഭവിച്ചു കഴിഞ്ഞിരിക്കുന്നു. മന്ത്രവാദവും ഉളുക്കുപിടിക്കലും ഗുരുസിയൊഴിക്കലും ഇന്ന് അപൂർവ്വമാണ്. മേടം ഒന്നിന്റെ കൈവിഞ്ഞിടലും തുലാപ്പത്തിന്റെ കലംകനിപ്പും ധനുവിലെ തിരുവാതിര കളിയും ഇന്ന് മിക്ക വീടുകളിലും നിലവിലില്ല. ആടിവേടനും കോതാമ്മൂരിയാട്ടവും കാവുകളിലെ എഴുന്നള്ളിപ്പുകളും പ്രൗഢിയറ്റ ഓർമ്മക്കുറിപ്പുകൾ പോലെ അവിടവിടെ മാത്രം തുടരുന്നു. കതിരുനിറയും പുത്തരിയും മിക്കവർക്കും കേട്ടറിയാൻ മാത്രം ഭാഗ്യമുള്ള പഴമയുടെ ശേഷിപ്പുകൾ. കൊയ്ത്തിന്റെ മുന്നോടിയായ പുള്ളുവൻ പാട്ടിന്റെ ഈണം ഏതാണ്ട് നിലച്ചുകഴിഞ്ഞു. അന്ധവിശ്വാസവും, അനാചാരവും അർത്ഥമി

ല്ലാത്ത അനുഷ്ഠാനങ്ങളുമായി ഇവയിൽ ചിലതിനെ വിശേഷിപ്പിക്കാമെങ്കിലും മനുഷ്യന്റെ ആധിയും ആശയും അഭിലാഷങ്ങളുമൊക്കെ പലരീതികളിൽ ഇവയിൽ പ്രകാശിച്ചു നില്പുണ്ട്. കാർഷികജീവിതത്തിന്റെ ഭാഗമായി വളർന്നുവന്ന മനോഹരസങ്കല്പനങ്ങളും പലതിലും കണ്ടെത്താം. ഇവയൊക്കെയും നമ്മുടെ പൂർവ്വികർ കടന്നുപോയ ജീവിതസംഘർഷങ്ങളുടെയും പരിണാമങ്ങളുടെയും കഥകൾ പറയുന്നു.

ഗ്രാമീണ ജീവിതത്തിൽ നിന്നും തിരോഭവിച്ച മറ്റൊരിനം വൈവിധ്യമാർന്ന നാടൻകളികളാണ് 'അരിപ്പോതിരിപ്പോ..', തലമ, കുട്ടിയുംകോലും, കൊത്തങ്കല്ല്, കുഴിപ്പന്ത്കളി, പാണ്ടിക്കളി, ചേരിയും കോലും, ചുക്കിണി, ഒറ്റിക്കൂക്കി, ഡപ്പ, കിസ്മി, എട്ടുംകട്ടം, നക്കി, ഗോട്ടിക്കളി, സോഡി, അടിച്ചുമ്പാല്, സെയ്കളി, കുടുകുടു, കല്ലാഹേ എന്നിങ്ങനെ നിരവധി നാടൻകളികൾ പലകാലത്തായി നിലവിലുണ്ടായിരുന്നു. ഇവയിൽ മിക്കവയും തിരോഭവിച്ചു. പലതിനും രൂപഭേദം വന്നു. ഫുട്ബോൾ, ഷട്ടിൽ, വോളിബോൾ, ക്രിക്കറ്റ് തുടങ്ങിയ പുതിയ ഇനങ്ങളാണ് ഇന്ന് ഏറെപ്പേരെയും ആകർഷിക്കുന്നത്. സ്ക്കൂളും, ട്യൂഷനും ടി. വി. യും ചേർന്ന് കുട്ടികളുടെ ഭൂരിഭാഗം സമയവും അപഹരിക്കുന്നതിനാൽ കളി ഒരപൂർവ്വ സൗഭാഗ്യമായി മാറിയിരിക്കുന്നു. കൂട്ടായ്മയുടെ അനുഭവം ഇന്നത്തെ കുട്ടികൾക്ക് അന്യമായിത്തുടങ്ങിയിരിക്കുന്നു.

കാവുകളുമായി ബന്ധപ്പെട്ട് വളർന്നുവന്ന നാടൻകലാരൂപമാണ് പൂരക്കളി. കപ്പോത്ത്കാവ്, കോപ്രത്ത് കാവ്, ഇരിണാവ് കൂർബക്കാവ് എന്നിവയാണിതിൽ പ്രമുഖം. പൂരക്കളിപ്പണിക്കന്മാരിൽ പലരും മറത്തുകളിയിലും വിദഗ്ധരാണ്. പിന്നീട് കപ്പോത്ത്കാവ് കെ. വി. സ്മാരക വായനശാല ഇരിണാവ് നവഭാരത കലാനിലയം എന്നിവയുമായി ബന്ധപ്പെട്ട് പൂരക്കളിയും വികസിച്ചു. സമാനമായ മാറ്റം കോൽക്കളിയെ സംബന്ധിച്ചും സംഭവിച്ചതായിക്കാണാം. കാവുകളുമായി ബന്ധമില്ലാത്തതോ ജനകീയ പ്രസ്ഥാനങ്ങളുമായി ഇഴചേർക്കപ്പെടുകയോ ചെയ്യാത്ത ചില കലകൾ (പുള്ളുവൻ പാട്ട് ഉദാഹരണം) ഏതാനും കുടുംബങ്ങളിൽ ഒതുങ്ങിനിന്നതിനാൽ നാമശാനമുഖമായിരിക്കുന്നുവെന്നു കാണാം.

മുസ്ലിം സമുദായവുമായി ബന്ധപ്പെട്ട് വളർന്നുവന്ന ദഫ്മുട്ടും ഒപ്പനയും ഇന്നും നിലവിലുണ്ട്. മാങ്ങാട് റഹ്മാനിയ ദഫ്സംഘത്തിന്റെ നേതൃത്വത്തിൽ കോൽക്കളിയും അവതരിപ്പിക്കുന്ന യുവാക്കളുടെ നല്ല ഒരു നിരതന്നെയുണ്ട്. കല്ല്യാണവുമായി ബന്ധപ്പെട്ട് ഒപ്പനപ്പാട്ട് അവതരിപ്പിക്കുന്ന പ്രൊഫഷണൽ സംഘങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്.

ക്രൈസ്തവ സമുദായത്തിൽ പെട്ടവർ വളരെ കുറവായതുകൊണ്ട് ആ സമുദായവുമായി ബന്ധപ്പെട്ട കലകൾ പഞ്ചായത്തിനകത്ത് ഇല്ലെന്നുതന്നെ പറയാം.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, കാവുകളിലെ തെയ്യങ്ങൾ, പള്ളികളിലെ നേർച്ചകൾ എന്നിങ്ങനെ നമ്മുടെ സാംസ്ക്കാരിക ജീവിതത്തിൽ പ്രാമുഖ്യം വഹിച്ചിരുന്ന പ്രാദേശിക ഉത്സവങ്ങൾ കുറേയേറെ ഇന്നും ബാക്കിയുണ്ട്. മൊത്തത്തിലുള്ള പൊലിമയും മറ്റും കുറഞ്ഞിട്ടുണ്ടെന്നതു നേര്. എങ്കിലും ഇന്നും സമൂഹജീവിതത്തിൽ അവയ്ക്ക് പ്രമുഖസ്ഥാനമുണ്ട്. ജാതിമതഭേദമന്യേ ഏവരും പങ്കുകൊള്ളുന്ന രീതിയിലാണ് തെയ്യങ്ങളും നേർച്ചകളും മറ്റും നടന്നുപോരുന്നത്. സാമുദായിക സംഘർഷങ്ങളോ ജാതീയമായ വേർതിരിവുകളോ കല്ല്യാശേരിയിൽ നാമിന്ന് അനുഭവിക്കുന്നില്ല. രാഷ്ട്രീയ-സാമൂഹികരംഗത്തുണ്ടായ പുരോഗമനപരമായ മാറ്റങ്ങളാണ് ഈയൊരവസ്ഥയ്ക്കു പ്രധാന കാരണം.

കല്ല്യാശേരിയുടെ തനത് നാടോടി ശേഖരത്തിലെ അമൂല്യനിധിയാണ് ചന്ത്രോത്ത് കണ്ണനെക്കുറിച്ചുള്ള നാട്ടിപ്പാട്ട്. ചിറക്കൽ രാജാവിന്റെ പ്രിയപ്പെട്ട ചോക്കച്ചിപ്പശുവിനെ അറക്കലെ ജോനകരിൽ നിന്നും തിരിച്ചുകൊണ്ടുവന്ന ധീരനായ പടയാളിയായിരുന്നു ചന്ത്രോത്ത് കണ്ണൻ. ഇതേത്തുടർന്ന് രാജാവിനെ എതിർക്കാനടുത്ത ജോനകരെ കണ്ണൻ ഒറ്റയ്ക്ക് നേരിട്ടു തോല്പിച്ചു. സന്തുഷ്ടനായ തമ്പുരാൻ അഞ്ഞൂറുപൊതിപ്പാട് ചെന്നകണ്ടവും അഞ്ഞൂറുപൊതിപ്പാട് പുഞ്ചക്കണ്ടവും നാലുകണ്ടിപ്പറമ്പും സമ്മാനമായി നൽകി. കണ്ണന്റെ

ഉയർച്ചയിൽ അസൂയപൂണ്ട ഏറുമ്പാല കോമൻ നായനാർ, തന്റെ പെങ്ങളും തമ്പുരാന്റെ കെട്ടിയവളുമായ ഏറുമ്പാല ഉമ്മുവിനെ സ്വാധീനിച്ച്, തമ്പുരാനെ കണ്ണനെതിരായി തിരിച്ചു. തമ്പുരാൻ കണ്ണനെ തൂക്കിക്കൊല്ലാൻ കല്പിച്ചു. അവസാനത്തെ അഭ്രഹമെന്ന നിലയിൽ വെച്ചുനീട്ടിയ മുറുക്കാൻ ഉമ്മുവിന്റെ മുഖത്തിനുനേരെ ചവച്ചു തുപ്പി. തമ്പുരാന്റെ നന്ദികേടിനെ പുച്ഛിച്ച കണ്ണൻ കണ്ണൂരിലെ ജോനകർ കാണാത്ത ഒരിടത്ത് തന്നെ തൂക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ആത്മാഭിമാനത്തിന്റെയും ധീരതയുടെയും ആൾരൂപമായി മരണം വരിച്ച ചന്ത്രോത്ത് കണ്ണൻ വളരെക്കാലം ജനമനസ്സിൽ സ്ഥാനം പിടിച്ചിരുന്നതിനു തെളിവാണ്. ഏതാണ്ട് വിസ്മൃതമായിക്കൊണ്ടിരിക്കുന്ന ചന്ത്രോത്ത് കണ്ണന്റെ പാട്ട്.

വളപട്ടണം കടവ് കടന്നുചെന്നാൽ
മൂന്നുപെറ്റുമ്മേന്റെ കാടുകാണാം
അരിങ്ങട കുളവും കൊവ്വച്ചാലും
പാട്ടാളി അമ്പലം കുളവും കാണാം
ആടന്ന വലത്തോട്ട് തിരിഞ്ഞ നിങ്ങള്
ആടന്നൊരൂടുവഴിയേ പോണം നിങ്ങള്
പാറക്കടത്താലം കടന്നാലം
എടത്തോട്ടുള്ളൂടുവഴി പോയാല്
കണ്ണന്റെ ഏടുവായന കേൾക്കാ
നിങ്ങക്ക്.....'

അഞ്ചാംപീടികയ്ക്കും പാറക്കടവിനുമിടക്ക് കല്ല്യാശേരി റോഡ് ചെന്നു ചേരുന്ന സ്ഥലത്താണത്രേ ചന്ത്രോത്ത് കണ്ണന്റെ തറവാട് നിലനിന്നിരുന്നത്. ഇത്തരം പാട്ടുകൾ ഇനിയും ആരാരും അറിയാതെ പഴമനസ്സുകളിൽ അവശേഷിക്കുന്നുണ്ടാവണം. അവ കണ്ടെത്തി രേഖപ്പെടുത്തേണ്ടതുണ്ട്.

കല്ല്യാശേരിയുടെ സാംസ്ക്കാരിക ചരിത്രത്തിലെ പുതിയ ചലനങ്ങൾ പ്രത്യക്ഷമാകുന്നത് 1920 ഓടെയാണ്. 1932 ൽ സ്ഥാപിതമായ ശ്രീഹർഷൻ വായനശാലയോടെയാണ് ഈ മാറ്റം ദൃശ്യരൂപം കൈവരിച്ചത്. ഒരു വായനശാല യെന്നതിലുപരി, യുവാക്കളുടെ ചിന്താലോകത്തിൽ മാറ്റത്തിന്റെ വിത്തുവിതച്ച രാഷ്ട്രീയ പഠനകേന്ദ്രം കൂടിയായിരുന്നു ഈ സ്ഥാപനം. ഗ്രന്ഥാലയം, കലാസമിതി എന്നിങ്ങനെയെല്ലാം വളർന്നു വികസിച്ച ഈ സ്ഥാപനത്തിന്റെ ആദിമുഖ്യത്തിൽ 'ശ്രീഹർഷൻ' എന്നപേരിൽ ഒരു കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചിരുന്നു. കെ. എ. കേരളീയന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ മാസികയ്ക്ക് ഒരേ സമയത്ത് 12 പ്രതികൾ വരെ തയ്യാറാക്കിയിരുന്നു. ഇതിന്റെ കോപ്പികൾ സമീപഗ്രാമങ്ങളിലെ വായനശാലക ളിലേക്കു കൂടി സ്ഥിരമായി എത്തിക്കാറുണ്ടാ യിരുന്നു. ഇതേതകതുടർന്നാണ് ഇരിണാവിലെ സനാതന സമാർഗ്ഗദായിനി വായനശാല, അഞ്ചാംപീടികയിലെ കെ. വി. എം വായനശാല, കല്ല്യാശേരിയിലെ യുവജനവായനശാല തുടങ്ങിയവ രൂപം കൊണ്ടതും വളർന്നതും. പിൽക്കാലത്ത് വിവിധ കാരണങ്ങളാൽ ഈ വായനശാലകളുടെ പേര് മുനർനിർണ്ണയം ചെയ്യുകയോ പ്രവർത്തനം നിന്നു പോവുകയോ ചെയ്തു.

ഇന്നാകട്ടെ 21 വായനശാലകളാണ് കല്ല്യാശേരി പഞ്ചായത്തിലുള്ളത്. ഇതിൽ 17 എണ്ണത്തിലും ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്നാം വാർഡിൽ കല്ല്യാശേരി കണ്ണപുരത്തുള്ള പഞ്ചായത്ത് വായനശാല, ഗ്രന്ഥാലയവും ആറാം വാർഡിൽ ചിറക്കുറ്റിയിലുള്ള എ. കെ. ജി സ്മാരക സാംസ്ക്കാരിക നിലയം വായനശാല ആൻറ് ഗ്രന്ഥാലയവും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. പ്രാദേശികമായിലഭിക്കുന്ന സംഭാവനയും വരിസംഖ്യയുമാണ് മറ്റുള്ളവയുടെ നിലനിൽപ്പിനു പിന്നിൽ. ഇടക്കാലത്ത് ഗ്രന്ഥാശാലാപ്രസ്ഥാനം മുരടിച്ചത് ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെയും ഒരളവോളം ബാധിച്ചു. ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റവും അഭിരുചികളിൽ വന്ന വ്യതിയാനവും ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ കൂടുതൽ ക്ഷീണിച്ചു തുടങ്ങിയിരിക്കുന്നു.

പഞ്ചായത്തിലെ വായനശാലകളെയും ഗ്രന്ഥാലയങ്ങളെയും സംബന്ധിച്ച ചില വിവരങ്ങൾ പട്ടിക 11-2 ൽ

ക്ലബ്ബുകൾ, കലാസമിതികൾ എന്നീ നിലകളിൽ 43 സ്ഥാപനങ്ങൾ പഞ്ചായത്തിനകത്തുണ്ട്. മിക്കവയ്ക്കും സ്വന്തം കെട്ടിടങ്ങളുണ്ട്. എങ്കിലും നിരന്തരമായ പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങൾ കുറവാണ്.

കലാസമിതികളിൽ ഏറെ പ്രശസ്തം കല്ല്യാശേരി ആചിഥാനമായി പ്രവർത്തിക്കുന്ന സംഘചേതനയെന്ന പ്രൊഫഷണൽ നാടകസംഘമാണ്. സംസ്ഥാനതലത്തിൽ ഒട്ടേറെ പുരസ്ക്കാരങ്ങൾ സംഘചേതനയ്ക്ക് ലഭിച്ചിട്ടുണ്ട്. നൃത്ത സംഗീത നാടകങ്ങളിലൂടെ ജനമനസ്സിൽ സ്ഥാനം നേടാൻ ജയഭാരതകലാകേന്ദ്രത്തിനു കഴിഞ്ഞിട്ടുണ്ട്. വീൽകലാമേളയിലൂടെ അഞ്ചാംപീടിക യുവധാര കലാവേദിയും സംഘകലാമേളയിലൂടെ മാരൃമംഗലം യുവജന കലാവേദിയും ചെണ്ടമേളത്തിലൂടെ പയ്യട്ടം വാദൃകലാവേദിയും സമീപകാലത്ത് ജനശ്രദ്ധ നേടി. സ്വയം നാടകങ്ങൾ അവതരിപ്പിക്കുന്നതിനുപകരം പുറത്തു നിന്നുള്ള പ്രശസ്ത സംഘങ്ങൾക്ക് വേദിയൊരുക്കാനാണ് പല സമിതികളും ഇപ്പോൾ ശ്രമിച്ചുകാണുന്നത്. ഇത് പ്രാദേശിക കലാകാരന്മാരെ വളർത്തിയെടുക്കുന്നതിനു തടസ്സമാണെന്ന് പറയേണ്ടതില്ല. എങ്കിലും അമേച്വർ നാടകപ്രസ്ഥാനത്തിന് കണ്ണൂർ ജില്ലയിൽ സുശക്തമായ അടിത്തറയിടാൻ ഇവിടുത്തെ പ്രവർത്തകർക്കും പ്രസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. ഇക്കാരൃത്തിൽ കെ. എ൯. രാഘവൻ നമ്പ്യാർ വഹിച്ച പങ്ക് നിസ്തുലമാണ്.

സ്പോർട്സ് രംഗത്തും പഞ്ചായത്തിനകത്ത് ചെറുചെറു പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ഇരിണാവ് നളന്ദ സ്പോർട്സ് ക്ലബ്ബ് നടത്തുന്ന എം. വി. കെ. സ്മാരക ഫുട്ബോൾ ടൂർണ്ണമെൻറും കല്ല്യാശേരി സജീവ്കുമാർ സ്മാരക സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ് നടത്തുന്ന ഫുട്ബോൾ ടൂർണ്ണമെൻറും പാറക്കടവ് ബ്രദേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് നടത്തുന്ന വോളിബോൾ ടൂർണ്ണമെൻറും അഞ്ചാംപീടിക പി. കെ. നാരായണൻ മാസ്റ്റർ സ്മാരക വായനശാലയുടെ ഷട്ടിൽ ടൂർണ്ണമെൻറും ജില്ലയ്ക്കകത്ത് പ്രശസ്തമാണ്. വളർന്നുവരുന്ന ഫുട്ബോൾ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സബ്ജൂനിയർ ഫുട്ബോൾ ടൂർണ്ണമെൻറ് നടത്തുന്നതിൽ കല്ല്യാശേരി സെൻട്രൽ ലൈബ്രറി ആൻറ് റീഡിങ്ങ് റൂമും ഇരിണാവ് നവകേരളകായികവേദിയും നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കോലത്തുവയൽ ജയകേരള സ്പോർട്സ് ക്ലബ്ബ് ചെസ് ടൂർണ്ണമെൻറുകൾക്ക് ആതിഥൃമരുളി വരുന്നു. പ്രശസ്തമായ കെൽട്രോൺ ക്ലബ്ബിൻെറ ആസ്ഥാനവും കല്ല്യാശേരിയാണ്.

ചില ക്ലബ്ബുകൾ പ്രതിമാസ ചർച്ചാക്ലാസ്സുകളും സൗജനൃ ട്യൂഷൻ ക്ലാസ്സുകളും നടത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. എങ്കിലും നമ്മുടെ കലാകായിക സ്ഥാപനങ്ങൾക്ക് പൊതുവിൽ ക്ഷീണകാലമാണ് ഇപ്പോഴെന്ന് കാണാതെ വയ്യ. ഇതെങ്ങനെ മുറിച്ചുകടക്കാമെന്നതിനെ സംബന്ധിച്ച് ഗൗരവതരമായി ആലോചിക്കേണ്ടതുണ്ട്. വീടുകളിൽ ട്യൂഷൻ എന്ന രീതിയാണ് ഇപ്പോൾ കലാരംഗത്തും ശക്തിപ്പെട്ടുവരുന്നത്. പൊതുസ്ഥാപനങ്ങളിൽ കൂട്ടമായ കലാപരിശീലനമെന്ന രീതിനമുക്ക് വീണ്ടെടുക്കണം.

പുതിയ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഠനങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഠനങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും സജീവമായി ഇടപെടാൻ മിക്ക സ്ഥാപനങ്ങളും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വൃത്യസ്ഥമായ, പുതുമയാർന്ന ചില പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചാൽ നമ്മുടെ വായനശാലകളും ക്ലബ്ബുകളും സമിതികളും വീണ്ടും ചൈതന്യം നേടുമെന്നുതീർച്ചയാണ്.

ഗ്രാമ സഭയിൽ സാംസ്ക്കാരിക രംഗത്തെ സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങളും അവയ്ക്ക് നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

-ചിറക്കുറ്റി സാംസ്ക്കാരിക നിലയത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല.

- 4, 5, 10 വാർഡുകളിൽ സ്ഥാപനരീതിയിൽ പ്രവർത്തിക്കുന്ന വായനശാലകളില്ല.

-പഞ്ചായത്തിൽ രണ്ട് റഫറൻസ് ലൈബ്രറികളുണ്ടെങ്കിലും അവ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

- ചില വായനശാലകളിൽ ആവശ്യത്തിന് ഫർണീച്ചറോ സ്ഥലസൗകര്യമോ ഇല്ല.

- സാമ്പത്തിക പരിമിതി കാരണം പുതിയ പുസ്തകങ്ങൾ വാങ്ങാൻ കഴിയുന്നില്ല. ഉള്ളവ നന്നായി ബൈൻറ് ചെയ്ത് സൂക്ഷിക്കാൻ

കഴിയുന്നില്ല.

- ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനസമയം വനിതകൾക്ക് സൗകര്യപ്രദമല്ല. സാംസ്ക്കാരിക രംഗത്ത് വനിതാപ്രാതിനിധ്യം പൊതുവിൽ കുറവാണ്.
- ടെലിവിഷൻ ഉള്ള സ്ഥലത്ത് അതിന്റെ ഉപയോഗം ക്രമീകരിക്കാൻ സംവിധാനമില്ല.
- സാമ്പത്തിക പരാധീനത കാരണം ചില കാവുകളിൽ കളിയാട്ടം സ്ഥിരമായി നടക്കുന്നില്ല. നാടൻകലകളെ വളർത്തിയെടുക്കാൻ ജീവിതകാലം മുഴുവൻ പ്രവർത്തിച്ച പാരമ്പര്യ കലാകാരന്മാർ ഇന്ന് കഷ്ടതയിലാണ്.
- അനുഷ്ഠാനകലകളെ സംരക്ഷിക്കാൻ സംവിധാനമില്ല.
- സംഗീതനൃത്ത വാദ്യകലകൾ പരിശീലിക്കാൻ സൗകര്യം കുറവാണ്.
- ഇരിണാവിലെ മിനിസ്റ്റേഡിയം പഞ്ചായത്തിലെ 5 മുതൽ 11 വരെയുള്ള വാർഡുകാർക്ക് പ്രയോജനപ്പെടുന്നില്ല. ഗതാഗതസൗകര്യക്കുറവാണ് പ്രധാനകാരണം.
- കളിസ്ഥലം പണിയുന്നതിനായി ചെക്കിക്കുണ്ട് കോളനിക്കുസമീപം വാങ്ങിയ സ്ഥലത്ത് മിനിസ്റ്റേഡിയം നിർമ്മിക്കാൻ ശ്രമം തുടങ്ങിയെങ്കിലും പണി പൂർത്തിയായിട്ടില്ല.

പരിഹാര നിർദ്ദേശങ്ങൾ

= 1047 പുസ്തകങ്ങളും മറ്റ് ഭൗതികസൗകര്യങ്ങളുമുള്ള ചിറക്കുറ്റിയിലെ സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഈ സ്ഥാപനത്തിന്റെ പ്രയോജനം വനിതകൾക്കുകൂടി ലഭിക്കും വിധം ക്രമീകരണം നടത്തണം.

= നിർജീവമായ സ്ഥാപനങ്ങൾ പുതിയമെമ്പർമാരെ ധാരാളമായി ചേർത്തും പഴയ പ്രവർത്തകരുടെ അനുഭവശേഷി പ്രയോജനപ്പെടുത്തിയും കൂടുതൽ സജീവമാക്കണം.

= 4,5,10 വാർഡുകളിൽ പൊതുജന സഹകരണത്തോടെ വായനശാലകൾ സ്ഥാപിക്കണം. ദിനപത്രങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് ഇവയ്ക്ക് സഹായം നൽകണം.

- പത്താം വാർഡിലെ കൃഷ്ണപ്പിള്ള സ്മാരക ഗ്രന്ഥാലയത്തിലെ റഫറൻസ് വിഭാഗം വിപുലപ്പെടുത്തണം. ഗ്രന്ഥാലയങ്ങൾ തമ്മിൽ പുസ്തകം കൈമാറാൻ കോർഡിനേഷൻ കമ്മിറ്റി വഴി ശ്രമമാരംഭിക്കണം.

= ഗ്രന്ഥാലയ പ്രവർത്തകർക്ക് ബുക്ക് ബൈൻഡിങ്ങിൽ പ്രായോഗിക പരിശീലനം നൽകണം. പുതിയ പുസ്തകം വാങ്ങാൻ പഞ്ചായത്തും പൊതുജനങ്ങളും യോജിച്ച് പ്രവർത്തിക്കണം. ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കണം.

= വനിതകൾക്ക് ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കണം. സാംസ്ക്കാരിക നിലയം കേന്ദ്രമാക്കി വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

= പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ പണിയണം.

= അനുഷ്ഠാനകലകളെ പ്രോത്സാഹിപ്പിക്കണം. പാരമ്പര്യ കലാകാരന്മാർക്ക് സാമ്പത്തിക സഹായവും അംഗീകാരവും നൽകണം.

= പൂരക്കളി, കോൽക്കളി, ദഫ് തുടങ്ങിയവ വളർത്തിയെടുക്കാൻ പരിശ്രമിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കണം.

= ഓരോ സാംസ്ക്കാരിക സ്ഥാപനവും ഏതെങ്കിലുമൊരു കലാ-കായിക ഇനത്തിൽ പുതിയ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്ന, പരിശീലനം നൽകുന്ന പ്രവർത്തനമേറ്റെടുക്കണം.

= സംഗീത-നൃത്ത-വാദ്യകലകളിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്തലത്തിൽ ഒരു സെന്റർ തുടങ്ങണം.

= സഞ്ചരിക്കുന്ന ലൈബ്രറി പ്രസ്ഥാനം വീണ്ടുമാരംഭിക്കണം. ഇതൊരു സ്വയംതൊഴിൽ പ്രസ്ഥാനമാക്കാമോ എന്നു പരിശോധിക്കണം.

= പഞ്ചായത്ത് യുവജനമേളയുടെ മുന്നോടിയായി വാർഡ്തല മത്സരങ്ങൾ സംഘടിപ്പിക്കാം

= സ്ക്കൂളുകളും സാംസ്ക്കാരിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കണം.

= പഞ്ചായത്തിൽ ഒരു ജിംനേഷ്യം ആരംഭിക്കണം

= പഞ്ചായത്ത് ആഫീസിനോടനുബന്ധിച്ച് ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കണം. ഇതിന് ഇരിണാവിൽ ഉപകേന്ദ്രമാവാം. മുഖ്യകേന്ദ്രത്തിൽ പുറംസഹായത്തോടെ കമ്പ്യൂട്ടർ സഹായമേർപ്പെടുത്താമോ എന്നു പരിശോധിക്കണം. സ്ഥിതി വിവരക്കണക്കുകളുടെ കൃത്യതയും കാലാനുക്രമണികയും ഉറപ്പുവരുത്തണം.

ക്രമ നം:	വാർഡ് നം:	പേര്	അംഗങ്ങൾ			പ്രവർത്ത മേഖല	പ്രവർത്ത നങ്ങൾ	റജിസ്റ്റർ ഉണ്ട്/ഇല്ല
			സ്ത്രീ	പു.	ആകെ			
21	5	യുവധാര ആർട്സ് സ്പോർട്സ് ക്ലബ്, പയ്യട്ടം	-	40	40	കല, കായികം	കുടികളുടെ പരിപാടി	-
22	5	വികടറി സ്പോർട്സ് ക്ലബ് ഇരിണാവ്	-	22	22	കായികം	വോളിബോൾ കോച്ചിങ്ങ്	-
3	1	ജയ്ഹിന്ദ് ആർട്സ് സ്പോർട് സ് ക്ലബ്- ഇരിണാവ്						
4	1	നവോദയ ആർട്സ് സ്പോർട്സ് ക്ലബ് പുത്തരിപ്പുറം				കല, കായികം	നാടകം	
5	1	ജൂബിലി ആർട്സ് സ്പോർട്സ് ക്ലബ് ഇല്ലിപ്പുറം	-	30	30	കല , കായിക ം	കേരംസ് ടൂർ ണ്ണമെൻറ്	
6	1	ബ്രദേർസ് ആർട്സ് സ്പോർട്സ് ക്ലബ്, പയ്യട്ടം	3	48	51	കല കായികം	ഫുഡ്ബോൾ ടൂർണ്ണമെൻറ	
7	1	യുവജന കലാവേദി , പയ്യട്ടം	-	52	52	കല	നാടകപരി ശീലനം , സംഗീത ക്ലാസ്	
8	2	വിവിധ സ്റ്റാർ ആർട്സ് സ്പോർട്സ് ക്ലബ് ഇരിണാവ്	-	32	32	കല, കായിക	ഗാനമേള	
9	2	പ്രോഗ്രസീവ് ആർട്സ് സ്പോർട്സ് ക്ലബ്						
10	2	യുവശക്തി ആർട്സ് സ്പോർട്സ് ക്ലബ്	-	30	30	കല കായികം		
11	2	നവഭാരത കലാനിലയം ഇരിണാവ്	10	70	80	കല	തെരുവ് നാടകങ്ങൾ	ഉണ്ട്
12	2	നളന്ദ സ്പോർട്സ് ക്ലബ്				കായികം	സീനിയർ ഫുടബോൾ ടൂർണമെൻറ	ഉണ്ട്
13	2	നവകേരളം കലാകായിക വേദി ഇരിണാവ്	-	60	60	കല കായികം	ജൂനിയർ ഫുടബോൾ ടൂർണ്ണമെൻറ സംഗീത ഉപ കരണ ക്ലാസ്	ഉണ്ട്
14	3	ക്ലസൻറ് ആർട്സ് സ്പോർട്സ് ക്ലബ് ഇരിണാവ്	-	18	18	കല കായികം		
15	3	ഹെർക്കുലീസ് കലാ കായിക വേദി ഇരിണാവ്	-	48		കായികം	കമ്പവലി	
16	3	നൂകേർള ആർട്സ് സ്പോർട്സ് ക്ലബ് കെ. കണ്ണപുരം	-	40	40	കായികം	കമ്പവലി കബടി	
17	4	റെഡ് സ്റ്റാർ ആർട്സ് സ്പോർട്സ് ക്ലബ്, കെ. കണ്ണപുരം	-	-	-	കല		
18	4	ജോളി ബ്രദേർസ് കല്ല്യാശ്ശേരി സെൻട്രൽ						
19	4	സെവൻസ്റ്റാർ സ്പോർട്സ് ക്ലബ്						
20	5	ഫ്രൻറ്സ് ആർട്സ് സ്പോർട് ക്ലബ് കോലത്ത് വയൽ	-	38	38	കല, കായികം	അത്ലറ്റ്	


ക്രമ നം:	വാർഡ് നം:	പേര്	അംഗങ്ങൾ			പ്രവർത്തന മേഖല	പ്രവർത്തനങ്ങൾ	രജിസ്റ്റർ ഉണ്ട്/ഇല്ല
			സ്ത്രീ	പു.	ആകെ			
21	5	പവർഹോയ്സ് കൊട്ടപ്പാലം	-	48	48	കല, കായികം	അതല്ലറ്റിക്	-
22	5	കൈരളി ആർട്സ് സ്പോർട്സ് ക്ലബ് സമ്മാംചിറ	-	23	23	കല, കായികം	അതല്ലറ്റിക്	-
23	6	ജയകേരള ആർട്സ് സ്പോർട് സ് ക്ലബ് കോലത്തുവയൽ	-	28	28	കല കായികം	ചെസ് ടൂർണ്ണമെൻറ്	
24	6	സോക്കർ സ്പോട്ടിങ്ങ് പാറക്കടവ്	-	40	40	കായികം	ഫുട്ബോൾ ടൂർണ്ണമെൻറ്	
25	6	കെ.എസ്സ്.ആർ.സി. കോലത്തുവയൽ	-	30	30	കല	കേരംസ്, സംഗീത ഉപകരണ ക്ലാസ്സ്	
26	6	യുവപ്രതിഭ ആർട്സ് സ്പോർട്സ് ക്ലബ്, കോലത്തുവയൽ						
27	7	യുവചേതന ആർട്സ് സ്പോർട്സ് ക്ലബ്, കല്ല്യാശേരി	-	38	38	കല കായികം	അതല്ലറ്റിക്	ഉണ്ട്
28	7	വിവൺ ആർട്സ് സ്പോർട്സ് ക്ലബ്, ചെക്കിക്കുണ്ട്						
29	8	പാറക്കടവ് ബ്രദേർസ് ആർട്സ് സ്പോർട്സ ക്ലബ്,	-	52	52	കല കായികം	വോളിബോൾ ടൂർണ്ണമെൻറ്	ഉണ്ട്
30	8	യുവജന കലാവേദി മാമ്പുമംഗലം	-	31	31	കല	സംഘകലാ മേള	
31	8	യുവധാര കലാവേദി അഞ്ചാംപീടിക	-	61	61	കല	വിൽകലാമേള	
32	8	യുവശക്തി മാങ്ങാട്	-	42	42	കായികം		
33	9	ദൃശ്യ കലാവേദി, ബിക്കിരിയൻ പറമ്പ്				കല		
34	9	ബ്രദേർസ് സ്പോർട്സ് ക്ലബ്, കല്ല്യാശേരി	15	50	65	കല കായികം		
35	9	സജിവ്കുമാർ സ്മാരക സ്പോർട് സ് ആർട്സ് ക്ലബ്, കല്ല്യാശേരി		112	112	കല കായികം	ഫുട്ബോൾ ടൂർണ്ണമെൻറ്	ഉണ്ട്
36	10	ഭാരത ആർട്സ് സ്പോർട്സ് ക്ലബ്, കല്ല്യാശേരി						
37	10	ജയഭാരത കലാക്ഷേത്രം				കല	സംഗീതനാടകം	
38	11	ടൂസ്റ്റാർ സ്പോർട്സ് ക്ലബ് വടക്കേ മാങ്ങാട്						
39	11	കൃഷ്ണപ്പിള്ള സ്മാരക കലാ സമിതി, മാങ്ങാട്				കല		
40	11	മാങ്ങാട് ബ്രദേർസ് മാങ്ങാട്						
41	11	കെൽട്രോൺ ക്ലബ്			534	കല, കായികം	ഫുട്ബോൾ ടീം	
42	11	സംഘരാഗം കെൽട്രോൺ നഗർ				കല		
43	11	സംഘചേതന				കല	നാടകം,	

ക്രമ നം:	വാർഡ് നം:	ഗ്രന്ഥാലയത്തിന്റെ പേര്	മെമ്പർമാർ			പത്രമാസികകൾ		കെട്ടിടം	ഉടമസ്ഥത	പുസ്തകങ്ങൾ
				സ്ത്രീ	പു.	പത്രം	മാസിക വാരിക			
1	5	ഇരിണാവ് പൊതുജന വായനശാല, ഇരിണാവ്. പി. ഒ	117	12	105	4	19	സ്വന്തം	ജനകീയ കമ്മിറ്റി	2845
2	1	പ്രതിഭ വായനശാല-ഇല്ലിപ്പുറം, ഇരിണാവ്	20	10	10	2	3	വാടക	"	-
3	1	കെ. വി സ്മാരക വായനശാല പയ്യട്ടം	58	-	58	3	9	സ്വന്തം	"	321
4	2	ഇരിണാവ് ഡാർ യുവജന വായനശാല	-		-	2	3	വാടക	"	-
5	2	നവകേരള കലാകായിക വേദി വായനശാല, ഇരിണാവ	60	-	60	3	10	സ്വന്തം	"	-
6	2	നേതാജി വായനശാല ഇരിണാവ് ഡാം	86	1	85	4	3	സ്വന്തം	"	652
7	2	സി. ആർ.സി. വായനശാല ഗ്രന്ഥാലയം-ഇരിണാവ് വടക്ക്	55		55	2	8	സ്വന്തം	"	350
8	3	പഞ്ചായത്ത് വായനശാല കണ്ണപുരം	232	12	220	3	14	സ്വന്തം	പഞ്ചായത്ത്	1233
9	3	സി.എച്ച്.സ്മാരക വായനശാല കെ. കണ്ണപുരം	40	10	30	2	5	വാടക	ജനകീയകമ്മിറ്റി	560
10	6	പാട്യം ഗോപാലൻ സ്മാരക വായനശാല, കോലത്തുവയൽ		-	-	3	10	സ്വന്തം	"	-
11	6	കല്ല്യാശേരി പഞ്ചായത്ത് സാംസ്ക്കാരിക നിലയം വായനശാല ഗ്രന്ഥാലയം ചിറക്കുറ്റി	161	31	130	2	1	സ്വന്തം	പഞ്ചായത്ത്	1047
12	7	ദേശീയ വായനശാല-കോലത്തുവയൽ		75	-	5	12	സ്വന്തം	ജനകീയ കമ്മിറ്റി	1758
13	7	കല്ല്യാശേരി സെൻട്രൽ റീഡിംഗം റൂം ലൈബ്രറി കല്ല്യാശേരി	529	107	422	5	24	"	"	3417
14	8	പാറക്കടവ് പൊതുജന വായനശാല ഗ്രന്ഥാലയം-പാറക്കടവ്	199	12	187	3	10	"	"	599
15	8	ഒതേനൻ ഗുരുക്കൾ സ്മാരക വായനശാല, ഒഴക്രോം	15	-	15	2	-	"	"	-
16	8	വി. ഗോപാലൻ സ്മാരക വായനശാല ഗ്രന്ഥാലയം മാരൃമംഗലം	64	2	62	2	5	"	"	1431
17	9	കെ. വി.സ്മാരക മന്ദിരം വായനശാല കല്ല്യാശേരി								
18	9	സി.ആർ.സി. ഗ്രന്ഥാലയം കല്ല്യാശേരി	120	92	28	3	10	"	"	3932
19	9	കെ: ബാലകൃഷ്ണൻ സ്മാരക വായനശാല, ബിക്കിരിയൻ പറമ്പ്, കല്ല്യാശേരി	-		-	2	4	"	"	-
20	11	കൃഷ്ണപ്പിള്ള സ്മാരക വായനശാല ഗ്രന്ഥാലയം മാങ്ങാട്ട്	148	6	142	6	18	"	"	2547
21	11	ദേശസ്നേഹി വായനശാല മാങ്ങാട്ട്	102	6	96	3	9	"	"	1623

നമ്പർ	വാർഡ് നമ്പർ	പേര്	പ്രതിഷ്ട	ഉത്സവം
1	8	ഒഴക്രോത്ത് പറമ്പ് തൃക്കോൾ ക്ഷേത്രം	ശിവൻ , കൃഷ്ണൻ	മകരം ,14,15,16,17
2	9	കണ്ടന്തള്ളി ശ്രീകൃഷ്ണ ക്ഷേത്രം	ശ്രീകൃഷ്ണൻ ഗണപതി ശിവൻ	
3	11	തിരുവമ്പാടി ശ്രീകൃഷ്ണ ക്ഷേത്രം	ശ്രീ കൃഷ്ണൻ	

വാർഡ് നമ്പർ	പേര്	തെയ്യങ്ങൾ	ഉത്സവം
1	ഇല്ലിപ്പുറം പുതിയ ഭഗവതി ക്ഷേത്രം, ഇരിണാവ്	പുതിയ ഭഗവതി, വിഷ്ണു മൂർത്തി ഇളിക്കൻ , തോട്ടങ്ങൾ ഭഗവതി, ഭദ്രകാളി	മീനമാസം
1	വേട്ടക്കൊരുമകൻ ക്ഷേത്രം ഇരിണാവ്	വേട്ടക്കൊരുമകൻ ഊർപ്പഴശ്ശി	തുലാവം14,15 മേടം 15
1	ഇരിണാവ് തെക്കേകളരി ഇരിണാവ്	വിഷ്ണുമൂർത്തി, ഭൈരവൻ, കുടിഞ്ഞാത്തൻ ഉച്ചിട്ട, കരിവാൾ, ഭൂതം, ഗുളികൻ പുതിയ ഭഗവതി, വീരൻ, വീരകാളി	മാർച്ച്/ ഏപ്രിൽ നിശ്ചിത രീയതി ഇല്ല. അതാതു വർഷം നിശ്ചയിക്കുന്നു
2	ഇരിണാവ് ശ്രീ കുർബ ഭഗവതി ക്ഷേത്രം	വിഷ്ണുമൂർത്തി, ഗുളികൻ, കുണ്ടോടി ചാമുണ്ഡി, കുറത്തി, പുതിയ ഭഗവതി ബീരാളി, വീരൻ	കുംഭമാസം തിയ്യതി അതാതു വർഷം നിശ്ചയിക്കുന്നു
2	ഊരാടത്ത് പുതിയ ഭഗവതി ക്ഷേത്രം ഇരിണാവ്	പുതിയ ഭഗവതി	തുലാമാസം
2	ചുഴലി ഭഗവതി ക്ഷേത്രം ഇരിണാവ്	പൂരോത്സവം	മീനമാസം
2	ഇരിണാവ് വടക്കേകളരി	ചാമുണ്ഡേശ്വരി, വലിയതമ്പുരാട്ടി	മീനമാസം
3	ആലാംചെമ്മര മെത്ത പുതിയ ഭഗവതിക്ഷേത്രം കെ. കണ്ണപുരം	പുതിയഭഗവതി, ഇളംകോലം വലിയതമ്പുരാട്ടി, ഗുളികൻ വിഷ്ണുമൂർത്തി, വീരൻ	മകരം 27, 28
4	ഒടിപ്പുറം ശ്രീ ഭഗവതിക്ഷേത്രം	പൊട്ടൻ, ഗുളികൻ, വിഷ്ണുമൂർത്തി	വൃശ്ചികമാസം
5	കരിക്കാട്ട മാപ്പുര മുത്തപ്പൻ ക്ഷേത്രം	മുത്തപ്പൻ, തിരുവപ്പന	കുംഭം 18
6	ചിറക്കുറ്റി പുതിയകാവ്	പഞ്ചുരുളി, ആയിരംപൂകത്തി, രക്ത ചാമുണ്ഡി, വിഷ്ണുമൂർത്തി തായപ്പരദേവത, ബപ്പൂരാൻ, പഴശ്ശി ഭഗവതി, ബീരാളി, തോട്ടുങ്കര ഭഗവതി	ധനു 26 മുതൽ 29 വരെ

വാർഡ് നമ്പർ	പേര്	തെയ്യങ്ങൾ	ഉത്സവം
7	ഐക്കാൽ ചാമുണ്ഡി ക്ഷേത്രം ചെക്കിക്കുണ്ട്	ചാമുണ്ഡി, ഗുളികൻ, പൊട്ടൻ കുറത്തി	കുംഭമാസം
7	പാളയത്ത് വളപ്പ് മുത്തപ്പൻ ക്ഷേത്രം	മുത്തപ്പൻ തിരുവപ്പന	
8	വട്ടാക്കിൽ മുച്ചിലോട്ട് കാവ് അഞ്ചാംപീടിക	മുച്ചിലോട്ട് ഭഗവതി, കണ്ണങ്ങാട്ട് ഭഗവതി, പുള്ളൂരാളി, നരമ്പിൽ ഭഗവതി, വിഷ്ണുമൂർത്തി പുള്ളൂർകണ്ണൻ, ധർമ്മദൈവം	മകരം 24 മുതൽ 27 വരെ
8	കേളോത്ത് പറമ്പിൽ ചെല്ലട്ടൻ വീട്ടുകാരുടെ പോക്കല്ലി ക്ഷേത്രം	തായ്പ്പരദേവത (പോക്കല്ലി) ഊർപ്പഴശ്ശി, വേട്ടക്കൊരുമകൻ	
8	മണിയങ്ങാട്ടില്ലത്ത് ഭഗവതി ക്ഷേത്രം അയ്യപ്പൻകാവ് ബന്ധൽ	ഒന്ന് കുറവ് 40 എന്നറിയപ്പെടുന്ന തെയ്യങ്ങൾ.	കെട്ടിയാടാറില്ല.
8	പുതിയപറമ്പത്ത് ധർമ്മദേവ സ്ഥാനം, അഞ്ചാംപീടിക	ഘണ്ടാകർണ്ണൻ, ബാലി, വിഷ്ണുമൂർത്തി ധൂളിയാക്കൽ ഭഗവതി, ധർമ്മദൈവം ഗുളികൻ, തായ്പ്പരദേവത	മകരം 17, 18
9	പരക്കോത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം, കല്ല്യാശ്ശേരി	വേട്ടക്കൊരുമകൻ	തുലാവം 11,12,13
10	മണക്കുളങ്ങര ഭഗവതി ക്ഷേത്രം കല്ല്യാശ്ശേരി	തിരുമുടി, വലിയതമ്പുരാട്ടി, ഊർപ്പഴശ്ശി വേട്ടക്കൊരുമകൻ അന്നസർപ്പം	മേടം 12 മുതൽ 15 വരെ കളിയാട്ടവും പാട്ടും മാത്രം നടക്കുന്നു
10	പൊട്ടൻ ദൈവം ക്ഷേത്രം കല്ല്യാശ്ശേരി	പൊട്ടൻ, ഗുളികൻ	എല്ലാവർഷവും കെട്ടിയാടിക്കാറില്ല.
11	എരിഞ്ഞിക്കീൽ ഭഗവതി ക്ഷേത്രം മാങ്ങാട്	കോട്ടത്തമ്മ, ചുഴലി ഭഗവതി, മടിയൻ ക്ഷേത്രമാലൻ, കുതിരക്കാളി അറയിൽ ഭഗവതി	രണ്ടുവർഷം കൂടുമ്പോൾ മേടത്തിൽ
11	ചാമുണ്ഡികോട്ടം, മാങ്ങാട്	ചാമുണ്ഡി, ഭഗവതി, വിഷ്ണുമൂർത്തി പടവീരൻ	2 വർഷത്തിലൊരിക്കൽ
11	മാങ്ങാട് മന്നമഖാം	ആണ്ടുനേർച്ച	ജനുവരി മാസത്തിൽ 3 ദിവസം



ആമുഖം

1991 -ലെ കാനേഷ്മാരി കണക്കുകൾ പ്രകാരം കല്ല്യാശേരി പഞ്ചായത്തിൽ 12016 പുരുഷന്മാരും 12989 സ്ത്രീകളുമാണ് അധിവസിക്കുന്നത്. ജനസംഖ്യയിൽ 51. 9 ശതമാനം സ്ത്രീകളാണ്. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1081 സ്ത്രീകൾ എന്നതാണ് സ്ഥിതി. സ്ത്രീപുരുഷാനുപാതത്തിന്റെ കാര്യത്തിൽ സംസ്ഥാന ശരാശരി 1036 ഉം ജില്ലാ ശരാശരി 1049 ഉം ആണെന്നിരിക്കേ കല്ല്യാശേരിയിൽ ജനസംഖ്യയിൽ വനിതകൾക്ക് കൂടുതൽ മുൻതൂക്കം ഉള്ളതായി കാണുന്നു. എന്നാൽ പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കാണാം.

വിവിധ പ്രായത്തിലുള്ള സ്ത്രീ പുരുഷന്മാരുടെ എണ്ണം ശതമാന കണക്കിൽ പട്ടിക 12-1 ൽ കൊടുത്തിരിക്കുന്നത് നോക്കുക.35 - വയസ്സിന് മേൽ പ്രായമുള്ളവരിൽ സ്ത്രീകളാണ് കൂടുതൽ എന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന 4066 വിദ്യാർത്ഥികളിൽ, 1957 പേർ പെൺകുട്ടികളാണ്. മൊത്തം വിദ്യാർത്ഥികളുടെ 48 ശതമാനം മാത്രമാണ് പെൺകുട്ടികൾ. സാക്ഷരതയുടെ കാര്യത്തിലും സ്ത്രീ പുരുഷ വ്യത്യാസം തുല്യമാണെന്ന് കാണാം. പുരുഷന്മാരിൽ 97. 25 ശതമാനം സാക്ഷരരാണെങ്കിൽ വനിതകളുടെ സാക്ഷരത 89. 14 ശതമാനവുമാണ്.

സ്ത്രീ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തമാണ് പരിശോധനയർഹിക്കുന്ന മറ്റൊരു സംഗതി. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 41. 46 ആണെങ്കിൽ, സ്ത്രീകളുടേത് 14. 41 മാത്രമാണ്. ജില്ലാതലത്തിലുള്ള തൊഴിൽ പങ്കാളിത്ത നിരക്കായ 13. 83 നേക്കാൾ അല്പം കൂടുതലാണിത്. വിവിധ മേഖലകളിൽ സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്തത്തിലുള്ള വ്യത്യാസം പട്ടിക12-2 വിശദമാക്കുന്നു.

കർഷകതൊഴിലാളികൾ, അദ്ധ്യാപകർ,

ഖാദി നെയ്ത്ത്, കൈത്തറി വസ്ത്രനിർമ്മാണം എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻകൈ ഉള്ളത്. കൈത്തറി മേഖലയിൽ നൂൽനൂൽപ്പ് സ്ത്രീകൾ മാത്രം ചെയ്യുന്ന തൊഴിലത്രെ. സമീപ കാലത്തായി നെയ്ത്തുകാരിലും സ്ത്രീകളുടെ എണ്ണം കൂടിവരുന്നതായി കാണുന്നു.

1996 ജനുവരിയിലെ കണക്കനുസരിച്ച് 4419 കുടുംബങ്ങളിൽ 726 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. പഞ്ചായത്ത് തലത്തിലോ, വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളിൽ കേവലം 6 വനിതകൾ മാത്രമേയുള്ളൂവെന്ന് കണക്കുകൾ കാണിക്കുന്നു. വനിതകളുടേത് മാത്രമായിട്ടുള്ള 5 തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 3 DWCRA യൂണിറ്റുകളും 2 വനിതാ സഹകരണ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ രഹിതരായ യുവജനങ്ങളിൽ ബഹുഭൂരിഭാഗവും വനിതകളാണ്. കുടുംബ ക്ഷേമ പ്രവർത്തനങ്ങളിൽ മറ്റു പ്രദേശത്തെന്ന പോലെ കല്ല്യാശേരി യിലും പൊതുവെ സ്ത്രീ കേന്ദ്രീകൃതമാണെന്നു കാണാം. രണ്ടിലേറെ കുട്ടികളുള്ള കുടുംബങ്ങളിൽ 85 ശതമാനം മാതാക്കളും വിവിധ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നു. അതെ സമയം പുരുഷൻമാരിൽ വളരെ ചുരുക്കം പേർ മാത്രമേ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളൂ. ഗണ്യമായ തോതിൽ സ്ത്രീ തൊഴിലാളികളുള്ള 6 സ്ഥാപനങ്ങളിൽ, (കൈത്തറി മേഖലയിലുള്ള 5 സ്ഥാപനങ്ങൾ, കെൽട്രോൺ) കെൽട്രോൺ ഫാക്ടറിയോടനുബന്ധിച്ചു മാത്രമാണ് ക്രഷെ സംവിധാനം നിലവിലുള്ളത്.

സ്ത്രീ പുരുഷ തൊഴിലാളികളുടെ കൂലിയിലുള്ള അന്തരം മിക്ക മേഖലകളിൽ വളരെ പ്രകടമാണ്. (പട്ടിക നമ്പർ 12- 3 കാണുക)

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്
2. മിക്കതൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ
3. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കുറവ്
4. വനിതകൾക്ക് പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഇല്ല.
5. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമം കുറവാണ്.
6. DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം.
7. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

പരിഹാര സാധ്യതകൾ

= പൊതുരംഗത്തും സാമൂഹ്യസംഘടനകളിലും വനിതകളുടെ പങ്കാളിത്തവും, നേതൃത്വവും ഉയർന്നു വരാൻ ബോധവൽക്കരണം അനിവാര്യമാണ്. യുവജനപ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വായനശാലകൾ, സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ എന്നിവയുടെ സഹായത്തോടെ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തണം.

= വാർഡ് തലങ്ങളിൽ വിവിധ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രീകൾക്ക് പ്രത്യേകമായി തൊഴിലവസരങ്ങൾ ഉണ്ടാക്കണം. കൂടാതെ കുടുംബിനികൾക്ക് ഒരു വരുമാന മാർഗ്ഗം ഉണ്ടാക്കുന്ന വിധത്തിൽ പരിപാടികളും, അവയ്ക്ക് വേണ്ടുന്ന സാങ്കേതികവും, സാമ്പത്തികവുമായ സഹായങ്ങളും പഞ്ചായത്ത് നൽകണം.

= പെൺകുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന് ബോധവൽക്കരണവും പ്രോത്സാഹനവും നൽകണം. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകാൻ കഴിയുന്ന ഒരു സാങ്കേതിക പരിശീലന സ്ഥാപനം കല്ല്യാശ്ശേരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിൽ സ്ഥാപിക്കണം.

=വനിതകൾക്ക് ജനസംഖ്യാനുപാതികമായ

പട്ടിക 12-1

പ്രായം	പുരുഷന്മാർ ശതമാനം	സ്ത്രീകൾ ശതമാനം
0-5	8.95	8.22
6-15	20.34	19.74
16-35	40.13	39.42
36-70	28.53	30.04
71-മേൽ	2.05	2.58

(അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വേ, 1992 കേ. വി. സ)

പ്രാതിനിധ്യം പഞ്ചായത്തിലെ എല്ലാ മേഖലകളിലും നൽകേണ്ടത് അത്യാവശ്യമാണ്.

= കൂടുതൽ DWCRA യൂണിറ്റുകളും അവ പ്രവർത്തിപ്പിക്കാനും, അതിന്റെ മറ്റു പ്രവർത്തനങ്ങൾ നടത്താനും സ്ത്രീകൾക്ക് നേതൃത്വ പരിശീലനങ്ങൾ നടത്തേണ്ടത അത്യാവശ്യമാണ്.

= നിലവിലുള്ള മഹിളാമസമാജങ്ങളിൽ ഏതാനും ചിലവയൊഴിച്ചാൽ ബാക്കിയുള്ള വയൊന്നും തന്നെ പ്രവർത്തനക്ഷമമല്ല. വാർഡുകൾ കേന്ദ്രീകരിച്ച് മഹിളാസമാജങ്ങൾ പുന:സംഘടിപ്പിക്കുകയും, വനിതാക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ അവയ്ക്ക് നിയമ പരമായ അധികാരവും, സാമ്പത്തിക സഹായവും നൽകുകയും വേണം വേണം. മഹിളാസമാജങ്ങളുടെ മേൽനോട്ടത്തിന് പഞ്ചായത്ത് തല വനിതാ സബ്കമ്മിറ്റി രൂപീകരിക്കണം.

=പഞ്ചായത്തിലെ അഗതികളായ സ്ത്രീകളെ സംരക്ഷിക്കാൻ പഞ്ചായത്തല പദ്ധതികൾ ആസൂത്രണം ചെയ്യണം.


പട്ടിക 12-3

ക്രമ നമ്പർ	തൊഴിൽ രംഗം	കൂലി നിരക്ക്	
		പുരുഷൻ	സ്ത്രീ
1	കാർഷിക തൊഴിലാളി	100	40
2.	നിൻമ്മാണ തൊഴിലാളി	120	60
3.	മണ്ണ്, മണൽ കയറ്റിറക്ക് തൊഴിൽ	100	120

പട്ടിക 12-2 തൊഴിൽ പങ്കാളിത്തം

ക്രമ നമ്പർ	തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
1	കർഷകർ	157	60
2	കൂർഷകത്തൊഴിലാളി	404	585
3	മൃഗസംരക്ഷണം, മത്സ്യബന്ധനം	145	7
4	ഖനനം	67	11
5	കുടിൽ വ്യവസായം	15	13
6	മറ്റു വ്യവസായങ്ങൾ	1513	389
7	കെട്ടിട നിർമ്മാണം	516	49
8	വ്യാപാരം	871	48
9	ഗതാഗതം, വാർത്താവിനിമയം	358	38
10	മറ്റുള്ളവ	536	243
	ആകെ	4582	1443

(അവലംബം : സെൻസസ് 1991)



10. സഹകരണം

കേരള ജനതയുടെ ഉയർന്ന സംഘബോധത്തിന്റെയും സംഘപ്രവർത്തന ത്തിന്റെയും ഉദാത്ത മാതൃകകളാണ് നമ്മുടെ സഹകരണ സംഘങ്ങൾ. ജനങ്ങളുടെ ജീവിത ഗുണമേന്മ ഉയർത്തുന്നതിന് സംഘപ്രവർത്തന ത്തിലൂടെ മാത്രമേ സാധിക്കൂ എന്നും തെളിയിച്ചു കൊണ്ടിരിക്കുകയാണല്ലോ. സഹകരണ സംഘങ്ങളും ഈ ലക്ഷ്യം വെച്ചു, തന്നെയാണ് പ്രവർത്തിക്കുന്നത്. വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ സംഘടിപ്പിക്കാനും, സാമ്പത്തികമായും, സാമൂഹ്യമായും അവരെ സഹായിക്കാനും സഹകരണ പ്രസ്ഥാനങ്ങൾക്കു കഴിയേണ്ടതുണ്ട്.

സഹകരണ സംഘങ്ങൾ തങ്ങളുടെ സ്വന്തം സ്ഥാപനമാണ് എന്ന നിലയിൽ തന്നെയാണ്. ഗ്രാമസഭകളിൽ ചർച്ചകൾ ഉയർന്നുവന്നത്. പക്ഷേ സഹകരണ ബാങ്കുകളുടെ പ്രവർത്തന രീതിയെക്കുറിച്ചുള്ള അജ്ഞതകൊണ്ടാവാം, ബാങ്കുകൾ ഇന്നുനേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെ ക്കുറിച്ചുള്ള അഭിപ്രായങ്ങൾ ചർച്ചകളിൽ ഉയർന്നു വന്നില്ല. എങ്കിലും പുതിയ പ്രവർത്തനമേഖലകളിൽ കൂടി സഹകരണ പ്രസ്ഥാനം വളർന്നു വരേണ്ടതിന്റെ ആവശ്യകത എല്ലാവരും ചൂണ്ടിക്കാട്ടുകയുണ്ടായി.

സഹകരണ പ്രസ്ഥാനം .. ചരിത്രം....

1904 ലെ കേന്ദ്ര സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടെയാണ് ഇന്ത്യയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചു തുടങ്ങിയത്. 1932 ലെ സഹകരണ നിയമത്തിലൂടെ സഹകരണം സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി. 1950 കാലത്താണ് കല്ല്യാശേരിയിൽ ആദ്യത്തെ സഹകരണസംഘം രൂപീകൃതമാകുന്നത്. അഞ്ചാംപീടിക കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിയിരുന്ന വിവിധോദ്ദേശ ഐക്യനാണയസംഘ മായിരുന്നു ഇത്. സർവ്വശ്രീ ജി. എം. മാണിക്കോത്ത്, കെ.വി. നാരായണൻ നമ്പ്യാർ, കെ. ടി. ഗോപാലൻ നമ്പ്യാർ, കെ. ഒ. നാരായണൻ നമ്പ്യാർ, പി. എം. കുഞ്ഞിരാമൻ

നമ്പ്യാർ തുടങ്ങിയ ഉൽപതിഷ്ണുക്കളുടെ പരിശ്രമഫലമായാണ് മോറാഴ-കല്ല്യാശേരി വില്ലേജുകൾക്കു വേണ്ടി വായ്പാസംഘം എന്ന നിലയിലാണ് ഈ സംഘം പ്രവർത്തിച്ചിരുന്നത്. തുടർന്ന് ഇത് ലാർജ് സൈഡ് ആഗ്രോ കൺസ്യൂമേർസ് കോ-ഓപറേറ്റീവ് സൊസൈറ്റി എന്ന പേരിൽ കാർഷിക സഹകരണ സംഘമായിമാറി. 1995 ലാണ് ഈ സൊസൈറ്റി, ഇന്നത്തെ മോറാഴ-കല്ല്യാശേരി സർവ്വീസ് സഹകരണ ബേങ്കായി മാറ്റപ്പെട്ടത്

1955 ൽ ഉപഭോക്തൃ സഹകരണസംഘം എന്ന നിലയിൽ ആരംഭിച്ചതാണ് ഇന്നത്തെ പാപ്പിനിശേരി കോ-ഓപറേറ്റീവ് റൂറൽ ബാങ്ക് യുദ്ധാനന്തരകാലഘട്ടത്തിൽ ധാന്യശേഖരണം ലക്ഷ്യം വെച്ചുകൊണ്ട് പ്രൊഡ്യൂസേർസ് കൺസ്യൂമേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PCC) എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്.

സഹകരണ സംഘങ്ങൾ---ഇന്ന്---

കല്ല്യാശേരിയിൽ ഇന്ന് 18 സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. അവയുടെ പേരു വിവരം താഴെ കൊടുക്കുന്നു.

1. പാപ്പിനിശേരി കോ-ഓപ്പറെറ്റീവ് റൂറൽ ബാങ്ക്. -കല്ല്യാശേരി, കല്ല്യാശേരി കണ്ണപുരം ബ്രാഞ്ചുകൾ.
2. മോറാഴ-കല്ല്യാശേരി സർവ്വീസ് സഹകരണ ബാങ്ക് -അഞ്ചാംപീടിക, കെൽട്രോൺ നഗർ, മാങ്ങാട് (ഈവനിങ്ങ് ബ്രാഞ്ച)
3. ഇരിണാവ് സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് -മടക്കര-പയ്യട്ടം ബ്രാഞ്ചുകൾ.
4. പാപ്പിനിശേരി കോ-ഓപ്പറേറ്റീവ് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കല്ല്യാശേരി.
5. കെൽട്രോൺ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കെൽട്രോൺ നഗർ
6. കല്ല്യാശേരി വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - കെൽട്രോൺ നഗർ
7. ഇരിണാവ് വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - ഇരിണാവ്
8. കോലത്തുവയൽ വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - കോലത്തുവയൽ
9. മോറാഴ വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - ഒഴക്രോം യൂണിറ്റ്
10. കല്ല്യാശേരി പി. ആൻഡ് എസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - കല്ല്യാശേരി
11. കല്ല്യാശേരി വനിതാ ഗാർമെൻറ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - മാങ്ങാട്
12. കല്ല്യാശേരി കാർപെൻറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - മാങ്ങാട്
13. കല്ല്യാശേരി ജി. എച്ച്. എസ് സ്റ്റുഡൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - കല്ല്യാശേരി
14. കല്ല്യാശേരി കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - അഞ്ചാംപീടിക
15. മോറാഴ - കല്ല്യാശേരി വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - അഞ്ചാംപീടിക
16. ഇരിണാവ് ക്ഷീര വ്യവസായ സഹകരണ സംഘം - ഇരിണാവ്
17. പാപ്പിനിശേരി കയർവ്യവസായ സഹകരണ സംഘം - ഇരിണാവ് യൂണിറ്റ്
18. കേരള ദിനേശ് ബീഡി, അഴീക്കോട് പ്രൈമറി സൊസൈറ്റിയുടെ വർക്ക് സെൻറർ - മാങ്ങാട്.

സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധി

1 പാപ്പിനിശേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് പാപ്പിനിശേരി, കല്ല്യാശേരി, മോറാഴ, ആന്തൂർ വില്ലേജുകൾ

2.മോറാഴ-കല്ല്യാശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മോറാഴ, കല്ല്യാശേരി, ആന്തൂർ വില്ലേജുകൾ

3 ഇരിണാവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തെക്കുമ്പാട്, മടക്കര, ഇരിണാവ് ദേശങ്ങൾ

4 പാപ്പിനിശേരി റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി കല്ല്യാശേരി, പാപ്പിനിശേരി, കണ്ണപുരം, ചെറുകുന്ന്, ആന്തൂർ പഞ്ചായത്തുകൾ

സഹകരണ സംഘങ്ങൾ - പ്രശ്നങ്ങളും വെല്ലുവിളികളും

പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ഇന്നു നേരിടുന്ന പ്രശ്നങ്ങളും, വെല്ലുവിളികളും താഴെക്കൊടുക്കുന്നു.

1. സഹകരണ ബാങ്കുകൾ വെറും വായ്പാ ബാങ്കുകളായി മാറുന്നു. വികസന പ്രവർത്ത

നങ്ങളിൽ സഹകരണ ബാങ്കിന്റെ പങ്ക് വളരെ നാമമാത്രമാണ്.

2. വ്യവസായ മേഖലയിൽ വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല. ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ ലഭിക്കുവാൻ ഒട്ടനവധി സാങ്കേതിക പ്രയാസങ്ങൾ അനുഭവപ്പെടുന്നു. എന്നാൽ വൻകിട വ്യവസായികൾക്ക് നിഷ്പ്രയാസം വായ്പകൾ ലഭിക്കുന്നു.

3. കാർഷിക മേഖലയിൽ നാമമാത്രമായ വായ്പകൾ മാത്രമാണ് ബാങ്കുകൾ നൽകിയിട്ടുള്ളത്. ഓരോ ബാങ്കും നൽകിയ കാർഷിക വായ്പാ ശതമാനം പട്ടിക 13- 1ൽ കൊടുത്തിരിക്കുന്നു.

4. കാർഷിക വായ്പകൾ വാങ്ങുന്നവർ തന്നെ അത് മറ്റാവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തുന്നത്. വായ്പാ തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത പ്രകടമാണ്.

5. ഏറ്റവും കൂടുതൽ വായ്പകൾ നൽകുന്നത് ഹ്രസ്വകാല വായ്പകളാണ്. ഇതിൽ പ്രധാനം സ്വർണ്ണ പണയമാണ്. ഇത് മുഖ്യമായും ഗാർഹിക ആവശ്യത്തിനോ, കടം വീട്ടാനോ ആണ് വിനിയോഗിക്കപ്പെടുന്നത്. PCR ബാങ്കിന്റെ ആകെ വായ്പയുടെ 87.8% ഉം, മോറാഴ - കല്ല്യാശേരി ബാങ്കിൽ 22. 9% ഉം ആണ് ഹ്രസ്വകാല വായ്പകൾ

6 ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾ കൃത്യസമയത്ത് തിരിച്ചടുക്കപ്പെടുന്നില്ല. ഇത് ബാങ്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.പട്ടിക 13-2കാണുക

7. ബാങ്കുകളുടെ പ്രവർത്തനപരിധി ഉപഭോക്താക്കൾക്ക് പ്രയാസം സൃഷ്ടിക്കുന്നു.

8 സഹകരണ മേഖലയിലെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല.

9 ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ കൈത്തറി മേഖല സജീവമാണ്. പക്ഷേ വിദേശ മാർക്കറ്റിനെ അടിസ്ഥാനമാക്കിയാണ് ഇതിന്റെ ഇന്നത്തെ നിലനിൽപ്. തദ്ദേശീയ മാർക്കറ്റ് പരിമിതമാണ്. അതു കൊണ്ടു തന്നെ ദീർഘകാലാടിസ്ഥാനത്തിൽ സ്ഥായിയായ മുന്നേറ്റം അസാധ്യമായിത്തീരാനിടയുണ്ട്.

10. കൈത്തറിമേഖലയിൽ പുതിയ വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നില്ല. വരുന്നവരിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. നിലവി ലുള്ള തൊഴിലാളികൾ തന്നെ കൂലി കൂടുതലുള്ള കെട്ടിട നിർമ്മാണ മേഖലയിലേക്ക് പോകുന്നു.

11 ഇരിണാവിൽ പ്രവർത്തിക്കുന്ന ക്ഷീര വ്യവസായ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ക്ഷീരകർഷകരെ മുഴുവൻ ആകർഷിക്കാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി യിൽ സ്ഥിതി ചെയ്യുന്നു എന്ന പരിമിതിയുമുണ്ട്.

12 ജില്ലാ ബാങ്കിൽ നിന്ന് വായ്പ എടുത്താണ് പ്രൈമറി സംഘങ്ങൾ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നത്. റിസർവ് ബാങ്കിനും, സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കിനും പ്രൈമറി സഹകരണ സംഘങ്ങൾക്കും ഇടയിലുള്ള ഒരു ഇടനിലക്കാരന്റെ റോളാണ് ജില്ലാ ബാങ്കിനുള്ളത്.

13 ഒരേ ലക്ഷ്യം വെച്ചുകൊണ്ട് ഒരേ പ്രദേശത്തു പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ തമ്മിലുള്ള മത്സരം ബാങ്കുകൾക്കും, ഉപഭോക്താക്കൾക്കും പ്രയാസം സൃഷ്ടിക്കുന്നും

നിർദ്ദേശങ്ങൾ

1. ബാങ്കു വായ്പകളുടെ മുൻഗണനാക്രമം പുന: ക്രമീകരിക്കണം. വികസന പ്രവർത്തനങ്ങൾക്കു മുൻഗണന കൊടുത്തു കൊണ്ടുള്ള വായ്പാ സമീപനം സ്വീകരിക്കണം. പ്രത്യേകിച്ച് കാർഷിക മേഖലയ്ക്ക് കുറേക്കൂടി മുൻതൂക്കം കൊടുക്കുക. നിക്ഷേപ സമാഹരണത്തിനു വേണ്ടി നടത്തുന്ന തീവ്രയത്ന പരിപാടികൾ പോലെത്തന്നെ, വായ്പകൾ നൽകുന്നതിനും, യഥാർത്ഥ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുമുള്ള തീവ്രയത്ന പരിപാടികൾ ആവിഷ്ക്കരിക്കണം. ബാങ്കുകൾ ഏതൊക്കെ ആവശ്യത്തിനാണ് വായ്പകൾ നൽകുന്നത് എന്ന് ഭൂരിപക്ഷം അംഗങ്ങൾക്കും അറിയില്ല. ഇത് മാറ്റാൻ അവർക്ക് ബാങ്കിന്റെ പ്രവർത്തന മേഖലകളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തണം.

2. ഉപഭോക്താക്കൾ എടുക്കുന്ന വായ്പകൾ അതത് ആവശ്യത്തിനുത്തന്നെയാണോ വിനിയോഗിക്കുന്നത് എന്ന് പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാവണം. വായ്പകൾ

തിരികെ ലഭിക്കുന്നതിനുള്ള കാമ്പയിൻ പരിപാടികളും വേണം.

3. പഞ്ചായത്തിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകളും ഏതെങ്കിലും ഒരു സഹകരണ സംഘത്തിൽ അംഗമാണ് എന്നുറപ്പുവരുത്തുക.

4. കൈത്തറി സഹകരണ സംഘങ്ങൾ പ്രാദേശിക മാർക്കറ്റ് ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം.

സാധ്യതകൾ

പുതിയ മേഖലകളിൽക്കൂടി സഹകരണ സംഘങ്ങൾ വളർന്നു വരണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ പുതുതായി ആരംഭിക്കാവുന്ന സഹകരണ മേഖലകൾ താഴെ കൊടുക്കുന്നു.

1.ക്ഷീര സംഭരണവും വിതരണവും - പഞ്ചായത്തിനകത്തുള്ള ക്ഷീര കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ഒരു കേന്ദ്ര സഹകരണ സംഘം ഉണ്ടാക്കുക. ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വ്യവസായ സഹകരണ സംഘം പഞ്ചായത്തിനകത്തുള്ള മുഴുവൻകർഷകർക്കും പ്രയോജനപ്പെടുന്നില്ല. പാൽസംഭരണവും, വിതരണവും ചെയ്യുന്നതോടൊപ്പം പാലുൽപ്പന്നങ്ങൾ ഉണ്ടാക്കാനും. സാധിക്കും. പഞ്ചായത്തിനകത്തു ഒരു കേന്ദ്ര സംഘവും, എല്ലാ വാർഡുകളിലും സബ് സെൻറർമുകളും എന്ന രീതിയാവും നല്ലത്.

2. വസ്ത്ര നിർമ്മാണം - ഏറെ വിപണി സാധ്യതയുള്ള മേഖലയാണ് വസ്ത്ര നിർമ്മാണം. ഒട്ടേറെ പേർക്ക് തൊഴിൽ നൽകാൻ ഈ മേഖലയ്ക്കാവും, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനം മാങ്ങാട്ട് ഉണ്ടെങ്കിലും വിപണി സാധ്യതകളുമായി തട്ടിച്ചു നോക്കുമ്പോൾ അപര്യാപ്തമാണെന്ന് കാണാം. പഞ്ചായത്തിനകത്ത് തന്നെയുള്ള വിപണി പ്രയോജനപ്പെടുത്തി ക്കൊണ്ടുള്ള ഒന്നോ-രണ്ടോ സംഘങ്ങൾ ആകാവുന്നതാണ്. വസ്ത്രനിർ മ്മാണത്തിനുള്ള പുതിയ ടെക്നോളജിയും, ഡിസൈൻ വൈഭവും ആർജ്ജിക്കണം. ഇതിനാവശ്യമായ പരിശീലന സൗകര്യങ്ങൾ ജില്ലാതലത്തിലോ, ബ്ലോക്ക് തലത്തിലോ, ലഭ്യമാക്കണം.

3. ഫർണിച്ചർ വ്യവസായം - മാങ്ങാട്ട് പ്രവർത്തിക്കുന്ന കാർപെൻറിറി വർക്കേർസ് സൊസൈറ്റി കൂടുതൽ ലാഭകരമായി പുനഃസംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം ഇരിണാവ് ഭാഗത്തും ഇതേ മാതൃകയിലുള്ള ഒരു സൊസൈറ്റിക്കു രൂപം നൽകാവുന്നതാണ്.

4.വനിതാ സഹകരണ സംഘം - പഞ്ചായത്തിനകത്ത് ഒരു വനിതാ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വനിതാ സംഘങ്ങൾക്ക് ഏറെ സാധ്യത ഇവിടെ നില നിൽക്കുന്നു. കുടിൽ വ്യവസായം, ചെറുകിട വ്യവസായം തുടങ്ങിയ രംഗങ്ങളിൽ ഏർപ്പെടാൻ താൽപര്യമുള്ള വനിതാ സംരംഭകരെ കണ്ടെത്തുകയും അവർക്കുള്ള സാമ്പത്തിക സഹായവും, പരിശീലന സൗകര്യങ്ങളും ലഭ്യമാക്കുകയാവണം ഇതിൻെറ ലക്ഷ്യം.

ബ്ലോക്കിനു കീഴിൽ എല്ലാ വാർഡുകളിലും DWCRA ഗ്രൂപ്പുകൾ രൂപീകരിച്ച് വിവിധ ഉൽപാദന മേഖലകളിൽ പ്രവർത്തിക്കാവുന്നതാണ്. ലെതർബാഗ്, മെഴുകുതിരി നിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, പഴ സംസ്ക്കരണം, അച്ചാറുകൾ, മസാലപ്പൊടികൾ, ക്ഷീരോൽപ്പന്നം തുടങ്ങിയ മേഖലകൾ തെരഞ്ഞെടുക്കാവുന്നതാണ്.

5. പഞ്ചായത്ത് സർവ്വീസ് സെൻറർ - പഞ്ചായത്തിനകത്തെ വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരും യോഗ്യതയുള്ളവരുമായ വിദഗ്ധ തൊഴിലാളികളെ ചേർത്തുകൊണ്ട് ഒരു പഞ്ചായത്ത് സർവ്വീസ് സെൻറർ (ലേബർ കോൺട്രാക്ട് സൊസൈറ്റി) ആരംഭിക്കണം. ഇലക്ട്രിക്കൽ; ഇലക്ട്രോണികസ് റിപ്പയറിംഗ്, വയറിംഗ്, പ്ലംബിംഗ്, കെട്ടിട നിർമ്മാണം, ആശാരിപ്പണി, തുടങ്ങിയ വിദഗ്ധ ജോലികൾക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുക എന്നതാണ് ലക്ഷ്യം. ഇതുവഴി വീട്ടുകാർക്ക് വിദഗ്ധസേവനം ലഭ്യമാക്കാൻ സാധിക്കും. ഇതിൽ അംഗമാവുന്ന തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുകൂടി ഈ സൊസൈറ്റി ഏറ്റെടുക്കണം. ഇതോടൊപ്പം, ഒരു 'പ്രൊഡക്ഷൻ സെൻറർ' കൂടി അനുബന്ധമായി തുടങ്ങാവുന്നതാണ്. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം (Electronic hallast) ഏറ്റെടുക്കാവുന്ന മേഖലയാണ്.

6. ഇരിണാവ് പ്രവർത്തിക്കുന്ന കരിങ്കൽ

തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു കരിങ്കൽ തൊഴിലാളി സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.

ഉൽപാദന മേഖലയിൽ രൂപീകൃതമാവുന്ന സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും തമ്മിലുള്ള സജീവമായ പരസ്പര ബന്ധം അനിവാര്യമാണ്. ഉൽപാദന മേഖലയിൽ രൂപീകൃതമാവുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിനകത്തു തന്നെയുള്ള വിപണിക്കായിരിക്കണം ഊന്നൽ നൽകേണ്ടത്. നമ്മുടെ ഗാർഹിക ആവശ്യങ്ങളിൽ മൂരിഭാഗവും പഞ്ചായത്തിനകത്തുതന്നെയുള്ള സ്ഥാപനങ്ങൾ വഴി നിർവ്വഹിക്കാൻ സാധിക്കുക എന്നതും വണം ലക്ഷ്യം. ഇതുവഴിപരസ്പര പൂരകമായ ഒരു സഹകരണ ശൃംഖല പഞ്ചായത്തിനകത്ത് പടുത്തുയർത്തുവാൻ കഴിയണം. സ്വാശ്രയ സങ്കല്പത്തിലൂന്നിയ പുതിയ വികസന പരിപ്രേക്ഷ്യത്തിന്, സഹകരണ പ്രസ്ഥാനങ്ങൾക്കു വഹിക്കാൻ കഴിയുന്ന പങ്ക് അതുല്യമാണ്.

പട്ടിക 14-1 ബാങ്കുകളുടെ നിക്ഷേപം - വായ്പ-അനുപാതം

ക്രമ നമ്പർ	പേര്	നിക്ഷേപം	വായ്പകൾ		ആകെ വായ്പകൾ	കാർഷിക വായ്പാ %
			കൃഷി	മറ്റുള്ളവ		
1	PCR BANK	170488616.99	412789	160467368	160880157	0.26
2	MKSC BANK	84474472	1948493	78973520	80922013	2.41
3	ISC BANK	32498055	478556	27180783	27659339	1.73
4	PRCH SOCIETY	-	-	-	7400000	-

പട്ടിക 14-2കാലാവധികഴിഞ്ഞ് കിട്ടാനുള്ള വായ്പകൾ - ഹ്രസ്വകാല വായ്പകൾ

ക്രമ നമ്പർ	പേര്	ആകെ വായ്പകൾ	കാലാവധി കഴിഞ്ഞ് തിരികെ ലഭിക്കാനുള്ളത്	%	ഹ്രസ്വകാല വായ്പ	%
1	PCR BANK	160880157	19818475.70	12.32	141403885	87.9
2	MKS BANK	80922013	11356069	14.03	18565828	22.94
3	ISC BANK	27659339	2207420	7.84	12898560	45.82
4	PRCH SOCIETY	7400000	400000	5.41	-	-



11.പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി / പട്ടിക വർഗ്ഗ ജനസംഖ്യ 1991-ലെ സെൻസസ് പ്രകാരം 1103 ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ യുടെ 4.1 ശതമാനമാണ്. സംസ്ഥാന ശരാശരി യായ 10ശതമാനത്തിനേക്കാൾ വളരെ കുറവാണ് ഇത്. ഇതിൽ 557 പുരുഷന്മാരും 546 സ്ത്രീകളുമാണുള്ളത്. പഞ്ചായത്തിലെ 6 പട്ടിക ജാതി കുടുംബങ്ങൾമാണ് ഉള്ളത്.

132 കുടുംബങ്ങൾ പഞ്ചായത്തിലെ 6 പട്ടികജാതി കോളനികളിലായി താമസിക്കുന്നു. പട്ടികജാതി കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ജനസംഖ്യ 632 ആണ്. ഇതിൽ 406 പുരുഷന്മാരും 426 സ്ത്രീകളുമാണുള്ളത്. പട്ടിക നമ്പർ 14-1 പട്ടികജാതി കോളനികളുടെ വിശദവിവരം കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യയിൽ ഭൂരിഭാഗം പേരും കാർഷിക മേഖലയിലാണ് ജോലി ചെയ്യുന്നത്. 6 പേർ സാമൂഹ്യ രംഗത്ത് പ്രവർത്തിക്കു ന്നവരാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങ ളായ കുടിവെള്ളം കക്കൂസ് എന്നിവ തൃപ്തി കരമല്ല. ഈ ജനവിഭാഗം മറ്റു ജനവിഭാഗ ങ്ങളുമായി ഇടപഴകി ജീവിക്കുന്നതിൽ തൽപര രാണ്.

കോളനികളിൽ ഓലമേഞ്ഞ വീടുകളൊ ന്നും തന്നെയില്ല. I ാം വാർഡിലുള്ള ഇരിണാവ് പട്ടികജാതി കോളനിക്ക് മാത്രമാണ് റോഡ് ഗതാഗത സൗകര്യമില്ലാത്തത്. VII ാം വാർഡിലെ വടേര കോളനിയിലും IX ാം വാർഡിലെ ബ്ലിക്കിരിയൻ പറമ്പ് കോളനിയിലും വേനൽ ക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവ പ്പെടാറുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ വാഹനങ്ങളിൽ വെള്ളമെത്തിച്ചു കൊടുത്താണ് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നത്. ഇതിന് ശാശ്വത പരിഹാരം കാണാനുള്ള പദ്ധതികൾ വേണമെന്ന് ഗ്രാമസഭകളിലെ ചർച്ചകളിൽ ഉന്നയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 3-ാം വാർഡിലെ ഏക പട്ടികവർഗ്ഗ കുടുംബം പരമ്പരാഗത തൊഴിൽ (കൂട്ടനെയ്ത്ത്) ചെയ്താണ് ജീവിതം പുലർത്തുന്നത്.

പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട 253

കുട്ടികൾ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കകുന്നുണ്ട്. ലംപ്സംഗ്രാൻറ് ലഭിക്കുന്ന 240 വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ട്. തോറ്റു പഠിക്കുന്ന കുട്ടികളുടെ എണ്ണം 19 ആണ്. 5 വയസ്സ് പൂർത്തിയ;യ മുഴുവൻ കുട്ടികളും സ്ക്കൂളുകളിൽ പോകുന്നുണ്ട്. പാറക്കടവ്, അയ്യങ്കാളി കോളനികളുടെ തൊട്ടടുത്ത് തന്നെ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ മുഴുവനും അങ്കണവാടികളിൽ പോകുന്നുണ്ട്.

അയിത്താചരണം ഈ പഞ്ചായത്തിൽ നിലവിലില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗമെന്നോ മറ്റുജനവിഭാഗമെന്നോ വകഭേദമില്ലാതെ ഒത്തൊരുമയോടെ ജീവിക്കുന്ന സാഹചര്യമാണ് പഞ്ചായത്തിലുള്ളത്. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ഇടയിൽ നടക്കുന്ന വിവാഹം പോലുള്ള ആഘോഷ ങ്ങളിൽ എല്ലാ വിഭാഗം ആളുകളും സജീവമായി പങ്കെടുക്കാറുണ്ട്.

1992 ലെ IRDP സർവ്വേ പ്രകാരം SC/ST വിഭാഗത്തിൽപ്പെട്ട 59 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയായിരുന്നു. അതിൽ 56 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിനെറ വാർഡുതിരിച്ചുള്ള കണക്കുകൾ പട്ടിക 14-2 ൽ കൊടുത്തിരിക്കുന്നു.

IRDP പദ്ധതി പ്രകാരം വിവിധ വിഭാഗത്തിൽ ധനസഹായം ലഭിച്ചവരുടെ എണ്ണവും തുകയും പട്ടിക 14-3 കൊടുത്തിരിക്കുന്നു. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 129 പേർക്കായി 4, 25, 185 രൂപ ധനശഹായം വിതരണം ചെയ്തതിൽ 2,28,408 രൂപ സബ്സിഡി കൊടുത്തിട്ടുണ്ട്. കൂടാതെ RLEGP, C. D. Programme, CRSP എന്നീ പദ്ധതികളിലായി 1986 മുതൽ 1995 - 96 വരെ 19 പേർക്ക് 31050/- രൂപ സഹായ ധനമായും നൽകിയിട്ടുണ്ട്. NREP, JRY, MNS, IAY എന്നീ പദ്ധതി കളിലായി 1986-87 മുതൽ 95-96 വരെ 37 വീടുകൾക്ക് 3, 19, 250/- രൂപയും സഹായധ നമായി നൽകിയിട്ടുണ്ട്.

ഉന്നത കേന്ദ്രങ്ങളിൽ നിന്നും ആസൂത്രണം ചെയ്യുന്ന ക്ഷേമ പദ്ധതികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് പൂർണ്ണമായും ഉപകരിച്ചിട്ടില്ലായെന്ന വസ്തുത കോളനികളുടെ അവസ്ഥയും മുകളിലെ പട്ടികയും പരിശോധിച്ചാൽ ബോധ്യപ്പെടും. ഈ വിഭാഗത്തിൽ ഇപ്പോഴും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്.

പട്ടികജാതി / പട്ടികവിഭാഗം കുടുംബങ്ങളെ കോളനിയടിസ്ഥാനത്തിൽ പുനരധിവസിപ്പിച്ചാൽ അവരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താമെന്ന വിശാലമായ ലക്ഷ്യം ഒരു പരിധിവരെ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കാൻ ഇടയാക്കിയിട്ടില്ലേ ?

പായനെയ്ത്ത്, കുരിയ, കൂട്ട തുടങ്ങിയ പരമ്പരാഗത കൈത്തൊഴിലുകൾ ഇന്ന് പട്ടികജാതി / പട്ടികവർഗ്ഗക്കാരുടെ ഇടയിൽ നിന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കയാണ്. ഇവ നിർമ്മിക്കുന്നതിനാവശ്യമായ കൈത ഓലയുടെ ദൗർബല്യവും, പ്ലാസ്റ്റിക് സാധനങ്ങളുടെ അമിതമായ കടന്നുകയറ്റവും ഈ മേഖലയിലെ തൊഴിലവസരങ്ങൾ ഇല്ലാതാക്കി. കൃഷിഭൂമിയുടെ തുണ്ടവൽക്കരണവും, കർഷക കർക്ക് കൃഷിയോടുള്ള വിമുഖതയും കർഷക തൊഴിലാളികളുടെ തൊഴിൽ സാധ്യത കുറക്കാനിടയാക്കി. പാറക്കടവിലും, പാറപ്പുറത്തും ഉള്ള രണ്ട് കോട്ടങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരാധനമൂർത്തികളെ കെട്ടിയാടിക്കുന്ന സ്ഥലങ്ങളാണ്.

പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും തൃപ്തികരമല്ല.
2. വേനൽക്കാലങ്ങളിൽ എല്ലാകോളനികളിലും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.
3. കോളനികളിൽ പലതരത്തിലുമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്.
4. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നിലവിലുണ്ട്
5. മുഴുവൻ യുവതിയുവാക്കൾക്കും തൊഴിലില്ല.
6. കിച്ചേരി-അഞ്ചാംപീടിക റോഡിൽ നിന്നും പാറക്കടവ് കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമല്ല.
7. 1ാം വാർഡിലെ പട്ടികജാതി കോളനിയിലേക്ക് ഗതാഗത സൗകര്യമില്ല.
8. ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ നിലനിൽക്കുന്നു.

പരിഹാര സാധ്യതകൾ

= SC/ST കോളനികളിലെ വീടില്ലാത്തവർക്ക് വീടും, കക്കൂസ്സില്ലാത്തവർക്ക് കക്കൂസ്സും, വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കാനും പദ്ധതികൾ വേണം.

= കോളനികളിലേക്കുള്ള റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

=കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളിലെ കുടുംബങ്ങൾക്കും, കോളനികൾക്ക് പുറത്തുള്ള SC/ST കുടുംബങ്ങൾക്കും സ്ഥിരമായി കുടിവെള്ളം ലഭിക്കുന്നതിനുള്ള സംവിധാനം വേണം.

=ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്സുകൾ കോളനികൾ കേന്ദ്രീകരിച്ച് നടത്തണം.

= വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് സാക്ഷരതാ പ്രവർത്തനങ്ങളും, വിദ്യാഭ്യാസത്തെക്കുറിച്ചും, തൊഴിൽ സാധ്യതകളെ കുറിച്ചും, ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കണം.

= കോളനികളെ കേന്ദ്രീകരിച്ച് പ്രത്യേക മെഡിക്കൽ ക്യാമ്പുകളും, ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകളും നടത്തണം.

= തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

= പാറക്കടവ് കോളനിയോട് തൊട്ടുള്ള സ്ഥലവും, വടേര കോളനിക്ക് സമീപമുള്ള പഞ്ചായത്ത് വക സ്ഥലവും കേന്ദ്രീകരിച്ച് വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും, ചെറുകിട യൂണിറ്റുകൾക്ക് ആവശ്യമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യണം.

=സാധ്യതയുള്ള യൂണിറ്റുകൾ

- മെഴുകുതിരി നിർമ്മാണം
- കറിപൗഡർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
- പുഷ്പ കൃഷി, ഓർക്കിഡ് കൃഷി, കൂൺ കൃഷി തുടങ്ങിയവ.
- വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വ്യാപകമായി നടത്തണം. ഇതിന് കൃഷി ഭവൻ, ഗ്രാമ വികസന വകുപ്പ്, SC/ST വകുപ്പ് തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തണം.

= DWCRA യുടെ ഓരോ യൂണിറ്റുകൾ കോളനികളിൽ സ്ഥാപിച്ച് യുവതികൾക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കി കൊടുക്കണം.

പട്ടിക 14- 1 (പട്ടികജാതി കോളനികളുടെ വിശദവിവരം)

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ (എണ്ണം)	പട്ടികജാതി ജനസംഖ്യ		
				പു	സ്ത്രീ	ആകെ
1	I	ഇരിണാവ്	18	66	80	148
2	II	അയ്യങ്കോളി കോളനി	21	80	87	167
3	I,II,IV	കല്ല്യാശ്ശേരി കണ്ണപുരം	34	100	105	205
4	VI	പാറക്കടവ്	35	100	94	194
5	VII	പാളിയത്ത്വളപ്പ് (വടേരി)	13	30	28	58
6	IX	ഖിക്കിരിയൻ പറമ്പ്	11	28	32	60
		ആകെ	132	406	426	832

(ആവലംബം : പഞ്ചായത്ത് രേഖകൾ)

പട്ടിക 14- 3 1992 ലെ IRDP പദ്ധതി പ്രകാരം 1985 മുതൽ 1995-96 വരെ ധനസഹായം ലഭിച്ച പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ എണ്ണവും, തുകയും.


കൊല്ലം	ആൾക്കാരുടെ എണ്ണം	ധനസഹായം	സബ്സിഡി
1985-86	5	21270	7334
1986-87	17	50117	23783
1987-88	16	48996	23783
1988-89	26	70386	33114
1989-90	6	13575	6490
1990-91	14	28100	28100
1991-92	1	1000	1000
1992-93	16	37606	33750
1993-94	21	39010	39010
1994-95	5	60165	26835
1995-96	2	55000	5000
Total	129	4,25,185	2,28,408

(അവലംബം : ദ്വിതീയ വിവര ശേഖരണം. V.E.O കല്ല്യാശ്ശേരി)

പട്ടിക 14- 2 1992 ലെ IRDP പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ് നമ്പർ	(SC/ST) കുടുംബങ്ങളുടെ എണ്ണം	സാമ്പത്തിക സഹായം ലഭിച്ചവർ (SC/ST)
I	17	17
II	5	5
III	13	12
IV	1	1
V&IV	11	9
VII	3	3
VIII	3	3
IX	2	2
X	1	1
IX	3	3
ആകെ	59	56

(അവലംബം : ദ്വിതീയ വിവര ശേഖരണം. V.E.O)



12. വികസനസൂചികകൾ

ഗ്രാമത്തിന്റെ വികസന ആവശ്യങ്ങൾ പല തരമാണ്. ഉൽപാദന മേഖലകളിലും, സാമൂഹ്യ ക്ഷേമ ക്ഷേമ മേഖലകളിലും ഒട്ടനവധി ആവശ്യങ്ങൾ ജനങ്ങൾ ഉയർത്തുന്നുണ്ട്. പക്ഷേ എല്ലാവരേയും തൃപ്തിപ്പെടുത്തുന്ന രീതിയിൽ ഈ ആവശ്യങ്ങൾ നിറവേറ്റപ്പെടണമെങ്കിൽ അതിനുള്ള വിഭവങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതുണ്ട്.

കാർഷികമേഖലയിലും, വ്യാവസായിക മേഖലയിലും മുരടിപ്പ് അനുഭവപ്പെടുമ്പോൾ തന്നെ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തും ആകാവുന്ന ത്ര ശ്രമിക്കുന്നുണ്ട്. പഞ്ചായത്തിനുലഭിക്കുന്ന തനതു വരുമാനങ്ങളും, സർക്കാർ ഗ്രാൻറുകളും JRY ഫണ്ടുകളും വിനിയോഗിക്കപ്പെടുന്നത് സാമൂഹ്യക്ഷേമ മേഖലകളിലാണ്. വ്യവസായിക, കാർഷിക ആവശ്യങ്ങൾക്ക് ജനങ്ങൾ സഹകരണ ബാങ്കുകളെയും, വാണിജ്യബാങ്കുകളെയുമാണ് ആശ്രയിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ മൂന്നു സഹകരണ ബാങ്കുകളും, ഒരു വാണിജ്യ ബാങ്കുമാണുള്ളത്.

പഞ്ചായത്ത് വരുമാനം

തനതു വരുമാനങ്ങളായ വിവിധ നികുതികളും, ഫീസുകളും, സർക്കാർ ഗ്രാൻറുകളുമാണ് പഞ്ചായത്തിന്റെ വരുമാന സ്രോതസ്സ്. നികുതികളിൽ ഏറ്റവും പ്രധാനം കെട്ടിട നികുതിയും, തൊഴിൽനികുതിയും, ലൈസൻസ് ഫീസുകളുമാണ്. കെട്ടിട ലൈസൻസ് ഫീസിനത്തിലെ വരുമാനം 91.92 കാലത്തെ അപേക്ഷിച്ച് 137. 91 % വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നികുതി ഇനത്തിലെ വരുമാന വർദ്ധനവ് 65.42% മാത്രമാണ്. പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെ എണ്ണത്തിലെ വർദ്ധനവുമായി താരതമ്യപ്പെടുത്തുമ്പോൾ കെട്ടിട നികുതി ഇനത്തിലെ വർദ്ധനവ് കുറവാണെന്ന് കാണാം.

1991 ലെ ആകെ കെട്ടിടങ്ങൾ 6116
1995 ലെ ആകെ കെട്ടിടങ്ങൾ 7115
വർദ്ധനവ് 999 എണ്ണം

സർക്കാർ ഗ്രാൻറുകളുടെ ഇനത്തിൽ, പഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ടുന്ന ഗ്രാൻറുകൾ കുറയുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വസ്തു കൈമാറ്റ നികുതി ഇനത്തിൽ 91-92 കാലത്തേക്കാൾ 39.38 % തുക കുറവാണെന്നതാണനുഭവം. ഇതുതടയാൻ നിയമമുണ്ടെങ്കിലും അത് ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

(പട്ടിക 15 - 1 കാണുക)

ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ പഞ്ചായത്തിനു കഴിയേണ്ടതുണ്ട്. പഞ്ചായത്തിന് അർഹമായ

ഗവ: ഗ്രാൻറുകൾ യഥാസമയം ലഭിക്കുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതുണ്ട്.
(പട്ടിക 15-2 കാണുക)

പഞ്ചായത്ത് ചെലവുകൾ - കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ചെലവിൻറെ മുൻഗണനകളിൽ മാറ്റമുണ്ടായതായി കാണാം. വരുമാനത്തിൻറെ പ്രധാന ഭാഗവും ചെല വഴിക്കപ്പെടുന്നത് പൊതുമരാമത്ത് പണി കൾക്കാണ് എങ്കിലും, 91-92 കാലത്ത് ഈ ഇനത്തിൽ 47. 45 % തുക ചെലവഴിച്ചി രുന്നിടത്ത് 95-96 ൽ 30. 33% മായി കുറഞ്ഞു. അതേ സമയത്ത് ആസ്തികൾക്കുവേണ്ടി ചെലവഴിക്കുന്ന തുക 0. 16 % ത്തിൽ നിന്ന് 13. 18 % ആയി ഉയർന്നിട്ടുണ്ട്. മൃഗസംരക്ഷണം, അരോഗ്യം എന്നീ മേഖലകളിലാണ് ഏറ്റവും കുറവ് ചെലവഴിക്കപ്പെടുന്നത്. മറ്റു സാമൂഹ്യ ക്ഷേമ മേഖലകളിൽ (വിദ്യാഭ്യാസം, വെളിച്ചം, കുടിവെള്ളം) ചെലവഴിക്കപ്പെടുന്ന തുക വരുമാന വർദ്ധനവിന് ആനുപാതികമായി വർദ്ധിച്ചിട്ടില്ല എന്നു കാണാൻ കഴിയും. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഏറ്റെടു ത്തതിനാലാണ് ആസ്തികളുടെ ഇനത്തിൽ ചെലവു കൂടുന്നത്. ഈ ഷോപ്പിംഗ് കോംപ്ല ക്സുകളിൽ നിന്നുള്ള വരുമാനത്തിൻറെ തോത് കുറവാണെന്ന് കാണാം.
(പട്ടിക 15-3 കാണുക).

വ്യവസായിക-കാർഷികമേഖലകളിലെ മുരടിപ്പ് മാറ്റണമെങ്കിൽ ഈ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിച്ചേ മതിയാകൂ. വിവിധ വാണിജ്യ ബാങ്കുകളെയും, സഹകരണ ബാങ്കുകളെയുമാണ് ഇതിനുവേണ്ടി ആശ്രയി ക്കേണ്ടത്. ഇതോടൊപ്പം വിവിധ വകുപ്പുകൾ വഴി പഞ്ചായത്തിനകത്ത് ചെലവഴിക്കുന്ന തുകകൾ വർദ്ധിക്കണം.
(പട്ടിക 15 - 4 കാണുക)

സാധ്യതകൾ

1. പഞ്ചായത്തിൻറെ തനതു വരുമാനം വർദ്ധിക്കേണ്ടതുണ്ട്. കെട്ടിടനികുതി, മാർക്കറ്റ് ഫീസ്, വ്യാപാര-വ്യവസായ ലൈസൻസ് ഫീസ് തുടങ്ങിയവ വർദ്ധിപ്പിക്കാൻ കഴിയണം, പഞ്ചായത്തിൽ വീടുകളുടെ നിർമ്മാണം അനുദിനം പെരുകികൊണ്ടിരിക്കുകയാണ്. മരു നിശ്ചിത തറ വിസ്തീർണ്ണത്തിൽ കൂടുതലുള്ള വീടുകൾക്ക് അധികനികുതിചുമത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. രണ്ടുനിലവീടു കൾക്കും, ആഡംബരങ്ങൾക്കും സർചാർജ്ജ് ഈടാക്കണം. വ്യാപാര-വ്യവസായ ലൈസൻ സ് ഫീസും വർദ്ധിപ്പിക്കുന്ന കാര്യം ആലോചി ക്കണം
4. വസ്തു കൈമാറ്റം വഴി പഞ്ചായത്തിനു ലഭിക്കേണ്ടുന്ന സ്റ്റാമ്പ്ഡ്യൂട്ടി ഗ്രാൻറുകൾ യഥാസമയം ലഭിക്കുന്നില്ല. ലഭിക്കുന്ന തുക തന്നെ കുറഞ്ഞുവരുന്നതായി കാണാം. വസ്തു കൈമാറ്റം നടക്കുമ്പോൾ രേഖയിൽ യഥാർത്ഥ തുക തന്നെയാണ് കാണിക്കുന്നത് എന്നുറപ്പു വരുത്തണം. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ സ്ഥലവില കാലാകാലങ്ങളിൽ നിശ്ചയിക്കണം. ഇതിനുള്ള അധികാരം പഞ്ചായത്തിനു ലഭിക്കണം.
5. ഗൾഫ് നാടുകളിൽ താമസിക്കുന്ന 900 നടുത്ത ആളുകളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇവരുടെ വരുമാനം മുഖ്യമായും കെട്ടിട നിർമ്മാണത്തിനും, ആഡംബര വസ്തു ക്കൾക്കും വേണ്ടിയാണ് ചെലവഴിക്കപ്പെടു ന്നത്. ഈ സാമ്പത്തിക സ്രോതസ്സിനെ വികസന ആവശ്യങ്ങൾക്ക് തിരിച്ചു വിടാനുള്ള പദ്ധ തികൾ ജില്ലാതലത്തിൽ ആസൂത്രണം ചെയ്യണം.
6. വ്യവസായ ലൈസൻസിംഗിനും, വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ഇന്നത്തെ രീതി മാറണം. വാണിജ്യബാങ്കുകൾ, അവരുടെ നിക്ഷേപ ത്തിൻറെ പ്രധാന ഭാഗം കേരളത്തിനു പുറ ത്താണ് ചെലവഴിക്കുന്നത്. ഓരോ വാർഡും ലീഡു ബാങ്കുകൾ ദത്തെടുത്തിട്ടുണ്ടെങ്കിലും, ഇതുകൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല. വ്യക്തവും, ലാഭകരമാ യതുമായ പ്രൊജക്ടുകൾ സമർപ്പിക്ക പ്പെടുന്നില്ല എന്നതാണ് ഇതിനു കാരണമായി ബാങ്ക് അധികൃതർ ചൂണ്ടിക്കാണിക്കുന്നത്. ഇത് മാറണമെങ്കിൽ വ്യവസായ സംരംഭങ്ങളെ ക്കുറിച്ചുള്ള യഥാർത്ഥ അറിവ് ജനങ്ങളിലു ണ്ടാക്കാൻ പറ്റുന്ന വിധത്തിൽ ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കാ വുന്നതാണ്.

പട്ടിക 16 -1 1991-92-1995-96 വരവ് വിവരങ്ങൾ

	ഇനം	1991-92	92-93	93-94	94-95	95-96	5 വർഷത്തെ വ്യത്യാസം	%
തനത് വരുമാനം	കെട്ടിട നികുതി	175615	209981	249615	265711	290498	114883	65.42
	തൊഴിൽ നികുതി	199130	221635	245840	278034	316920	117790	59.15
	വിനോദ നികുതി	33271	31332	56509	42634	34231	960	2.89
	മാർക്കറ്റ് ഫീ	655	4000	6619	1825	1256	601	91.75
	സർവ്വീസ്ടാക്സ്	16231	19420	23079	24569	26887	10656	65.65
	പ്രദർശന നികുതി	3105	3141	4674	6210	4328	1223	39.39
	കെട്ടിട ലൈസൻസ് ഫീസ്	41388	47557	52153	83469	98487	57099	137.91
	വ്യാപാര വ്യവസായ ലൈസൻസ്	6177	6897	7464	8046	8188	2011	32.56
സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ്	ബേസിക്ക് ടാക്സ് ഗ്രാന്റ്	24471	25729	25785	29884	29415	4944	20.20
	വസ്തുകൈമാറ്റ നികുതി വിഹിതം	153684	205522	227646	166031	93191	60493	39.36
	മറ്റ് ഗ്രാന്റുകൾ	213119	295051	284908	208905	339998	126879	59.53
	അൺടൈഡ് ഫണ്ട്	156000	170600	179000	236000	250750	94750	60.74
	ഡെപ്പോസിറ്റ്	95474	35566	51130	64879	64955	30519	31.96
	മറ്റ് വരുമാനം	162370	220919	218331	347186	463027	300657	185.17
	ആകെ	1282690	1497350	1585753	1763383	2022131	739441	57.65
	ജെ. ആർ. വൈ	364134	321410	348276	151672	209357	154777	42.51

പട്ടിക 15 -2 പഞ്ചായത്തിന്റെ പ്രധാന വരുമാനം - ഒരു താരതമ്യ പഠനം


ഇനം	ആകെ വരവിന്റെ ശതമാനം	
	91-92 (%)	95 - 96 (%)
കെട്ടിട നികുതി	13.69 %	14.37
തൊഴിൽ നികുതി	15.52	15.67
വിനോദ നികുതി	2.59	1.69
സർവ്വീസ്ടാക്സ്	1.27	1.33
കെട്ടിട ലൈസൻസ് ഫീസ്	3.23	4.67
ബേസിക്ക്ടാക്സ് ഗ്രാന്റ്	1.91	1.45
വസ്തുകൈമാറ്റ നികുതി വിഹിതം	11.98	4.61
മറ്റ് ഗ്രാന്റുകൾ	16.62	16.81
അൺടൈഡ് ഫണ്ട്	12.16	12.40
ഡെപ്പോസിറ്റ്	7.44	3.21
മറ്റ് വരുമാനം	12.66	22.90

പട്ടിക15-3 ചെലവ് വിവരങ്ങൾ 1991-92, 1995-96

ഇനം	1991-92	1992-93	1993-94	1994-95	1995-96	അഞ്ചുവർഷത്തെ വ്യത്യാസം	%
സ്ഥാപന ചിലവ്/							
ഭരണചിലവ്	356653	363837	370329	446463	443853	87200	24.45
പൊതുമരാമത്ത്	562131	509176	584432	785889	505037	57094	10.16
വിദ്യാഭ്യാസം	56948	124062	59500	117438	128179	71231	125
കുടിവെള്ളം	1415	44372	-	-	61146	46931	330
ആരോഗ്യം	27319	89492	105496	13319	17775	9544	34.94
വെളിച്ചം	39541	39492	42834	43792	74233	34692	87.73
മൃഗസംരക്ഷണം							
സാമൂഹ്യക്ഷേമം	20467	5380	9127	990	510	19957	97.51
പഞ്ചായത്ത് ആസ്തി	1902	10368	3663	233576	219407	217505	11435
മറ്റുചെലവ്	7456	3365	236851	200000	210000	202544	2716
ബാധ്യത	97554	37625	91780	78789	46252	51302	52.59
ആകെ	184483	1534002	1504062	1920255	1664714	480227	40.54

പട്ടിക 15 -4 പഞ്ചായത്തിന്റെ പ്രധാന വരുമാനം - ഒരു താരതമ്യ പഠനം

ഇനം	ആകെ ചെലവിന്റെ ശതമാനം	
	91-92 %	95-96%
ഭരണ ചെലവ്	30.11	26.66
പൊതുമരാമത്ത്	47.45	30.33
വിദ്യാഭ്യാസം	4.8	7.7
കുടിവെള്ളം	1.2	3.6
ആരോഗ്യം	2.3	1.06
വെളിച്ചം	3.34	4.45
മൃഗസംരക്ഷണം	1.73	.04
പഞ്ചാ. ആസ്തി	0.16	13.16
മറ്റു ചെലവ്	.62	12.61
ബാധ്യത	8.24	0.6
ആകെ	100%	100%




...യിരുന്നു ആദ്യ ...ത്തനം. മുന്ന് ദിവസത്തെ ...ശീലനത്തെ തുടർന്ന് 70 വാള ...ിയർമാരാണ് ഭൂപട നിർമാണത്തി ...ലേർപ്പെട്ടത്. 9 ദിവസങ്ങൾകൊണ്ട് ഭൂപടനിർമാണം പൂർത്തിയായി.

b) സാമൂഹ്യസാമ്പത്തിക സർവ്വേ

...ർവേ പൂർത്തി ...ചെലവ് ...

...ു കണ്ടെത്തു ...ളുകളുടെ സർവേ ...ച്ചയും. ഈ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന കടകളെ കേന്ദ്രീകരിച്ചാണ് 1992 ജൂണിൽ സർവേ നടത്തിയത്.

...ടെ എൻജിനീ ...ിൽ ...ുപട ...കണ്ടെ ...ളിൽ ...ുപ്പെടു ...ച് എൻജി ...ടത്തിയത്. for Development ...ulture in Kerala), കണ്ണൂർ ...ുടെ സർവേ വിഭാഗം എന്നിവ ...ുടെ സാങ്കേതിക സഹായത്തോ ടെയാണ് 1993 ജനുവരിയിൽ ഈ സർവ്വേ സംഘടിപ്പിച്ചത്. ഇന്ന് മറ്റൊ ...ച്ചകാലം നിഞ്ഞുനിന്നു.



ജനകീയാസൂത്രണത്തിന്റെ ആദ്യചുവട്

വികസനത്തെ സംബന്ധിച്ച ഏതൊരു ചർച്ചയിലും ഇന്ന് കല്ല്യാശേരി മാതൃക പരാമർശിക്കാതെ പോകാറില്ല. കഴിഞ്ഞ രണ്ടു മൂന്നു വർഷം കൊണ്ട് അത്രത്തോളം ശ്രദ്ധേയമായിത്തീർന്നിട്ടുണ്ട് ഈ പരീക്ഷണം. കേരളീയർ മാത്രമല്ല ഒട്ടേറെ വിദേശ വികസന വിദ്യാർത്ഥികളും പണ്ഡിതരും ഈ മാതൃകയെ സശ്രദ്ധം പഠിച്ചുവരികയാണ്. ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, സാമ്രാജ്യത്വത്തിന്റെ സർവാശ്ലേഷത്തിൽ നിന്നും വേറിട്ടുനില്ക്കുന്ന ഒരു മാതൃകഎന്ന നിലയിൽ ലോകം കേരള വികസന മാതൃകയെയും കേരളം കല്യാശേരിയെയും ഉറ്റുനോക്കുന്നു എന്നുവരെ അല്പം അതിശയോക്തി തോന്നാവുന്ന രീതിയിൽ പണ്ഡിതന്മാർ പറഞ്ഞുവച്ചിരിക്കുന്നു. കല്യാശേരി മാതൃക, കുറ്റമറ്റ ഒരു വികസന പരീക്ഷണമല്ലെന്നും ഒട്ടേറെ ന്യൂനതകൾ അതിനുണ്ടെന്നും അംഗീകരിക്കുമ്പോൾ തന്നെ വിമർശകർ പലരും ഈ പരീക്ഷണത്തിന്റെ സത്തയെന്തെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടേയില്ലെന്ന് പറയാതെ വയ്യ.

എന്താണ്
കല്യാശേരി മാതൃക ?

കല്യാശേരി മാതൃക മുഖ്യമായും അസൂത്രണരംഗത്തുള്ള ഒരു പരീക്ഷണമാണ്. വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ചില ഘടകങ്ങൾ അതിലുൾച്ചേർന്നിട്ടുണ്ടെങ്കിലും അവയെ ആസൂത്രണ പ്രവർത്തനത്തിന്റെ തുടർ പരിപാടിയായിട്ടേ കാണേണ്ടതുള്ളൂ. നമ്മുടെ പുതിയ പഞ്ചായത്തിരാജ്, മുനിസിപ്പൽ നിയമങ്ങൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയാസൂത്രണത്തിനുള്ള പരമാധികാരം നല്കുന്നു. ഇങ്ങനെ തഴെത്തട്ടിൽ നിന്നുകൂടെ കൊള്ളുന്ന വാർഷിക, പഞ്ചവത്സര പദ്ധതികൾ സംസ്ഥാന പദ്ധതികളുടെ ഭാഗമായിത്തീരുമെന്ന് പഞ്ചായത്ത്രാജ് നിയമത്തിലെ 175 -ാം വകുപ്പും മുനിസിപ്പൽ നിയമത്തിലെ 54, 55 വകുപ്പുകളും വ്യക്തമാക്കുന്നു. പക്ഷേ, എങ്ങനെയാണ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടന അനുശാസിക്കുന്ന ഈ ധർമം നിറവേറ്റുക ? പദ്ധതിയാസൂത്രണം നിർവഹിക്കുന്നതെങ്ങനെ ? ഇതിനുള്ള ശാസ്ത്രീയമായ രീതിയെന്ത് ? ഈ ചോദ്യങ്ങൾ ക്കുള്ള ഉത്തരം കല്യാശേരി പരീക്ഷണം നല്കുന്നു. ആസൂത്രണത്തിനു വേണ്ടി എന്തൊക്കെ വിവരങ്ങൾ ശേഖരിക്കണം, അവയെങ്ങനെ വിശകലനം ചെയ്യണം, പദ്ധതി നിർദേശങ്ങളും റിപ്പോർട്ടുകളും തയാറാക്കേണ്ടതെങ്ങനെ യാണ്, ഇവയൊക്കെ ജനപങ്കാളിത്തത്തോടെയും പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലും നടപ്പാക്കുന്നതെങ്ങനെ, ഇതിനുപറ്റിയ സംഘടനാ

രൂപം എങ്ങനെ യുണ്ടാക്കും ? എന്നിങ്ങനെ ഗ്രാമതലാ സൂത്രണത്തിന്റെ രീതി സമ്പ്രദായം ചിട്ടപ്പെടുത്തി എന്നതാണ് ഈ പരീക്ഷണ ത്തിന്റെ ഏറ്റവും വലിയ നേട്ടം. ഇതിലു പരിയായി സ്വന്തം പ്രദേശത്തിന്റെ വിഭവ സാധ്യതകളും വികസന പ്രശ്നങ്ങളും സ്വയം പഠിക്കുകവഴി അവയ്ക്കുള്ള പരിഹാര നടപടികൾ സ്വയം നിർണയിക്കുന്നതിന് മാരോ ഗ്രാമീണനെയും പ്രാപ്തനാക്കുക എന്ന, സ്വാശ്രയത്വത്തിന്റെ അടിസ്ഥാന ലക്ഷ്യം നേടുന്നതിലേക്ക് കലൂാശേരി പരീക്ഷണം വലിയ സംഭാവന നല്കുന്നുവെന്ന് പല വിദഗ്ധരും ചൂണ്ടിക്കാട്ടുന്നു. അതു കൊണ്ടു തന്നെ സാമ്രാജ്യത്വത്തിനെ തിരായ പോരാട്ടത്തിൽ ഈ രീതിക്ക് വലിയ പ്രാധാന്യ മുണ്ടെന്നും അവർ വിലയിരുത്തുന്നു.

ചുരുക്കത്തിൽ കലൂാശേരി പരീക്ഷണ ത്തിന്റെ സവിശേഷതകളെ ഇങ്ങനെ പട്ടികപ്പെടുത്താം.

സ്വന്തം പഞ്ചായത്തിലെ വിഭവ സാധ്യത കളും വിഭവപരിമിതികളും വിലയിരുത്താ നുള്ള ജനകിയ സംരംഭം.ഇതിന്റെ അടി സ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ ഹ്രസ്വ കാല, ദീർഘകാല വികസനപദ്ധ തികൾ രൂപപ്പെടുത്താനുള്ള ശ്രമം.നിരന്തരമായ പഠന പ്രവർത്തനങ്ങൾ .അതിപ്രധാനമെന്ന് കണ്ടെ ത്തിയ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള കൂട്ടായ്മ.വികസന പ്രവർത്തന ങ്ങളെസംബ ന്ധിച്ചസമഗ്രമായ കാഴ്ചപ്പാട്. പഠനത്തിലും പദ്ധതിനടത്തിപ്പിലും സന്നദ്ധപ്രവർത്തകരുടെ വൻ പങ്കാളിത്തം.വികസനരംഗത്തെ ജനകിയ ഇടപെടലുകൾക്ക് അനുയോജ്യമായ പുതിയ സംഘടനാരൂപങ്ങൾ കണ്ടെത്താനുള്ള പരിശ്രമം.

കലൂാശേരി പരീക്ഷണം ഒറ്റപ്പെട്ട ഒരു പ്രവർത്തനമല്ല. കഴിഞ്ഞ രണ്ട് ദശകക്കാ ലമായി കേരളത്തിലെ വികസന -വികേന്ദ്രീകരണ രംഗങ്ങളെ സശ്രദ്ധം നിരീക്ഷിക്കുകയും വിശകലനം ചെയ്യു കയും ഇനിയെന്ത് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നിരന്തരം ശ്രമി ക്കുകയും ചെയ്തതിന്റെ ഫലമാണത്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ നടന്ന പരീക്ഷണങ്ങൾ അതിനാ ധാരമായിട്ടുണ്ട്. ശാസ്ത്രസാഹിത്യ പരിഷ ത്തിന്റെയും കേരളത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും ആൾശേഷിയും വൈദ ഗ്ധ്യവും അതിന് പിൻ ബലം നല്കിയിട്ടുമുണ്ട്. ഈ പരീക്ഷ ണത്തിന് വേദിയാവാൻ കലൂാശേരി നിയോഗിക്കപ്പെട്ടു എന്നു മാത്രം.

കലൂാശേരിയിൽ നടന്നതെന്ത് ?

കലൂാശേരി പരീക്ഷണത്തിന്റെ ഭാഗ മായി നടന്ന പ്രവർത്തനങ്ങളെ നാലായി തിരിക്കാം. 1) പഠന പ്രവർത്തനങ്ങൾ 2) ആസൂത്രണ പ്രവർത്തനങ്ങൾ 3) പ്രായോ ഗിക പ്രവർത്തനങ്ങൾ 4) സംഘടനാ പരമായ പ്രവർത്തനങ്ങൾ.

പഠന പ്രവർത്തനങ്ങൾ

a) വിഭവ ഭൂപട നിർമ്മാണം : കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഭൗമശാസ്ത്ര പഠനകേന്ദ്രം സംസ്ഥാന ഭൂവിനിയോഗ ബോർഡ് എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ 1991 ഏപ്രിലിൽ നടന്ന പഞ്ചായത്ത് വിഭവഭൂപട നിർമാണ മായിരുന്നു ആദ്യത്തെ പഠനപ്രവർ ത്തനം. മൂന്ന് ദിവസത്തെ പരിശീലനത്തെ തുടർന്ന് 70 വാളണ്ടിയർമാരാണ് ഭൂപട നിർമ്മാണത്തി ലേർപ്പെട്ടത്. 9 ദിവസങ്ങൾ കൊണ്ട് ഭൂപട നിർമാണം പൂർത്തിയായി.

b) സാമൂഹ്യ സാമ്പത്തിക സർവേ : വിഭവ ഭൂപടങ്ങളിൽ ലഭ്യമല്ലാത്ത വിവരങ്ങൾ- ജന സംഖ്യ, പക്ഷി മൃഗാദികൾ, ഗാർഹിക വിവര ങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ - ശേഖരിക്കുന്നതിനാണ് ഈ സർവേ നടത്തിയത്. 1992 ജനുവരിയിൽ നടന്ന സാമൂഹിക സാമ്പത്തിക സർവേയിൽ 100 വാളണ്ടിയർമാർ പങ്കെടുത്തു. ഒരു ദിവസത്തെ പരിശീലന ത്തെത്തുടർന്ന് ഏതാണ്ട് 15 ദിവസം കൊണ്ടാണ് 3936 വീടുകളിലെ സർവേ പൂർത്തിയാക്കിയത്. ഇതിന്റെ ക്രോഡീകരണം 92 ഏപ്രിൽ മാസത്തിൽ സന്നദ്ധ പ്രവർത്തകർ തന്നെ നടത്തി.

c) സ്ഥാപന സർവേ : പഞ്ചായത്ത് പരിധിയി ലുള്ള വിദ്യാലയങ്ങൾ, സഹകരണ സ്ഥാപന ങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങളാണ് സ്ഥാപന സർവേ യിലൂടെ ശേഖരിച്ചത്.

d) ഡിമാൻഡ് സർവേ : പദ്ധതിനിർവഹണ ത്തിന്റെ തുടക്കത്തിൽ ഏറ്റെടുത്ത പച്ചക്കറി കൃഷി വ്യാപന പരിപാടിയുടെ മുന്നൊരുക്ക

മെന്ന നിലയിലാണ് പച്ചക്കറി ഡിമാൻറ് സർവേ സംഘടിപ്പിച്ചത്. പഞ്ചായത്തിന കത്തു തന്നെ കൃഷിചെയ്യാവുന്ന പച്ചക്കറി ഇനങ്ങളും കോഴിമുട്ടയും പുറത്തുനിന്ന് എത്രമാത്രം ഇറക്കുമതി ചെയ്യുന്നു എന്നു കണ്ടെത്തുക യായിരുന്നു ഈ ഏകദിന സർവേയുടെ ലക്ഷ്യം. ഈ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന കടകളെ കേന്ദ്രീകരിച്ചാണ് 1992 ജൂണിൽ സർവേ നടത്തിയത്.

e) ചതുപ്പുനിലങ്ങളുടെ എൻജിനീ യറിങ്ങ് സർവേ : ചെമ്മീൻ കൃഷിക്ക് അനുയോജ്യമെന്ന് വിഭവഭൂപട നിർമ്മാണ സർവേയിൽ കണ്ടെ ത്തിയ ചതുപ്പുനില ങ്ങളിൽ ചെമ്മീൻ കൃഷി പദ്ധതി രൂപപ്പെടുത്തുന്നതിൻെറ ഭാഗമായാണ് എൻജിനീയറിങ്ങ് സർവേ നടത്തിയത്. അടാക്ക്, കണ്ണൂർ ഐ. ടി. ഐ. യുടെ സർവേ വിഭാഗം എന്നിവയുടെ സാങ്കേ തിക സഹായത്തോടെ യാണ് 1993 ജനുവരിയിൽ ഈ സർവേ സംഘ ടിപ്പിച്ചത്. ഇത് ഒരാഴ്ചക്കാലം നീണ്ടുനിന്നു.

f) നീരൊഴുക്ക് സർവേ : പഞ്ചായ ത്തിൻെറ ഏതാണ്ട് 60% പ്രദേശങ്ങളെ ബാധിക്കുന്ന വർഷകാല നീർക്കെട്ട് നീക്കുന്നതിനുള്ള സമഗ്രപദ്ധതി തയാറാക്കുന്നതിനു വേണ്ടി യാണ് നീരൊഴുക്കു സർവേ നടത്തിയത്. വ്യവസ്ഥാപിത സാങ്കേതിക മീതിയിൽ ഇന്ന് വ്യത്യസ്തമായ വളരെ ലളിതമായ ഒരു രീതി യാണ് ഇതിനുപയോഗിച്ചത്. മഴക്കാലത്ത്, വെള്ളം ഒഴുകുന്ന വഴി കണ്ടുപിടിച്ച് ഭൂപട ത്തിൽ രേഖപ്പെടുത്തുക എന്നതായിരുന്നു രീതി. CWRDM, IRTC എന്നീ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു എൻജിനീയറുടെ മേൽനോട്ടത്തിലാണ് മൂന്നാ ഴ്ചക്കാലം കൊണ്ട് നീരൊഴുക്കു സർവേ പൂർത്തിയാക്കിയത്. 93 ജൂണിൽ നടത്തിയ ഈ പഠനത്തിൻെറ അടിസ്ഥാന ത്തിൽ ഇന്ത്യയിലെ ആദ്യത്തെ പഞ്ചായത്തുതല നീരൊഴുക്കു ഭൂപടം കല്യാശേരിയിൽ തയാറായി.

g) ഊർജസർവേ : അനർട്ടിൻെറ സാമ്പ ത്തിക സഹായത്തോടെ നടപ്പാക്കിയ സമഗ്ര ഊർജാ സൂത്രണ പദ്ധതിയുടെ ഭാഗമാ യാണ് 4000-ലേറെ വീടുകളിൽ ഊർജസർവേ നടത്തിയത് (1993 ഡിസംബർ, 94 ജനുവരി). ഗാർഹിക മേഖലയിലെ ഊർജവിനിയോഗ ത്തിൻെറ പ്രത്യേകതകൾ കണ്ടെത്തുകയായി രുന്നു സർവേയുടെ ലക്ഷ്യം.

h) വൈദ്യുത ലൈൻ മാപിങ്ങ് : ഊർജാ സൂത്രണ പദ്ധതിയുടെ ഭാഗമായി നടത്തിയ മറ്റൊരു പ്രവർത്തനമാണ് പഞ്ചായത്തിലെ മുഴുവൻ വൈദ്യുത ലൈനുകളുടെയും ഭൂപടം തയാറാക്കുക എന്നത്. പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന മുഴുവൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ലൈൻ വിന്യാസം, ഓരോ ഫേസിൽ നിന്നും ഏതൊക്കെ ഉപഭോക്താവിന് വൈദ്യുതി നല്കുന്നു തുടങ്ങിയ കാര്യങ്ങളാണ് ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 1994 മെയ് മാസത്തിൽ തുടങ്ങി യെങ്കിലും ഡിസംബറിലെ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ.

i) ആരോഗ്യ സർവേ : പഞ്ചായത്തിലെ ജനനനിരക്ക്, മരണനിരക്ക് എന്നിവ കണക്കാ ക്കുന്നതിനുവേണ്ടിയുള്ള ഈ ഏകദിന സർവേ, 1995 ഡിസംബർ 10-ന് നടന്നു. പഞ്ചായത്ത് തലത്തിൽ ജനനമരണ വിവരങ്ങൾ കൃത്യമായി ലഭിക്കാൻ [illegible] തിരിച്ചറിയിച്ചതോടെയാണ് ഇത്തരമൊരു സർവേ നടത്തേണ്ടി വന്നത്.

ബന്ധിത വിവര ശേഖരണം : പഞ്ചായത്തുതല വികസനപ്രവർത്തനങ്ങൾ ബന്ധപ്പെട്ട വിവിധ സർക്കാർ ഓഫീസുകൾ സന്ദർശിച്ച് അവിടെ ലഭ്യമായ വിവരങ്ങൾ ശേഖരിക്കു ന്നതിനുള്ള ഒരു പ്രവർത്തനം 1992 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുകയുണ്ടായി.

അഭിമുഖങ്ങൾ, ചർച്ചകൾ : വിവിധ മേഖലക ളുമായി ബന്ധപ്പെട്ട ഒട്ടേറെ വ്യക്തികളു മായി അഭിമുഖ സംഭാഷണങ്ങളും ചർച്ചകളും നടത്തേണ്ടി വന്നിട്ടുണ്ട്. ഓരോ മേഖലയുമായി ബന്ധപ്പെട്ട രേഖപ്പെടുത്താത്ത മുൻകാല അനുഭ വങ്ങൾ പഠിക്കുന്നതിന് ഈ രീതി ഏറെ പ്രയോ ജനകരമായിരുന്നു.

ആസൂത്രണ പ്രവർത്തനങ്ങൾ

ആസൂത്രണത്തിനായുള്ള ആലോചനകൾ ആരംഭിക്കുന്നതും 1991 ജൂൺ മാസത്തിലാണ്. വിഭവ ഭൂപട നിർ മ്മാണം പൂർത്തിയായതോടെ, ഇതുപയോ ഗിച്ച് ആസൂത്രണം എങ്ങനെ നിർവ ഹിക്കാം എന്നതു സംബന്ധിച്ച് പ്രാഥമിക ആലോചനകൾ നടന്നു. പഞ്ചായത്തു കൾക്ക് ബജറ്റ് തയാറാക്കുന്ന തിനപ്പുറം ആസൂത്രണം

സംബന്ധിച്ച് നിയമപരമായ അധികാരങ്ങളൊന്നും ഇല്ലാതിരുന്ന സാഹചര്യത്തിൽ, പഞ്ചായത്ത് ആസൂത്രണം ഔദ്യോഗിക അജണ്ടയാക്കി മാറ്റുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിട്ടു. അതുകൊണ്ട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തന്നെ അനൗപചാരിക രീതിയിലായിരുന്നു പ്രവർത്തനം ആരംഭിച്ചത്. ആലോചന തുടങ്ങിയപ്പോൾ തന്നെ വിഭവഭൂപടങ്ങളിൽ നിന്ന് ലഭിക്കുന്നവ കൂടാതെ ഒട്ടേറെ സ്ഥിതിവിവരക്കണക്കുകൾ തയാറാക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടു. ഇതിനു വേണ്ടിയാണ് മേല്പറഞ്ഞ പല പഠനങ്ങളും നടത്തേണ്ടിവന്നത്. അങ്ങനെ, സാധ്യമായത്ര വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞ തോടെ ഓരോ മേഖലയും അവലോകനം ചെയ്ത് റിപ്പോർട്ട് തയാറാക്കുന്നതിനായി പ്രത്യേകം ഗ്രൂപ്പുകളെ നിയോഗിച്ചു.

അവലോകന റിപ്പോർട്ടിനോടൊപ്പം ഓരോ മേഖലയിലെയും പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയും സാധ്യമായ പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തിരുന്നു. ഇവയിൽ ആദ്യം നടപ്പാക്കേണ്ട ഇനങ്ങൾ വിശദാംശങ്ങളോടെ സ്കീമുകളാക്കി മാറ്റുകയായിരുന്നു അടുത്തപടി. ഇങ്ങനെ തയാറാക്കിയ പദ്ധതി രേഖ ചർച്ച ചെയ്യുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒരു പ്രത്യേക യോഗം വിളിച്ചുചേർത്തു. അങ്ങനെ 1992 സെപ്തംബർ മാസമായപ്പോഴേക്ക് ഒരു വികസന പദ്ധതിയുടെ ഒരു കരടുരേഖ തയാറായി. ഇത് പഞ്ചായത്തു തലത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ അവതരിപ്പിക്കുകയും ഉടൻ നടപ്പാക്കാൻ തെരഞ്ഞെടുത്ത സ്കീമുകൾ വാർഡ്തല യോഗങ്ങളിൽ ചർച്ച ചെയ്ത് വിശദാംശങ്ങൾ തീരുമാനിക്കുകയും ചെയ്തു. '92 നവംബർ മാസത്തോടെ വാർഡ്തല യോഗങ്ങളിൽ ചർച്ചചെയ്ത് അംഗീകാരം ലഭിച്ച കല്യാശേരി വികസന പദ്ധതി നടപ്പാക്കൽ ഘട്ടത്തിലെത്തി. '93 ജനുവരിയിൽ ആദ്യ സ്കീമുകളായ പച്ചക്കറി കൃഷി വ്യാപനം, പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ എന്നിവ ആരംഭിക്കുകയും ചെയ്തു. ഓരോരോ ഇനം തിരഞ്ഞെടുത്ത് വിശദാംശങ്ങളോടെ സ്കീമുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നു വരുന്നു.

പ്രായോഗിക പ്രവർത്തനങ്ങൾ

പഞ്ചായത്ത് വികസനസമിതി അംഗീകരിച്ച ദീർഘകാല പദ്ധതിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏതാനും ഇനങ്ങളാണ് ഇതിനകം നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളത്. മിനിമം ധനവിഭവം ആവശ്യമുള്ളവയും വർധിച്ച ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിവുള്ളവയുമായ പദ്ധതികൾക്കാണ് മുൻഗണന കൊടുത്തത്. ശ്രദ്ധേയമാകാവുന്ന മാതൃകാപ്രവർത്തനങ്ങളായിരുന്ന പരിഗണന ലഭിച്ച മറ്റൊരു വിഷയം. പ്രധാന പ്രവർത്തനങ്ങൾ ചുവ്ടെ കൊടുക്കുന്നു.

1. പച്ചക്കറികൃഷി - സൂക്ഷ്മതല ആസൂത്രണത്തിലെ ആദ്യപരീക്ഷണമായിരുന്നു ഈ പദ്ധതിയുടെ വിശദാംശങ്ങൾ തയാറാക്കൽ തൊഴിൽ രഹിതരായ യുവജനങ്ങളെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കാൻ നടത്തിയ ആദ്യ പ്രവർത്തനമായിരുന്നുഇത്. 3 വനിതാ ഗ്രൂപ്പുകൾ ഉൾപ്പെടെ 23 ഗ്രൂപ്പുകൾ വാർഡുസമിതിയുടെ നേതൃത്വത്തിൽ 20 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തി. അതാതിടത്തെ ക്ലബ്ബുകളും വായനശാല കളും മറ്റും ഇതിന്റെ സപ്പോൺസർ മാരായി രംഗത്തെത്തി. വിളവെടുപ്പു സീസണിലെ അപ്രതീക്ഷിതമായ വിലക്കുറവും, മാർക്കറ്റിംഗിനെക്കുറിച്ചുള്ള ശാസ്ത്രമുൻധാരണയില്ലാതെ പോയതും പദ്ധതിയുടെ സാരമായി ബാധിച്ചു. എങ്കിലും കാർഷിക വൃത്തിയോടെ പൊതുവിൽ വളർന്നുവരുന്ന താൽപര്യക്കുറവ് ഒരളവോളം നിക്കാനും സന്നദ്ധ യുവത്വത്തെ ആവേശഭരിതമാക്കാനും പ്രവർത്തനം കൊണ്ടു കഴിഞ്ഞു. തുടർന്നുള്ള വർഷങ്ങളിൽ അടുക്കളത്തോട്ടം എന്ന രീതിയിൽ ഇതു വ്യാപിച്ചു. ചില ക്ലബ്ബുകളും പച്ചക്കറി കൃഷി രംഗത്തേക്ക് നേരിട്ട് രംഗത്തിറങ്ങി.

2. ഉദ്യാനകൃഷി : - കാർഷിക രംഗത്തെ പുതിയ സാധ്യത അവതരിപ്പിക്കുന്നതിനാണ് ഉദ്യാന കൃഷി പരീക്ഷണം ആരംഭിച്ചത്. ഒരു DWCRA യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 10 വനിതകൾ ചേർന്ന് ആരംഭിച്ച കുറ്റിമുല്ല കൃഷിയും നഴ്സറി യൂണിറ്റും ഇപ്പോഴും തുടർന്ന് പ്രവർത്തിക്കുന്നുണ്ട്.

3. മത്സ്യകൃഷി : - ശുദ്ധജല മത്സ്യകൃഷി യുടെ സാധ്യത പരിശോധിക്കുന്ന തിനുവേണ്ടി യാണ് വികസന സമിതി യുടെ നേതൃത്വത്തിൽ ഈ പരീക്ഷണം ഏറ്റെടുത്തത്. ഇരിണാവിലെ കാട്ടാമ്പള്ളി ചിറയിൽ 2 വർഷം തുടർച്ചയായി ശുദ്ധജല മത്സ്യകൃഷി ചെയ്തു.

ഇരിണാവ് ഭാഗത്തെ ചതുപ്പുനിലത്തിൽ ചെമ്മീൻ കൃഷി വ്യാപിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചു വരുന്നുണ്ട്. ഏതാനും കർഷകർ ചെമ്മീൻ പാടങ്ങൾ തുടങ്ങിക്ക ഴിഞ്ഞു.

4. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് - കല്ല്യാശേരി ആക്ഷൻ പ്ലാനിലെ പ്രധാന നിർദേശങ്ങളിലൊന്നായിരുന്നു പഞ്ചായത്തല ത്തിലുള്ള സ്ക്കൂൾ കോംപ്ലക്സ് രൂപീകരണം. സമീപ പ്രദേശമായ ശിവപുരത്ത് ആരംഭിച്ച ജനകീയ സ്ക്കൂൾ കോംപ്ലക്സിന്റെ അനുഭവ ങ്ങളും, മുൻ ജില്ലാ കൗൺസിലിന്റെ നേതൃ ത്വവും, ഡയറ്റിന്റെയും, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും അക്കാദമിക സഹായവും ഇക്കാര്യത്തിൽ സഹായക മായി. ഇപ്പോൾ നാലാം വർഷത്തിലേക്ക് കടന്ന ഈ കോംപ്ലക്സ് ആണ് കേരളത്തിലെ ആദ്യത്തെ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്.-ക്ലാസ്റൂം പ്രവർത്തനം മെച്ചപ്പെടു ത്താനും, പി.ടി.എ. യും, മാതൃസമിതിയും സജീവ മാക്കാനും, സ്ക്കൂളുകളെ പാഠ്യാനു ബന്ധ പ്രവർത്തനങ്ങളുടെ നിരന്തരവേദിയാ ക്കാനും കോംപ്ലക്സ് പ്രവർത്തനം സഹായിച്ചു. പ്രായോഗിക പ്രവർത്ത നങ്ങൾ കൂടി ഉൾപ്പെ ടുത്തിക്കൊണ്ടുള്ള പരീക്ഷാ സമ്പ്രദായമാണ് ഈ കോംപ്ലക്സിന്റെ സവിശേഷതകളിൽ ഏറ്റവും പ്രധാനം. ഇന്ന് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ഗുരുകുലം' പദ്ധതിയുടെ ഭാഗമായാണ് കോംപ്ലക്സ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

5. സമഗ്ര ഊർജ്ജാസൂത്രണ പദ്ധതി - ANERT, IRTC എന്നീ ഗവേഷണ സ്ഥാ പനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാ ക്കിയത്. ഊർജ്ജ സർവേ, പവർലൈൻ മാപ്പിംഗ്, പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കൽ, ഇന്ധന ക്ഷമത കൂടിയ ഉപകരണ ങ്ങളുടെ വിതരണം എന്നിവയായിരുന്നു പ്രവർത്ത നങ്ങൾ.

6. ഏകദിന തോടു റിപ്പയർ : - വളരെക്കാല മായി യാതൊരു അറ്റകുറ്റ പ്പണികളും നടത്താ ത്തതിനാൽ മണ്ണിടിഞ്ഞും, കാട് വളർന്നും, പാഴായിക്കിടന്ന, പഞ്ചായത്തി ലെ 16 കി.മീ നീളം വരുന്ന തോട് ശൃംഖല ഒറ്റദിവസം കൊണ്ട് വൃത്തിയാക്കുക എന്നതായിരുന്നു പ്രവർത്തനം. മൊത്തം തോടുകളെ 48 ഭാഗങ്ങളായി വിഭജിച്ച് ഓരോ ഭാഗത്തിന്റെയും പ്രവർത്തനം അതാതിട ത്തെ സന്നദ്ധ ഗ്രൂപ്പു കളെ ഏൽപിച്ചു. സ്ത്രീ കളും കുട്ടികളുമടക്കം 742 പേർ, 94 ഏപ്രിൽ 3 ന് നടന്ന ഈ പ്രവർത്തനത്തിൽ പങ്കാളികളായി. വെള്ള ത്തിന്റെ ഒഴുക്ക് സുഗമമായതോടെ, അനവധി വർഷങ്ങളായി മഴക്കാലത്ത് ഇവിടെ അനുഭവ പ്പെട്ടിരുന്നു. വെള്ളപ്പൊക്ക കെടു തിക്ക് അറുതിയായി.

7. ജനകീയ തോടു നിർമ്മാണം : - ആസൂത്രണ മില്ലാത്ത വിധം വയൽ നികത്തി വീടുവെച്ചതും, റോഡുകൾ നിർമ്മിച്ചതും കാരണം വർഷങ്ങ ളായി വെള്ളക്കെട്ടനുഭ വിക്കുന്ന കല്ല്യാശ്ശേരി സൗത്ത് പ്രദേശത്ത് ഒറ്റ ദിവസം കൊണ്ട് 825 മീറ്റർ നീളത്തിൽ തോടു നിർമ്മിച്ചത്, സന്നദ്ധ പ്രവർ ത്തനത്തിലെ സുപ്രധാന മായ ആധ്യായ മാണ്. യുവജന സംഘടന കളും കർഷക പ്രസ്ഥാന ങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും, ഒട്ടനവധി ക്ലബ്ബുകളും വായനശാലകളും ഈ പ്രവർത്തന ത്തിൽ അണിനിരന്നു. 1995 മാർച്ച് 19 ന് നടന്ന ജനകീയ തോടു നിർമ്മാണത്തിൽ 350 സന്നദ്ധ പ്രവർത്തകർ ഒരു പകൽ മുഴുവൻ ശ്രമദാന ത്തിൽ മുഴുകി. കണ്ണൂർ ഐ.ടി.ഐ യിലെ സർവെ സെക്ഷനിലെ അധ്യാപകരും വിദ്യാർ ത്ഥികളുമായി രുന്നു തോടിന്റെ ലെവൽ പ്ലാൻ തയാറാക്കിയത്. മൈനർ ഇറിഗേഷൻ വകുപ്പ് ഈ തോടിന്റെ ലൈനിംഗ് പ്രവർത്തനം നടത്തി. വെള്ളക്കെട്ടൊഴിവായതോടെ കുറെ വർഷങ്ങ ളായി മുടങ്ങിക്കിടന്ന നെൽകൃഷി പുനരാരം ഭിക്കാൻ തോടിന്റെ ഇരുകര കളിലുമുള്ള കർഷകർക്ക് കഴിഞ്ഞു.

ഇതേ മാതൃകയിൽ ഇരിണാവ് പ്രദേശത്തും 300 മീറ്റർ തോടു നിർമ്മിച്ചു.

8. റോഡ് നിർമ്മാണം : - 2 കി.മി. നീളം വരുന്ന വെള്ളം ചിറ-പാറപ്രം റോഡ് നിർമ്മാണമാണ് ശ്രദ്ധേയമായ മറെറാരു ദൗത്യം. എൻജിനിയർ മാർ ഏതാണ്ട് അരലക്ഷം രൂപ മതിപ്പ് ചെലവ്

കണക്കാക്കിയ കോൺക്രീറ്റ് പാലവും ഇതിലുൾപ്പെട്ടിരിന്നു. യാതൊരു സർക്കാർ സഹായവും ഇല്ലാതെ തന്നെ ഴനങ്ങളിൽ നിന്ന് കല്ലും, മണ്ണും, സിമൻറും, പണവും സ്വീകരിച്ചു കൊണ്ട് പൂർത്തിയാക്കിയ റോഡ് ഇന്ന് ആ പ്രദേശത്തുകാർക്ക് വലിയ അനുഗ്രഹ മാണ്. വെറും ഇരുപതിനായിരം രൂപയ്ക്ക് നല്ല ബലമുള്ള പാലം നിർമ്മിക്കാൻ സന്നദ്ധ സംഘത്തിനു കഴിഞ്ഞു. 230 പ്രവൃത്തി ദിവസദിനങ്ങളും 80,000 രൂപയുമാണ് റോഡിന് ചെലവായി.

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ തുടർന്നു നടന്നു. ആയുർവേദ ആശുപത്രി റോഡ് റിപ്പയർ, ഈ റോഡിലെ തന്നെ കൾവർട്ട് അറ്റകുറ്റപ്പണി, പയ്യട്ടം കുളത്തിൻെറ ശുചീകരണം, റോഡിൽ പുതിയ കപ്പാലത്തിൻെറ നിർമ്മാണം, ശ്രീ കുറുംബ കാവ് റോഡിൻെറ അറ്റകുറ്റപ്പണി തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. നൂറുകണക്കിന് ആളുകളെ അണിനിരത്തുന്നതിനുമാത്ര മല്ല, സൂക്ഷ്മതല ആസൂത്രണത്തിൽ സ്വാനുഭവം വർദ്ധിപ്പിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചു. പഞ്ചായത്തിനകത്തെ സാങ്കേതിക വിദഗ്ധരുടെ സേവനങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനവും രൂപപ്പെട്ടു വന്നിട്ടുണ്ട്.

സംഘടനാതലം

കല്ല്യാശേരി പരീക്ഷണത്തിൻെറ മുഖ്യ സംഭാവനകളിലൊന്ന് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ജനകീയ സംഘടന രൂപപ്പെടുത്തിയതായിരിക്കും. 1992-ൽ പ്രവർത്തനങ്ങൾ ആരംഭിച്ചതു മുതൽ തന്നെ, ഈ ലക്ഷ്യത്തിനു യോജിച്ച ഒരു സംഘടനാ രൂപത്തെക്കുറിച്ചും ചർച്ചകൾ നടക്കുകയുണ്ടായി. തത്ക്കാല ത്തേക്ക് രൂപവത്ക്കരിച്ച കല്ല്യാശേരി വികസന സമിതിയുടെ ഒരു ഘടന ഒരു വർഷത്തിനകം പല മാറ്റങ്ങൾക്കും വിധേയമായി. 25 വീടുകളുടെ ഗ്രൂപ്പിന് ഒരു പ്രതിനിധി എന്ന രീതിയിൽ അയൽക്കൂട്ട സംവിധാനം രൂപപ്പെടുത്തിയത് 1993-ലാണ്. ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കല്ല്യാശേരി വികസന സമിതിയുടെ അയൽക്കൂട്ടങ്ങളിലേക്കുള്ള ആദ്യ തെരഞ്ഞെടുപ്പ് 1993 ഡിസംബറിലും രണ്ടാമത്തെ തെരഞ്ഞെടുപ്പ് 1995 ജനുവരിയിലും നടന്നു. ഇപ്പോൾ 200 അംഗങ്ങളാണ് അയൽക്കൂട്ട പ്രതിനിധികളുടെ സംഘടിതമായ പൊതുസഭയിലുള്ളത്. ഓരോ വാർഡിലെയും അയൽക്കൂട്ട പ്രതിനിധികൾ അടങ്ങുന്നതാണ് വാർഡ് വികസന സമിതി. പൊതുസഭയ്ക്ക് ഒരു എക്സ് ക്യൂട്ടീവ് കമ്മിറ്റിയും 8 സബ്കമ്മിറ്റികളുമുണ്ട്. പൊതുസഭയിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള ഏതാനും നോമിനേറ്റഡ് അംഗങ്ങളുണ്ട്. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെല്ലാവരും പൊതുസഭയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് തന്നെയാണ് വികസന സമിതിയുടെ പ്രസിഡണ്ട്. ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തിൻെറ നേതൃത്വത്തിൽ നടക്കുന്ന, സഹായഹസ്തമായി വർത്തിക്കുന്ന ഒന്നാണ് വികസന സമിതി. വിവിധ മേഖലകളിലെ പ്രവർത്തന പരിപാടികളുടെ വിശദാംശങ്ങൾ തയാറാക്കുന്നത് അതത് വിഷയങ്ങൾക്കുവേണ്ടിയുള്ള സബ്കമ്മിറ്റികളാണ്. പൊതുസഭയുടെ യോഗം കഴിഞ്ഞാൽ ആവശ്യമെങ്കിൽ മൂന്നോ നാലോ മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളുമായും ബന്ധപ്പെടുന്നതിനുള്ള സംവിധാനം വികസന സമിതിക്കുണ്ട്. വിവിധ പരിപാടികളുടെ പ്രചാരണത്തിനും അറിയിപ്പുകൾക്കും വിവരവിനിമയത്തിനും അനുയോജ്യമായ സംവിധാനം ഏറെ ഫലപ്രദമാണെന്നാണ് അനുഭവം.

സെമിനാറുകൾ

1995 ഒക്ടോബർ 2,3 തീയതികളിൽ തിരുവനന്തപുരത്തെ സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസിൽ നടന്ന ദ്വദിന സെമിനാറോടെയാണ് കല്ല്യാശേരി മാതൃക വികസന വിദഗ്ധരുടെ സജീവ പരിഗണയ്ക്ക് വിഷയമായത്. ഏതാനും പരിമിതികൾ ചൂണ്ടിക്കാണിക്കപ്പെട്ടു വെങ്കിലും പൊതുവിൽ കേരളത്തിൻെറ ഭാവി വികസനത്തിനുള്ള ചൂണ്ടുപലക യായി കല്ല്യാശേരി അംഗീകരിക്കപ്പെട്ടു. അതിൻെറ തുടർച്ചയായി 95 ഡിസംബർ 17 ന് കല്ല്യാശേരിയിൽ നടന്ന ഏകദിന സെമിനാർ കല്ല്യാശേരിയുടെ വികസന ചരിത്രത്തിലെ ഒരു

നാഴിക കല്ലാണ്. കല്ല്യാശേരിയിൽ ഇതുപര്യന്തം നടന്ന പ്രവർത്തനങ്ങൾ ജനസമക്ഷം എല്ലാ വിശദാംശങ്ങളോടും കൂടി അവതരിപ്പിക്കുകയായിരുന്നു സെമിനാറിന്റെ ലക്ഷ്യം വിദഗ്ധരും അല്ലാത്തവരുമായ വിവിധ വിഭാഗമാളുകളുടെ വീക്ഷണങ്ങൾ തേടുകയെന്നതും ഏറ്റവും പ്രധാനമായിരുന്നു. കേരളീയ വികസന ചിന്തകരിൽ അഗ്രഗണ്യനായ ശ്രീ. ഇ. എം. എസ്. ആയിരുന്നു സെമിനാർ ഉൽഘാടനം ചെയ്തത്. ശ്രീ. ഇ. പി. ജയരാജൻ MLA അദ്ധ്യക്ഷത വഹിച്ചു. സർവ്വശ്രീ കെ. എം. ജോസഫ് MLA, പി. കെ. ശ്രീമതി ടീച്ചർ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), കെ. പി. പുരുഷോത്തമൻ, ഡബ്ലിയു. ആർ. മെഹ്ദി (ജില്ലാ കളക്ടർ), [illegible] ഡോ. കെ. എൻ. നായർ (CDS), [illegible] ജി. മോഹനൻ, കെ.കെ. ശ്രീധരൻ (പ്രിൻസിപ്പൽ, ഡയറ്റ്), ഇ. എം. ഫ്രാൻസിസ് പ്രൊഫ. എം. കെ. പ്രസാദ്, ഡോ. എ. സി. ദാമോദരൻ, ഡോ. നാരായണൻ, പ്രൊഫ. പി. കെ. രവീന്ദ്രൻ (KSSP) എന്നിവർ സെമിനാറിൽ സംബന്ധിച്ചു.

കല്ല്യാശേരിയുടെ പാഠം

കല്ല്യാശേരി പരീക്ഷണം കുറ്റമറ്റതെന്ന് അവകാശപ്പെടാൻ പറ്റില്ലെങ്കിലും കേരള സാഹചര്യത്തിൽ ഗ്രാമാസൂത്രണത്തിന് ഉചിതമായ മാതൃകയായി അത് വിലയിരുത്തപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എന്തെല്ലാം പരിമിതി കളുണ്ടെങ്കിലും ജനപങ്കാളിത്തത്തോടു കൂടി രൂപപ്പെടുത്തുന്ന പദ്ധതികൾ കൂടുതൽ അർത്ഥവത്തായിയരിക്കുമെന്നും അതിന്റെ നിർവ്വഹണത്തിൽ ജനപങ്കാളിത്തമുണ്ടാക്കാൻ പ്രയാസമില്ലെന്നും കല്ല്യാശേരി അനുഭവങ്ങൾ തെളിയിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഔപചാരിക പ്രവർത്തനത്തെ ജനകീയ മാക്കാനുള്ള മാതൃകയായും അത് നിലനിൽക്കുന്നു.


കേരളത്തിലെ അധ്യാപക പ്രസ്ഥാനത്തിന്റെയും ബാലസംഘത്തിന്റെയും ജന്മഗൃഹമായ ഈ ഗ്രാമം 1940 ലെ മോറാഴ സംഭവത്തിലൂടെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തെ പുതിയൊരു തലത്തിലേക്കുയർത്തിയ ഈ സംഗ്രാമഭൂമി, വികസനത്തെ സംബന്ധിച്ച മൗഢ്യങ്ങളെ തകർത്തിടാനും പുതിയൊരു വികസന സംസ്ക്കാരം വളർത്തിയെടുക്കാനും പ്രതിജ്ഞാബദ്ധമാകുമ്പോൾ അത് കണ്ടില്ലെന്നു നടിക്കാൻ ആർക്കും കഴിയില്ല. അധികാര വികേന്ദ്രീകരണത്തിന്റെ പുതിയ സാഹചര്യത്തിൽ, കല്ല്യാശേരി വളർത്തിയെടുത്ത വികസന മാതൃകയ്ക്ക് തെളിച്ചമേറുകയാണ്.

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് വികസന സമിതി

രജി. നമ്പർ - 391/93

യു. ജാനകി ടീച്ചർ - പ്രസിഡൻറ്
കെ. ഗോവിന്ദൻ - വൈസ് പ്രസിഡൻറ്
കെ. ബാലകൃഷ്ണൻ - സെക്രട്ടറി
സി. പ്രദീപൻ - ജോ. സെക്രട്ടറി
പി. ഗോവിന്ദൻ - ഖജാൻജി
സി. നാരായണൻ
ടി. ജയൻ
വി. വി. ഗോവിന്ദൻ മാസ്റ്റർ
ഇ. ദാമോദരൻ
കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
എം. ഭാസ്ക്കരൻ
പി. ടി. നാരായണൻ നമ്പ്യാർ
കെ. കുഞ്ഞമ്പു
കെ. വി ബാലകൃഷ്ണൻ
കെ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ

കേരളം



Printed at Unique Offset Printers, Mattanur.